POORNA BOOK

ദീപനാളത്തിന് ചുററും കുറെ ശലഭങ്ങൾ

കോന്നിയൂർ ആർ നരേന്ദ്രനാഥ്

4 25

Adv N. Santhoshkumar, BA LLB, PGDT.
Njerakkattu House,
Mangaram, Konni, P.O. - 689691
Pathanamthitta (Dist.) Kerala State.

ദീപനാളത്തിന് ചുറ്റും കുറെ
ശലഭങ്ങൾ

With the Compliments of the Author,
Konniyoor R. Narendranath,
All India Radio,
PB No-54, Tiruchirapalli

Malayalam
Deepanalathinu Chuttum
Kure Salabhangal
Novel
By Konniyoor R. Narendranath
First Published May, 1969
Copies 1000
Price Rs. 4-25
Printed at
Empire Press, Calicut
Copy Right
Smt. Ganga Narendranath
Cover
Sankaranarayanan
Publishers
Poorna Publications, Calicut
Distributors
Touring Book Stall, Calicut

ദീപനാളത്തിന്° ചുററും കുറെ ശലഭങ്ങൾ

നോവൽ

Adv. N. Santhosh kumar, BA. LLB, PGDT.
Njarakkatte House,
Mangorani, Konni. P.O. - 689691
Pathanamthitta (Dist.) Kerala State.

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

പ്രസാധകർ
പൂർണ്ണാ പബ്ലിക്കേഷൻസ്°, കോഴിക്കോട്°

വിതരണം
ടൂറിങ്ങ്° ബുക്ക്സ്റ്റാൾ, കോഴിക്കോട്°

Adv N. Santhosh kumar, BA LLB, PGDT.
Njarakkattu House,
Mangaram, Konni. P.O. - 689691
Pathanamthitta (Dist.) Kerala State.

ദീപനാളത്തിനുചുററും
കുറെ ശലഭങ്ങൾ

ഒന്നു്

കപ്പൽ അടുത്തുകൊണ്ടിരിക്കുമ്പോൾ ഡെക്കിന്റെ വക്കിലെ കമ്പിയിൽ പിടിച്ചുകൊണ്ടു് ഗോപാലൻകുട്ടി ജെട്ടിയിൽ നിന്നിരുന്ന ആളുകളെ നോക്കുകയായിരുന്നു. എന്തൊരുകൂട്ടമാണവിടെ! പരിചയക്കാർ ആരെങ്കിലും അവിടെയുണ്ടോ? ആളുകളെ തിരിച്ചറിയാൻ അകലം അനുവദിക്കുന്നില്ല. പ്രതീക്ഷിച്ചുനോക്കുമ്പോൾ ആഗ്രഹിക്കുന്നവരുടെ ആകാരസവിശേഷതകളുള്ളവർ വളരെയുണ്ടെന്നു തോന്നും: പരിചയക്കാരെ തിരഞ്ഞുപിടിക്കുവാൻ കണ്ണുകൾക്കു് എന്തൊരു ആവേശമാണു്! മുമ്പൊരിക്കലും ഇങ്ങനെയൊരു താല്പര്യം ഗോപാലൻകുട്ടിക്കു് അനുഭവപ്പെടുവാൻ ഇടവന്നിട്ടില്ല,

ഹൃദയമിടിപ്പു് ക്രമത്തിലധികം വർദ്ധിക്കുന്നതായി അയാൾക്കുതോന്നി. കാണാൻ കൊതിക്കുന്നവരെ തിരഞ്ഞുപിടിക്കുവാൻ എന്തൊരു താല്പര്യമാണു്!

"അവരെ ആരേയും കാണുന്നില്ലല്ലോ?"—അയാൾ" അറിയാതെ മന്ത്രിച്ചു.

"കാലമെത്രയായി! കണ്ടാലും തിരിച്ചറിഞ്ഞില്ലെന്നവരും"—അടുത്തുനിന്നിരുന്ന ഭാര്യ മറുപടിയെന്നോണംപറഞ്ഞു.

"അങ്ങിനെയുമാകാം. ആരെങ്കിലും വരാതിരിക്കുമോ? ആൾക്കൂട്ടത്തിൽ കണ്ണുനട്ടുകൊണ്ട് അയാൾനിന്നു...

കപ്പൽ വളരെ അടുത്തുകഴിഞ്ഞു. കപ്പൽതട്ടിൽ നില്ക്കുന്നവരെ നോക്കി കരയ്ക്കുള്ളവർ തുവാലകൾ വീശിത്തുടങ്ങിയിരിക്കുന്നു.

യാത്രക്കാരെല്ലാംതന്നെ ഡെക്കിൽ എത്തിക്കഴിഞ്ഞു.

ആഹ്ലാദപ്രകടനങ്ങളാണ് എവിടെയും!

കരയിൽ കണ്ടുപിടിച്ച ബന്ധുജനങ്ങളെ ചൂണ്ടി കൈവീശുന്നവർ ധാരാളം. പേരുകൾ ഉച്ചത്തിൽ വിളിച്ചുപറയുന്നവർ ചിലടത്ത്. അഭിപ്രായങ്ങൾ ഉറക്കെ പറഞ്ഞ് വിനോദിക്കുന്നവർ മററുഭാഗത്ത്. എവിടെയും ബഹളങ്ങൾതന്നെ.

എങ്കിലും ആൾക്കൂട്ടത്തിൽ ഒററപ്പെട്ടുനില്ക്കുകയാണ് ഗോപാലൻകുട്ടി.

അടുത്തു നിന്നിരുന്ന ഭാര്യയോടുപോലും ഒന്നും പറഞ്ഞില്ല. സന്തോഷത്തെക്കാളേറെ ആകാംക്ഷയാണ് ഹൃദയത്തിന്. കഴിഞ്ഞ രാത്രിയിൽ ഉറങ്ങിയിട്ടതന്നെയില്ല. സ്വന്തക്കാരെക്കുറിച്ച് ദീർഘദീർഘമായി വിവരിച്ച് സഹധർമ്മിണിയെപ്പോലും അയാൾ നിദ്രക്ക് അനുവദിച്ചില്ല.

ഇരുപത്തിരണ്ട് സംവത്സരങ്ങൾക്ക് മുമ്പ് ഇതേ ജെട്ടിയിൽനിന്നാണ് കപ്പൽ കയറിയത്. അന്ന് അയാളെ യാത്രയയക്കുവാൻ അവിടെ ആരുമുണ്ടായിരുന്നില്ല. കൂടെ കപ്പൽകയറിയ മററു പലരേയും സ്നേഹിതന്മാരും ബന്ധുക്കളും ചേർന്നാണ് യാത്രയാക്കിയത്. അവരോടൊപ്പം കൂട്ടത്തിൽ അസൂയ അന്ന് അയാൾക്കു തോന്നിയ കാര്യം ഇപ്പോഴും മറന്നിട്ടില്ല. എന്തിനെയുണ്ടോ ഒരു സ്നേഹപ്രകടനം? ഇവക്കു് പിന്നിൽ പുറത്തുകാണിക്കുന്ന തരത്തിലുള്ള ആത്മാർത്ഥതയുണ്ടോ? കാപട്യമല്ലേ ഇതൊക്കെ? സ്നേഹബന്ധത്തിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന വെറും പ്രകടനങ്ങൾ മാത്രമല്ലേ ഇതെല്ലാം? എത്രപേരാണ്, കണ്ണു തുടക്കുന്നതായി അയാൾ കണ്ടതു്! എത്രയാളുകളാണ് ഗൽഗദകണ്ഠരായി കപ്പൽതട്ടിൽ നിന്നിരുന്നതു്!

എന്നാൽ അന്ന് അയാളെ ഇതൊന്നും ബാധിച്ചിരുന്നില്ല.

ജെട്ടിവിട്ട് സാവകാശമായി കപ്പൽ അകന്നപ്പോൾ, അയാൾ ദീർഘമായി നിശ്വസിച്ചു. ഈ നാട്ടു വിട്ടു എവിടെയെങ്കിലും പോകുക എന്നതു മാത്രമായിരുന്നു ലക്ഷ്യം. എങ്ങോട്ടാണു പോയതെന്ന് ആരും അറിയരുതു്.

എന്നാൽ ഇന്ന് മടങ്ങിവരുമ്പോൾ, കഴിഞ്ഞകാലത്തെ അനുഭവം ഉണ്ടാകരുതെന്ന് അയാൾ ആഗ്രഹിച്ചു. സ്വീകരിക്കുവാൻ എത്രയുമധികം ആളുകൾ ഉണ്ടായിരുന്നാൽ കൊള്ളാമെന്നാണ് ആശ. ആത്മാർത്ഥത ഉണ്ടാ

യിരുന്നാലും ഇല്ലാതിരുന്നാലും അങ്ങിനെ കുറെപ്പേരെ കാണുന്നതു് എത്ര സന്തോഷമുളവാക്കുന്ന കാര്യമാണു്! സ്വന്തക്കാരെ കാണാൻ മനസ്സിനുള്ള ആർത്തി എത്ര രൂക്ഷമായിട്ടുള്ളതാണു്! മനുഷ്യബന്ധത്തിൻെറ മായാജാലം മധുരമേറിയതത്രേ!

ജെട്ടിയിൽ നില്ക്കുന്നവർ പ്രകടിപ്പിക്കുന്ന അംഗവിക്ഷേപങ്ങൾക്കു് ആത്മാർത്ഥതയുടെ പരിവേഷമുണ്ടെന്നു് ഇന്നു് അയാൾ കാണുന്നു.

വേണ്ടപ്പെട്ട പലരേയും അയാൾ പ്രതീക്ഷിക്കുന്നുണ്ടു്, അവിടെ. എത്ര പേർക്കാണു് നേരത്തെ എഴുതിയിരുന്നതു്! അസൗകര്യങ്ങളെന്തൊക്കെയായാലും, ജെട്ടിയിൽ അവർ വന്നുചേരണമെന്നു് പ്രത്യേകം ആവശ്യപ്പെട്ടിരുന്നു.

എന്നാൽ എവിടെയും ആരേയും കാണാനില്ല! അയാളുടെ ഹൃദയം നൊന്തു. മുഖംവാടി, കടൽകാററിനുപോലും വീശിത്തണുപ്പിക്കുവാൻ സാധിക്കാത്ത ഉഷ്ണം അനുഭവപ്പെട്ടു. നെററിയിൽ പൊടിച്ച വിയപ്പ് എത്ര തവണയാണു് തുടച്ചതു്!

"സ്വന്തക്കാരാരും എത്തിയിട്ടില്ലെന്നു തന്നെയാ തോന്നുന്നെ!" ഭാര്യ ചിരിച്ചു. അവളുടെ സ്വരത്തിൽ ആക്ഷേപഹാസ്യം കലർന്നിരുന്നു. ചുണ്ടിൽ തത്തിനിന്നിരുന്ന വികൃതിച്ചിരി അയാൾക്കു് ഒട്ടും ആസ്വാദ്യമായി തോന്നിയുമില്ല.

ഭാര്യ പറഞ്ഞതു് കേട്ടില്ലെന്ന ഭാവത്തിൽ ഗോപാലൻകുട്ടി കരയിലേക്കു് നോക്കിക്കൊണ്ടുനിന്നു. കഴിഞ്ഞ

രാത്രി പറഞ്ഞുകേൾപ്പിച്ച കാര്യങ്ങളെ പരോക്ഷമായി സൂചിപ്പിച്ചാണു് അവൾ സംസാരിച്ചതെന്നു മനസ്സിലാക്കുവാൻ അയാൾക്കു ബുദ്ധിയുണ്ടു്. എന്നാൽ ചിലപ്പോൾ ആക്കും വിഡ്ഢിവേഷം കെട്ടേണ്ടിവരുന്ന സാഹചര്യങ്ങൾ കുടുംബജീവിതത്തിൽ അപൂർവ്വമല്ലെന്നു് അയാൾ ആശ്വസിച്ചു.

കണ്ണു് കരയിലാണു് തറച്ചിരുന്നതെങ്കിലും മനസ്സു് മുമ്പു് അയാൾ പറഞ്ഞ കാര്യങ്ങളിലാണു് വ്യാപരിച്ചിരുന്നതു്—"കൃഷ്ണൻനായരെപ്പോലെ ഒരാൾ നാട്ടിൽ ഉണ്ടായിരുന്നതാണു് വലിയ ഭാഗ്യം. ഞാൻ നാടുവിട്ട ശേഷം എനിക്കുവേണ്ടി എന്തെങ്കിലും നല്ലവാക്കു പറയുവാൻ അയാൾമാത്രമേ ഉണ്ടായിരുന്നുള്ളു. മിത്രങ്ങളെ തിരിച്ചറിയാൻ ആപൽഘട്ടങ്ങൾമാത്രമേ അവസരമൊരുക്കു." കഴിഞ്ഞ രാത്രിയിൽ പറഞ്ഞവാക്കുകൾ അയാളുടെ ബുദ്ധിയിൽ പ്രതിധ്വനിക്കുന്നു.

"നിങ്ങൾ നാടുവിട്ടുന്നതു് അവക്കു് ഉപകാരമാകുമെന്നു വിചാരിച്ചുകാണും"—ശുണ്ഠിപിടിപ്പിക്കുവാൻ അവൾ പറഞ്ഞു.

"ഇതു കേൾക്കുമ്പോഴാ എനിക്കു വേദനതോന്നുന്നതു്." വേദനയെക്കാൾ കോപമാണു് അയാളുടെ മനസ്സിൽ തെളിഞ്ഞതു്." ഏതു നല്ല പ്രവൃത്തിയുടെ പിറകിലും ഒരു കുരുത്തക്കേടു ആരോപിക്കാനുണ്ടാകുമല്ലോ സരളേ, നിനക്കു്!"

"ആരെയാണെങ്കിലും കണ്ണുമടച്ചു വിശ്വസിക്കുന്നതു് നല്ലതല്ലെന്നേ ഞാമ്പറയുന്നുള്ളു."—സരള പിന്നീടു് സംസാരിച്ചില്ല.

"ആത്മാൎത്ഥതയില്ലാത്തയാളാണു കൃഷ്ണൻനായരെങ്കിൽ ഞാനയച്ചുകൊടുത്ത പണം മാററിമറിക്കാതെ, നമ്മുടെ ഇഷ്ടത്തിന്നനുസരിച്ച് ഒരു കെട്ടിടം പണിതിട്ടുമായിരുന്നോ? അതിന്റെ പ്രതിഫലമായിട്ടെന്തെങ്കിലും വാങ്ങിയോ? ഒന്നാലോചിക്കു്. നമ്മളയച്ച പ്ലാൻപോലും പരിഷ്ക്കരിച്ചല്ലേ കെട്ടിടം പൂൎത്തിയാക്കിയതു്? സ്വന്തം ആവശ്യത്തിനായി ഒരു ചില്ലിക്കാശുപോലും അയാൾ ചിലവാക്കിയിരിക്കുകയില്ല. കാഞ്ഞിരമുട്ട വീട്ടിലല്ലേ അയാളുടെ താമസം. വേണമെങ്കിൽ കൂട്ടത്തിൽ അതു പുതുക്കിപ്പണിയാനോ പരിഷ്ക്കരിച്ചു വലുതാക്കാനോ അയാൾക്കു് ഒക്കുമായിരുന്നു. നമ്മുടെ പണം കുറെയൊക്കെ അതിന്റെ ചിലവാക്കിയാൽ ദൂരെയിരിക്കുന്ന നമുക്കു് അറിയാനോ നിയന്ത്രിക്കാനോ സാധിക്കുമോ? പണമെട്ടത്താൽതന്നെ പാടില്ലെന്നു പറയാനൊക്കുമോ?"—ഗോപാലൻകുട്ടി അത്രയും പറഞ്ഞിട്ട് അവളെനോക്കി. അവൾ എല്ലാം ശ്രദ്ധിച്ചുകൊണ്ടു കിടക്കുകയാണു്. "നല്ലവരെകണ്ടാലും തിരിച്ചറിയാൻ കഴിവില്ലാത്തവരാണു് നമ്മളധികവും."

അയാളുടെ കുത്തുവാക്കു് സരളയ്ക്കു് ഇഷ്ടമായില്ല—"നല്ലവരെ കാണാൻ എവിടെ കിട്ടും?" സരള തിരിച്ചടിച്ചു.

"അതെന്തുമാകട്ടെ. നമുക്കു തൎക്കിക്കാനുള്ള വിഷയമല്ല കൃഷ്ണൻനായരുടെ ആത്മാൎത്ഥത. പാവം! രണ്ടു ദിവസം മുമ്പെങ്കിലും എത്തിക്കാണും മദ്രാസിൽ, നമ്മളെ സ്വീകരിക്കാൻ. നാട്ടിലേക്കു് വരണമെന്നു് എത്ര

നിർബ്ബന്ധിച്ചിരിക്കുന്നു. യാത്രയ്ക്കു് അസൗകര്യമാണെന്നെ ഴുതുമ്പോൾ നിർബ്ബന്ധത്തിനെത്രയായിരുന്നു ശക്തിവർദ്ധി ച്ചതു്, പുതിയവീടു കാണാനായിട്ടെങ്കിലും ഒന്നു വന്നേ ച്ചുപോകണമെന്നായില്ലേ അവസാനം ?"

"നമ്മൾ വരുന്നുണ്ടെന്നറിയിച്ചപ്പോൾ അയാളുടെ കത്തിലെ ആവേശമൊക്കെ തണുത്തതോ ? തിരിച്ചുവരു കയില്ലെന്നു നിശ്ചയമുള്ളപ്പോൾ വരണമെന്നു നിർബ്ബന്ധം! വരുന്നുണ്ടെന്നറിഞ്ഞപ്പോൾ അസൗകര്യങ്ങളുടെ നീണ്ട പട്ടിക !" സരള സാവധാനത്തിലാണു പറഞ്ഞതു്. അ വളുടെ വാക്കുകൾ കേൾക്കാത്തമട്ടിൽ ഗോപാലൻകുട്ടി തുടർന്നു—"എന്റെ കുഞ്ഞിനെ കാണാൻ എത്ര നാളാ യിട്ടാണു് അവർ കാത്തിരിക്കുന്നതു് ! വീട്ടുകാര്യങ്ങളൊ ക്കെ വിട്ടിട്ടു് ഗൗരിക്കുട്ടിയും മദ്രാസിൽ എത്തിക്കാണും."

കഴിഞ്ഞ രാത്രിയിലെ കാര്യങ്ങൾ സ്മരണയിൽ പ്രതിധ്വനിക്കുന്നതു് ശ്രദ്ധിച്ചുകൊണ്ടാണു് ഗോപാലൻ കുട്ടി ഡെക്കിൽ നിന്നതു്.

കപ്പൽ ജെട്ടി പിടിച്ചുകഴിഞ്ഞു. ആളുകൾക്കു് ഇറങ്ങാനും മററുമുള്ള ഏണികൾ ഉറപ്പിക്കുന്നതിനു് കപ്പൽ ജോലിക്കാർ വ്യാപൃതരായി.

താഴെ നില്ക്കുന്നവരോടു് ഉറക്കെ സംസാരിക്കുന്ന തിന്റെ ബഹളംതന്നെ എവിടെയും.

പരിചിതരായവരുടെ നിഴൽപോലും ആൾക്കൂട്ട ത്തിലില്ലെന്നു് ഗോപാലൻകുട്ടിക്കു് ബോധ്യമായി. അ യാൾ നിരാശനായി സ്വന്തം ക്യാബിനിലേക്കു നടന്നു. ഹൃദയത്തിൽ നിരാശനിറഞ്ഞു നില്ക്കുകയാണു്. നാട്ടിൻ

പുറത്തുകാരല്ലേ? നൂറായിരം വിഷമങ്ങൾ ഉണ്ടായിരിക്കും. എങ്ങോട്ടെങ്കിലും ഇറങ്ങിത്തിരിക്കണമെങ്കിൽ എളുപ്പമാണോ?''—അയാളുടെ മനസ്സ് മന്ത്രിച്ചു. ''രണ്ടു മാസം മുമ്പ് എഴുതിയറിയിച്ചതാണ് ഈ കപ്പലിൽ വരുന്നകാര്യം. താല്പര്യമുണ്ടായിരുന്നെങ്കിൽ വന്നു ചേരുന്നതിന് വിഷമമൊന്നുമില്ലായിരുന്നു. സരളയുടെ അഭിപ്രായം തീരെ തെററായിരിക്കണമെന്നില്ല.'' മനസ്സിൽ സംവാദംനടക്കുകയാണ്. പലതും ചിന്തയിൽക്കൂടി കടന്നുപോകുന്നു. അകലെ മദിരാശിയിലെ വലിയ കെട്ടിടങ്ങൾ ആകാശരേഖയിലേക്ക് മുട്ടിനില്ക്കുന്ന കാഴ്ച കണ്ണിനു കൗതുകം പകരുന്നുണ്ട്. തങ്ങളുടെ ഗാംഭീര്യം അവ നിശ്ശബ്ദമായി പ്രഖ്യാപിക്കുകയാണ്.

''ഇരുപത്തിരണ്ടു സംവരങ്ങൾക്കു മുമ്പ് ഇവിടെ അയാൾ അലഞ്ഞുനടന്നിട്ടുണ്ട്. അന്ന് ഇല്ലാത്ത എത്ര പുതിയ കെട്ടിടങ്ങൾ ഇന്നു കാണാനുണ്ട്. മനുഷ്യൻേറതുപോലെ നഗരങ്ങളുടെയും മുഖച്ഛായമാററാൻ കാലത്തിനു് കഴിയുന്നു. ജീവിതത്തിന് വ്യഗ്രതവദ്ധിക്കുന്നതല്ലാതെ ശാന്തതയുണ്ടാകാത്തതെന്തു് ?

ആൾക്കൂട്ടം! എവിടെ നോക്കിയാലും ജനപ്രവാഹം! അന്നുപോലും ആൾത്തിരക്കിലെ ആയാസം എത്രയാണെന്നു് അയാൾ അനുഭവിച്ചിരുന്നു. ഇന്നു് അതു് എത്ര വദ്ധിച്ചിരിക്കും! എവിടെയെങ്കിലും ഏകാകിയായി നിന്നുനോക്കിയാൽ ഈ പ്രവാഹത്തിൻെറ പിന്നിൽ എന്തെങ്കിലും അത്ഥം കണ്ടെത്താനൊക്കുമോ? ഓരോരുത്തരും തിരക്കുണ്ടെന്നു പ്രകടമാക്കിക്കൊണ്ടു് എ

ന്തിനിങ്ങനെ ഓടുന്നു ? അതേസമയം ഓരോ വ്യക്തിയും കഠിനമായ ഏകാന്തതയാണ്, ഈ ആൾക്കൂട്ടത്തിനിടയിലും, അനുഭവിക്കുന്നതു്. സ്വന്തം ജീവിതമാകുന്ന കൊച്ചുകൊച്ചു ദ്വീപുകളിൽ കഴിയുന്ന റോബിൻസൺ ക്രൂസോമാർ ! ഇങ്ങനെയുണ്ടോ ഒരു വൈരുദ്ധ്യം !

നാട്ടിൻ പുറത്തുകാരനായിരുന്ന ഗോപാലൻകുട്ടിക്ക് ഇവിടെയെത്തിയപ്പോൾ, അന്നുണ്ടായ വിചാരമായിരുന്നു ഇതു്. പരസ്പരസമ്പർക്കമില്ലാതെ ഒരു വിനാഴികപോലും ചിലവഴിക്കുവാൻ സാധിക്കാത്ത ഒരു ചുററുപാടിൽ ജനിച്ചുവളർന്ന അയാൾക്ക് ഒന്നുരണ്ടു ദിവസംകൊണ്ടു് താൻ ഈ ലോകത്തിൽ ഏകാകിയാണെന്നബോധം ഉളവായി. അസഹനീയമായിരുന്നു ഈ അനുഭവം. തിരക്കില്ലാത്ത ഒരു വ്യക്തിയെ കണ്ടിരുന്നെങ്കിൽ ! ഹൃദയം തുറന്നു സംസാരിക്കുവാൻ ഒരു കൂട്ടുകാരനെ കണ്ടെത്തിയെങ്കിൽ ! ഇങ്ങനെമട്ടത്തിരുന്ന കാലത്താണ്, ശ്രീധരനെ അയാൾ കണ്ടുമുട്ടിയതു്. അതുണ്ടാകാതിരുന്നില്ലെങ്കിൽ എന്തു സംഭവിക്കുമായിരുന്നു ? എങ്ങോട്ടെങ്കിലും ഓടി രക്ഷപ്പെടുവാൻ അയാൾ എത്ര തവണ ആഗ്രഹിച്ചു ! അനുനിമിഷം വിതാനം ഉയർന്നുകൊണ്ടിരിക്കുന്ന വെള്ളപ്പൊക്കത്തിൽപ്പെട്ടവനെപ്പോലെ, നിസ്സഹായത അനുഭവപ്പെട്ടു.

ആകസ്മികമായിട്ടായിരുന്നു ഒരു വർത്തമാനപ്പത്രം അയാൾ വാങ്ങിയതു്. ഒരു കോണിൽ, സിംഗപ്പൂരിലേക്കുപോകുന്ന കപ്പലിൻെറ പരിപാടിയുണ്ടായിരുന്നതു്, അയാളുടെ ശ്രദ്ധ ആകർഷിച്ചു. എങ്ങിനെ, എന്തുകൊ

ണ്ടു് അതു സംഭവിച്ചു എന്നു് പലപ്പോഴും ചിന്തിച്ചിട്ടുള്ളതാണു്. എങ്കിലും അതിനൊരു മറുപടി ഇന്നുവരെ കിട്ടിയിട്ടില്ല. മുമ്പൊരിക്കലും ഇത്തരം കാര്യത്തെക്കുറിച്ചു ആലോചിച്ചിട്ടുപോലുമുള്ളതല്ല. കപ്പൽ പോകുന്നതിൻെറ വിവരങ്ങൾ ആർത്തിയോടെ വായിച്ചു, അപ്രതീക്ഷിതമായി ഒരാശയം അയാളുടെ ഹൃദയത്തിൽ തെളിഞ്ഞു—ഒരു മിന്നൽ പിണർപോലെ. "സിംഗപ്പൂരിലേക്കു കടന്നാലെന്തു്?" അനുഭവിച്ചറിഞ്ഞിട്ടില്ലാത്ത ഒരു ചേതോവികാരം അയാളെ പിടിച്ചുകുലുക്കി. ശരീരമാകെ വിയക്കുന്നു. "പോയാലെന്തു്?" ആ വാക്കുകൾ അനുക്രമമായി ശക്തിയാർജ്ജിച്ചു് തള്ളിത്തള്ളിവരുന്നു! "പോയാലെന്തു്? പോയാലെന്തു്?"......

കയ്യിൽ മിച്ചമായികഷ്ടിച്ചു് നൂററിയൻപതു രൂപായോളമുണ്ടു്.

അയാൾ നേരേ കപ്പൽ ഏജൻറിൻെറ ആഫീസിലേക്കു നടന്നു.

സിംഗപ്പൂരിലേക്കുപോകാൻ ഡക്കിലെ ഒരു ടിക്കററുവാങ്ങി. അതു് കയ്യിൽ കിട്ടിയപ്പോൾ ഹൃദയം ആഞ്ഞു് ഇടിക്കുകയായിരുന്നു. നെററിയിൽ പൊടിച്ച വിയർപ്പ് വിരൽകൊണ്ടു വടിച്ചുകളഞ്ഞു. "ഇനി ഈ നാട്ടിൽ തിരിച്ചു വരുകയില്ല; എന്നെ വേണ്ടാത്ത നാട്ടിൽ!"

ഇന്നും അയാൾ അന്നത്തെ വികാരത്തിൻെറ പ്രതിധ്വനിക്കു വിധേയനാകുന്നതുപോലെ തോന്നി.

അയാൾക്കു് ഉഷ്ണിക്കുന്നു. തുവാലയെടുത്തു് വീശി.

"സാമാനമൊക്കെയിറക്കണ്ടേ?" സരളയുടെ വാ

ക്കകളാണു് ഗോപാലൻ കുട്ടിയെ ഉണർത്തിയതു്. ഭൂത കാലത്തിൻെറ സ്മരണകൾ മനസ്സിൽനിന്നു കുടഞ്ഞു കളയാൻ ശ്രമിച്ചുകൊണ്ടു് അയാൾ എഴുന്നേററു.

സമയം പോയതൊന്നും അറിഞ്ഞിരുന്നില്ല.

തള്ളിക്കയറി ക്യാബിനിൻെറ അടുത്തു നിന്നിരുന്ന കൂലിക്കാർ സംസാരകാലത്തിൻെറ ദൂതന്മാരായിട്ടാണു് അയാൾക്കു തോന്നിയതു്.

"ആകപ്പാടെ പതിനാറു് പെട്ടികളും കെട്ടുകളുമുണ്ടു്. എല്ലാം സൂക്ഷിച്ചു് ഇറക്കണം. സഹായത്തിനു മററാരുമില്ല."—സരളയാണതു പറഞ്ഞതു്. അവസാനത്തെ വാചകമാണു് ഹൃദയത്തിൽ കൂടുതൽ ഏററതു്. മനഃപൂർവ്വമാണെങ്കിലും അല്ലെങ്കിലും, അതു് അയാളെ ചൊടിപ്പിച്ചു. മനസ്സിൽ തോന്നിയ പ്രതിഷേധം സ്വയം വിഴുങ്ങിയതല്ലാതെ പുറത്തുകാണിച്ചില്ല. സരള പറഞ്ഞതിൽ പതിരില്ല. ആരും സഹായത്തിനെത്തിയിട്ടില്ല. എല്ലാം തന്നത്താനെ ചെയ്യേ പാറു.

കൂലിക്കാരിൽ മൂന്നു പേരെ വിളിച്ചു് ഏർപ്പാടു ചെയ്തു. സാമാനങ്ങൾ ഇറക്കണം. കസ്റ്റംസ് പരിശോധനക്കു് ആഫീസിൽ എത്തിക്കണം. അതു കഴിഞ്ഞു് ടാക്സിയിൽ കയററിക്കൊടുക്കണം. എല്ലാററിനും മൊത്തം കൂലിപറഞ്ഞു. ഇത്രയും ആയപ്പോൾ തന്നെ അരമണിക്കൂർ കഴിഞ്ഞിരുന്നു.

ഇറങ്ങുന്നവരുടെ തിരക്കു് അന്തമില്ലാതെ തുടരുകയാണു്. വെയിൽ ശക്തിയായിരിക്കുന്നു.

കപ്പലിൽപോലും എന്തൊരു ചൂടു്.

കുട്ടിയുടെ കയ്യിൽ പിടിച്ചുകൊണ്ടു് സരള മുമ്പേ നടന്നു. കപ്പലിൻെറ ഇട്ടുങ്ങിയ ഇടനാഴിയിൽ വലിയ തിരക്കുതന്നെ, മുകളിലത്തെ നിലയിൽ നിന്നു് കരയ്ക്കെത്താനും നന്നേ വിഷമിച്ചു. ആൾ ബഹളത്തിൽ നിന്നു് ഒഴിഞ്ഞു് ഒരു കോണിൽ സരളയും കുട്ടിയും ചെന്നുനിന്നു.

ഓരോന്നോരോന്നായി പെട്ടികൾ ഇറക്കുന്നതിനു് കുറെ സമയം വേണ്ടിവന്നു.

കസ്റ്റംസ് പരിശോധനയ്ക്കായി ആഫീസിലേക്കു നീങ്ങി. ഇതൊക്കെ കഴിഞ്ഞാലേ തുറമുഖത്തുനിന്നു് പുറത്തു പോകാനൊക്കൂ.

നീണ്ട ഒരു 'ക്യൂ' അവിടെയുണ്ടു്. സരളയേയും കുട്ടിയേയും അവിടെ നിർത്തിയിട്ടു് ഗോപാലൻ കുട്ടി അവളോടു പതുക്കെ പറഞ്ഞു: "അല്പനേരം ഇവിടെ നില്ക്കിൻ! ഞാൻ ഇപ്പോൾ വന്നേക്കാം."

സിംഗപ്പൂരിൽ നിന്നു് കപ്പൽ കയറുന്നതിനുമുമ്പു് ഒരു ആത്മമിത്രമായ രാഘവൻ പിള്ള ഗോപാലൻ കുട്ടിക്കു് ചില നിർദ്ദേശങ്ങൾ നല്കിയിരുന്നു. രാഘവൻ പിള്ള മുറയ്ക്കു് മദ്രാസിൽ വന്നും പോയുമിരിക്കുന്ന ആളാണു്. വലിയ ബിസിനസ്സുകാരൻ. ധാരാളം സമ്പാദിച്ചിട്ടുള്ളയാൾ, വിപുലമായ പരിചയവും എണ്ണമററ സ്നേഹിതന്മാരും ഉള്ള വ്യക്തി. എന്തുകാര്യവും വിഷമം കൂടാതെ നടത്താൻ നല്ല കഴിവ് അയാൾക്കുണ്ടു്. എവിടെയും ഏതു വിഷമവും തരണം ചെയ്യാൻ കരുത്തും കഴിവും ആർജ്ജിച്ചിട്ടുള്ള പരിചയസമ്പന്നൻ.

സിംഗപ്പൂരിൽ എത്തിയ ശേഷം അധികം നാളാകുന്നതിനുമുമ്പ് ഗോപാലൻ കുട്ടി രാഘവൻ പിള്ളയുമായി സ്നേഹബന്ധം സ്ഥാപിച്ചു. പല കാര്യങ്ങൾക്കും അവർ ഒന്നിച്ചു ചേർന്നിട്ടുണ്ട്.

"മദ്രാസിൽ, തുറമുഖത്തെത്തിയാൽ കംസ്റ്റംസിലെ മി. എക്സിനെ കാണണം."—രാഘവ്ൻ പിള്ള നിർദ്ദേശിച്ചിട്ടുള്ളതാണ്. "ഒരു പ്രത്യേക സങ്കേതത്തിലെത്തി "മി. എക്സ് അല്ലേ?—" എന്നു ചോദിച്ചാൽ മതി, അറിയപ്പെടേണ്ട ആളിന് കാര്യം മനസിലാകും. വേണ്ട ഒത്താശകൾ ചെയ്തു തരും.—" സ്നേഹത്തിൻെറ വാക്കുകൾ ഗോപാലൻ കുട്ടി മറന്നിട്ടില്ല.

" ആളിനെ ഞാനെങ്ങിനെ തിരിച്ചറിയും?

കപ്പൽ എത്തുമ്പോൾ കസ്റ്റംസ് ആഫീസിലെ തിരക്കില്ലാത്ത കിഴക്കേ കോണിൽ ഒററതിരിഞ്ഞു് ഒരു ആജാനബാഹു നില്ക്കുന്നുണ്ടാകും. ചുരുണ്ടമീശയും ഫ്രെഞ്ചുതാടിയും ഉള്ള ഒരാൾ. കറുത്ത ഒരു ഭീമകായൻ. ആരും ഭയന്നുപോകും, ആളിനെ കാണുമ്പോൾ ഒന്നിലും ഇടപെടാതെ, എല്ലാമേൽനോട്ടവും വഹിക്കുന്നുണ്ടെന്നമട്ടിൽ! ഒട്ടും ശങ്കിക്കാതെ അയാളുടെ അടുത്തു ചെല്ലു. "മി എക്സ് അല്ലേ?" എന്നു പതുക്കെ ചോദിക്കു. നിങ്ങളെ സൂക്ഷിച്ച് അയാൾ നോക്കിയെന്നു വരും. എങ്കിലും ഒന്നും ഭയപ്പെടരുതു്. "മി. എക്സ് അല്ലേ?—" എന്ന ചോദ്യം കേൾക്കുമ്പോൾ തന്നെ കാര്യം മനസിലാക്കിക്കൊള്ളും. അത്യന്തം രഹസ്യമായിട്ടുള്ള സൂചനാ നാമമാണതു്. അതുകേട്ടാൽ വേണ്ടതു് അയാൾ നിങ്ങൾക്കു

വേണ്ടി ചെയ്തു കൊള്ളും. ചോദിക്കുന്ന എല്ലാവിവരങ്ങൾക്കും സത്യമായുള്ള മറുപടി കൊടുക്കാൻ മടിക്കരുത്.—"രാഘവൻ പിള്ളയുടെ നിർദ്ദേശങ്ങൾ വള്ളിപുള്ളി വിസർഗ്ഗം വിടാതെ ഗോപാലൻകുട്ടി ഓർമ്മിച്ചിട്ടുണ്ട്.

പറഞ്ഞതുപോലെ അവിടെ ഒരാൾ നിന്നിരുന്നു. കറുത്തു, തടിച്ചു്, ആജാനുബാഹുവായ ഒരാൾ. കൊമ്പൻ മീശയും ഫ്രെഞ്ചുതാടിയുമുണ്ട്. നിർദ്ദയതയുടെ പ്രതിമപോലെ അയാൾ നില്ക്കുന്നു!

ഗോപാലൻ കുട്ടിക്കു ഭയം തോന്നി, അയാളെ സമീപിക്കാൻ.

എങ്കിലും അങ്ങോട്ടു ചെന്നു.

"മി. എക്സ് അല്ലേ?—" ഗോപാലൻ കുട്ടി ഇംഗ്ലീഷിൽ പതുക്കെ ചോദിച്ചു.

അല്പം ഞെട്ടിയിട്ടെന്നപോലെ അയാൾ തിരിഞ്ഞു ഗോപാലൻ കുട്ടിയെ നോക്കി. ആ നോട്ടത്തിനു് ഒരു ചോദ്യത്തിന്റെ ഭാവമുണ്ടായിരുന്നു.

"മി. എക്സ് അല്ലേ?—" ഗോപാലൻകുട്ടി ആവർത്തിച്ചു.

ഒരു നിമിഷം നിശ്ശബ്ദത.

"എസ്!" അയാൾ തലചെറുതായി കുലുക്കി. "യു ആർ ഫ്രം സിംഗപ്പൂർ? ങ്ഹേ?—" അയാൾ ചോദിച്ചു.

"അതെ"

"എന്തൊക്കെയുണ്ട് പെട്ടികളിൽ?—" അയാൾ ഇംഗ്ലീഷിലാണു് ചോദിച്ചതു്.

"നൂററിയിരുപതു പവൻ."

"മറെറാന്നുമില്ലേ? റേഡിയോ, ക്യാമറാ, തുണി അതുപോലെ....."

"ഇല്ല. ഉപയോഗിച്ചു വന്നവയേയുള്ളു. ഈ ട്രാൻസിസ്റ്ററും ക്യാമറയും—" കഴുത്തിൽ തൂക്കിയിരുന്ന ക്യാമറയും ട്രാൻസിസ്റ്ററും ഗോപാലൻകുട്ടി കാണിച്ചു. "വേറൊന്നുമില്ല."

" ശരി. "

" അങ്ങേയ്ക്കു പിള്ള തന്നയച്ചതാണിതു. കൂട്ടത്തിൽ ഇതു് എൻെറ പാരിതോഷികവും" ചെറിയരണ്ടു പാക്കററുകൾ ട്രൗസറിൻെറ കീശയിൽ നിന്നെടുത്തു് കയ്യിൽ ഏല്പിച്ചു.

" ശരി. മററുള്ളവരുടെ കൂട്ടത്തിൽ ക്യൂവിൽ ചെന്നു നിന്നോളു! "

ഗോപാലൻകുട്ടി അൽപം അറച്ചുനിന്നു.

"ങ്ഹും! പൊയ്ക്കോളു!"—അതൊരാജ്ഞപോലെയായിരുന്നു.

അനുസരണയുള്ള ബാലനെപ്പോലെ ഗോപാലൻകുട്ടി തിരിച്ചു നടന്നു.

സരളയും കുട്ടിയും നിന്നിടത്തെത്തിയപ്പോൾ പരിശോധനയ്ക്കുള്ള ഉദ്യോഗസ്ഥന്മാരാരുംഅവിടെ എത്തിയിരുന്നില്ല.

"സമയം കുറെയാകുമെന്നാ തോന്നുന്നെ." സരള അയാളെ കണ്ടപ്പോൾ പറഞ്ഞു." ആരും വന്നിട്ടുതന്നെയില്ല. ആളിനെ കണ്ടോ. ?"

"കണ്ടു."

"എളുപ്പം പോകാൻ പററുമോ?"

"എന്തോ !"

"ഇറങ്ങിയിട്ട് മണിക്കുറൊന്നോളമായി."

"ങ്ങാ !"—ഗോപാലൻകുട്ടി സിഗററുകത്തിച്ചു. തീപ്പെട്ടിക്കോൽ കളയാൻ തിരിഞ്ഞു.

"ഹല്ലോ ! ഗോപാൽ ! കണ്ടിട്ടെത്രകാലമായി !" സുമുഖനായ ഒരാൾ അടുത്തുനില്ക്കുന്നു. അയാൾ വഴക്കെ ചിരിക്കുകയാണ്.

അത്ഭുതപ്പെട്ട് ഗോപാലൻകുട്ടി നോക്കി.

കഷണ്ടികടന്നാക്രമിച്ചു തുടങ്ങിയിട്ടുള്ളതിനാൽനെററിക്ക് സാമാന്യത്തിലേറെ വീതിയുണ്ട്. മുടിനട്ടുക്കുടി ചീകി പിറകോട്ടുവച്ചിരിക്കുന്നു. കട്ടിയുള്ള പുരികങ്ങൾ. സ്വർണ്ണക്കണ്ണാടി. ഭംഗിയുള്ള നാസിക. താല്പര്യപൂർവ്വം വെട്ടിനിർത്തിയിട്ടുള്ള കമ്പിമീശ. വീതിയേക്കാളേറെ നീളംതോന്നിക്കുന്ന മുഖം.

"എന്താ എന്നെ മനസ്സിലായില്ല ? ങ്ങും. കാലം കുറെയായില്ലേ ?"—അയാൾ ചിരിക്കുകയാണ്. അണയോടടുത്തുള്ള രണ്ടു പല്ലുകളിൽ സ്വർണ്ണം വച്ചിട്ടുണ്ട്.

"പെട്ടെന്നു് ഓർമ്മവരുന്നില്ല." ക്ഷമാപണസ്വരത്തിൽ ഗോപാലൻകുട്ടി പറഞ്ഞു.

"സാരമില്ല. എനിക്കാണെങ്കിൽ ആളുകളെ മറക്കാനാണു വിഷമം !"—അയാൾ വീണ്ടും ചിരിച്ചു. "ഇതു്...?" സരളയെ നോക്കിയാണ് ചോദിച്ചതു്.

"എൻെറ ഭാര്യയും കുട്ടിയും."

"നമസ്തേ! ഗോപാലൻകുട്ടിയുടെ കുട്ടിക്കാലത്തെ ഒരു കൂട്ടുകാരനായ ചന്ദ്രനാണ് ഞാൻ! പക്ഷേ അന്നത്തെ ചന്ദ്രനെ കണ്ടിട്ടുള്ളവർ ഈ ചന്ദ്രനെ കാണുമ്പോൾ തിരിച്ചറിയാറില്ല. ഗോപാലൻകുട്ടിക്കു മാത്രമല്ല എത്രപേക്ക് ഇതു പററിയിട്ടുണ്ട്!" ചന്ദ്രൻ തമാശയുടെ ഭാവത്തിൽ പറഞ്ഞു.

"ചന്ദ്രൻ"—ഓർമ്മകൾ ഉണർത്തുന്നമട്ടിൽ ഗോപാലൻകുട്ടി പതുക്കെ പറഞ്ഞു.

"അതെ! അടിപിടികൂടി സ്കൂളിലെ ചട്ടമ്പിയെന്നു പേരെടുത്തിരുന്ന ഒരു ചന്ദ്രശേഖരൻനായരുണ്ടായിരുന്നില്ലേ? അയാളാണിയ്യാൾ" ഗോപാലൻകുട്ടിയുടെ തോളിൽ തട്ടിക്കൊണ്ടു് ചിരിക്കുകയാണ്. "കൊച്ചുവീട്ടിൽ നാരായണപിള്ളയുടെ മൂത്തമോൻ! എന്താ ഓർക്കുന്നോ?"

"വളരെ നാളായില്ലേ നാട്ടുവിട്ടിട്ട്. ഇപ്പോഴാദ്യമായിട്ടാ മടങ്ങിവരുന്നതു്. അതുകൊണ്ടു്.........ഇപ്പോഴത്തെ കാര്യങ്ങൾ അധികം അറിയുകയില്ല. മനഃപൂർവ്വമൊന്നുമല്ല."

"ഹെയ്! ഇതൊക്കെ സാധാരണം! ചേട്ടന്റെ കെട്ടിടമൊക്കെ പരമരസികൻ ആയിട്ടുണ്ടു്. കൃഷ്ണൻനായർ മനസ്സിരുത്തിത്തന്നെയാ പണിയിച്ചതു്. നമ്മുടെ നാട്ടിൽ ഇങ്ങനെയൊരു വീടില്ല."

"വീടുകണ്ടോ?"—ഗോപാലൻകുട്ടിക്ക് താല്പര്യം വർദ്ധിച്ചു.

"ങ്ും! നല്ലകാര്യം! നാലാഴ്ചക്കുമുമ്പ് ഞാൻ നാട്ടിലുണ്ടായിരുന്നു. അന്നു് അവിടെകയറി. നല്ലതുപോലെ കണ്ടു. ഒന്നാന്തരം കെട്ടിടം!"

"ഇനി പഴയ പരിചയങ്ങളൊക്കെ പുതുക്കണം. പുതിയ തലമുറയെ പരിചയപ്പെടണം. ഇതിനൊക്കെ സമയമെടുക്കും."

"ആട്ടെ! കസ്റ്റം പരിശോധനകഴിഞ്ഞു്, പോകുന്നകാര്യം?"

"ഉദ്യോഗസ്ഥന്മാർ വരണം. പരിശോധിക്കാൻ വലുതായിട്ടൊന്നുമില്ല. പാടില്ലാത്തതൊന്നുംകൊണ്ടു വന്നിട്ടില്ല."

"സിസ്റ്ററും കുട്ടിയും കുറെ ബുദ്ധിമുട്ടിക്കാണും. നാട്ടിൽ ചെന്നാലും നാട്ടിൻപുറവുമായി പൊരുത്തപ്പെടാൻ സമയം വേണ്ടിവരും. ഇവരൊക്കെ പട്ടണത്തിൽ ജീവിച്ചവരല്ലേ? ദാ! ഇപ്പോൾ ഞാൻ വന്നേക്കാം. കുറെ നാരങ്ങാവെള്ളം കൊണ്ടുവരാൻ പറയാം." ഗോപാലൻകുട്ടി തടസ്സംപറയാൻ തുടങ്ങിയപ്പോൾ അതു കേൾക്കാൻ നില്ക്കാതെ ചന്ദ്രൻ നടന്നുകഴിഞ്ഞു......

കുറെനേരം കഴിഞ്ഞു് ഒരു പയ്യൻ മൂന്നുഗ്ലാസ് വെള്ളം കൊണ്ടുവന്നു. ഗോപാലൻകുട്ടിയും സരളയും കുട്ടിയും അതു കുടിച്ചു. ശീതളപാനീയം ഒരനുഗ്രഹമായിരുന്നു.

നേരം എത്രയായി! അവിടെനിന്നു് മുഷിഞ്ഞു.

"വെള്ളം മതിയായിരുന്നോ?"—എന്നു ചോദിച്ചു കൊണ്ടാണ് ചന്ദ്രൻ മടങ്ങിവന്നതു്.

"വളരെ ഉപകാരമായി, ചന്ദ്രൻ! വളരെ"—ഗോപാലൻകുട്ടി കൃതജ്ഞതാപൂർവ്വം പറഞ്ഞു.

"ഇതെന്തുപകാരം! നല്ലകാര്യം! അതാ! ആഫീസറന്മാർ വരുന്നുണ്ട്. പരിശോധനയ്ക്ക്. മദ്രാസിൽ താമസത്തിനു് വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ?"

"ഇല്ല. എല്ലാം ഇതു കഴിഞ്ഞിട്ടുവേണം."

"എൻെറ താമസം കുറച്ചകലെയാണ്. പെരമ്പൂരിൽ. അസൗകര്യമില്ലെങ്കിൽ......"

"വേണ്ടാ. കഴിയുന്നതും നേരത്തെ നാട്ടിലേക്കു തിരിക്കണം. മദ്രാസിൽ വിശേഷിച്ചൊന്നും ചെയ്യാനുമില്ല. ദൂരെയായാൽ ഈ സാധനങ്ങളൊക്കെ കൊണ്ടുപോകാനും മററും അസൗകര്യമായിരിക്കും!"

"എങ്കിലും......"ഗോപാലൻകുട്ടി തൻെറകൂടെ തങ്ങുകയില്ലെന്നു നിശ്ചയമുണ്ടായിരുന്നതുകൊണ്ടു് ചന്ദ്രൻ തൻെറ ആത്മാർത്ഥത പ്രകടിപ്പിക്കാനെന്നു തോന്നത്തക്ക വിധത്തിൽ കൂടുതൽ നിർബ്ബന്ധിച്ചു.

വേണ്ട, ചന്ദ്രൻ. ഇവിടെ സൗകര്യമായിട്ടെവിടെങ്കിലും തങ്ങാം. ഞങ്ങൾക്കു വേണ്ടാ ബുദ്ധിമുട്ട്..."

"എന്തുബുദ്ധിമുട്ടു ചേട്ടാ? ആകസ്മികമായിട്ടാണു ഞാൻ ഇവിടെയെത്തിയതു്. ഞങ്ങളുടെ കമ്പനി വകയായി ചില സാധനങ്ങൾ ഈ കപ്പലിൽ എത്തിയിട്ടുണ്ടു്. അതു് ഉറപ്പുവരുത്താൻ ഞാൻ വന്നതാണ്. എപ്പോൾ ഇറക്കുമെന്നും അറിയണം. ഏതായാലും, ചേട്ടനെ കണ്ടപ്പോൾ എന്തെന്നില്ലാത്ത സന്തോഷം! ഇപ്പോൾ വന്നില്ലായിരുന്നെങ്കിൽ ഈ ഭാഗ്യം എനിക്കുണ്ടാകുമായിരുന്നോ?"

പരിശോധനനടത്താൻ ഉദ്യോഗസ്ഥന്മാർ എത്തി. ചില ഫാറങ്ങൾ പൂരിപ്പിച്ച് ഒപ്പിട്ടുകൊടുക്കാൻ അവർ യാത്രക്കാർക്കുകൊടുത്തു.

''ഇതൊക്കെ സാധാരണമാ. ഒപ്പിട്ടുകൊടുത്താൽ മതി. സംശയം തോന്നിയാലേ മുഴവൻ തുറന്നു പരിശോധിക്കു. ആ ട്രാസിസ്റ്റർ ഇങ്ങുതരണം. ഞാൻ പിടിച്ചു കൊള്ളാം. രണ്ടു തോളിലും ഇങ്ങനെ തൂക്കിയിട്ടുകൊണ്ടു നില്ക്കുന്നത് സൗകര്യമല്ലേ?'' തടസ്സംപറയുവാൻ മുതിരുന്നതിനു മുമ്പ് ഗോപാലൻകുട്ടിയുടെ തോളിൽനിന്നു് ട്രാൻസിസ്റ്റർ എടുത്തു.

''ഇതാ! ഇതു നീയും പിടിച്ചോ!'' ക്യാമറാ സരളയുടെ കയ്യിൽ കൊടുത്തു.

ഫാറങ്ങളെല്ലാം പൂരിപ്പിച്ച് ഗോപാലൻകുട്ടി യഥാസ്ഥാനത്ത് ഏല്പിച്ചു. അതിലെഴുതിയിരുന്ന പേരു വായിച്ചിട്ട് അവിടെ വന്ന ഉദ്യോഗസ്ഥൻ തലയുയർത്തി ഗോപാലൻകുട്ടിയെ നോക്കി.

''യു. ആർ. ഗോയിംഗ് റു കേരളാ?''

''എസ്.''

''എസ്! എസ്! ഐ നോ! യൂ മേ റിമൂവ് യുവർ തിംഗ്സ്.''

ഗോപാലൻകുട്ടി ഒരു ആശ്വാസനിശ്വാസം വിട്ടു. രാഘവൻപിള്ളയുടെ പദ്ധതി വിജയിച്ചു.

''താങ്ക് യൂ വെരിമച്ച്!''—ഗോപാലൻകുട്ടി കൈ കൂപ്പി.

ഗോപാലൻകുട്ടിയുടെ തോളിൽ തട്ടിക്കൊണ്ട് ചന്ദ്രൻ പറഞ്ഞു. "ചേട്ടാ! ഞാനൊരു ടാക്സി പിടിച്ചു കൊണ്ടു വരാം. ഇനി താമസിക്കേണ്ടാ. പണ്ടത്തെ മദ്രാസല്ല. അതുകൊണ്ട് ഞാൻ പോകാം." ചന്ദ്രൻ ചിരിച്ചിട്ടു നടന്നു.

അയാൾ മറഞ്ഞപ്പോൾ ഗോപാലൻകുട്ടി ഭാര്യയോടു തിരഞ്ഞു. "സാമാനമെല്ലാം ഉണ്ടോ? പിള്ളയുടെ ഉപദേശം ഫലിച്ചു. വിഷമമൊന്നു മുണ്ടായില്ല. ദൈവാധീനം."

അവർ അരമണിക്കൂർ കാത്തു. ടാക്സി വന്നില്ല. ചന്ദ്രന്റെ നിഴൽപോലും ഇല്ല. മററു വണ്ടികൾ എത്രയാണ് വന്നതും സാമാനങ്ങൾ കയററിപോയതും.

കൂലിക്കാർ തിരക്കുകൂട്ടി.

ഗോപാലൻകുട്ടിയുടെ ക്ഷമയററു.

"ഞാനൊന്നു നോക്കിയിട്ടു വരാം."

വളരെകഴിഞ്ഞു്, പോയതുപോലെ അയാൾ തിരിച്ചുവന്നു.

"അവിടെങ്ങുമില്ല, ഏതായാലും കുറച്ചുകൂടി കാത്തുനില്ക്കാം."

മണിക്കൂർ ഒന്നുകഴിഞ്ഞു.

എന്താണു ചെയ്യേണ്ടതു്? ചന്ദ്രനെ കാത്തുനില്ക്കാതിരുന്നാൽ അയാൾ വന്നു തിരക്കുമ്പോൾ അവരെകാണാതെ വിഷമിക്കുകയില്ലേ- ട്രാൻസിസ്റ്റർ അയാൾ എങ്ങനെ മടക്കിയേൽപ്പിക്കും? ചന്ദ്രന്റെ കമ്പനിയേതു്? എവിടെ? താമസസ്ഥലം പെരമ്പൂരിലെവിടെയാണു്? ഒരു വിവരവുമില്ല. അയാളെ എവിടെയാണു തിരക്കുക?

ഒഴിഞ്ഞ ടാക്സികൾ പലതും അവിടെ എത്തിയിട്ടുണ്ട്. ചില വണ്ടിക്കാർ വന്നു തിരക്കി.

" ടാക്സി വേണമാ? "

" വേണ്ട! ആളുപോയിട്ടുണ്ട്. "

യാത്രക്കാരിൽ മുക്കാൽ പങ്കും സ്ഥലം വിട്ടുകഴിഞ്ഞു. സമയം നട്ടുച്ച കഴിയാറായി.

" എത്രനേരം ഇവിടെ കാത്തു കെട്ടികിടക്കണം? " സരളയ്ക്കു സഹികെട്ടു.

" ചന്ദ്രൻ ചതിക്കുമോ? " ഗോപാലൻ കുട്ടിയുടെ ഹൃദയത്തിൽ സംശയത്തിൻെറ നിഴൽ വ്യാപിച്ചു തുടങ്ങി, അവിടെ ഉണ്ടായിരുന്ന ഒരു ടാക്സി വിളിച്ച് സാമാനങ്ങൾ അതിൽ കയററിത്തുടങ്ങി.

" അയാൾവന്ന് നമ്മെ ഇവിടെ തിരക്കിയാലോ?-" സരള സംശയിച്ചു.

" ആട്ടെ. നമുക്ക് എഗ്മൂറിൽ പോകാം. റിട്ടയറിംഗ് റൂമിലാകാം താമസം. നാളെ നാട്ടിലേക്കു തിരിക്കാം. " ഗോപാലൻകുട്ടി പറഞ്ഞു.

സാമാനമെല്ലാം കയററി. കൂലിക്കാർക്ക് രൂപയും കൊടുത്തു. അപ്പോൾ അയാൾക്ക് ഒരു ആശയം തോന്നി. കസ്റ്റംസ് ആഫീസിൽ ഒരു കുറിപ്പു കൊടുത്തിട്ടു പോയാലോ? ചന്ദ്രൻ വന്നു തിരക്കിയാൽ അവരെവിടെയുണ്ടെന്നറിയാനൊക്കുമെല്ലോ,

ചന്ദ്രശേഖരൻ നായർ എന്നൊരാൾ ഇവിടെ വന്നു തിരക്കിയാൽ ഈ കുറിപ്പിലെ പേരുകാരൻ എഗ്മൂറിൽ റിട്ടയറിംഗ് റൂമിൽ താമസമാണെന്നു് ദയവായി അറി

യിക്കണം.'' ഡ്യൂട്ടിയിലിരുന്ന ആളിന്റെ കയ്യിൽ കുറിപ്പു കൊടുത്തിട്ട് ഗോപാലൻകുട്ടി പറഞ്ഞു.

ടാക്സിയിൽ പോകുമ്പോൾ വഴിയിലൊക്കെ ശ്രദ്ധിച്ചുനോക്കി, അവിടെങ്ങും ചന്ദ്രന്റെ പൊടിപോലും കണ്ടില്ല.

“പണ്ടത്തെ കൂട്ടുകാരനും നാട്ടുകാരനും അല്ലേ? പങ്കു വാങ്ങി അയാൾ പോയി.—'' വിനോദരീതിയിൽ സരള പറഞ്ഞപ്പോൾ, ഉറുത്തിയെങ്കിലും അതുവകവെയ്ക്കാതെ ഗോപാലൻകുട്ടിയും കുലുങ്ങിച്ചിരിച്ചു!

—oo—

Adv N. Santhosh kumar, BA LLB, PGDT.
Njarakkattu House,
Mangaram, Konni P.O. - 689691
Pathanamthitta (Dist.) Kerala State.

രണ്ടു്

സായാഹ്നസമയമായപ്പോൾ സരളയെയും കുട്ടിയേയും മുറിയിലിരുത്തിയിട്ട് ഗോപാലൻകുട്ടി ഒന്നുലാത്തുന്നതിനു് പുറത്തിറങ്ങി. ആറേഴ ദിവസത്തെ മുഷിപ്പൻ യാത്രയ്ക്കുശേഷം ഉല്ലാസമായി സമയം ചിലവാക്കാൻ താല്പര്യമുണ്ടായിരുന്നെങ്കിലും, ഊർജ്ജിതക്കുറവുകൊണ്ടു് സരളയും കുട്ടിയും അതിനു് സന്നദ്ധരായില്ല. താല്പര്യമില്ലായ്മ സരള പ്രകടിപ്പിച്ചപ്പോൾ ഗോപാലൻകുട്ടി നിർബ്ബന്ധിക്കാൻ ശ്രമിച്ചുമില്ല. ഏകാകിയായി, ലക്ഷ്യമൊന്നുമില്ലാതെ, നടക്കുവാൻ അയാൾക്കു മോഹമുണ്ടു്. ഇരുപത്തിരണ്ടു കൊല്ലംമുമ്പ് ഇവിടെ അലഞ്ഞുനടന്നിരുന്ന സങ്കേതങ്ങൾ ഒന്നുകൂടി കാണാൻ കടുത്ത കൊതിതോന്നി. മാറിയ മദ്രാസിൻെറ മുഖച്ഛായ മനസ്സിലാക്കാൻ അതു് സഹായിക്കുമല്ലോ.

ഇരുപത്തിരണ്ടു സംവത്സരങ്ങൾക്കു മുമ്പുള്ള മദ്രാസ്! അതാണു് ഇന്നും അയാളുടെ അനുഭവ മണ്ഡലത്തിൽ നിലവിലുള്ളതു്. വലിയ നഗരവുമായി ആദ്യമായുണ്ടായ സമ്പക്കത്തിൻെറ ഓമ്മകൾ!

മുമ്പൊരിക്കലും പുറത്തിറങ്ങിയിരുന്നില്ല. സ്വന്തം നാട്ടിൻ പുറത്തുനിന്നു്, ആരേയും അറിയിക്കാതെ,

ഒളിച്ചോടിയതാണ്. യാത്രയിൽ നാലഞ്ചുദിവസം കോട്ടയത്തു തങ്ങി. അവിടെ അലഞ്ഞു നടന്നതു മതിയായപ്പോൾ എറണാകുളത്തെത്തി. അവിടെയും രണ്ടുദിവസം ചിലവഴിച്ചു. അതു കഴിഞ്ഞു് അവിടെ നിന്നു് മദ്രാസിലേക്കു് ടിക്കററെടുത്തു. എന്തുകൊണ്ടാണു് മദ്രാസിലേക്കു് പോന്നതു്? ഇന്നും അതിനു് വ്യക്തമായ മറുപടി അയാൾക്കില്ല. അങ്ങിനെയാണു സംഭവിച്ചതു്, എന്നല്ലാതെ ഒന്നും പറയാനില്ല.

ഒരു സുപ്രഭാതത്തിൽ തീവണ്ടി അയാളെ മദ്രാസിൽ കൊണ്ടെത്തിച്ചു.

എവിടെയും അപരിചിതർ. ഭാഷയും വേഷവും ജീവിതരീതിയും എല്ലാം പുതിയതു്. ആൾക്കൂട്ടം! ഇങ്ങനെയുണ്ടോ ഒരു തിരക്കു്! മനുഷ്യ മഹാസമുദ്രത്തിലെ മറെറാരു തുള്ളിയാണു് അയാളും!

എന്തിനുവന്നു? എന്തുചെയ്യാനാണെത്തിയതു്? എവിടെ പാക്കും?

ഒന്നിനും മറുപടിയില്ല.

ആദ്യദിവസങ്ങളിൽ, 'അങ്ങിനെയുള്ള ചിന്തകൾ ഉണ്ടായില്ല. രണ്ടുമൂന്നു ദിവസം എത്തും പിടിയുമില്ലാതെ അയാൾ കഴിച്ചുകൂട്ടി.

ആപത്തുവന്നാൽ ആരുണ്ടു് സഹായത്തിനു്?

അത്യാവശ്യം വന്നാൽ ആരോടു പറയും?

അലഞ്ഞു തിരിഞ്ഞു മടുത്തപ്പോൾ അത്തരം വിചാരങ്ങൾ മനസ്സിൽ തലപൊക്കി.

പ്രധാനപ്പെട്ട ഒരു പഴയ തറവാട്ടിലെ അംഗമായിരുന്ന അയാൾ, നാട്ടിലെ ഒരു പ്രധാന ദിവ്യനായിരുന്നു. എന്തെങ്കിലും പറഞ്ഞാൽ നാലഞ്ചു പേരെങ്കിലും ശ്രദ്ധിക്കാനുണ്ടാവും. ആശ്രയം നല്കാൻ ആളുകൾ എത്രവേണമെങ്കിലുമുണ്ട്. അംഗീകരിക്കപ്പെടേണ്ട ഒരു വ്യക്തിയാണയാൾ.

എന്നാൽ ഇവിടെയോ?

തിരിഞ്ഞുനോക്കാൻ പോലും ഒരാളില്ല.

രണ്ടു വാക്കു പറയുവാൻ ആക്കും സമയമില്ല.

പുതിയതായിട്ടൊരാളെ കണ്ടാൽ എവിടുന്നു വന്നു? എന്തിനുവന്നു? എന്തുവേണം? എന്നൊക്കെ എത്രപേരാണ് നാട്ടിൻ പുറത്തു ചോദിക്കുക!

രണ്ടു ദിവസം ആൾക്കൂട്ടത്തിൽ കഴിഞ്ഞിട്ടുപോലും, അതൊന്നും ഇവിടെ ആരും ചോദിച്ചിട്ടില്ല! ഇങ്ങിനെയുമുണ്ടോ മനുഷ്യർ?

രണ്ടാമത്തെ ദിവസം അലഞ്ഞു നടന്നു ക്ഷീണിച്ച അയാൾ അല്പമൊന്നു വിശ്രമിക്കാൻ സെൻട്രൽ സ്റ്റേഷനിലെ ഒരു ബെഞ്ചിൽ വന്നിരുന്നു. കുറെ കഴിഞ്ഞപ്പോൾ വല്ലാതെ ഉറക്കം തോന്നി. അതിൽ തന്നെ ചുരുണ്ടു കിടന്നു. തളന്ന് ഉറങ്ങിപ്പോയി.

ആരോതട്ടി വിളിച്ചപ്പോഴാണ് ഉണന്നതു്. എഴുനേററു് കണ്ണുതിരുമ്മി നോക്കിയപ്പോൾ രണ്ടു പോലീസുകാർ അടുത്തു നില്ക്കുന്നു. ലാത്തിയും കയ്യിൽ വച്ചുകൊണ്ടു് അയാളെ നോക്കി അവർ ഫലിതം പറയുകയാണ്!

ഉറക്കച്ചവട്ടുകൊണ്ട് ആദ്യം എവിടെയാണു താനെന്ന് ഒരു രൂപവും ഉണ്ടായില്ല.

രാത്രിയായിരിക്കുന്നു.

"എവിടെ പോകാനുള്ളവനാണീ? "പരുപരുക്കൻ സ്വരത്തിൽ ഒരു പോലീസുകാരൻ ചോദിച്ചു. അയാൾക്കു മറുപടിയൊന്നുമില്ല.

"എന്താടാ മിഴിക്കുന്നെ ?"

"ടിക്കററെങ്കെ?-" മററെയാൾ ഗർജ്ജിച്ചു.

ബുദ്ധിതീരെ പ്രവത്തിക്കുന്നില്ല. ഉറക്കത്തിൻെറ പിടിവിട്ടിട്ടുമില്ല. എന്തു പറയാനാണ്?

"എന്നാ ഇതു വഴിയമ്പലമാ?"

പോ പുറത്ത്!-" ലാത്തികൊണ്ടു് വയററത്ത് കുത്ത് ഏററപ്പോൾ ചൂളിപ്പോയി.

മറെറാന്നുമാലോചിക്കാതെ അയാൾ പുറത്തേക്കു ഓടി.

"കള്ളപ്പരിഷകൾ!" പോലീസുകാരൻെറ ആക്രോശം, ഓടുമ്പോഴും ചെവിയിൽ മുഴങ്ങി.

ഓടിയിറങ്ങിയതു് ഇരുട്ടിലേക്കാണ്. വഴിയരുകിൽ അവിടവിടെ വൈദ്യുതവിളക്കുകൾ പ്രകാശിക്കുന്നുണ്ടു്. വിളക്കിനും ഉറക്കം ബാധിച്ചിട്ടുണ്ടെന്നു തോന്നി അവിടെ വ്യാപിച്ചിരുന്ന അരണ്ട വെളിച്ചത്തിൽ ചലിക്കുന്ന ചില നിഴലുകൾ കണ്ടു. സ്റ്റേഷനിൽ താവളമുറപ്പിച്ചിരുന്ന തെണ്ടികൾ പുറത്തേക്കു് ഇറങ്ങിയതാണ്!

അയാളും അവരുടെ കൂട്ടത്തിലെ ഒരാൾ മാത്രം!

മദ്രാസിൽ വന്നിറങ്ങിയശേഷം താവളമാക്കിയിരുന്നതു് ഇവിടെയാണു്. മറെറാരിടവും പരിചയമില്ല. എങ്ങോട്ടു പോകാനാണു്!

എന്തെങ്കിലുമൊന്നുറയ്ക്കുന്നതുവരെ ഇവിടെ ഇങ്ങനെ കഴിയാമെന്നു കരുതിയിരുന്നു. എന്നാൽ ഇതു് പന്തിയല്ലെന്നാണല്ലോ ഈ അനുഭവം തെളിയിച്ചതു്.

ഇനിയെങ്ങോട്ടു്?

ഈ ചിന്തയും ഭേസികൊണ്ടു് ഒരു വഴിവിളക്കിൻെറ കീഴിൽ അയാൾ ഇരുന്നു. പിന്നീട്ടു് ഉറങ്ങിയില്ല.....................

അന്നത്തെ അനുഭവം ഇന്നും ഗോപാലൻകുട്ടിക്കു് ഓർമ്മയുണ്ടു്. സെൻട്രൽ സ്റ്റേഷൻെറ പടിക്കലെത്തിയപ്പോൾ അതൊക്കെ പൂർവ്വാധികം ഉജ്ജ്വലമായി സ്മരണമണ്ഡലത്തിൽ തെളിഞ്ഞു. കാലത്തിനെ അനുസരിക്കാത്ത ഒരേയൊരു കാര്യമാണല്ലോ ഓർമ്മയുടെ ലോകം!

ജീവിതത്തെ പിടിച്ചു കുലുക്കുന്ന അനുഭവങ്ങൾ ജീവിതത്തിൻെറ നാലുമുക്കിൽ എന്താണു ചെയ്യേണ്ടതെന്നു നിശ്ചയമില്ലാതെ വിഷമിച്ചു കഴിയേണ്ടിവരുന്ന സന്ദർഭങ്ങൾ, എങ്ങിനെയാണു വിസ്മരിക്കുക!

ഗോപാലൻകുട്ടി സെൻട്രൽ സ്റ്റേഷനിലേക്കു തന്നെ നടന്നു. എന്തെങ്കിലും കാര്യം ചെയ്യുന്നതിനല്ല. കാലു് അയാളെ അങ്ങോട്ടാണു നയിച്ചതെന്നു മാത്രം.

അവിടെങ്ങും മുഖപരിചയം പോലുമുള്ള ആളുകളില്ല. ആൾത്തിരക്കു വർദ്ധിച്ചിട്ടുണ്ടുതാനും.

കുറെനേരം ചുററിപ്പററി നിന്നശേഷം അയാൾ പുറത്തിറങ്ങി കിഴക്കോട്ടു നടന്നു.

സായംസന്ധ്യയുടെ നിഴൽ വീണുകഴിഞ്ഞു. വഴിവക്കിലെ വൈദ്യുതവിളക്കുകൾ പ്രകാശിച്ചു തുടങ്ങി.

ദീർഘമായ ജനപ്രവാഹം. അതിലെ ഒരു തുരമ്പുപോലെ അയാളും നീങ്ങുകയാണ്. എങ്കിലും അയാൾ സ്വന്തം ചിന്തയിൽ മുങ്ങിക്കിടക്കുകയാണ്. ഇതുപോലെയായിരിക്കും ഈ ജനക്കൂട്ടത്തിലെ ഓരോരുത്തരും.

പണ്ട് ഇവിടെ ഇങ്ങനെ നടക്കുമ്പോൾ അയാളുടെ മനസ്സിൽ തിങ്ങിനിന്നിരുന്നതു് ഒരേ ഒരു ചിന്തയായിരുന്നു: നാളെയെന്തു്?

താവളമായി തീവണ്ടിയാപ്പീസ്സിലെ തിണ്ണ ഉപയോഗിക്കുന്നതു് തീരെ ഉചിതമല്ലെന്നു് അനുഭവം തെളിയിച്ചു. ആരോരുമില്ലാത്തിടമാണെങ്കിലും, അവിടെ ഇനി പോയിക്കൂടാ. കുടുംബത്തിൽ വളൎന്നിട്ടുള്ള അയാൾക്കു് മറെറാന്നുമില്ലെങ്കിലും അന്തസ്സും ആത്മാഭിമാനവും ഉണ്ടു്. പോലീസുകാർ തെണ്ടികളെപ്പോലെ അടിച്ചു പുറത്താക്കുവാൻ ഇനി അവസരം ഉണ്ടായിക്കൂടാ.

ഇങ്ങനെ അലഞ്ഞുനടന്നാൽ മതിയോ?

എന്തെങ്കിലും ഒരു ജോലിയിൽ ചേരണം.

അതു മാത്രമായി പിന്നീട്ടുള്ള ലക്ഷ്യം.

കയ്യിലുണ്ടായിരുന്ന പണം എത്ര കരുതലോടെയാണു് ചിലവാക്കിയിരുന്നതു്! ഇന്നു് അതോൎമ്മിച്ചപ്പോൾ അയാൾക്കു ചിരിവന്നു.

നാട്ടിൽവച്ച് പണത്തെപ്പററി എന്തെങ്കിലും ശ്രദ്ധയുണ്ടായിരുന്നോ ? അച്ഛനുമായി പിണങ്ങാനിടയായതുതന്നെ പണത്തെപ്പററിയുണ്ടായിരുന്ന അശ്രദ്ധയാലല്ലേ ? കണ്ടമാനം നടക്കുന്നതു് ചീത്തയാണെന്നു വരുന്നതു് പണം ധൂത്തടിക്കേണ്ടിവരുമെന്നുള്ളതുകൊണ്ടല്ലേ? അച്ഛൻ ഇതിനെപ്പററി ദീർഘദീർഘം പ്രസംഗിക്കുമ്പോൾ, അയാൾ അതൊക്കെ ചിരിച്ചുതള്ളി. എന്നാൽ ഈ മഹാനഗരത്തിൽ കുറച്ചുദിവസം കഴിഞ്ഞപ്പോൾ പണത്തിൻെറ വില എന്താണെന്നു് അയാൾക്കു് ബോധ്യമായി.

"പണമാണു് പരമപ്രധാനം"—അയാളുടെ ഹൃദയം മന്ത്രിച്ചു.

ഓരോ കാശിനുമുള്ള വിലയെന്തെന്നു് അയാൾ പഠിച്ചു. ഉച്ചക്കുമാത്രമേ ഉണ്ണാറുള്ളു. ഉണ്ണുന്നതുതന്നെ ഏററവും വില കുറവുള്ള ഹോട്ടലിൽനിന്നു്! ഉള്ള പണം കഴിയുന്നതും ചുരുക്കിവേണം ചിലവാക്കാൻ !

ഇലയുടെ പിമ്പിൽ ചെന്നിരിക്കുമ്പോൾ പിതാവു പറയാറുള്ള കാര്യങ്ങൾ അയാൾ ഓർമ്മിക്കും. അദ്ദേഹം പറയാറുണ്ടായിരുന്ന കാര്യങ്ങളിൽ പലതും ശ്രദ്ധാഹങ്ങളല്ലേ? അച്ഛനുമായി മല്ലടിച്ചിട്ടുള്ളതും അവസാനം നാടുവിട്ടതും നന്നായോ? തറവാടിനും തനിക്കുതന്നെയും തീരാത്ത ദുഷ്പേരല്ലേ അതു വരുത്തിയിരിക്കുന്നതു്?

ചില ബലഹീനനിമിഷങ്ങളിൽ ഗോപാലൻകുട്ടി അന്നും അങ്ങിനെയെല്ലാം ചിന്തിച്ചിരുന്നു. എന്നാൽ അടുത്തനിമിഷം അയാളുടെ ഉള്ളിൽ തണുത്തുകിടന്നി

രുന്ന വൈരാഗ്യങ്ങൾ തിളച്ചുപൊങ്ങും. അച്ഛനോട് രാജിയില്ലാത്ത പോരാണ് തന്റേതെന്ന് തീരുമാനിക്കും. വീട്ടിലേക്കു തിരിച്ചുപോകുന്ന പ്രശ്നമേയില്ല. തളന്നു വീണു മരിക്കുകയാണെങ്കിൽ അതു് ഈ മറുനാട്ടിലെ മണ്ണിലായിരിക്കട്ടെ.

പ്രയാസങ്ങൾകൊണ്ടു വിമ്മിഷ്ടംതോന്നുന്ന വേളകളിലാണ് പിതാവിനെപ്പററി മാർദ്ദവത്തോടെ അയാൾ ചിന്തിച്ചിട്ടുള്ളതു്. തെററുകളെല്ലാം പൊറുക്കണമെന്ന് കാലിൽകെട്ടിപ്പിടിച്ചു് യാചിക്കുവാൻ, പോയാലെന്തെന്നുപോലും തോന്നിയിട്ടുള്ളതു് അയാൾ ഓർമ്മിച്ചു. എന്നാൽ ആരുടെ മുമ്പിലും നമിക്കാത്ത അഹംഭാവം അതിനു് തടസ്സമായി. അച്ഛന്റെ മുമ്പിൽപോലും തല കുനിക്കുന്നതായിരുന്നില്ല അയാളുടെ അഹന്ത.......

ഇന്നു അക്കാര്യങ്ങളെപ്പററി ചിന്തിക്കുമ്പോൾ, വികാരത്തിന്റെ ചൂടു ശമിച്ചുകഴിഞ്ഞപ്പോൾ, വസ്തുനിഷ്ഠമായി വിലയിരുത്തുവാൻ അയാൾക്കു കഴിയുന്നുണ്ടു്. തെററുകളുടെ പട്ടിക പറയാൻ വളരെയുണ്ടു്. എങ്കിലും ആകക്കൂടെ കണക്കുതീർക്കുമ്പോൾ, തീരെ തെററായിപ്പോയി അന്നത്തെ നിലപാടു് എന്നു് ഇന്നു വിധിക്കാനൊക്കുമോ? അന്നു് അയാൾ മടങ്ങിയിരുന്നെങ്കിൽ അയാളുടെ ജീവിതത്തിന്റെ ഗതിതന്നെ മാറുമായിരുന്നില്ലേ? അതു് എവിടെ ഏതു തീരത്തു് ചെന്നടുക്കുമായിരുന്നു ?

ഗോപാലൻകുട്ടി ബ്രോഡ്‌വേയിലെത്തിയിരിക്കുന്നു. പഴയ ഒരു ഊക്കൻ കെട്ടിടത്തിന്റെ മുമ്പിൽ അയാൾനിന്നു. നിന്നതു് മനഃപൂർവ്വമാണ്. ആ കെട്ടിട

ത്തിൽ, അവിടവിടെ സ്ഥാപിച്ചിരുന്ന ബോർഡുകൾ നോക്കി. പണ്ട് ഉണ്ടായിരുന്ന പലതും അവിടെയില്ല. പകരം പുതിയതുപലതും സ്ഥാനമെടുത്തിട്ടുമുണ്ട്. അവയുടെ നടുവിൽ പഴയ കമ്പനിയുടെ ബോർഡുണ്ട്— "ബ്രിട്ടാനിയാ ട്രേഡ്സ്."

അയാളുടെ പഴയ ഒരു പരിചയക്കാരൻ ആ കമ്പനിയിലാണ് ജോലിയിലിരുന്നതു്. അന്നു് പലപ്പോഴും ഇവിടെ വന്നിട്ടുള്ളതാണ്.......

ഗോപാലൻകുട്ടിയുടെ ചിന്ത ഭൂതകാലത്തിൻെറ പട്ടുതിരശ്ശീല പൊക്കി ആ ലോകത്തിലേക്ക് സാവധാനത്തിൽ പ്രവേശിച്ചു.

ബ്രിട്ടാനിയാ ട്രേഡിസിലെ ഗോവിന്ദൻകുട്ടി മേനോൻെറ രൂപം ക്രമേണ അയാളുടെ സ്മരണയിൽ തെളിയുകയാണ്......

കഷ്ടിച്ചു് അഞ്ചടിയോളം പൊക്കമുള്ള കട്ടയാനായ ഒരു ഉരുക്കുമനുഷ്യൻ. കറുത്തു ചുരുണ്ടമുടി. വീതിയില്ലാത്ത നെററി. കട്ടിയേറിയ പുരികങ്ങൾ. വായ് ചെറുതെങ്കിലും തടിച്ചുകറുത്ത ചുണ്ടുകൾ. നല്ലതുപോലെ വടിച്ചിട്ടുള്ള മുഖം. രോമത്തിൻെറ ആരോഗ്യം കൊണ്ടു് നീലിമവ്യാപിച്ചിട്ടുണ്ടു് വടിച്ചിട്ടുള്ള താടിയിലും കവിളിലും ഇടതൂന്നു് നെഞ്ചിൽ വളന്നുനില്ക്കുന്ന കട്ടിയുള്ള രോമം, കുപ്പായത്തിനു പുറത്തു ചിലയിടങ്ങളിൽ കാണാം. ബാഹുക്കളിൽ ചമ്മം കാണാനാവാത്തവണ്ണം ചുരുളൻ രോമങ്ങൾ പൊതിഞ്ഞുവളരുന്നുണ്ടു്. അരക്കയ്യനുടുപ്പാണ് ഇട്ടിരിക്കുന്നതു്... ...ഗോവിന്ദമേ

നോൻെറ രൂപം ഇപ്പോഴും മുമ്പിൽനില്ക്കുന്നതുപോലെ കുട്ടിക്കു തോന്നി.

മദിരാശിയിൽ എത്തിയശേഷം ആദ്യം സമ്പക്കമുണ്ടായതു് ഗോവിന്ദൻകുട്ടി മേനോനുമായിട്ടായിരുന്നില്ല. അയാളെ പരിചയപ്പെട്ടതുതന്നെ ശ്രീധരൻ വഴിക്കാണു്.

ശ്രീധരൻ... ...

ശ്രീധരനെപ്പററിയുള്ള ഓമ്മ അയാളുടെ ഹൃദയത്തിൽ ഉണ്ടു. ആദ്യമായി അയാളെ കണ്ടുമുട്ടിയ രംഗം... ...അതു് അത്രതന്നെ ആഹ്ലാദമുളവാക്കുന്ന ഒന്നല്ല.

സെൻട്രൽ സ്റ്റേഷനിൽ നിന്നു് പോലീസുകാർ അയാളെ അടിച്ചു പുറത്താക്കിയ ശേഷം മൂന്നാം ദിവസം. സന്ധ്യയായിട്ടുണ്ടു്. ഒന്നും ചെയ്യാനില്ലാതെ ഗോപാലൻകുട്ടി മൂർമാക്കററിൻെറ മുൻവശത്തുള്ള നടപ്പാതയിൽ അധികം ആൾത്തിരക്കില്ലാത്ത ഒരു കോണിൽ നില്ക്കുകയായിരുന്നു.

" എന്താ ബ്രദർ?-" ഒരാൾ അയാളുടെ ഇടത്തെ തോളിൽ തട്ടിക്കൊണ്ടു പതുക്കെ പറഞ്ഞു. "ആരെയെങ്കിലും കാത്തുനില്ക്കുകയാണോ?, "

"അല്ല! " ആരെന്നുപോലും നോക്കുന്നതിന്നുമുമ്പു് ഗോപാലൻകുട്ടി പറഞ്ഞു. പോലീസുകാരെക്കുറിച്ചായിരുന്നു അപ്പോൾ ഓമ്മവന്നതു്.

" കണ്ടിട്ടങ്ങിനെ തോന്നി! " അപരിചിതൻ ചിരിച്ചു. മെലിഞ്ഞ ഒരു മനുഷ്യൻ, നേമ്മയുള്ള ഒരു ജു

ബ്ലാധരിച്ചിട്ടുണ്ട്. അടിയിലെ ആംലസ് ബെനൃൻ നല്ല തുപോലെ കാണാം. കഴുത്തിൽ എല്ലുകൾ ഉന്തിനില്ക്കു ന്നു. സാമാന്യത്തിലധികം നീളം തോന്നിക്കുന്ന കഴുത്തിൽ കുടം പോലെ ഉരുണ്ടതല. കറുത്ത ഫ്രെയ്ംവച്ച കട്ടികൂടിയ കണ്ണാടിയിൽ കൂടി കണ്ണുദൃഷ്ടികൾ മുഴച്ചു തോന്നിക്കും. മാംസം കുറവായ, നീണ്ടുമെലിഞ്ഞ കൈകൾ നേർമ്മയുള്ള ജുബ്ബയുടെയിടയിൽ നല്ലതുപോലെ കാണാം.

ഗോപാലൻ കുട്ടിയുടെ തോളിൽ നിന്നു് അയാൾ കയ്യെടുത്തില്ല. ദീർഘനാളത്തെ പരിചയം ഉണ്ടെന്നു തോന്നും അയാളുടെ മട്ടുകണ്ടാൽ. ഗോപാലൻകുട്ടിക്ക് നീരസമാണു് ആദ്യം ഉണ്ടായതു്.

"രണ്ടുമൂന്നു ദിവസമായി ബ്രദറിനെ ഇവിടൊക്കെ കാണുന്നുണ്ടല്ലോ? എന്നാണെത്തിയതു്?"

"നാലഞ്ച് ദിവസം മുമ്പു്." പറയാനാഗ്രഹിച്ചതല്ലെങ്കിലും പറഞ്ഞു പോയി.

"പ്രത്യേകിച്ച് ആവശ്യങ്ങൾ വല്ലതുമുണ്ടോ.?" സാരഗർഭമായി അയാൾ ചിരിച്ചു.

ഗോപാലൻ കുട്ടിക്ക് ഒന്നും മനസ്സിലായില്ല.

"ഉണ്ടെങ്കിൽ പറയൂ! വഴിയുണ്ടു്!"

എന്താണിയാളുടെ ഉന്നം? എന്തുതട്ടിപ്പിനാണു് ഇയാൾ ശ്രമിക്കുന്നത്? തന്നിൽ എന്തുകൊണ്ടു് ഈ മനുഷ്യനു താല്പര്യമുണ്ടായി?

"ഇല്ല!" ഗോപാലൻകുട്ടി പതുക്കെ നടക്കാൻ തുടങ്ങി.

"നില്ക്കു ബ്രദർ! താമസം?"

" എങ്ങും നിശ്ചയിച്ചിട്ടില്ല."

" നല്ല സ്ഥലമുണ്ട്."

" വേണ്ടാ!"

" എല്ലാ സൗകര്യങ്ങളുമുണ്ട് ബ്രദർ! രണ്ടുമൂന്നു ദിവസമായി നിങ്ങളെ ഞാൻ കാണുന്നുണ്ട്. അപരിചിതനാണിവിടെ അല്ലേ? ഭയപ്പെടേണ്ടാ. എന്റെ കൂടെ വരു!

" വേണ്ടാ!-"

അപരിചിതൻ ചിരിച്ചു. " നിങ്ങൾക്ക് എന്തൊക്കെയോ വിഷമങ്ങളുണ്ടെന്നു തോന്നിയതുകൊണ്ടു പറയുന്നതാ. ഞാനുമൊരു മലയാളിയാ."

" എങ്കിലും......എനിക്ക് ഒരു പണിയുമില്ല."

" അതുകൊണ്ടെന്തു്?...എന്റെ കൂടെ വരു!' ബ്രദറിനെ കണ്ടപ്പോൾ മുതൽ ഒരു യോഗ്യനാണെന്നു തോന്നി. അതുകൊണ്ടു പറയുന്നതാണ്."

എന്തുചെയ്യണമെന്നു തീരുമാനിക്കാൻ അന്ന് വിഷമിച്ചകാര്യം ഇന്നും ഗോപാലൻകുട്ടിക്ക് ഓർമ്മയുണ്ട്. പട്ടണത്തിൽ ഒരു പരിചയക്കാരനില്ല. കേറിച്ചെല്ലാൻ ഒരിടമില്ല. ഒരു വാക്കുസംസാരിക്കാൻ സ്നേഹിതനെന്നു പറയാവുന്ന വ്യക്തിയില്ല. എന്തും നിനച്ചുകൊണ്ടു് ഇറങ്ങിതിരിച്ചിരിക്കുന്ന ആളിനു് എന്തുഭയപ്പെടാൻ? ഒരു പക്ഷേ, ചതിക്കാനാണെങ്കിൽ തന്നെ എന്തു ചതിപററാനാണ്! തനിക്കും തൻെറടമില്ലേ? വരുന്നതെന്തും നേരിടാം. ഇയാളുടെ കൂടെ പോകുകതന്നെ. ഒരു പക്ഷേ ഇയ്യാൾ പറയുന്നതു പരമാർത്ഥമായിരിക്കാം. ആൾക്കൂട്ടത്തിൽ

കഴിയുന്നവനെങ്കിലും കട്ടത്ത ഏകാന്തതയനുഭവിക്കുന്ന യാളായിരിക്കാം. ഒരാളെ കൂട്ടായികിട്ടാൻ ദാഹിച്ചുകഴി യുകയായിരിക്കാം. ഇവിടെ ഒരു പരിചയംസ്ഥാപിക്കു ന്നതു് ആവശ്യമല്ല; അത്യാവശ്യമാണു്.

"എന്തായിത്ര ആലോചിക്കാൻ! ശ്രീധരൻ ചതി യനല്ല. വരു!–" കൈപ്പിടിച്ചു് വലിച്ചു.

ആത്മമിത്രത്തിൻെറ കൂടെ പോകുന്നതു പോലെ ഗോപാലൻകുട്ടി അയാളുടെ കൂടെ നടന്നു, എന്തും നേരി ടാമെന്ന ആത്മധൈര്യത്തോടെ.

എവിടെക്കൂടെയെല്ലാം നടന്നെന്നു് ഇന്നു് ഓർമ്മയി ല്ല. ഒടുവിൽ പ്രധാന പാതവിട്ടു്, ഇരുവശങ്ങളിലും വീടുകൾ ഇടുങ്ങിനില്ക്കുന്ന ഒരു കൊച്ചുവഴിയിലൂടെ പോ യി. കുറച്ചു് അധികം പൊക്കമില്ലാത്ത പഴയ ഓടുമേ ഞ്ഞ ഒരു വീട്ടിൻെറ മുമ്പിലെത്തി. അടച്ചുകിടന്നിരു ന്ന കതകിൽ മുട്ടി.

അകത്തുനിന്നു് ആരോ കതകുതുറന്നു. ഉള്ളിൽ കട ന്നപ്പോൾ അവിടെ ആരേയും കണ്ടതുമില്ല.

പ്രകാശം അധികമില്ലാത്ത ഒന്നുരണ്ടു ബൾബുകൾ കത്തുന്നുണ്ടു്. കയറിയ മുറിയുടെ നടുക്കു് സാമാന്യം വലിയ ഒരു വട്ടമേശ. അതിൻെറ ചുററിലും മൂന്നുനാലു പഴയ കസേരകൾ. കിഴക്കേകോണിൽ ഒരു കട്ടിൽ. അ തിൽ പായ് ചുരുട്ടിവച്ചിട്ടുണ്ടു്.

ധാരാളം ഇടമുണ്ടു്. ആളുകളുള്ള ലക്ഷണമൊന്നും കാണാനില്ല. എന്നാൽ തെക്കുഭാഗത്തുള്ള മററൊരു മുറി യിൽ ആരോ പെരുമാറുന്നുണ്ടെന്നു തോന്നി. അധികം

വെളിച്ചം വിതറാത്ത ഒരു വിളക്കാണതിലുള്ളത്. വാതിലിൻെറ വെൻറിലേററിൽ കൂടിയാണ് അകത്തെ വെളിച്ചം കാണാവുന്നത്. കതക് ചാരിയടച്ചിട്ടുമുണ്ട്. ആ മുറിയുടെ പടിഞ്ഞാറ് മറെറാരു മുറിയുണ്ട്. വാതിലിൽ കെട്ടിയുള്ള ഒരു കർട്ടൻ കിടക്കുന്നതിനാൽ അകത്തെന്തെന്ന് കാണാൻ കഴിവില്ല.

അകത്തു കയറിയപ്പോൾ കണ്ടകാര്യങ്ങളാണിത്രയും. സ്ഥലകാലബോധമുണ്ടാകാൻ മനഃപൂർവ്വം അവിടം നിരീക്ഷിക്കുകയും ചെയ്തു ഗോപാലൻകുട്ടി.

"ഇരിക്കു!" വട്ടമേശക്കടുത്തുണ്ടായിരുന്ന കസേര ചൂണ്ടിക്കാണിച്ചുകൊണ്ട് ശ്രീധരൻ പറഞ്ഞു." ഇതു് ഇന്നു മുതൽ നിങ്ങളുടെ വീടെന്നു കരുതിക്കോളു!"

രണ്ടു പേരും ഇരുന്നു.

ഗോപാലൻ കുട്ടിക്ക് ഒന്നും പറയുവാൻ കഴിഞ്ഞില്ല. അയാൾക്കു വിശ്വാസം വരുന്നില്ല.

അടക്കിയ സ്വരത്തിൽ അകത്തു് സംസാരം അസ്പഷ്ടമായി കേട്ടു.

"ജാനകീ!-" ശ്രീധരൻ അകത്തേക്കു നോക്കി വിളിച്ചു പറഞ്ഞു. "രണ്ടുഗ്ലാസു വെള്ളം"

വിശ്വാസം വന്നിട്ടില്ലെന്ന മട്ടിൽ ഇരിക്കുന്ന ഗോപാലൻകുട്ടിയെ നോക്കി ശ്രീധരൻ പറഞ്ഞു- "എന്നെപ്പോലെ ഇവിടത്തെ ഒരാളാണു ബ്രദറും."

"ദാ! വെള്ളം." താലത്തിൽ രണ്ടു ഗ്ലാസുനിറയെ നാരങ്ങാവെള്ളം, യുവത്വം തുളുമ്പിനില്ക്കുന്ന ഒരു വനിത മേശപ്പുറത്തു കൊണ്ടുവച്ചു. ഗോപാലൻ കുട്ടി അവളെ നോക്കി. വെള്ളംവച്ചിട്ടു അവൾ അവിടെ നിന്നില്ല.

ഒതുക്കത്തോടെ അകത്തേക്കു നടക്കുന്ന അവളുടെ പിൻഭാഗമേ അയാൾക്കു് ശരിക്കുകാണാൻ കഴിഞ്ഞുള്ളൂ. കോതിയൊതുക്കി അററം കെട്ടിയിരിക്കുകയാണ് നല്ല നിറവും നീളവുമുള്ള മുടി. നേർമ്മയുള്ള സാരിയാണുടുത്തിരിക്കുന്നതു്. വടിവൊത്ത ശരീരം. അധികം പൊക്കമില്ല.

''കുടിക്കൂ!'' ഒരു ഗ്ലാസ് കയ്യിലെടുത്തുകൊണ്ടു് ശ്രീധരൻ പറഞ്ഞു. ഗോപാലൻകുട്ടിയുടെ സംഭ്രമം കണ്ടു് അയാൾ ചിരിച്ചു. ''മൂന്നു പേരുണ്ടു് ഇവളെപ്പോലെ''

ഗോപാലൻകുട്ടി വെള്ളം കുടിച്ചു.

അകത്തെ മുറിയിൽ നിന്നു് കട്ടയാനായ ഒരു കറുത്ത പുരുഷൻ പുറത്തേക്കുവന്നു.'' ഗുഡ്നൈററ്! ശ്രീധരൻ-'' അയാൾ അവിടെ നിന്നില്ല. കുശലപ്രശ്നത്തിനൊരുങ്ങിയുമില്ല. പടിക്കലേക്കു് നടന്നു പോയി.

''എൻെറ ഒരു സ്നേഹിതനാ. നല്ലയാൾ. ''പടിയിറങ്ങിയ മനുഷ്യനെനോക്കി ശ്രീധരൻ പതുക്കെ പറഞ്ഞു. ''അയാളെ ഇനി ധാരാളം പരിചയപ്പെടാനിടവരും. ഗോവിന്ദൻകുട്ടിമേനോൻ എന്നാ പേരു്.''

ഗോപാലൻകുട്ടി പകച്ച് പുറത്തേക്കു നോക്കിയിരുന്നു.

''ജാനകീ! '' ശ്രീധരൻ വിളിച്ചു. ''നിങ്ങൾ ഇങ്ങോട്ടു വരിൻ! ''

അല്പനിമിഷം കഴിഞ്ഞപ്പോൾ ജാനകിയും മറെറാരുപരിഷ്കാരിപ്പെണ്ണും പുറത്തേക്കുവന്നു.

"ഇതാ. നമുക്ക് ഒരു പുതിയ ബന്ധു." ശ്രീധരൻ പരിചയപ്പെടുത്തിക്കൊണ്ട് പറഞ്ഞു.

"നമസ്തേ!" സ്ത്രീകൾ, ഒപ്പം പറഞ്ഞുകൊണ്ട് ഗോപാലൻകുട്ടിയെ തൊഴുതു. അയാൾ എഴുന്നേററു.

"ഗോപാലൻകുട്ടി എന്നാണ് എൻെറ പേർ."

"ഇന്നു മുതൽ ഇവിടത്തെ ഒരാളാണ് ഈ ബ്രദർ!" ശ്രീധരൻ പറഞ്ഞു. "ഇവളാണ് ജാനകി. മറേറതു് ദേവകി. ദാ! ആവരുന്നതു് പാറുക്കുട്ടി."

പച്ചപ്പരിഷ്കാരിയെപ്പോലെ വേഷമണിഞ്ഞ ഒരു യുവതികൂടി അവിടേക്ക് വന്നു. "ഇവർ മൂന്നുപേരും മിക്കവാറും എന്നും ഇവിടെ കാണും.–" ശ്രീധരൻ പറഞ്ഞു.

നാട്ടിൻ പുറത്തു ജനിച്ചു വളൎന്ന ഗോപാലൻകുട്ടിക്ക് അവരോട്ട് എന്തെങ്കിലും ഉരിയാടാൻ ധൈര്യം പെട്ടെന്നുണ്ടായില്ല.

അവർ വളരെനേരം അതുമിതും പറഞ്ഞു് അവിടെയിരുന്നു.

അന്നു രാത്രി ഗോപാലൻകുട്ടിക്കു് ഉറക്കം ഉണ്ടായില്ലെന്നു വേണം പറയാൻ. അയാളുടെ മനസ്സിൽ എന്തൊക്കെ വിചാരങ്ങളായിരുന്നു. ഇങ്ങനെയൊരു സങ്കേതത്തിൽ വന്നു ചേരുവാൻ എന്തുകൊണ്ടു സംഗതിയായി? മുമ്പൊരിക്കലും മുഖപരിചയം പോലുമില്ലാത്ത ശ്രീധരൻ അയാളെ കൂട്ടുപിടിക്കുവാൻ എന്തുകൊണ്ടു തയ്യാറായി. എല്ലാം സംഭവിച്ചു.........

അവിടെവച്ചാണ് ഗോവിന്ദൻകുട്ടി മേനോനെ പരിചയപ്പെടുവാൻ ഇടയായതു്. ബ്രിട്ടാനിയ ട്രേഡ്സെന്നപേരിൻെറ പിറകിൽ ഒതുങ്ങിനില്ക്കുന്ന ഓൎമ്മകൾ! അ

ക്കാലത്തെ ജീവിതത്തെ സംബന്ധിച്ച്, ഇരുപത്തിരണ്ടു കൊല്ലത്തിനുശേഷം ചിന്തിക്കേണ്ടിവരുമെന്നു കരുതിയ തേയല്ല. എന്നാൽ അതു് ഇതാ ഇപ്പോൾ സംഭവിച്ചിരിക്കുന്നു. ഉലാത്താനായി ഇറങ്ങിയെന്നല്ലാതെ ഇവിടെല്ലാംനടന്നു് പഴയകഥകളെ ഉണർത്തുവാൻ ഉദ്ദേശിച്ചതുമില്ല.

ഗോവിന്ദൻകുട്ടി മേനോൻ ഇന്നു് ഈ കമ്പനിയിൽ തന്നെയുണ്ടോ? അന്നു നല്ല ചെറുപ്പമായിരുന്ന അയാൾ വിവാഹിതനായി ഇന്നു് കുടുംബനാഥനായി കഴിയുകയാകാം. ഉദ്യോഗത്തിൽ ഉയന്ന സ്ഥാനത്തു് എത്തിയിരിക്കുമെന്നു തീച്ച്യയാണു്. അന്നുതന്നെ മിടുക്കനായ ജോലിക്കാരനെന്നു് പേരുണ്ടായിരുന്നു അയാൾക്കു്. മേലുദ്യോഗസ്ഥന്മാക്കു് നല്ല മതിപ്പും അയാളെപ്പററിയുണ്ടായിരുന്നു. സാധാരണഗതിയിൽ ജീവിതം നീങ്ങിയിരുന്നെങ്കിൽ ഇതൊക്കെയായിരിക്കാം അയാൾക്കു് സംഭവിച്ചിട്ടുള്ളതു്. എന്നാൽ മനുഷ്യൻെറ ഭാവിയെക്കുറിച്ച് അങ്ങിനെ തിട്ടമായി എന്തെങ്കിലും പ്രതീക്ഷിക്കാനൊക്കുമോ? എന്താണു് ഏതുനിമിഷത്തിലും സംഭവിച്ചുകൂടാത്തതു്! അക്കാലത്തുപോലും സാമാന്യത്തിലധികം അയഞ്ഞ സ്വകാര്യജീവിതം നയിച്ചുവന്നിരുന്ന അയാൾക്കു് എന്തെങ്കിലും അപ്രതീക്ഷിതങ്ങളായ സംഭവവികാസങ്ങൾ നേരിടേണ്ടി വന്നിരിക്കുമോ? ഇല്ല. അങ്ങിനെയൊന്നും സംഭവിച്ചിരിക്കുകയില്ലെന്നു് വിചാരിക്കാം.......

ഇങ്ങനെ പലതും ചിന്തിച്ചുകൊണ്ടു് ഗോപാലൻകുട്ടി അടുത്തുള്ള ഒരു ഹോട്ടലിലേക്കു കയറി. അവിടെ കാലുകുത്തിയപ്പോൾ, ഒരു യുഗസമാപനത്തിൻെറ നാന്ദി

യെന്നോണം അകലെ നാഴികമണിയുടെ ശബ്ദം മുഴങ്ങി ക്കേട്ടു. മണി ഏഴ് ആയിരിക്കുന്നു !

തിക്കും തിരക്കും താരതമ്യേന കുറവുള്ള ഒരു കോ ണിൽ ഗോപാലൻകുട്ടി ചെന്നിരുന്നു. അവിടത്തെ ബ ഹളങ്ങൾ അറിഞ്ഞതേയില്ല. അത്രയ്ക്കു് ആഴത്തിൽ അ യാൾ ഭൂതകാലത്തിൽ ഇറങ്ങിക്കഴിഞ്ഞിരിക്കുകയാണ്.

"സർ !" പയ്യൻ വന്ന് മേശയിൽ തട്ടിയപ്പോഴാ ണ് ഉണർന്നതു്.

"ഒരു കപ്പുകാപ്പിമാത്രം !"ഗോപാലൻകുട്ടി അ വനോടു പറഞ്ഞു.

വീണ്ടും പഴയകാലത്തിലേക്ക് വഴുതിവീണു........

ശ്രീധരൻ ഇപ്പോൾ എവിടെയായിരിക്കും? മദ്രാ സിൽതന്നെയുണ്ടോ? എന്താണ് അയാളുടെ സ്ഥിതി?

ഒരു രൂപവുമില്ല,

മദിരാശിയിൽനിന്ന് സിംഗപ്പൂരിലേക്ക് കപ്പൽ കയറിയതിനുമുമ്പ് അക്കാര്യത്തെപ്പററി ശ്രീധരനോടു പറഞ്ഞതേയില്ല. ശ്രീധരനോടു മാത്രമല്ല. മററാരോടും അക്കാര്യത്തേപ്പററി സൂചിപ്പിച്ചിട്ടുപോലുമില്ല.

ശ്രീധരനോടെങ്കിലും പറയേണ്ടതായിരുന്നെന്ന് ഇ പ്പോൾ തോന്നുന്നു. ഒന്നുമില്ലെങ്കിൽ കുറെനാൾ ഇവി ടെ അല്ലലില്ലാതെ താമസിക്കുന്നതിന് അയാൾ അവസ രമുണ്ടാക്കിക്കൊടുത്തതല്ലേ ?

നന്ദികേടായിപ്പോയി നാടുവിടാൻ നിശ്ചയിച്ച കാര്യമെങ്കിലും ശ്രീധരനോടു പറയാതിരുന്നതു്. അപ രിചിതനായിരുന്നെങ്കിലും അയാൾ എത്ര ആത്മാർത്ഥത യോടെയാണ് തന്നോടു പെരുമാറിയിരുന്നതു് ! കലവറ

യില്ലാതെ, തൻെറ ജീവിതം തുറന്നുകാട്ടിയില്ലേ അയാൾ? സ്നേഹമുള്ള ഒരാളിനെ കണ്ടെത്താനുള്ള ഒടുങ്ങാത്ത ആഗ്രഹമാണ് ശ്രീധരനുണ്ടായിരുന്നതു്. അതുകൊണ്ടാണ് അയാൾ തന്നോടടുക്കുവാൻ ഇടയായതെന്നു് ഇന്നു് ഗോപാലൻകുട്ടിക്കു പറയാനൊക്കും. അയാളോടൊത്തു് ജീവിച്ചകാലത്തു് എന്തെല്ലാം അനുഭവങ്ങളാണ് ഉണ്ടായതു്! മുമ്പൊരിക്കലും കാണാനിടവന്നിട്ടില്ലാത്ത കാര്യങ്ങൾ ! ജീവിക്കുവാനുള്ള വ്യഗ്രതയിൽ, മററൊന്നിനേയും കാര്യമായി കണക്കാക്കാത്ത കുറെ മനുഷ്യരുടെയിടയിൽ, മൂകനായ ഒരു ദൃക്സാക്ഷിയെന്ന നിലയിൽ, ശ്രീധരൻ കഴിയുകയായിരുന്നില്ലേ ? ചളിയിലാണ് നിന്നിരുന്നതെങ്കിലും അയാളിൽ അതു് പററിപ്പിടിച്ചിരുന്നോ? നല്ലവനെന്നു് വിളിച്ചു പറയാനൊക്കുകയില്ല. എങ്കിലും തിന്മയിൽ വിശ്വസിക്കാത്ത ഒരു നിസ്സഹായനായിരുന്നു ശ്രീധരൻ. വെറുപ്പിനെക്കാളേറെ അവജ്ഞയായിരുന്നു അന്നു് ശ്രീധരനെപ്പററി തനിക്കുണ്ടായിരുന്നതെന്നു് ഇന്നു് ഗോപാലൻകുട്ടിക്കു് പറയാനൊക്കും. അതുകൊണ്ടായിരുന്നു താനും നാടുവിട്ടു പോകുന്ന വിവരംപോലും അയാളെ അറിയിക്കാതെയിരുന്നതു്.

ഇന്നും അയാൾ മറന്നിട്ടില്ല, ശ്രീധരൻ തൻെറ ആത്മകഥ വികാരവിവശനായി വിവരിച്ചു കേൾപ്പിച്ചതു്.

''എൻെറ അനുഭവങ്ങളാണ് എന്നെ ഈ നിലയിലാക്കിയതു്. എൻെറ ജീവിതം എന്തുകൊണ്ടു് ഈ വിധത്തിൽ ആയിത്തീർന്നു ? എനിക്കറിവില്ല. ഒരിക്കലും പ്രതീക്ഷിച്ചിട്ടില്ലാത്ത ഈ ഊഷരഭൂമിയിൽ ഞാനെ

ത്തിന്ന് എത്തിച്ചേൎന്നു? ഇല്ല! ഈ ജീവിതത്തിന്ന് പിറകിൽ എന്തെങ്കിലും അൎത്ഥമുണ്ടെന്നു ഞാൻ കരുതുന്നില്ല, വിശ്വസിക്കുന്നില്ല. അതിനെ കരുപ്പിടിപ്പിക്കുന്ന കൎമ്മത്തിൽ ഏൎപ്പെട്ടിരിക്കുന്ന ഒരു ദൈവവുമില്ല. മനുഷ്യനുള്ളത്രയെങ്കിലും വിവേകവും സാമാന്യബുദ്ധിയും പ്രദശിപ്പിക്കാത്ത ഒരു ദൈവമുണ്ടെങ്കിൽ, അദ്ദേഹത്തെ മനുഷ്യഹൃദയത്തിൽ കുടിയിരുത്താനുള്ള നിരന്തരശ്രമങ്ങളെ നിൎബ്ബന്ധപൂൎവ്വം നിരുത്സാഹപ്പെടുത്തണം. ഇല്ല. ഈ ജീവിതത്തിന്ന് ഒരൎത്ഥവുമില്ല.'' മേശക്കപ്പുറവു മിപ്പുറവുമിരിക്കുകയായിരുന്നു അവർ. ''ആശിച്ചതു് ഒന്നു്. കയ്യിൽ വരുന്നതു് മററൊന്നു്. ഈ വിനോദംകൊണ്ടു് എന്തുലാഭം?'' അയാൾ എഴുന്നേററു് അല്പനേരംനടന്നു. പിന്നെ ഇരുന്നിട്ടു് ദീൎഘമായി നിശ്വസിച്ചു. ''എന്നെ തകൎത്തതു് എനിക്കു് ഏററവും വേണ്ടപ്പെട്ടവരാണു്. എൻെറ ഭാൎയ്യയും എൻെറ സ്നേഹിതനും.''

ഒന്നുമുരിയാടാതെ ശ്രീധരൻെറ മുഖത്തു കണ്ണുറപ്പിക്കുവാനെ ഗോപാലൻകുട്ടിക്കു കഴിഞ്ഞുള്ളു.

''അതു് ദീൎഘമായ ഒരു കഥയാണു് ഗോപാലൻകുട്ടി.'' സമാഹരിക്കാവുന്ന ആത്മധൈൎയ്യമത്രയും ഒന്നിച്ചെടുത്തിട്ടു്, അയാൾ പതുക്കെ പറഞ്ഞു. ''ഇതു് നന്ദികേടിൻെറ ഇതിഹാസമാണു്. ഇത്രയും വികാരവിധേയനായി അയാളെ മുമ്പൊരിക്കലും ഗോപാലൻകുട്ടി കണ്ടിട്ടില്ല. നിരാശാരൂപമെടുത്ത മാതിരിയാണു് അയാൾ അവിടെയിരുന്നതു്.

ഊരിയിറങ്ങിയ കണ്ണുനീർ തുവാലകൊണ്ടു് ഒപ്പിയിട്ടു് ശ്രീധരൻ ചോദിച്ചു. ''നിന്നോടു് ഞാൻ അതു്

ച്ചുരുക്കിപ്പറയട്ടെ ? ആരോടെങ്കിലും ഒന്നു തുറന്നുപറയാൻ കടുത്ത ആഗ്രഹംതോന്നുന്നു ഗോപാൽ. എത്ര നാൾ ഇതു് എൻെറ മനസ്സിൽ ഒതുക്കിവച്ചുകൊണ്ടിരിക്കും? ഇടയ്ക്കിടെയെങ്കിലും ആവി പുറത്തുവിട്ടില്ലെങ്കിൽ ഈ യന്ത്രം പൊട്ടിത്തെറിക്കും. സ്നേഹിക്കാൻ കൊള്ളാവുന്ന ഒരാളെത്തേടി ഞാൻ നടക്കുകയാണു്, എൻെറ കഥ പറയാൻ. നിനക്കെന്നോടു കരുണയില്ലേ? സ്നേഹമില്ലേ? തകർന്നുപൊട്ടുന്നതു കാണാൻ നിനക്കു താല്പര്യമില്ലെന്നെനിക്കറിയാം. ഇതൊന്നു കേൾക്കു! നീ നല്ലവനാണു്. ശുദ്ധനാണു്.'' മിണ്ടാതെയിരുന്ന ഗോപാലൻ കുട്ടിയുടെ തോളിൽപിടിച്ചു് ശ്രീധരൻ കുലുക്കിവിളിച്ചു ''എന്നോടു സ്നേഹമില്ലേ ?

''ഉണ്ടു്'' ഗോപാലൻകുട്ടിയുടെ കണ്ഠമിടറി.

''അതുകൊണ്ടാണു് നിന്നെ ഞാൻ കൂട്ടിനു വിളച്ചതു്. എന്നെ ഞാനായിട്ടു സ്വീകരിക്കുന്ന ഒരു കൂട്ടുകാരനെ എനിക്കുവേണം. തളർന്നുപോകുമ്പോൾ ഒന്നു ചാരിനില്ക്കുവാൻ.''

ശ്രീധരൻ കുറച്ചുനേരം നിശ്ശബ്ദനായിരുന്നു.

''ഇന്നു് എൻെറ ജീവിതം ലക്ഷ്യമൊന്നുമില്ലാതെ വഴിമുട്ടി നില്ക്കുകയാണു്. എന്തിനു ഞാൻ ജീവിക്കുന്നു? എനിക്കു മറുപടിയില്ല. എന്തുകൊണ്ടു ജീവിക്കുന്നു? അറിഞ്ഞുകൂടാ. ഇതവസാനിച്ചാൽ ലോകത്തിനെന്തെങ്കിലും നഷ്ടമാകുമോ? ഇല്ല. ഇതു ഇങ്ങനെ തുടരുന്നതുകൊണ്ടു് ആർക്കെങ്കിലും ആപത്തുണ്ടോ? ഇല്ല. അതുകൊണ്ടു് അതു് അങ്ങിനെ തുടരുന്നു.'' അയാൾ എഴുന്നേററു് ജനാലയുടെ അടുത്തുപോയി കുറെനേരം നിന്നു.

നീണ്ടുമെലിഞ്ഞ ഒരു മനുഷ്യരൂപം !

ഇന്നും അയാളുടെ ആ നില്പ് ഗോപാലൻകുട്ടി കാണുന്നുണ്ട്. സാധുമനുഷ്യൻ. അയാളുടെ ഹൃദയം മന്ത്രിച്ചു.

"എൻെറ ജീവിതത്തെപ്പററി ആലോചിച്ചു ഞാൻ വല്ലാതെ വിവശനായിപ്പോയി ഗോപാലൻകുട്ടി. നീ എന്നോടു ക്ഷമിക്കു." അയാൾ മടങ്ങിവന്ന് കസേരയിൽ വീണ്ടും ഇരുന്നു.

നീണ്ട നിശ്ശബ്ദത അവിടെ തളംകെട്ടിനിന്നു.

"ഞാൻ പി. ഡബ്ല്യൂ. ഡി.യിൽ ഒരു ഹെഡ് ക്ലാക്കായിരുന്നു." ഒടുവിൽ ശ്രീധരൻ പതുക്കെ പറഞ്ഞു. "തലശ്ശേരിയിൽ. ആഫീസിന്നടുത്ത് ഒരു വാടകവീട്ടിലായിരുന്നു താമസം. സുശീലയും ഞാനും ഒരു വേലക്കാരിപ്പെണ്ണും. ഇതായിരുന്നു എൻെറ കുടുംബം. സുശീല!......" സ്വപ്നം കാണുന്നവനെപ്പോലെ അയാൾ അല്പനേരം അനങ്ങാതിരുന്നു.

വീണ്ടും നിശ്ശബ്ദത......

ശ്രീധരൻ എഴുന്നേററ് പുറകിൽ കയ്യുംകെട്ടി അങ്ങോട്ടുമിങ്ങോട്ടും നടന്നു. കണ്ണുകൾ തുടുത്തിട്ടുണ്ട്. അയാൾ പെട്ടെന്നു നിന്നു" അവളെക്കുറിച്ച് ഞാനെന്താണു പറയുക? എങ്ങിനെയാണു പറയുക?" അയാൾ വീണ്ടും മൂകനായി.

"നാട്ടിൻപുറത്തെ പേരുകേട്ട ഒരു തറവാട്ടിലെ കുട്ടി. സാമാന്യം നല്ല വിദ്യാഭ്യാസം നേടിയവൾ. വിവാഹാലോചനയിൽ വലിയ തടസ്സങ്ങളൊന്നുമുണ്ടായി

ല്ല. ഞങ്ങളുടെ വിവാഹം സാഘോഷം നടന്നു.

"അവളെ ഞാൻ തലശ്ശേരിയിലേക്ക കൊണ്ടുപോന്നു. സന്തോഷത്തോടും സംതൃപ്തിയോടും ഞങ്ങൾ കഴിഞ്ഞുവന്നു. യഥാൎത്ഥത്തിൽ, ജീവിതത്തിനു പൂൎണ്ണത ഞാൻ കാണാൻ തുടങ്ങി.

"നേരത്തെയുള്ള എന്റെ ഒരു സ്നേഹിതനാണ് സദാനന്ദൻ. മരാമത്തു കൺട്രാക്ടുകൾ അയാൾക്കുണ്ടായിരുന്നതിനാൽ, ഞങ്ങൾ പരിചയത്തിലായതാണ്. പല കാര്യങ്ങൾക്കായി അയാൾക്ക് എന്നെ കാണേണ്ടതുണ്ടായിരുന്നു താനും. വിവാഹത്തിന് എത്രയോമുമ്പു തുടങ്ങിയതായിരുന്നു ഞങ്ങളുടെ പരിചയം.

"വിവാഹംകഴിഞ്ഞു് സുശീലയുമായി ഞാൻ താമസം തുടങ്ങിയതിനുശേഷം, അയാൾ ഞങ്ങളുടെ കുടുംബസുഹൃത്തായി. അവിടെവരാത്ത ദിവസങ്ങളില്ല. അയാളുടെ ബിസിനസ് പ്രമാണിച്ചും അല്ലാതെയും. ദീൎഘനേരം ഞങ്ങളൊന്നിച്ച് വെടിപറഞ്ഞുകൊണ്ടിരിക്കും. ആഹാരം കഴിക്കുന്നതുപോലും മിക്കവാറും എന്റെ വീട്ടിൽ തന്നെയായിരിക്കും.

"ഞങ്ങളുടെ സ്നേഹബന്ധം അവിടെയവസാനിച്ചില്ല. അയാളുടെ പണികളിൽ ഞാൻ പങ്കാളിയായിത്തീൎന്നു. സൎക്കാരുദ്യോഗസ്ഥനായിരുന്ന എനിക്ക് എന്റെപേരിൽ കൺട്രാക്ടും മററും എടുത്തുകൂടാ. അതുകൊണ്ടു് എന്റെ പണംമുടക്കി അതു് നടത്തിയിരുന്നതു സദാനന്ദനായിരുന്നു. എല്ലാം അയാളുടെ പേരിൽ.

"സഹകരിച്ചുള്ള പ്രവൎത്തനം ഞങ്ങൾക്കു രണ്ടുകൂട്ടൎക്കും ഒരുപോലെ ആദായകരമായിട്ടാണു പരിണമിച്ച

ത്തു്. എന്റെ പണമൊക്കെ സുശീലയുടെ പേരിൽ ബാങ്കിലേക്ക പോയി. സാമാന്യം നല്ല സ്വത്തുള്ളവളായിരുന്നതിനാൽ, അവളുടെ പേരിൽ പണമിടുന്നതു് മററു സംശയങ്ങളുണ്ടാകാതെയിരിക്കാനും സഹായിച്ചു.

"സ്വന്തമായി ഒരു വീടുവയ്ക്കുന്നതു നന്നായിരിക്കുമെന്ന ആശയം, ഒരു ദിവസം സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, സദാനന്ദനാണു് പുറപ്പെടുവിച്ചതു്. ഞാനും സുശീലയും അതിനോടു യോജിക്കുകയുംചെയ്തു.

"എനിക്ക വീതമായികിട്ടിയ വസ്തുവകകൾ വിററു് കിട്ടിയ പണംകൊണ്ടു്, ആഫീസിന്നടുത്തു്, തലശ്ശേരിയിൽ ഒരു പുരയിടംവാങ്ങി. അതു് സുശീലയുടെ പേരിലാണു് വാങ്ങിയതും.

"അവിടെ സാമാന്യം നല്ല ഒരു കെട്ടിടവുംവച്ചു. ഏതാണ്ടു രണ്ടരക്കൊല്ലം കഴിഞ്ഞിരുന്നു ഞങ്ങൾ വിവാഹിതരായിട്ടു്. പുതിയ വീട്ടിലേക്കു് സസന്തോഷം ഞങ്ങൾ താമസം മാററി.

"എന്റെ ഒരനുജനെപ്പോലെയാണു് സദാനന്ദനെ ഞാൻ കരുതിയിരുന്നതു്. കെട്ടിടം പണിയിൽ അയാൾ എത്രയാണു് സഹായിച്ചതു്! എത്ര ആത്മാർത്ഥതയോടെയാണു് പണിയുടെ മേൽനോട്ടം വഹിച്ചതു്! എനിക്കു് അയാളിൽ സമ്പൂർണ്ണമായ വിശ്വാസം വന്നിരുന്നതിനാൽ വീട്ടിൽ സർവ്വസ്വാതന്ത്ര്യം അനുവദിച്ചിരുന്നു താനും. എന്റെ വിശ്വാസത്തിനു് ഉലച്ചിൽ ഉണ്ടാകുന്നതെന്നു സംശയിക്കാവുന്ന യാതൊരു പെരുമാററവും ഉണ്ടായതുമില്ല. എന്നാൽ, ഒടുവിൽ അതു സംഭവിച്ചു" ശ്രീധരൻ പെട്ടെന്നു നിൎത്തിയിട്ടു് എഴുന്നേററു നടന്നു. കയ്യും പുറ

കിൽകെട്ടി ചിന്താധീനനായി നടന്നിരുന്ന ശ്രീധരൻെറ രൂപം ഇപ്പോഴും ഗോപാലൻകുട്ടിക്കു് ഓമ്മയുണ്ടു്......

"സർ! ബിൽ!"—പയ്യൻ വന്നു് ഓമ്മപ്പെടുത്തിയപ്പോഴാണു് താൻ കാപ്പികുടിക്കാൻ ഹോട്ടലിൽ കയറിയിരിക്കുകയാണെന്ന കാര്യം ഗോപാലൻകുട്ടി ഓമ്മിച്ചതു്. ഉറക്കത്തിൽ ഞെട്ടിയുണന്നയാളിനെപ്പോലെ അയാൾ എഴുനേററു നടന്നു. കാപ്പിയുടെ വിലകൊടുത്തശേഷം റോഡിലേക്കിറങ്ങി.

അവിടെ തിക്കും തിരക്കുംതന്നെ.

അയാൾ കിഴക്കോട്ടു നടന്നു.

അയാളുടെ മനസ്സിൽ ശ്രീധരൻെറ ചിത്രം തെളിഞ്ഞുനില്ക്കുകയാണു്. ശ്രീധരൻ പറഞ്ഞ ആത്മകഥയിലെ മററു് കാര്യങ്ങളെക്കുറിച്ചു ചിന്തിച്ചുകൊണ്ടു് ആൾക്കൂട്ടത്തിൻെറ ഒഴുക്കിൽപെട്ടു് അയാൾ മുമ്പോട്ടുനീങ്ങിക്കൊണ്ടിരുന്നു.

"ഒരുദിവസം കാലത്തു് ഞാൻ എഴുന്നേററപ്പോൾ സുശീല വീട്ടിലുണ്ടായിരുന്നില്ല." ശ്രീധരൻ കഥ തുടരുകയാണു്. "ഞാൻ അവളെ വിളിച്ചു. അവിടെല്ലാം നടന്നുനോക്കി, ഇല്ല. അവളുടെ നിഴൽപോലും ഇല്ല.

"സുശീലക്കു് എന്തു സംഭവിച്ചു?

"അവൾ എവിടെ?

"ഞാൻ ആകപ്പാടെ വിഷമിച്ചു.

"വേലക്കാരിപ്പെണ്ണും അവളെ അന്നു കണ്ടിട്ടില്ല. എന്തുചെയ്യണമെന്നു നിശ്ചയമില്ലാതെ ഞാൻ തലക്കു് അടിയേററവനെപ്പോലെ കുറെനേരം ഇരുന്നുപോയി.

"അപ്പോഴാണ് ഓർമ്മവന്നതു്. സദാനന്ദൻ അടുത്തു് വീടെടുത്തു താമസിക്കുന്നുണ്ടെന്നു്. നാലഞ്ചുദിവസം മുമ്പ് ഞാനും സദാനന്ദനും കൂടിയാണ് ആ വീടു നോക്കി നിശ്ചയിക്കാൻ പോയതുതന്നെ... എൻെറ വീടിൻെറ നാലഞ്ചു പുരയിടത്തിനു കിഴക്കു മാറിയാണ് ആ കെട്ടിടം. എൻെറ മുററത്തുനിന്നു നോക്കിയാൽ അതിൻെറ ഒരു മൂലകാണുകയും ചെയ്യാം.

"വിവരം സദാനന്ദനെക്കൂടി അറിയിക്കാൻ വേഗം ഞാൻ അങ്ങോട്ടു് ഇറങ്ങിനടന്നു. എന്തിനും എനിക്കു് ആശ്രയിക്കാവുന്ന ആത്മമിത്രമല്ലേ അയാൾ. അയാളോടല്ലാതെ മററാരോടു് ഇതു് പറയാൻ ?

"സമയം ഏതാണ്ടു് ഏഴുമണിയോളമേ ആയിട്ടുള്ളു. സദാനന്ദൻ താമസിക്കുന്ന വീടിൻെറ ഗേററു തുറന്നു് ഞാൻ അതിവേഗത്തിൽ അങ്ങോട്ടു ചെന്നു.

" പിടിച്ചു നിർത്തിയതു പോലെ ഞാൻ നിന്നു.

" എനിക്കൊന്നും വിശ്വസിക്കാൻ വയ്യാ!

" എന്താണു ഞാൻ കാണുന്നതു്?

" സുശീലയും സദാനന്ദനും സ്വീകരണ മുറിയിലെ സെററിയിൽ ഒപ്പമിരുന്നു് കാപ്പികുടിക്കുന്നു!

" ഒരു ചഞ്ചലതയുമില്ല!

" ഞാൻ അവരെ തുറിച്ചു നോക്കി അര നിമിഷം നിന്നു. എൻെറ നാക്കു് പൊങ്ങിയില്ല. കോപം കൊണ്ടു് ഞാൻ അടിമുടി വിറച്ചു.

" എത്രനേരം അങ്ങിനെ ഞാൻ നിന്നെന്നെനിക്കറിഞ്ഞുകൂടാ. എന്തെങ്കിലും വിളിച്ചു പറഞ്ഞോയെന്നും നിശ്ചയമില്ല.

"ഒന്നും സംഭവിച്ചിട്ടില്ലെന്ന മട്ടിൽ, ദീർഘനാളായി ഒന്നിച്ചു താമസിക്കുന്നവരാണെന്ന രീതിയിൽ, സുശീലയും സദാനന്ദനും അവിടെ അനായാസമായിട്ടിരിക്കുകയാണ്!

"എന്നെ വെറും പുല്ലായി പരിഗണിച്ചുകൊണ്ട് അവർ ഒന്നിച്ചു കാപ്പികുടിക്കുന്നു!

"ബോധം വന്നപ്പോൾ ഞാൻ കേട്ടതിതാണ്" എന്റെ ജീവിതം, ഇനിയുണ്ടെങ്കിൽ, ഇവിടെയാണ്. ഞാനും എന്റെ എല്ലാം ഇനിമേൽ ഈ ആളിന്റെ അധീനത്തിലാണ്." സുശീലയുടെ വാക്കുകൾ! എന്നെ സകലതിനുമുപരി സ്നേഹിച്ചിരുന്നതായി, എന്നെ വിശ്വസിപ്പിച്ച എന്റെ ഭാര്യയുടെ വാക്കുകൾ!

"സ്വന്തം കോപാഗ്നിയിൽ ഞാൻ സ്വയം എരിഞ്ഞു ചാമ്പലാകുമെന്നു തോന്നി. ആ അഗ്നിയിൽ സുശീലയും......ഈ ലോകവും ഭസ്മമാകുമെന്ന് ഞാൻ കരുതി. എല്ലാം തകർക്കുവാൻ, തവിട്ടു പൊടിയാക്കുവാൻ അടക്കാനാവാത്ത ആവേശം!

"സദാനന്ദൻ നിസ്സഹായനായി എന്നെ നോക്കുകയാണ്.

"വെറുപ്പ്! സകലതിനോടും കടുത്തവെറുപ്പ്...

"ഇല്ല. ഞാനൊന്നും പറഞ്ഞില്ല.

"വന്നപാടെ തിരിഞ്ഞു നടന്നു.

"തലക്ക് പ്രഹരമേററ് ബുദ്ധിസ്തംഭിച്ചവനു പ്രജ്ഞയില്ലാതെ നടക്കുന്നമട്ടിൽ ഞാൻ ഇറങ്ങിനടന്നു.... നടന്നിട്ട് വഴിഅവസാനിക്കുന്നില്ല. ദീർഘനാളായി

മണൽക്കാട്ടിൽ നടന്നു തളൎന്നവൻ സങ്കേതത്തിലെത്താൻ സകല ശക്തികളും സമാഹരിച്ചു പ്രയാസപ്പെടുന്നതു പോലെ ഞാൻ നടന്നു.

"ഒടുവിൽ ഞാനെൻെറ വീട്ടിലെത്തി പോട്ടി ക്കോവിൽ തളൎന്നു വീണു......

"എവിടെയും അന്ധകാരമാണെന്നെനിക്കുതോന്നി. തികഞ്ഞ ശൂന്യത!......

"ഞാൻ നാലഞ്ചുദിവസം എങ്ങു മിറങ്ങിയില്ല. എവിടെ ഇറങ്ങാൻ...... ?

"എല്ലാം ഞാൻ ആലോചിച്ചുറച്ചു.

"എന്നെ വേണ്ടാത്തവളെ ഞാൻ എന്തിനു തിരിച്ചെടുക്കാൻ ശ്രമിക്കണം ? എൻെറ കൂടെ ജീവിച്ചകാലത്തു് എത്ര കരുതലോടും സാമൎത്ഥ്യത്തോടുമാണു് അവർ സത്യം മറച്ചുപിടിച്ചതു്! മനുഷ്യൻെറ കാപട്യത്തിൻെറ കഴിവിനെതിരില്ല!

"എത്ര പ്രാവശ്യം എനിക്കാവേശമുണ്ടായതാണെന്നോ, അവരെ അപ്പാടെ നശിപ്പിക്കാൻ! എന്നാൽ അതുകൊണ്ടെന്തുഫലം? അവരെ എന്തിനു നശിപ്പിക്കണം?

"അതുവേണ്ടാ. ഒടുവിൽ ആ നിശ്ചയത്തിലാണു ഞാനെത്തിയതു്''

"ഈ സംഭവത്തെപ്പററിയുള്ള വിവരം കാട്ടുതീ പോലെ നാട്ടിലാകെ പരന്നു, സമൂഹത്തെ പിടിച്ചുകുലുക്കിയ സംഭവമായിരുന്നു അതു്. എൻെറ നിലപാടാണു് കൂടുതൽ സംസാരവിഷയമായതു്. എന്തുകൊണ്ടു്

ഞാൻ സുശീലയെ തിരിച്ചെടുക്കുവാൻ തയ്യാറാകുന്നില്ല? സമുദായവും അതിലെ നിയമങ്ങളും ആചാരങ്ങളുമെല്ലാം എൻെറ സഹായത്തിനുണ്ടായിരുന്നിട്ടും ഞാൻ എന്തുകൊണ്ടു് അതിനു വിസമ്മതിക്കുന്നു ? നിർഗ്ഗുണനാണു്. ദുർബ്ബലനാണു്. ഒന്നിനും കൊള്ളരുതാത്തവനാണു്—എന്നൊക്കെ എന്നെപ്പററി ആക്ഷേപം പുറപ്പെട്ടുവിച്ചു. തെററു ചെയ്തവരെക്കാൾ എന്നെയാണ് ആളുകൾ അപഹസിച്ചതു്. എല്ലാം ഞാൻ സഹിച്ചു. എങ്കിലും എൻെറ നിലപാടു് ഞാൻ വ്യത്യാസപ്പെടുത്തിയില്ല. അതിനു തക്കതായ കാരണവുമുണ്ടായിരുന്നു. അതും ഞാൻ പറയാം.

" സുശീലയും സദാനന്ദനും തമ്മിൽ നേരത്തെ പ്രേമബദ്ധരായിരുന്നു. അക്കാര്യം ഞാൻ അറിഞ്ഞതു് ഈ സംഭവത്തിനുശേഷമാണുതാനും. വീട്ടുകാർക്കു് അവരെ വേർപെടുത്തുവാനായിരുന്നു താല്പര്യം. അതിനുള്ള ഒരു വഴിയായിട്ടായിരുന്നുതാനും ഞങ്ങളുടെ വിവാഹം. വിവാഹത്തിനു മുമ്പ് സുശീലയും സദാനന്ദനും തമ്മിലുള്ള ബന്ധത്തെപ്പററി ഞാൻ അറിഞ്ഞിരുന്നെങ്കിൽ...... ഞാൻ അതിനു തെയ്യാറാകുമായിരുന്നില്ല. അതിനെപ്പററി എന്തെങ്കിലും സൂചനകിട്ടിയിരുന്നെങ്കിൽ......എൻെറ ജീവിതത്തിൻെറ ഗതിതന്നെ ഭിന്നമാകുമായിരുന്നെന്നു തീച്ച്യയാണ്. എൻെറ ദൌർഭാഗ്യം കൊണ്ടു് അതുണ്ടായില്ല.

" വിവാഹത്തിനുശേഷം എൻെറ കൂടെ കഴിഞ്ഞിരുന്ന കാലത്തു്, എനിക്കു് സുശീലയെപ്പററി അല്പം പോലും ആവലാതി പറയാൻ സന്ദർഭമുണ്ടായിട്ടില്ല. സംശ

യാലുവായ ഒരുത്തനുപോലും പരാതി പറയുവാൻഇടവരു ത്താത്ത തരത്തിലുള്ളതായിരുന്നു അവളുടെ പെരുമാററ ങ്ങൾ. അതുകൊണ്ടു് സദാനന്ദനെപ്പററിയോ സുശീലയെ കുറിച്ചോ എനിക്കു് സംശയം തോന്നിയതുമില്ല. എങ്കിലും അവർ അവരുടെ ആഗ്രഹമനുസരിച്ചു്, സത്യം മറച്ചു പിടിച്ചു്, ജീവിച്ചു. ഇങ്ങിനെ അഭിനയിച്ചു ഫലിപ്പി ക്കുവാൻ അവർക്കെങ്ങിനെ കഴിഞ്ഞു എന്നുള്ളതു്, ഇന്നും എന്നിൽ അത്ഭുതമുളവാക്കുന്നു. ഓരോന്നും അവർ പര സ്പരമാലോചിച്ചു്, ചിന്തിച്ചു്, കരുതലോടെയാണു് ചെ യ്തതെന്നു് ഇന്നു് എനിക്കുപറയാനൊക്കും. ആഴവും അ ടിയുറപ്പുമുള്ള ഒരു സ്നേഹബന്ധമാണു് അവരുടെതെന്നു് ഇതുകൊണ്ടൊക്കെ എനിക്കു വിശ്വാസം വന്നു. വൈ രാഗ്യമോ വിദ്വേഷമോ ഇല്ലാതെ വസ്തുനിഷ്ഠമായി കാ ര്യങ്ങൾ അപഗ്രഥിച്ചു വിധിയെടുക്കുവാൻ ഞാൻ സന്ന ദ്ധനായതു് അതുകൊണ്ടു മാത്രമാണു്. അവരെ പി രിക്കുവാൻ തുനിയുന്നതു് അർത്ഥശൂന്യമായിരിക്കുമെന്നു് എനിക്കുറപ്പുതോന്നി. കൂടുതൽ വേദനയും തകർച്ചയും ഉ ണ്ടാക്കാമെന്നല്ലാതെ മറെറാന്നും അതിൽ നിന്നുണ്ടാകുന്ന തല്ല. ബലപ്രയോഗത്താൽ എനിക്കു എൻെറ അവകാ ശം സ്ഥാപിക്കാം. എന്നാൽ അതുകൊണ്ടു് എൻെറ സു ഖവും ശാന്തതയും തിരിച്ചുകിട്ടുമോ? സുശീല എന്നൊടൊ ത്തു് സുഖമായി കഴിയുവാൻ അതു് ഇടവരുത്തുമോ? സു ഖസുന്ദരമായ ദാമ്പത്യം നിയമവും ചട്ടവും അവകാശങ്ങ ളും നിർമ്മിക്കുന്ന വേലികൊണ്ടു് നിലനിത്താനുള്ള ഒന്നാ ണോ? ഹൃദയത്തിനാണോ നിയമത്തിനാണോ അതിൽ പ്രാധാന്യം? വേണ്ടാ! ആത്മാർത്ഥതയ്ക്കു് ഇടമില്ലാത്ത

ബന്ധം എനിക്കു വേണ്ടാ. എന്നെ വഞ്ചിച്ചു എന്നല്ലാതെ മററൊന്നും എനിക്ക് ഇവിടെ പരാതിപറയാനില്ല. യഥാത്ഥത്തിൽ എന്നെ വഞ്ചിക്കുവാൻ അവർ തയ്യാറായതു്, അവരുടെ സ്നേഹബന്ധത്തിൻെറ ആഴംകൊണ്ടല്ലേ? ഞാൻ അവക്കിടയിൽ കടന്നു ചെന്നിരുന്നില്ലെങ്കിൽ എന്നോട്ട് അവർക്ക് എന്തു വൈരാഗ്യമുണ്ടാകാൻ! ഈ രംഗത്തുനിന്നു പിൻവാങ്ങുന്നതു തന്നെയാണുത്തമം. ഞാൻ അങ്ങിനെ ചെയ്തു.'' ഇടതടവില്ലാതെ ശ്രീധരൻ അത്രയും കാര്യങ്ങൾ പറഞ്ഞു കേൾപ്പിച്ചു. അയാൾ ചിന്താശീലനായി, കുറെനേരം മിണ്ടാതിരുന്നു. ഒട്ടവിൽ ഇങ്ങനെ തുടൎന്നു-'' സമുദായത്തിൻെറ രോഷപ്രകടനത്തിൻെറ നേതൃത്വമേറെറടുത്തു്, ഒരു കൊടുങ്കാററു സൃഷ്ടിച്ചു്, അവരെ തകൎത്തു തരിപ്പണമാക്കുവാൻ എനിക്കൊരു വിഷമവും ഉണ്ടായിരുന്നില്ല. ഞാൻ അങ്ങിനെ ചെയ്യുമെന്നു് സുശീലയും സദാനന്ദനും വിചാരിച്ചിരിക്കും. അതിൻെറ ഫലം അനുഭവിക്കുവാൻ അവർ സന്നദ്ധരായിരുന്നിരിക്കും. അല്ലെങ്കിൽ എന്തുകൊണ്ടു് അവർ നാട്ടുവിട്ടുപോയില്ല? ഗത്യന്തരമില്ലാതെ വന്നാൽ അവർ ഒന്നിച്ചു മരിക്കാൻ പോലും ഒരുങ്ങിയിരുന്നിരിക്കും. അങ്ങിനെ സംഭവിക്കുന്നതു് എനിക്കു് വിചാരിക്കുവാൻ പോലും സാധിച്ചില്ല. ഹൃദയത്തിൽ ഒന്നിച്ച അവർ ജീവിക്കട്ടെ. പുറംതള്ളപ്പെട്ടവൻ ഞാനാണു്. ഞാൻ രംഗം ഒഴിഞ്ഞു കൊടുക്കാം.

"ഞാൻ അനുഭവിച്ചിരുന്ന ഹൃദയവേദനയുടെ മാററു് വദ്ധിപ്പിക്കുവാനാണു് സമുദായമദ്ധ്യത്തിൽ പ്രചരിച്ചിരുന്ന കിംവദന്തികൾ സഹായിച്ചതു്. വിശദീക

രണത്തിന്ന ഞാൻ തുനിഞ്ഞില്ല. അതു പാഴ്‌വേലയാണെന്നെനിക്കറിയാം. അറിഞ്ഞുകൊണ്ടു് തെററു ചെയ്തതു് അവരാണു്. അവർ എന്തിനു് സുശീലയെ എന്നെക്കൊണ്ടു് വിവാഹം ചെയ്യിപ്പിച്ചു? എന്തിന്ന എനിക്കായി ഈ നീർച്ചുഴി അവർ സൃഷ്ടിച്ചു? " ശ്രീധരൻ എഴുനേററു് ജനാലയുടെ അടുത്തുചെന്നു് പുറത്തേക്കു നോക്കിക്കൊണ്ടു് കുറെനേരം നിന്നു. സാവകാശമായി നടന്നുവന്നു് അയാൾ പറഞ്ഞു: " ഞാൻ എൻെറ ജോലി രാജിവെച്ചു. അവിടെ അങ്ങിനെ ജീവിച്ചാൽ..... വയ്യാ ! ജീവിക്കാൻവയ്യാ. എവിടെയെങ്കിലും പോകണം......

" ഇങ്ങനെയിരിക്കുമ്പോഴാണു്, ഒരു ദിവസം കാലത്തു്, ഒരാൾ ഒരു കത്തു് എനിക്കു കൊണ്ടുവന്നുതന്നതു്. കയ്യക്ഷരം സുശീലയുടെതായിരുന്നു. അതുകണ്ടപ്പോൾ തന്നെ ഞാൻ ചുരുട്ടി നിലത്തെറിഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ എനിക്കുതോന്നി, അതു് മോശമായിപ്പോയെന്നു്. കടലാസുചുരുൾ എടുത്തു് നിവർത്തിവായിച്ചു. അവളുടെ വീടു് ഒഴിഞ്ഞുകൊടുക്കണം എന്നുള്ള കുറിപ്പായിരുന്നു. ഞാൻ ഞെട്ടിപ്പോയി. പുരയിടവും വീടും അവളുടെ പേരിലുള്ളതാണു്. അതിൻെറ അവകാശി അവൾ തന്നെ. കെട്ടടങ്ങിയിരുന്ന എൻെറ കോപം കത്തിജ്വലിച്ചു. ഇല്ല. ഇതിനൊരന്തം വരുത്തണം. നന്ദികേടിനും ഒരതിരില്ലേ? കുറച്ചു തണുത്തപ്പോൾ എനിക്കു തോന്നി ഇവിടെനിന്നു പടവെട്ടുന്നതിലർത്ഥമില്ലെന്നു്. എന്തിനു് ? ആർക്കുവേണ്ടി പടപൊരുതണം?

" നാലുദിവസം കഴിഞ്ഞു് ഞാൻ അവിടം വിട്ടു. തീവണ്ടി കയറിയ ദിവസം ഞാൻ സുശീലക്കെഴുതി, അവൾക്കു് അവകാശപ്പെട്ടതൊക്കെ എടുത്തു കൊള്ളുവാൻ! ഞാൻ സ്ഥലം വിടുകയാണെന്നു് !

" അങ്ങിനെ ഞാൻ അവിടെയെത്തി. കടന്നുപോന്ന വഴിയിലേക്കു് തിരിഞ്ഞു നോക്കിയിട്ടില്ല; ഇന്നുവരെ, ഇതാണെനിയാ ഠഎൻെറ കഥ. ഇന്നു കാണുന്നതരത്തിലായതിൻെറ കഥ. ഇന്നും ഞാൻ സുശീലയെ വെറുക്കുന്നില്ല. വെറും അഭിനയമായിരുന്നിട്ടും, ഭാര്യാ ഭർതൃബന്ധത്തിൻെറ സൗകുമാര്യം എനിക്കു അവൾ കാണിച്ചുതന്നു. അന്നുമുതൽ അവളിൽ ഒട്ടിച്ചേർന്നുപോയി എൻെറ ഹൃദയം. അതു് വേർപെടുത്തുവാൻ ഇന്നും എനിക്കു കഴിയുന്നില്ല. അതിനു ശ്രമിക്കുമ്പോഴൊക്കെ എൻെറ ഹൃദയത്തിലെ ഏററവും മൃദുലമായ ചില അംശങ്ങൾ നഷ്ടപ്പെട്ടുമെന്നു ഞാൻ ഭയപ്പെടുന്നു. സഹിക്കാനാവാത്ത വേദനയാണു് അതു് എനിക്കു തരുന്നതു്. നന്ദികേടുകാണിച്ചവളെച്ചൊല്ലി എന്തിനാണു് ഞാൻ ഇങ്ങനെ വേദനിക്കുന്നതു് ? എന്നെ പരിത്യജിച്ചവളെച്ചൊല്ലി ഞാൻ എന്തിനു ദുഃഖിക്കുന്നു ? എനിക്കറിഞ്ഞുകൂടാ. ജീവൻ എന്നിൽ അവശേഷിക്കുന്ന കാലത്തോളം ഞാൻ ഈ വേദന കൈവിടാൻ ആഗ്രഹിക്കുന്നില്ല. അതു് ഇല്ലാതായാൽ ഞാൻ മനുഷ്യനല്ലാതായിത്തീരും. വേദനഇല്ലാതാക്കാൻ പോലും ഞാൻ മനുഷ്യനല്ലാതാകാൻ ആഗ്രഹിക്കുന്നില്ല.

പിന്നീടു് ശ്രീധരൻ ഒന്നും പറഞ്ഞില്ല. അയാളെ ഇടയ്ക്കിടെ നോക്കിക്കൊണ്ടു് ഒന്നും മിണ്ടാതെ അവിടെ

യിരുന്ന രംഗം തൻെറ സ്മരണയിൽ ഇന്നും മങ്ങാതെ നിലനില്ക്കുന്നുണ്ടെന്ന് അയാൾ ഓർമ്മിച്ചു.........

പഴയ ഓർമ്മകളും ചുമന്നുകൊണ്ട് നടന്നിരുന്നതിനാൽ കടന്നുപോന്ന ദൂരത്തെക്കുറിച്ച് ഒരു ബോധവും ഉണ്ടായില്ല. മറീനാ കടൽപ്പുറത്തെത്തിക്കഴിഞ്ഞു. സായാഹ്നവിശ്രമം കഴിഞ്ഞ് ആളുകൾ മടങ്ങാൻ തുടങ്ങിയിരിക്കുന്നു. അപ്പോഴാണ് സ്ഥലകാലബോധം അയാൾക്കുണ്ടായത്. കയ്യത്തി വാച്ചിൽനോക്കി. മണി എട്ടരയായിരിക്കുന്നു.

എങ്കിലും പഞ്ചസാരമണലിൽ, കാററുമേററ്, നിലാവിൽ മുഴുകി കുറെനേരം അവിടെ ഇരിക്കാൻ തന്നെ തീരുമാനിച്ചു.

മൂന്നു്

റിട്ടയറിംഗ് റൂമിൽ മടങ്ങിയെത്തിയപ്പോൾ രാത്രി വളരെ ചെന്നിരുന്നു. കതകിൽ തട്ടിവിളിച്ചു. കുറച്ചു താമസിച്ചാണ് സരള തുറന്നതു്. അവൾ നല്ല ഉറക്കമായിരുന്നു. വളരെ നേരം മുട്ടേണ്ടിവന്നു, അവളെ ഉണർത്താൻ.

"ആഹാരം പാത്രത്തിൽ മേശപ്പുറത്തിരുപ്പുണ്ടു്." കിടക്കയിൽ ചെന്നു കിടന്നിട്ട് സരളപറഞ്ഞു. അവർ വീണ്ടും നിദ്രാധീനയായി.

കുപ്പായം ഊരിയിട്ടപ്പോൾ തണുത്തവെള്ളത്തിൽ മേലുകഴുകണമെന്നു് ഗോപാലൻകുട്ടിക്കു തോന്നി. ധാരാളം നടന്നതുകൊണ്ടു് നല്ലതുപോലെ വിയർത്തിട്ടുണ്ടു്. വിയർപ്പടങ്ങാൻ വെറുതെ കുറച്ചുനേരം ഇരുന്നു. അതു കഴിഞ്ഞു് മേലുകഴുകി മേശക്കടുത്തുവന്നപ്പോൾ അവിടെ വച്ചിരുന്ന വാച്ചിൽ നോക്കി. മണിപതിനൊന്നര കഴിഞ്ഞിരിക്കുന്നു! എങ്കിലും ഒരു തിടുക്കവും അയാൾക്കു തോന്നിയില്ല.

ടിഫിൻ കാരിയറിൽ വച്ചിരുന്ന ആഹാരം വിളമ്പി കഴിച്ചു.

ഉറക്കം തീരെ വരുന്നില്ല.

എന്താണ് ചെയ്യേണ്ടതെന്ന് ഒരു രൂപവുമില്ല. എന്തെങ്കിലും വർത്തമാനം പറയാനാണെങ്കിൽ സരളയെ ഉണർത്തണം. അവൾ ക്ഷീണം വലിച്ച് കുട്ടിയുടെ അടുത്ത് കിടന്നുറങ്ങുകയാണ്. അവൾ ഉറങ്ങിക്കൊള്ളട്ടെ.

പുറത്ത് അന്തരീക്ഷം നിശ്ചലമായിട്ടുണ്ട്. പകലത്തെ തിരക്കും ശബ്ദവുമൊന്നും കേൾക്കാനില്ല. കുറെ മണിക്കൂറുകൾക്ക മുമ്പ് ഇവിടെ എത്ര ബഹളമായിരുന്നു! നഗരത്തിനും ഒരു വിശ്രമം വേണ്ടേ ?

ഗോപാലൻകുട്ടി ജനാലതുറന്നു വെളിയിലേക്ക നോക്കി. ഇരുട്ടിൽ പ്രകാശത്തിന്റെ ദ്വീപുകൾ സൃഷ്ടിക്കുന്ന കുറെ വഴിവിളക്കുകൾ അവിടവിടെ കാണാനുണ്ട് അപൂർവ്വമായി നിരത്തുകളിൽ നീങ്ങുന്ന നിഴലുകൾ കാണാം. ലോകം നിദ്രയിലാണ്ടുകഴിഞ്ഞു. വഴിയരികിൽ നില്ക്കുന്ന ചോലമരങ്ങൾ ഭീകരങ്ങളായ ഭൂതങ്ങളുടെ രൂപം ധരിച്ച് അരണ്ട നിലാവിൽ സ്ഥിതി ചെയ്യുന്നു.

ജനാലയടച്ചശേഷം അടുത്തുകിടന്നിരുന്ന നെട്ടങ്കൻ ചൂരൽക്കസേരയിൽ ഗോപാലൻകുട്ടി ചെന്നിരുന്നു. ശ്രീധരന്റെ സങ്കേതത്തിൽ കഴിഞ്ഞുകൂട്ടുവാനിടയായ കാലത്തെസ്മരണകൾ മനസ്സിൽനിന്നു മാഞ്ഞിട്ടില്ല. അവ പൂർവ്വാധികം തെളിച്ചത്തോടെ വീണ്ടും ഉയിർകൊള്ളുകയാണ്. ഏകാന്തത അവയെ ഉജ്ജ്വലപ്പെടുത്തി.

ഇരുപത്തിരണ്ടു സംവത്സരങ്ങൾക്ക മുമ്പുണ്ടായ അനുഭവങ്ങൾ ആണ് അവയെന്ന് അയാൾക്കുതന്നെ വിശ്വസിക്കാൻ വിഷമംതോന്നി. അത്രയ്ക്കു വ്യക്തമായിരുന്നു അവ.

ശ്രീധരൻെറ താവളത്തിൽ തങ്ങിയിരുന്ന സ്ത്രീകളിൽ ഒരാളുടെ കാര്യം ഇതിനുമുമ്പും പലപ്പോഴം അയാൾ ഓർമ്മിച്ചിട്ടുള്ളതാണ്.

ജാനകി...........

അവളെപ്പററിയുള്ള ഓർമ്മകൾ ഹൃദയത്തിൽ അള്ളിപ്പിടിച്ചിരിക്കുകയാണ്. അതു് വലിച്ചുപിഴുതു ദൂരത്തെറിയാൻ പലപ്പോഴം ശ്രമിച്ചിട്ടുള്ളതാണ്. എന്നാൽ അതിനുനടന്ന ശ്രമത്തിൻെറ അന്ത്യത്തിൽ, അവയോരോന്നും ശക്തിയാർജ്ജിച്ചതായിട്ടായിരുന്നു അനുഭവം.

അതിൻെറ കാരണമെന്തു് ?

നിരാധാരരായ സ്ത്രീകളെ എത്രയാണ് അയാൾ കണ്ടിട്ടുള്ളതു് ! അവരെ കാണുമ്പോഴൊക്കെ അയാളുടെ മനസ്സിൽ ജാനകിയുടെ ചിത്രമാണ് വ്യക്തമായിവരുക.

സൗശീല്യത്തിനു് ഉത്തമമായ മാതൃകയെന്നു ചൂണ്ടിപ്പറയാവുന്ന പരിവേഷമാണ് ജാനകിയെ ആവരണം ചെയ്തിരുന്നതു്. ഒററനോട്ടത്തിൽത്തന്നെ ആരും തീരുമാനിക്കും അവൾ ഏതോ കുലീന കുടുംബത്തിൽ ജനിച്ചു വളൎന്നവളാണെന്നു്. അടക്കവും ഒതുക്കവും ധാരാളമായി പ്രസരിക്കുന്ന പെരുമാററം. അഴകും ആനന്ദവും പകരുന്ന ആകാരസൗഷ്ഠവം. എരിപൊരികൊള്ളുന്ന ഊഷരഭൂമിയിൽ, കടന്നുവരുന്ന ഒരു ശീതളമാരുതനെപ്പോലെയാണ് അവളുടെ ചലനങ്ങൾ !

എങ്കിലും അവൾ അധഃപതിച്ച ഒരു ജീവിതം നയിക്കുകയാണ്. വിലകൊടുക്കുന്ന ആൎക്കും അവൾ പരാതികൂടാതെ വിധേയയാകും. ഈ വൈരുദ്ധ്യമാണ്

ഗോപാലൻകുട്ടിക്ക് മനസ്സിലാകാതെയിരുന്ന കാര്യം. നമ്മുടെ നിറകുടത്തിൽ എങ്ങിനെ വിഷം നിറയാൻ ഇടവന്നു ?

ഗോപാലൻകുട്ടി ആദ്യംകണ്ട കാലത്ത് അവക്ക് കഷ്ടിച്ച് ഇരുപതിരുപത്തിരണ്ടുവയസ്സിൽ കൂടുതലുണ്ടായിരുന്നില്ല. യുവത്വത്തിന്റെ മൂദ്ധന്യദശ. അധികം ഉയരമില്ലാത്ത ശരീരം. ആകൃതിയൊത്ത ശിരസ്സിൽ വളന്നുതുങ്ങുന്ന മുടി. അഴകും ആഭിജാത്യവും വിളിച്ചുപറയുന്ന മുഖം. ആരേയും വശീകരിക്കുന്ന പെരുമാററം.

സമൂഹത്തിലെ അസ്വീകാര്യമായ തൊഴിലിൽ അവളെങ്ങിനെ ചെന്നുചാടി? ഗോപാലൻകുട്ടിക്കുണ്ടായിരുന്ന ജിജ്ഞാസ അവളുടെ ഭൂതകാലചരിത്രത്തെപ്പററി അറിയാൻ ഇടവരുത്തി. സ്വന്തം ഭത്താവിനുവേണ്ടി, അയാളുടെ ജീവിതം വീണ്ടെടുക്കുന്നതിനുവേണ്ടി അവൾ നടത്തിയ സാഹസികമായ ഉദ്യമമാണ് അവളെ അഭിസാരികാവൃത്തിയിൽകൊണ്ടു ചെന്നെത്തിച്ചതെന്ന് അയാൾക്ക് അറിയാൻ ഇടവന്നു. ശ്രീധരനും അവിടെയുള്ള മററ് ആളുകളും മാത്രമല്ല ജാനകിയും അവളുടെ പൂവ്വകാല ചരിത്രം പലപ്പോഴായി ഗോപാലൻകുട്ടിയെ പറഞ്ഞു കേൾപ്പിച്ചിട്ടുണ്ട്. പല സന്ദർഭങ്ങളിൽ കിട്ടിയ വിവരങ്ങൾ അടുക്കി ചിട്ടപ്പെടുത്തിയാണ് ജാനകിയുടെ ജീവിതകഥ ഗോപാലൻകുട്ടി മിനഞ്ഞെടുത്തത്. അത് കണ്ടെത്തിയപ്പോൾ അവളോട് അനുകമ്പയല്ലാതെ മറെറാന്നും തോന്നിയിട്ടുമില്ല.

മദിരാശിയിലെ ഒരു സ്വകാര്യകമ്പനിയിലെ ക്ലാക്കായിരുന്നു അവളുടെ ഭത്താവായ വിജയരാഘവൻ.

ആ കൊച്ചുകുടുംബത്തെ വിഷമം അനുഭവിപ്പിക്കാതെ അയാൾ പുലർത്തിവന്നു. ജാനകിയെ വിവാഹം കഴിച്ചു കൊണ്ടുവന്ന ശേഷമാണ് മൈലാപ്പൂരിൽ ഒരു ചെറിയ വീട്ട് വാടകക്കെടുത്തത്. അവർ അവിടെ സുഖമായി കഴിഞ്ഞുവന്നു. എന്നാൽ സുഖം അധികനാൾ നീണ്ടു നിന്നില്ല. ആദ്യത്തെ കുട്ടി പിറന്നിട്ട് ആറേഴമാസമേ ആയുള്ളു. വിജയരാഘവൻെറ ശരീരത്തിൽ അവിടവിടെ ചില തടിപ്പുകൾ പ്രത്യക്ഷപ്പെട്ടു. ആദ്യം അത് അവർ സാരമാക്കിയില്ല. നാട്ടുചികിത്സകൾ പലതുംചെയ്തു. വേനൽക്കാലം വന്നപ്പോൾ രോഗം കൂടുതൽ കടുത്തു. എണ്ണയും കുഴമ്പും കഷായങ്ങളും കൂടുതൽ ഉപയോഗിച്ചെങ്കിലും അസുഖം കുറഞ്ഞില്ല. വേനൽ കഴിഞ്ഞാൽ എല്ലാം ശമിക്കുമെന്നു കരുതി. ഇല്ല. അതുണ്ടായില്ല. അവയവങ്ങളുടെ സന്ധികളിൽ നീക്കെട്ടു പ്രത്യക്ഷപ്പെട്ടു. ആകപ്പാടെ വിഷമങ്ങൾ വദ്ധിച്ചു. അത്രയും നാളത്തെ സമ്പാദ്യത്തിൽ ഒട്ടുമുക്കാലും ചികിത്സക്ക് വിനിയോഗിച്ചിരുന്നതിനാൽ പ്രയാസങ്ങൾ ഒന്നിനൊന്നു പെരുകിക്കൊണ്ടിരുന്നു.

കൂടുതൽ കശ്നമായ ചികിത്സ ചെയ്യേണ്ടതു് ഒഴിച്ചുകൂടാത്ത ആവശ്യമായി. രണ്ടാഴ്ചത്തെ അവധിയെടുത്തു് അയാൾ ജനറൽ ആശുപത്രിയിൽ അഭയംതേടി. അവിടെ നടത്തിയ സുദീർഘമായ പരിശോധനയുടെ അവസാനത്തിൽ, ജീവിതത്തിലെ ഏററവും വലിയ ഞെട്ടൽ ആ കുടുംബത്തിനു് അനുഭവപ്പെട്ടു.

ഒട്ടും അമാന്തിക്കാതെ മദനപ്പള്ളി സാനിട്ടോറിയത്തിൽ ചികിത്സക്കായി പോകണം.

ആകാംക്ഷനിറഞ്ഞ നാളുകൾ ഇഴഞ്ഞുനീങ്ങി. കുഷ്ഠരോഗബാധിതനാണ് അയാളെന്ന് വ്യക്തമായി. ഒരു മാസത്തെ അവധിക്ക് അപേക്ഷകൊടുത്തു.

ആനന്ദത്തിൻെറ വെളിച്ചം തത്തിക്കളിച്ചിരുന്ന ആ കൊച്ചുകുടുംബത്തിൽ ശോകത്തിൻെറ കരിനിഴൽ വീശി. കൊച്ചുകുഞ്ഞിനെ വേണ്ടതരത്തിൽ ശ്രദ്ധിക്കുവാൻ സാധിക്കാതിരുന്നതിനാൽ അതിനും ബാലാരിഷ്ടതകൾ ഒഴിയാതെയുണ്ടായിക്കൊണ്ടിരുന്നു.

ജാനകിയുടെ ആഭരണങ്ങളെല്ലാം പണയംവെച്ച് കിട്ടിയ പണവുംകൊണ്ട് വിജയരാഘവൻ മദനപ്പള്ളിയിലേക്ക് യാത്രയായി.

കണ്ണീരും കയ്യുമായി ജാനകി മൈലാപ്പൂരിൽ ഒററയ്ക്കു താമസമായി. അവിടെനിന്ന് അവൾ ശ്രീധരൻെറ സങ്കേതത്തിൽ എത്തിയതെങ്ങിനെയായിരുന്നെന്ന കാര്യവും ഗോപാലൻകുട്ടി ഓമ്മിപ്പിച്ചു.

സാനിറേറാറിയത്തിൽ എത്തിയ വിജയരാഘവൻെറ നില മെച്ചപ്പെട്ടില്ല. നാലഞ്ചുമാസത്തെ ചികിത്സകഴിഞ്ഞിട്ടും ദീനത്തിനു ശമനംകണ്ടു തുടങ്ങിയില്ല.

"ഓരോ തപാലിലും മിക്കവാറും ഓരോ കത്തുവരും. ക്ഷേമാന്വേഷണത്തിനല്ല. പണം അയക്കാൻ."—കണ്ണുനീർ വാത്തുകൊണ്ട് ജാനകി അക്കാര്യങ്ങൾ പറഞ്ഞു. "ഞാൻ എവിടെനിന്നു പണമയയ്ക്കും? കടം കിട്ടാവുന്നിടങ്ങളിൽനിന്ന് കിട്ടാവുന്നത്രയും വാങ്ങിക്കഴിഞ്ഞു. എന്നും തരാൻ ആരിരിക്കുന്നു ഈ പട്ടണത്തിൽ? എന്തെങ്കിലും ജോലിചെയ്യാൻ ഞാൻ തയ്യാറായി. എ

ന്നാൽ എനിക്കു് എന്തു് കിട്ടാൻ?" അവൾ കണ്ണുനീർ തുടച്ചുകൊണ്ടു തുടന്നു: "എൻെറ ജീവനായിരുന്ന കുഞ്ഞിനു് ന്യൂമോണിയാ പിടിപെട്ടു. ഞാനെന്തുചെയ്യും? ഭർത്താവു് നിരാധാരനായി സാനിറേറാറിയത്തിലും, കുഞ്ഞു് ദീനംപിടിച്ചു് എൻെറ മടിയിലും! ഇങ്ങനെയൊരനുഭവം ആക്കും വരുത്തല്ലേ ദൈവമേ! ദുഃഖമല്ലാതെ മറെറാന്നും ജീവിതത്തിൽ എനിക്കില്ലെന്നു് മനസ്സിലായി. സഹായം തേടിചെല്ലാനിടമെവിടെ? വീട്ടിലേക്കു് എഴുതാമെന്നു കരുതിയാൽ അവിടത്തെ സ്ഥിതി അതിലും കഷ്ടമായിരുന്നു. ഞാൻ അവരെ ഇതൊന്നു മറിയിച്ചില്ല. അറിയിച്ചതുകൊണ്ടു് അവരുടെ ദുഃഖം വദ്ധിപ്പിക്കാമെന്നല്ലാതെ ഫലമൊന്നുമില്ല.........എന്തിനു്! രണ്ടാഴ്ചത്തെ സുഖക്കേടിനുശേഷം എൻെറ കുഞ്ഞുമരിച്ചു." പല്ലുകടിച്ചുകൊണ്ടാണു് അവളതു പറഞ്ഞതു്. അല്പ നേരം അവൾ മിണ്ടാതെ എന്തോ ആലോചിച്ചു കൊണ്ടിരുന്നു. ഒഴുകിക്കൊണ്ടിരുന്ന കണ്ണുനീർ നിലച്ചു.

" കുഞ്ഞിൻെറ മരണവാത്ത ഞാൻ അദ്ദേഹത്തെ അറിയിച്ചില്ല. അദ്ദേഹം അതെന്തിനറിയണം? നിരാശയുടെ നിലവിളിയല്ലാതെ മറെറാന്നും അദ്ദേഹത്തിൻെറ കത്തുകളിലുണ്ടായിരുന്നില്ല. കുഞ്ഞിനെക്കുറിച്ചോ എന്നെപ്പററിയോ ഒന്നും അതിൽ എഴുതാറില്ലായിരുന്നു താനും. ആ കത്തുകളിൽ ഒരേഒരു പല്ലവിമാത്രം കേൾക്കാം-" പണം അയക്കൂ! " അയലത്തുള്ള ചില ആളുകൾ ചേൻനാണു് എൻെറ കുഞ്ഞിൻെറ ശവമടക്കാൻ കൊണ്ടുപോയതു്. അതിനു ചിലവാക്കാൻ പോലും ഒരു പൈസ എൻെറ കൈവശമുണ്ടായിരുന്നില്ല.

" അട്ടത്ത ദിവസത്തെ പോസ്റ്റിൽ എനിക്ക് അ ദ്ദേഹത്തിൻെറ കത്തുകിട്ടി. അൻപതുറുപ്പാകൂടി അടി യന്തിരമായി അയച്ചുകൊടുക്കണം. കുത്തിവയ്ക്കാനുള്ള മരുന്നുവാങ്ങാൻ! ... പൊട്ടിക്കരയേണ്ട ഞാൻ ഉറക്കെ ചിരിച്ചു........ എൻെറ ചിരികേട്ട് അയൽക്കാർ കരു തിയിരിക്കും എനിക്ക് ഭ്രാന്തുപിടിച്ചെന്ന്......എങ്കി ലും ആരും അവിടെക്കയറിവന്നു തിരക്കിയില്ല."

ദീർഘമായ നിശ്ശബ്ദത.

" പണം അയക്കണം. എന്നാൽ പണം എവ ടെ?..... അതുമാത്രമായി എൻെറ ചിന്ത. സന്ധ്യയായ പ്പോൾ ഞാൻ തെരുവിലേക്കിറങ്ങി. ഗോവിന്ദൻകുട്ടി മേനോൻ രണ്ടു തെരുവിന്നപ്പുറത്തു താമസമുണ്ട് ഒരു വീടെടുത്ത്, തനിച്ച്. എൻെറ ഭർത്താവിൻെറ ഒരു നല്ല പരിചയക്കാരനാണ്. കമ്പനിയിലെ ബിസിനസ്സുവ ഴി പരിചയത്തിലായതുമാണ്. അതിൽ കൂടുതൽ ബ ന്ധമൊന്നും ഞങ്ങൾ തമ്മിലില്ല. ഒന്നുരണ്ടു തവണ അദ്ദേഹത്തോടൊത്തു വീട്ടിൽ വന്നിട്ടുണ്ട്. ഇവിടെ, ഈ പ്രദേശത്ത് അദ്ദേഹത്തിനുണ്ടായിരുന്ന ഒരേഒരു സ്നേ ഹിതൻ ഗോവിന്ദൻകുട്ടി മേനോൻ മാത്രമാണ്. സ്നേ ഹിതനെന്നു പറയത്തക്ക നിലയിൽ അവരുടെ ബന്ധം വളൎന്നിരുന്നോയെന്നുതന്നെ എനിക്കു നിശ്ചയമില്ല. ആ തെരുവിൽ കൂടി ഞങ്ങൾ—ഞാനും എൻെറ ഭർത്താവും—ന ടന്നിട്ടുള്ളപ്പോൾ ആ വീട് കാണിച്ചു തന്നിട്ടുള്ള ഓൎമ്മയു ണ്ട്. ഒരിക്കൽ അവിടെ കേറിയിട്ടുമുണ്ട്.

" ഞാൻ ഗോവിന്ദൻകുട്ടി മേനോൻെറ വീട്ടിലേ ക്കു തിരിച്ചു.

" അവിടെ ചെന്നപ്പോൾ അയാൾ ആഫീസിൽ നിന്നു മടങ്ങി വന്നിട്ടുണ്ട്. കുപ്പായമഴിച്ചിട്ടശേഷം പങ്കയുടെ കീഴിൽ വിയപ്പ്ശമിക്കാൻ കാററു കൊള്ളുകയായിരുന്നു. ഞാൻ മടികൂടാതെ മുറിയിലേക്ക കടന്നുചെന്നു.

" എന്നെ കണ്ടപ്പോൾ മേനോൻ പകച്ചുപോയി. തികച്ചും അപ്രതീക്ഷിതമായിരുന്ന ദുരന്താനുഭവങ്ങൾ പുറത്തറിയിക്കാത്തമട്ടിലാണ് ഞാൻ സംസാരിച്ചതു്. വളരെ നേരം ഞാൻ അങ്ങിനെ അവിടെയിരുന്നു. എൻെറ ഹൃദയത്തിൽ അലയടിച്ചു അലറികൊണ്ട് ഒരു ശോക സമുദ്രം നിലവിലുണ്ടെന്നു് അദ്ദേഹം സംശയിച്ചില്ല. അതിൽ അദ്ദേഹത്തിനുതാല്പര്യവുമുണ്ടായില്ല.

" യാത്രപറഞ്ഞിറങ്ങാമെന്നു കരുതി ഞാൻ എഴുന്നേററു. അല്പം അറച്ചായിരുന്നെങ്കിലും ഞാൻ പറഞ്ഞു-" എനിക്കു് അത്യാവശ്യത്തിനായി അൻപതു ഉറുപ്പികവേണം."

" മേനോൻ ചിരിച്ചു. " ഉറുപ്പികയോ?-" അദ്ദേഹം എന്നെ കടന്നു പിടിച്ചു. അയാളുടെ ഉരുക്കമുഷ്ടികളിൽ ഞാൻ അമന്നു.

അയാൾ ചിരിക്കുകയാണു്.

" നിനക്കു് ഉറുപ്പികതരാൻ ആക്ഷേങ്കിലും മടിയുണ്ടാകുമോ ?"

" അയാൾ എന്നെ കിടപ്പുമുറിയിലേക്കു് ബലമായി കൊണ്ടുപോയി.

" അന്നു തുടങ്ങിയതാണു് മേനോനുമായുള്ള എൻെറ ബന്ധം. എന്നെ ഇവിടെ കൊണ്ടുവന്നു താമസിപ്പിച്ചിരിക്കുന്നതു് അയാളാണു്."

ദീർഘനേരം ജാനകി മിണ്ടാതിരുന്നു.

"ഒരു സ്ത്രീ ഇതൊക്കെ ഇങ്ങനെ വെട്ടിത്തുറന്നു പറയുന്നതിൽ നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടെന്നെനിക്കറിയാം. എനിക്കീജീവിതത്തിൽ ഇനി ബാക്കിയെന്തുണ്ടു്? രഹസ്യംകൊണ്ടു് എനിക്കെന്തു പ്രയോജനം?... രഹസ്യം ഒരാഡംബരമാണു്. എനിക്കു് ആ ആഡംബരത്തിൻെറ ആവശ്യമില്ലാതായി...

മേനോനുമായുണ്ടായ ബന്ധംകൊണ്ടു് എൻെറ പണത്തിൻെറ പ്രയാസങ്ങൾ വളരെയധികം തീൎന്നു. എൻെറ ഭൎത്താവിൻെറ ദയനീയമായ സ്ഥിതി അയാൾക്കറിവുണ്ടു്. മുടങ്ങാതെ ഞാൻ പണം അയച്ചുകൊണ്ടിരുന്നു. ഈ പണം എങ്ങിനെയുണ്ടാകുന്നെന്നു് അദ്ദേഹം തിരക്കിയിട്ടില്ല, ഒരെഴുത്തിലും......ഞാൻ അതിനെപ്പറ്റി സൂചിപ്പിക്കാനും തുനിയുമോ? രണ്ടരകൊല്ലത്തോളം ഈ നില തുടൎന്നു......

ഒടുവിൽ എനിക്കു് കിട്ടിയ കത്തു് സാനിറേറാറിയത്തിലെ സൂപ്രണ്ടിൻെറതായിരുന്നു. എൻെറ ഭൎത്താവു് മരിച്ചെന്നുള്ള അറിയിപ്പു്......

അവൾ പൊട്ടിക്കരഞ്ഞു. കൈകൊണ്ടു മുഖംപൊത്തി ഹൃദയം പൊട്ടിത്തകരുന്ന തരത്തിൽ അവൾ കരഞ്ഞു......

ഗോപാലൻകുട്ടി. ആ രംഗം ഇപ്പോഴും സ്മരണമണ്ഡലത്തിൽ കാണുന്നുണ്ടു്......

അതാണു് ജാനകിയുടെ കഥ. അയാളുടെ ഓൎമ്മയിലെ ഓളങ്ങൾ വിരചിക്കുന്ന ചിത്രം......

പാറുക്കുട്ടിയെപററിയുള്ള വിവരങ്ങൾ ശ്രീധരൻ അയാളോടു പറഞ്ഞിട്ടുള്ളതാണു്. അവളോടു് അടുക്കുവാനോ ഇടപഴകുവാനോ ഗോപാലൻകുട്ടിക്കു് കഴിഞ്ഞിട്ടില്ല. എന്തോ ഒന്നു് അതിനു തടസ്സമായിട്ടു് എന്നും നിന്നിരുന്നു. ഒരു വീട്ടിൽ എത്രയും അടുത്താണു് ജീവിച്ചിരുന്നതെങ്കിലും ഏററവും വിദൂരതയിലാണു് അവർ വർത്തിച്ചിരുന്നതു്......

തലശ്ശേരിയിൽനിന്നു് മദിരാശിയിലെത്തി ആരുമാരും അറിയാതെ ഒതുങ്ങി ഒഴിഞ്ഞുമാറി ശ്രീധരൻ ജീവിക്കുകയായിരുന്നു. ചെറിയ ഒരു വീടെടുത്താണു് അയാൾ താമസിച്ചിരുന്നതു്. ഊണു് പുറത്തുനിന്നു്. വിശ്രമംമാത്രം വീട്ടിൽ. മററാരും കൂട്ടിനൊട്ടില്ലതാനും. ആരും ഉണ്ടാകരുതെന്നു് നിർബ്ബന്ധവുമുണ്ടായിരുന്നു. വെയിലാറുമ്പോൾ പുറത്തിറങ്ങി അവിടെയും ഇവിടെയും അലഞ്ഞുനടക്കും......രാത്രി കുറെചെല്ലുമ്പോൾ അത്താഴവും കഴിഞ്ഞു് വീട്ടിൽ ചേക്കേറും......ഒന്നിലുമൊരു താല്പര്യമില്ല. ഉത്സാഹമില്ല. സകലബന്ധങ്ങളും ഛേദിച്ചു് സ്വന്തം ലോകത്തിൽ ഏകാന്തതയനുഭവിച്ചു് കഴിയുകയായിരുന്നു ശ്രീധരൻ.

ഒരു ദിവസം സന്ധ്യയടുക്കാറായ സമയത്തു് ശ്രീധരൻ പാക്ക്ടൗൺ റയിൽവെസ്റ്റേഷനിൽ നില്ക്കുകയായിരുന്നു. ആഫീസുകഴിഞ്ഞും ജോലികഴിഞ്ഞും മടങ്ങുന്നവരുടെ തിരക്കുതന്നെ. അങ്ങോട്ടുമിങ്ങോട്ടും പോയ്ക്കൊണ്ടിരുന്ന വണ്ടികളിൽ ഇടമെന്നൊന്നില്ല. ബഹളങ്ങൾ നോക്കിക്കൊണ്ടു് ഒരു തിരക്കുമില്ലാതെ അയാൾ നില്ക്കുകയാണു്......

"അല്ല! ശ്രീധരൻകുഞ്ഞോ?" ആരോ അയാളുടെ പേർ പറയുന്നതു കേട്ട് തിരിഞ്ഞുനോക്കി. ഒരു വൃദ്ധൻ അയാളുടെ അടുത്തേക്കു വന്നു. കൂടെ ഒരു പരിഷ്കാരിപ്പെണ്ണും ഉണ്ട്......

ശ്രീധരൻ വൃദ്ധനെ സൂക്ഷിച്ചുനോക്കി കുഞ്ഞാണ്ടി! അയാളുടെ നാട്ടിലെ കുഞ്ഞാണ്ടി!......

ശ്രീധരൻ അതിശയിച്ച് പകച്ചുനിന്നു.

"കുഞ്ഞ് ഇവിടെ?......" കുഞ്ഞാണ്ടി ചോദിച്ചു. പെട്ടെന്ന് ഒന്നും മറുപടിപറയാൻ ശ്രീധരനു കഴിഞ്ഞില്ല. നാട്ടിൽനിന്ന് വരുന്ന ഒരാളിനെകാണാൻ അയാൾ തീരെ ആഗ്രഹിച്ചില്ല.

"ഇവിടെയാണോ?" വൃദ്ധൻ ആവർത്തിച്ചു.

"അതെ!"

"എവിടെ താമസം?"

"ഇവിടടുത്ത്..." പറഞ്ഞു കഴിഞ്ഞപ്പോഴാണ് വിചാരിച്ചത് അതു പറയേണ്ടായിരുന്നെന്ന്.

"ഭാഗ്യമായി. ദാ! ഇവളെ കുഞ്ഞറിയില്ലേ?"

ശ്രീധരൻ അടുത്തുനിന്നിരുന്ന തൻേറടക്കാരിപ്പെണ്ണിനെ നോക്കി. ശ്രദ്ധാപൂർവ്വം, അത്യാഡംബരപൂർവ്വം തനി പരിഷ്കാരികളുടെമാതിരി വേഷമണിഞ്ഞിട്ടുള്ള പെൺകുട്ടി. സുന്ദരിയാണെന്നു പറയാനാവില്ല. എങ്കിലും അവൾ ആരുടെയും ശ്രദ്ധയാകർഷിക്കും. സാമാന്യത്തിലധികം പൊക്കമുണ്ട്. മെലിഞ്ഞ ശരീരം.

"നമസ്തേ!" അവൾ ശ്രീധരനെനോക്കി പറഞ്ഞു: വടിവൊപ്പിച്ച്.

"എന്റെ മോളാ. അവടെ ചേട്ടൻ ഗോവിന്ദൻെറകൂടെ ബോംബെലായിരുന്നു."

"അതെ! എനിക്ക സിനിമയിലുള്ള ഭ്രമംകൊണ്ടാണ്......" അവൾ പറയാൻ തുടങ്ങി.

"ഈ വയസ്സുകാലത്ത് അതുകൊണ്ട ഞാൻ കൂടി ഇങ്ങോട്ടിറങ്ങിത്തിരിക്കേണ്ടിവന്നു......" കുഞ്ഞാണ്ടി സന്തോഷമില്ലാതെ പറഞ്ഞു.

"ചേന്നോ സിനിമയിൽ? എന്തെങ്കിലും പറ" യണമെല്ലോ എന്നു കരുതിയാണ് ശ്രീധരൻ ചോദിച്ചത്. അയാൾക്ക് ഒരു താല്പര്യവുമുണ്ടായില്ല.

"ഇല്ല. കുറച്ചുദിവസം പിടിക്കും. വന്നിട്ട് ഒരാഴ്ചയോളമേ ആയുള്ളൂ. കുഞ്ഞിനെ കണ്ടതു് എന്തായാലും ഭാഗ്യമായി. എനിക്കാണെങ്കിൽ, കുഞ്ഞിനറിയാമല്ലോ, ഒരു നൂറുകൂട്ടം കാര്യങ്ങളുണ്ട് നാട്ടിൽ. അതൊക്കെ ഇട്ടെറിഞ്ഞു ഇറങ്ങിയതാ. ഇവളുടെ നിർബ്ബന്ധംകൊണ്ട്."

"എനിക്ക് നാട്ടിൻപുറത്ത് കഴിയാനിഷ്ടമില്ല." അവിടെ ഒരു ലൈഫുമില്ല......"

"സിനിമയിലൊക്കെ കടന്നുകൂട്ടുന്നതു് എളുപ്പമല്ല. വളരെ ശ്രമം വേണ്ടിവരും." ശ്രീധരൻ പറഞ്ഞു.

"നേരാ! ഇവളോടതൊക്കെ പറഞ്ഞാൽ കേൾക്കണ്ടേ?......"

"ഒന്നുരണ്ട് ആളുകളെ കണ്ടുകഴിഞ്ഞു. വളരെ ഹോപ്പുണ്ട്. ഞാൻ ട്രൈചെയ്യാൻതന്നെ നിശ്ചയിച്ചിരിക്കുകയാണ്." മുഖത്തിരുന്ന കറുത്ത കണ്ണട എടുത്തു തുടച്ചുകൊണ്ട് അവൾ പറഞ്ഞു.

" നോക്കട്ടെ, അവൾ ശ്രമിക്കട്ടെ, എന്നു ഞാനും വിചാരിച്ചു. ഇവൾ ഞങ്ങൾക്കു് സൈ്വരം തരുകയില്ല വീട്ടിലായാൽ......കുഞ്ഞിൻെറ താമസം...?"

" കുറച്ചുനടക്കണം ഇവിടുന്നു്......

" ഇവിടാണെങ്കിൽ പോകാനും വരാനും സൗകര്യ്യമായിരിക്കും......." യുവതി ആത്മഗതംപോലെ പതുക്കെ പറഞ്ഞു.

" നമുക്കു വീട്ടിലേക്കു് പോയാലോ ?" വൃദ്ധൻ തിരക്കി. " ഹോട്ടലിൽ എത്ര ദിവസം താമസിക്കാനൊക്കും ?"

" എനിക്കു് ഹോട്ടലിൽ താമസിക്കുന്നതിനു വിഷമമില്ല. എന്നാൽ ഫാദറിനു് അതു പിടുത്തമല്ല." യുവതി ചിരിച്ചു.

" ഞാൻ നാട്ടിൻപുറത്തുകാരനാ. എനിക്കീ പരിഷ്ക്കാരമൊന്നും ഹിതമാകുകയില്ല. എന്നാൽ നമുക്കു് നടന്നാലോ ?"

ശ്രീധരൻ എന്തു ചെയ്യണമെന്നറിയാതെ നിന്നു.

" അല്ല. കുഞ്ഞിനു് എങ്ങോട്ടെങ്കിലും പോകണമെങ്കിൽ വീടു കാണിച്ചുതന്നിട്ടു് ആയിക്കോളൂ !"

ഒഴിവുകഴിവുകൾ പറയുന്നതുകൊണ്ടു് ഫലമൊന്നുമുണ്ടാകുകയില്ലെന്നു ശ്രീധരനു തോന്നി.

" കുഞ്ഞു തനിച്ചാണോ താമസം ?"

" അതെ !"

" ഇവളെക്കൊണ്ടു് ശല്യമൊന്നുമുണ്ടാകുകയില്ല."

" ഞാൻ മിക്കവാറും വെളിയിലായിരിക്കും. സിനിമയിൽ ചാൻസുവന്നാൽ പിന്നെ തിരക്കുപിടിച്ച പണിയുമാകും."

" താവളത്തിന് പരിചയമുള്ള ഒരിടമാണെങ്കിൽ വീട്ടിലിരിക്കുന്ന ഞങ്ങൾക്ക് തീ തിന്നാതെ കഴിയാനൊക്കും. " വൃദ്ധൻ പറഞ്ഞു.

" വരൂ !" ശ്രീധരൻ നടന്നു. പുറകെ കുഞ്ഞാണ്ടിയും മോളുമുണ്ട്.

അങ്ങിനെ പാറുക്കുട്ടി ശ്രീധരൻെറ വീട്ടിൽ താമസം തുടങ്ങി. നാലഞ്ചു ദിവസംകഴിഞ്ഞു് മകളെ ശ്രീധരനെ ഏല്പിച്ചിട്ട് കുഞ്ഞാണ്ടി മടങ്ങി.

നടന്മാരും നടികളും ഡയറക്ടറന്മാരും ആരാധകന്മാരും എന്നു പറഞ്ഞുകൊണ്ട് പാറുക്കുട്ടിയെ കാണാൻ പലരും അവിടെ വന്നു തുടങ്ങി. മദിരാശിയിൽ താമസം തുടങ്ങിയിട്ട് അധികദിവസങ്ങൾ ആകാത്ത പാറുക്കുട്ടിക്ക് ഇത്രയേറെ ആളുകളെ ആകർഷിക്കുവാൻ സാധിച്ചതു കണ്ടപ്പോൾ ശ്രീധരന് വിസ്മയമാണുണ്ടായതു്. അവളുടെ ജീവിതരീതിയിൽ അയാൾ ഒരു തരത്തിലും ഇടപെട്ടില്ല; അതു് അധികം കെട്ടുറപ്പുള്ളതല്ലെന്നു് അറിയാൻ കഴിഞ്ഞെങ്കിലും.

താമസത്തിന് സൗകര്യം കൊടുത്തതിനു പ്രതിഫലമായി പ്രതീക്ഷയിൽ കൂടുതൽ പണം പാറുക്കുട്ടി ശ്രീധരനു കൊടുത്തുകൊണ്ടിരുന്നു. ആദ്യം ഈ സാഹചര്യവുമായി പൊരുത്തപ്പെടുവാൻ ശ്രീധരന് വളരെ വിഷമം തോന്നി. എന്നാൽ ഒന്നിലും താല്പര്യം എടുക്കാതെ പെരുമാറിയതിനാൽ, ക്രമേണ അയാൾക്ക് വിഷമം കുറയ്ക്കാൻ കഴിഞ്ഞു. അതിനു മറെറാരു കാരണവും ഉണ്ടായിരുന്നു. നാട്ടിൽനിന്നു പോരുമ്പോൾ കയ്യിൽ അധികം

പണമുണ്ടായിരുന്നില്ല. മദ്രാസിലെത്തി താമസം തുടങ്ങി യതല്ലാതെ, പുതിയ വരുമാനത്തിന് വഴിയൊന്നുമുണ്ടാക്കിയില്ല. അതിനാൽ കീശ ശോഷിച്ചുവന്നു. പാറുക്കുട്ടി അവിടെ താമസത്തിന്നു വന്നപ്പോൾ കുറച്ചൊരു പ്രയാസത്തിലേക്ക് എത്താനും ഇടയായി. അവൾ വേണ്ട പോലെ പണം നല്കിത്തുടങ്ങിയപ്പോൾ ശ്രീധരന് ഒരു തരത്തിൽ ആശ്വാസംതോന്നി.

പലരും, പാറുക്കുട്ടി വഴി ശ്രീധരന്റെ വീട്ട് സൗകര്യമായ ഒരു സങ്കേതമാക്കി. മററുള്ളവരുടെ ഇടപെടലോ ഉപദ്രവമോ കൂടാതെ കാമകേളികളാടാനുള്ള ഒരു സങ്കേതം. പ്രതിഫലമായി നല്ലതുക ശ്രീധരനും കിട്ടി; പ്രതീക്ഷിക്കാനാവാത്ത തോതിലുള്ളതായിരുന്നു താനും അതു്. സാമ്പത്തിക വൈഷമ്യത്തിന്റെ നിഴൽ നിശ്ശേഷംമാറി. പണത്തിൽ പററിയിരുന്ന പാപത്തിന്റെ വിയപ്പ്് ശ്രീധരൻ കാര്യമാക്കിയതുമില്ല.

"സെക്സ് ആണ് ഇന്നു് ഏററവും ആദായം നല്കുന്ന ബിസ്നസ്." അവിടെ വന്നിട്ട് ചിലർ മടങ്ങുമ്പോൾ ക്രൂരമായ സംതൃപ്തിയോടെ, ശ്രീധരൻ പറഞ്ഞിട്ടുള്ള വാക്കുകൾ ഗോപാലൻകുട്ടിയുടെ സ്മരണമണ്ഡലത്തിൽ പ്രതിധ്വനിച്ചു. "ഓരോ മനുഷ്യനും അതിൽ തല്പരനാണ്. ഡിഗ്രിയിൽ മാത്രമേ അവക്കു വ്യത്യാസമുള്ളൂ. അതിനെ മുതലെടുത്ത് പണം പെരുക്കുന്നവർ ഇന്നെത്രയാണ്. അസംതൃപ്തമായിക്കിടക്കുന്ന ഈ ലൈംഗികാസക്തിയുടെ പൂർത്തീകരണം പലരും പലതരത്തിലാണു കണ്ടെത്തുന്നതു്. ഓരോ വിഭാഗത്തിൽപെട്ടന്ന

വരുടെ ആശങ്ങളോപ്പം സൗകര്യങ്ങൾ ഉണ്ടാക്കുന്നവർ ആദായമുണ്ടാക്കും. അത്തരത്തിലുള്ള ഒരു കൂട്ടരുടെ സൗകര്യങ്ങളാണു് ഇവിടെ ചെയ്തിരിക്കുന്നതു്. ഇതു് ചീത്തയാണെന്നെനിക്കു പക്ഷമില്ല. ഏതു പണക്കുമ്പാരത്തിനും പാപത്തിൻെറ ഈൗപ്പുമുണ്ടാകും. ഇവിടെ എൻെറ കീശയിൽ വീഴുന്ന പണത്തിലും കളങ്കത്തിൻെറ പങ്കു് ഉണ്ടായിരിക്കും. എന്നാൽ എന്നെപ്പോലെ ജീവിതാനുഭവങ്ങളുള്ള ഒരാളിനു്, പാപത്തെക്കുറിച്ചു് പരിതപിക്കേണ്ട ബാധ്യതയില്ല.'' സ്വന്തം ജീവിതതത്വജ്ഞാനത്തെ ഒട്ടും മറവുകൂടാതെ പ്രകടമാക്കിയിരുന്നപ്പോഴെല്ലാം ഉരുക്കിനെക്കാൾ ഉറപ്പുള്ള ആത്മവിശ്വാസം ശ്രീധരനിൽ കാണുകയുണ്ടായി. അയാളിൽ ദയയോ കാരുണ്യമോ അല്പംപോലും അവശേഷിച്ചിട്ടുള്ളതായി തോന്നിയതുമില്ല. എത്രയുമേറെ വെറുക്കപ്പെടേണ്ട ഒരു വ്യക്തിയാണയാൾ എന്നു് ഗോപാലൻകുട്ടിക്കു തോന്നിയിട്ടുണ്ടു്. യഥാർത്ഥത്തിൽ മനസ്സിൽ ഇങ്ങനെ ഊറിനിന്ന വിപ്രതിപത്തിയാലാണു് മദിരാശി വിട്ടുപോകുന്ന കാര്യംപോലും ശ്രീധരനോടു പറയാതിരുന്നതു്. അയാളുമായി സമ്പർക്കത്തിനിടവന്നതു് ജീവിതത്തിലെ ഭാഗ്യഹീനമായ ഒരു സംഭവമായിട്ടാണു് ഗോപാലൻകുട്ടി അന്നു കരുതിയിരുന്നതും. താമസിക്കാൻ സൗകര്യപ്രദമായ ഒരു താവളം കൈവന്നതു് പുറംകാലുകൊണ്ടു ചവിട്ടിക്കളയാൻ, ഗോപാലൻകുട്ടിയുടെ അന്നത്തെ ചുററുപാടു് അനുവദിച്ചതുമില്ല.

ഇന്നു് ശ്രീധരനെക്കുറിച്ചു വിധിപറയുവാൻ തുനിയുമ്പോൾ, അന്നത്തെ രൂക്ഷതയൊന്നും ഗോപാലൻകുട്ടി

യുടെ മനസ്സിൽ കാണാനില്ല. അയാളോട്ട് കൂടുതൽ കാരുണ്യം കാണിക്കണമെന്നുള്ള മനോഭാവമാണ് അധികമുള്ളതെന്ന് തോന്നി... ...

ഗോപാലൻകുട്ടി എഴുന്നേററു് ജനാലയുടെ അടുത്തേക്കുപോയി അതിൻെറ കതകുതുറന്നു. നനച്ചതുണി മുഖമടക്കം ആരോ എറിഞ്ഞതുപോലെ തണുത്തകാററു് ഊക്കോടെ അടിച്ചുകയറി. എന്തൊരുസുഖം അതേററുകൊണ്ടു നില്ക്കുവാൻ ! വെളിയിൽ നിലാവ്, ഉറങ്ങുന്നലോകത്തെ പട്ടുതുണി കൊണ്ടുമൂടുന്നപോലെ പുതച്ചിരിക്കുന്നു. എന്തെന്നില്ലാതെ, എങ്ങോട്ടെന്നില്ലാതെ, ഇരുട്ടിൽ നോക്കിക്കൊണ്ട് ഗോപാലൻകുട്ടി കുറെനേരം നിന്നു.

മുറിയിൽ അടിച്ചുകയറിയ തണുത്തകാററു് ഏററിട്ടായിരിക്കും സരള ഉണർന്നതു്. അവർ തലപൊക്കി നോക്കി.

" എന്താ അർദ്ധരാത്രി കഴിഞ്ഞിട്ടും ഉറക്കമില്ലേ ?"

" ഉറങ്ങാം !"—ജനാലയടച്ചശേഷം അയാൾ കിടക്കയുടെ അടുത്തേക്കു വന്നു്, വിളക്ക് അണച്ചു.

നാലു്

തീവണ്ടിയെത്തിയപ്പോൾ ബന്ധുക്കൾ പലരും സ്റ്റേഷനിൽ കാത്തു നില്ക്കുന്നുണ്ടായിരുന്നു. അവർ ചേന്നു് ഗോപാലൻ കുട്ടിയെയും കുടുംബത്തെയും സ്വീകരിച്ചു.

"കാണാൻ കൊതിച്ചു കൊതിച്ചു് എത്രനാളായി കാത്തിരിക്കുവാ. കണ്ണടയ്ക്കുന്നതിനുമുമ്പു് എനിക്കെങ്കിലും അതിനിടയായല്ലോ മോനേ!" വേച്ചു വേച്ചു് വടി കുത്തി അടുത്തേക്കു നീങ്ങിയ വൃദ്ധൻ ഗോപാലൻകുട്ടിയെ കെട്ടിപ്പിടിച്ചു. അയാളുടെ പിടിഅയയുവാൻ കുറെനേരം വേണ്ടിവന്നു.

"കൊച്ചച്ചൻ!" സരളയോടു തിരിഞ്ഞു് ഗോപാലൻകുട്ടി പറഞ്ഞു. "ഇവളാണെന്റെ ഭാര്യ. സരള! ഇതു് മോൾ ശ്യാമ! മോളെ! എല്ലാവക്കും നമസ്തേ പറ!"

"കുഞ്ഞുമോളെ!" വൃദ്ധൻകുട്ടിയെ അടുത്തു പിടിച്ചുനിത്തി തലയിൽ തലോടി. "കണ്ണുനിറച്ചു് നിന്നെയൊന്നു കാണട്ടെ!–" അയാൾ കുനിഞ്ഞു് അവളുടെ മുഖത്തുനോക്കി. "കെച്ചേട്ടനു് നിന്നെക്കാണാനൊത്തില്ല. അതിനുമുമ്പേ പോയി! കാലനുപോലും വേണ്ടാത്തവൻ ഞാനേയൊള്ളു."

" സാമാനമെല്ലാം എണ്ണിയിറക്കട്ടെ. നിങ്ങൾ അങ്ങോട്ട ഒതുങ്ങിനില്ക്കിൻ !" ഗോപാലൻകുട്ടി പറഞ്ഞിട്ട് കമ്പാട്ട്മെൻറിൽ കയറി കൂലിക്കാരേക്കൊണ്ട് സാമാനങ്ങൾ എടുപ്പിച്ചു. ഇറക്കിക്കഴിഞ്ഞപ്പോൾ അയാൾ പറഞ്ഞു-" പതിനാറുപെട്ടികൾ !"

" പതിനാറുമുണ്ട്." കൃഷ്ണൻനായർ എണ്ണിയിട്ട പറഞ്ഞു.

നല്ല ആൾത്തിരക്കുണ്ട് ഇറങ്ങിയവരുടെയും കയറുന്നവരുടെയും ബഹളം!

" ആസൂട്ട്കേസ് പ്രത്യേകം സൂക്ഷിക്കണേ!" സരള ഗോപാലൻകുട്ടിയെ നോക്കിപ്പറഞ്ഞു.

പ്ലാററ്ഫാറത്തിൻെറ ഒരു കോണിലേക്ക നീങ്ങിനിന്നുകൊണ്ട് ഗോപാലൻകുട്ടി പറഞ്ഞു: " ലോകം ചുററി വീണ്ടും നാട്ടിലെത്തി, ഇരുപത്തിരണ്ട കൊല്ലത്തെ ദീർഘയാത്ര! "

" യാത്ര സുഖമായിരുന്നോ ?"

" വലിയ കുഴപ്പങ്ങളൊന്നും പറയാനില്ല. ഗൌരിക്കുട്ടിയെ കണ്ടില്ലല്ലോ. അവർ വന്നില്ലേ ഇങ്ങോട്ട്? "

"ചേട്ടൻ വിരുന്നുവരുമ്പോൾ അവള് അടുക്കളവിട്ട പുറത്തുവരുമോ?-" കൃഷ്ണൻ നായർ പറഞ്ഞിട്ട ചിരിച്ചു. " ഒരു കാര്യം ചെയ്യാം. ചേച്ചിയും കുഞ്ഞും കൊച്ചച്ചനുംകൂടി ആദ്യം ടാക്സിയിൽ വീട്ടിലേക്ക പോയാട്ടെ. സാമാനങ്ങളുമായി ഞങ്ങൾ പുറകെ വരാം."

ചൂളം വിളിച്ച് വണ്ടി സ്റ്റേഷനിൽനിന്നു നീങ്ങി. ആളുകൾ പിരിഞ്ഞു തുടങ്ങി. കുറേപ്പേർ ഗോപാലൻ

കുട്ടിയും കൂട്ടരും നിന്നിടത്തേക്കു നീങ്ങി. സിംഗപ്പൂരിൽ നിന്നു വരുന്നവരല്ലേ? നാട്ടുകാർക്ക് അവരെ കാണാൻ താല്പര്യമില്ലാതെ വരുമോ? പരിചയക്കാരും അല്ലാത്തവരിൽ ചിലരും ഗോപാലൻകുട്ടിയോടു കുശലം ചോദിച്ചു കൊണ്ടു നിന്നു.

എന്തൊരാഹ്ലാദം! എന്തൊരുത്സാഹം! നാട്ടിലെ കാററേററപ്പോൾ പുതിയ ഒരുന്മേഷം! മുമ്പൊരിക്കലും ഇങ്ങനെയൊരനുഭവം ഗോപാലൻകുട്ടിക്കു തോന്നിയിട്ടില്ല.

വണ്ടിവന്നു നില്ക്കുന്നു. ചേച്ചിയും കുഞ്ഞും കൊച്ചച്ചനും ചെല്ലണം.'' കൃഷ്ണൻനായർ പറഞ്ഞു.

വൃദ്ധൻെറ കൈക്കു പിടിച്ച് ഗോപാലൻകുട്ടി ടാക്സി നിന്നിരുന്നിടത്തേക്കു നടന്നു. അന്ന് അയാൾ നാടു വിട്ടപ്പോൾ ഈ വൃദ്ധൻ ഒരു ആജാനബാഹുവായ യുവാവായിരുന്നു. ഇന്ന് അദ്ദേഹം എത്രമാറിയിരിക്കുന്നു. കാലം വരുത്തിയ മാററം!

പിടിച്ചു നടത്തിക്കൊണ്ടു മുമ്പോട്ടു നീങ്ങിയപ്പോൾ, അദ്ദേഹത്തിൻെറ ശരീരത്തിൻെറ ശക്തി എത്രമാത്രം ക്ഷയിച്ചിരിക്കുന്നെന്ന് ഗോപാലൻകുട്ടിക്ക് അനുഭവമായി. ജരബാധിച്ച്, അയഞ്ഞു കിടക്കുന്ന തൊലി. വിറക്കുന്ന കൈകൾ. വിരലുകൾക്കു പിടിമുറുക്കാനുള്ള ശേഷിപോലുമില്ല! നീണ്ടശരീരത്തിൽ മാംസത്തെക്കാളേറെ അസ്ഥികളാണുള്ളത്. നെഞ്ചിലെ രോമങ്ങളെല്ലാം നരച്ചിട്ടുണ്ട്. തലതാങ്ങിനിത്തുന്നതു കുറെ ഞരമ്പുകൾമാത്രമാണെന്നേ തോന്നു. കഴുത്ത് അത്രക്കു ശുഷ്കി

ച്ചിട്ടുണ്ട്. തല കുനിഞ്ഞുപോയിരിക്കുന്നു. മുക്കാൽ പങ്കം കഷണ്ടിയാണ്. അവശേഷിച്ചിട്ടുള്ള മുടിമുഴുവൻ നരച്ചിരിക്കുന്നു. പല്ലില്ലാത്ത വായിൽനിന്നു പുറത്തുവരുന്ന വാക്കുകൾക്ക് ഒട്ടും സ്പഷ്ടതയില്ല.

"നിന്നെ ഈ നിലയിൽ ഒന്നു കാണാൻ കൊച്ചേട്ടന് ഭാഗ്യമുണ്ടായില്ല. അതിനിടവരുമെന്നുറപ്പുണ്ടാകുമായിരുന്നെങ്കിൽ കാലൻെറ കയറു പൊട്ടിക്കാൻ കൊച്ചേട്ടന് കഴിഞ്ഞേനെ!" നടക്കുന്നതിനിടയാൽ അവ്യക്തമായി വൃദ്ധൻ പറഞ്ഞു.

" കഴിഞ്ഞതൊക്കെ കഴിഞ്ഞു കൊച്ചച്ഛാ! " ഗോപാലൻകുട്ടി ഗൽഗദത്തോടെ പറഞ്ഞു. ഒരു കാലത്ത് അയാൾ കരുതിയിരുന്നതാണ്, ലോകത്തിൽ അയാളുടെ ഏററവും വലിയ ശത്രുപിതാവാണെന്ന്. അതുകൊണ്ടാണുതാനും നാട്ടുവിടാമെന്നുറച്ചതും. ഇന്ന് പിതാവിനെപ്പററി വിചാരിക്കുമ്പോൾ ക്ഷമാപണത്തിനല്ലാതെ അയാളുടെ മനസ്സ് മുതിരാറില്ല.

ഗോപാലൻകുട്ടി ദീർഘമായി നിശ്വസിച്ചു. സരളയേയും കുഞ്ഞിനേയും കൊച്ചച്ഛനേയും ഒന്നിച്ച് ടാക്സിയിൽ കയററി വിട്ടശേഷം അയാൾ സാമാനങ്ങൾ ഇറക്കി വച്ചിരുന്ന സ്ഥലത്തേക്കുവന്നു. കൃഷ്ണൻനായർ വേറൊരു ടാക്സിപിടിക്കാൻ പോയിരിക്കുകയാണ്.

ടാക്സിവന്നപ്പോൾ സാമാനങ്ങൾ കയററാനുള്ള പണിയിൽ അവർ ഏർപ്പെട്ടു. എല്ലാം കയററി കഴിഞ്ഞപ്പോൾ ഒന്നുകൂടി എണ്ണിനോക്കി.

"പതിനഞ്ചെണ്ണമേയുള്ളല്ലോ."

" എന്തു? ഒന്നുകൂടി എണ്ണിയേ!"

കൃഷ്ണൻ നായർ വീണ്ടും എണ്ണി" പതിനഞ്ചേയുള്ളൂ. ഇറക്കിയപ്പോൾ പതിനാറെണ്ണമുണ്ടായിരുന്നല്ലോ." ഗോപാലൻ കുട്ടി പ്ലാററുഫോമിൽ എല്ലായിടത്തും നോക്കി. അവിടെങ്ങും ഒന്നും മറന്നിട്ടില്ല.

ആളുകളെല്ലാംതന്നെ പിരിഞ്ഞിരിക്കുന്നു.

ടാക്സിയിൽ കയററിയ സാധനങ്ങൾ ഗോപാലൻ കുട്ടി വീണ്ടും പരിശോധിച്ചു. "പതിനഞ്ചേയുള്ളൂ. ഏതാ കാണാനുള്ളത്?" തിരക്കിട്ട് വീണ്ടും പരിശോധിച്ചു. " ആ തോൽപെട്ടിയെവിടെ? "

രണ്ടു പേരുംകൂടി എല്ലാം നോക്കി. സൂട്ട്കേസ് കാണാനില്ല!

ഗോപാലൻ കുട്ടി അടിമുടി വിയർത്തു! അയാൾ ടാക്സിയിൽ ചാരി വിവശനായി നിന്നു. തല ചുററുന്നതു പോലെ തോന്നി. ടാക്സിക്കാരനും മററു ചിലരുംകൂടി സൂട്ട്കേസ് തിരയുന്നതിൽ പങ്കുകൊണ്ടു. തീവണ്ടിയാപ്പീസിൽ അതു് സംസാരവിഷയമായി. ഉദ്യോഗസ്ഥന്മാരും അവിടെയെത്തി.

പെട്ടിംകൊണ്ടു് ആരെങ്കിലും കടന്നുകാണും!" അവിടെ നിന്നിരുന്നവരിൽ ഒരാൾ നിദ്ദാക്ഷിണ്യമായി പറഞ്ഞു.

" യാത്രക്കാരെത്രയാ ഇവിടെ ഇറങ്ങിയതും കയറിയതും." മറെറാരാൾ പറഞ്ഞു.

ഗോപാലൻകുട്ടി മിണ്ടിയില്ല. അയാൾക്കു് ഒന്നിനും ഊർജ്ജിതമില്ലാതായി. സൂട്ട്കേസിൽ എന്തൊക്കെയുണ്ടായിരുന്നെന്നു് അയാൾക്കല്ലേ അറിവുള്ളൂ.

" ആദ്യംപോയ ടാക്സിയിൽ അതുകൊണ്ടു പോയിക്കാണുമോ?–" ആരോ ഒരാൾ അഭിപ്രായപ്പെട്ടു.

" ഇല്ല. അതിൽ മൂന്നുപേർ മാത്രമേ പോയിട്ടുള്ളു. ഒന്നും കൊണ്ടുപോയിട്ടില്ല.–" കൃഷ്ണൻ നായർ മറുപടിപറഞ്ഞു.

ടാക്സിയുംചാരി തലയ്ക്കു കയ്യുംവച്ച് വിവശനായി ഗോപാലൻകുട്ടി നില്ക്കുകയാണ്.

കുറച്ചു മുമ്പുണ്ടായിരുന്ന പ്രസന്നത അയാളുടെ മുഖത്തുനിന്ന് അപ്രത്യക്ഷമായിരിക്കുന്നു. " മുതലിൻെറ പകുതി പോയി !" അയാളുടെ ഹൃദയത്തിൽ അവിരാമമായി ആ വാക്കുകൾ പ്രതിധ്വനിക്കുകയാണ്.

" പോലീസിൽ പരാതി കൊടുത്താലോ?' അവിടെയുണ്ടായിരുന്ന ഒരു ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടു.

" വേണ്ടാ. പോയതുപോയി!–" ഗോപാലൻകുട്ടി പതുക്കെ പറഞ്ഞു. നെററിയിൽ പൊടിച്ചുനിന്ന വിയർപ്പ് തുവാലകൊണ്ടു തുടച്ചു. " നാട്ടിലെ സ്വീകരണം നന്നായി." അയാളുടെ ആത്മഗതം ആരും കേട്ടില്ല. ' വരൂ! പോകാം! "

ഗോപാലൻകുട്ടിയും കൃഷ്ണൻ നായരും വണ്ടിയിൽ കയറി. "പോകാം!"

ഡ്രൈവർ വണ്ടിവിട്ടു.

" കാര്യമായിട്ടുള്ളതു വല്ലതും പെട്ടിലൊണ്ടാരുന്നോ സാറെ ?" കുറച്ചങ്ങോട്ട് ചെന്നപ്പോൾ ഡ്രൈവർ കുശലം ചോദിച്ചു.

" പലതുമുണ്ടായിരുന്നു."

"സ്റ്റേഷനിലെന്തു കൂട്ടമായിരുന്നു. അതിലാരോ തട്ടിക്കാണും!"

ഗോപാലൻകുട്ടി ചിന്താവിഷ്ടനായിരിക്കുകയാണ്. വെളിയിലേക്കു നോക്കിക്കൊണ്ടു്. പണ്ടു പരിചയമുള്ള ഇടങ്ങൾ ഇന്നു വളരെ മാറിയിട്ടുണ്ടു്. പുതിയ റോഡുകൾ, പുതിയ വീടുകൾ. പുതിയ മുഖങ്ങൾ!

"'ശ്രീ വദ്ധന'മെന്നാ പുതിയ വീടിനു് പേരിട്ടിരിക്കുന്നതു്." കൃഷ്ണൻനായർ പറഞ്ഞു. "ഞങ്ങൾ ഇപ്പോൾ അവിടാ താമസം."

"എവിടെ?" അത്ഭുതപ്പെട്ടു ഗോപാലൻകുട്ടി ചോദിച്ചു.

"ശ്രീ വദ്ധനത്തു്." തെല്ലു് അപരാധബോധം കൃഷ്ണൻനായരുടെ സംസാരത്തിൽ നിഴലിച്ചിരുന്നു." വീടു് വെറുതെ അടച്ചിട്ടിരുന്നാൽ അശ്രീകരമായിരിക്കുമെല്ലോ. ചേട്ടൻ വരുന്നുണ്ടെന്ന കമ്പി വന്നപ്പോൾ മാറാമെന്നു വിചാരിച്ചു. എന്നാൽ കാഞ്ഞിരമൂട്ടിൽ ഇപ്പോൾ താമസിക്കുന്ന വാടകക്കാരൻ പരമേശ്വരൻപിള്ള കുറച്ചു കഴിഞ്ഞേ മാറൂ."

"വാടകക്കാരനോ?"

"അതെ! ശ്രീ വദ്ധനത്തേക്കു് ഞങ്ങൾ മാറിയപ്പോൾ കാഞ്ഞിരമൂടു് വാടകയ്ക്കുകൊടുത്തു."

"ഇതൊന്നും ഞാനറിഞ്ഞില്ലല്ലോ!" നീരസത്തിന്റെ ഛായ ഗോപാലൻകുട്ടിയുടെ വാക്കുകളിൽ കലന്നിരുന്നതു് കൃഷ്ണൻനായർ കാണുകയുണ്ടായി. അവർ രണ്ടു പേരും വെളിയിൽ ഓരോ വശത്തേക്കു നോക്കിയിരുന്നു.

"അറിയിക്കത്തക്കതായിട്ടൊന്നുമില്ലെന്നു കരുതി. അതുകൊണ്ടു് വിശേഷിച്ചെഴുതിയില്ല." അല്പം കഴിഞ്ഞു് കൃഷ്ണൻനായർ ആരോടെന്നില്ലാതെ പതുക്കെ പറഞ്ഞു.

പിന്നെ കുശലപ്രശ്നമൊന്നും ഉണ്ടായില്ല.

ശ്രീ വദ്ധനത്തിൻെറ മട്ടപ്പാവു ദൂരെവച്ചു കണ്ടപ്പോൾ ഗോപാലൻകുട്ടിയുടെ ശോകചരായ ഭേദിച്ചു്, ഹൃദയത്തിൽ ആനന്ദത്തിൻെറ അലകൾ ഉണൎന്നു. എത്ര സംതൃപ്തിയാണു് വീട്ട ദശിച്ചപ്പോൾ അയാൾക്കുണ്ടായതു്! നാട്ടിൽ കഴിഞ്ഞിരുന്നകാലത്തു് സ്വപ്നം കണ്ടിട്ടുള്ളതല്ല ഇവിടെ അയാളുടെ പ്രയത്നഫലമായി ഒരു മനോഹര സൗധം ഉയരുമെന്നു്.

കോൺക്രീററിൽ നിൎമ്മിച്ചിട്ടുള്ള രണ്ടുനില മാളിക, ചുററിനും തെങ്ങുകൾ. നാട്ടിൻപുറത്തു് പ്രൗഢിയുടെയും പരിഷ്കാരത്തിൻെറയും മുദ്ര ചാത്തിക്കൊണ്ടു് അതു വിരാജിക്കുന്നു.

ഗോപാലൻകുട്ടിയുടെ ശരീരത്തിൽ രോമാഞ്ചമുണ്ടായി.

കെട്ടിടത്തിൻെറ മുമ്പിൽ ടാക്സി വന്നുനിന്നു. അയാൾ ഇറങ്ങി അത്യാൎത്തിയോടെ എല്ലാടവും നോക്കി. മട്ടപ്പാവിൽ സരളയും ശ്യാമയും ഗൗരിക്കുട്ടിയും മററു കുട്ടികളും ചിരിച്ചുകൊണ്ടു് താഴേക്കു നോക്കിനില്ക്കുകയാണു്!

സാമാനം ഇറക്കുന്നതിൽ കൃഷ്ണൻനായർ വ്യാപൃതനായി. കെട്ടിടത്തിൻെറ അകംകാണാൻ ഉണ്ടായകൊതി അടക്കാൻ കഴിയാത്തതിനാൽ ഗോപാലൻകുട്ടി ഓരോ

മുറിയിലും കയറിയിറങ്ങി. ഒടുവിൽ അയാൾ മട്ടുപ്പാവിലെത്തി.

"ഇതാ മോളേ! നിൻെറ വീട്ട്!" ശ്യാമയെ അടുത്തുനിർത്തി ഗോപാലൻകുട്ടി പറഞ്ഞു. "എന്താ ഇഷ്ടമായയോ?"

ശ്യാമ ലജ്ജിച്ചു ചിരിച്ചു.

"ഭംഗിയായിട്ടുണ്ട് ഇല്ലേ സരളേ?" അയാൾ സരളയോടു തിരിഞ്ഞുചോദിച്ചു. "നല്ല സ്ഥാനം. നല്ല പ്ലാൻ. നല്ല പണി!"

കിഴക്കൻ ചക്രവാളത്തിൽ അംബരമുരുമ്മിനില്ക്കുന്ന് നീലമലകളുടെ ഛായ തെളിഞ്ഞുകാണാം. പടിഞ്ഞാറു് കണ്ണെത്താത്ത ദൂരംവരെ തെങ്ങിൻെറ പച്ചോലകൾ മാത്രമേ ഉള്ളൂ.

"നിങ്ങളിവിടെ നില്ക്കിൻ! ഞാൻ അടുക്കളയിലേക്കു ചെല്ലട്ടെ." അവിടെ ഒരധികപ്പററാണെന്നു തോന്നിയപ്പോൾ, ഗൗരിക്കുട്ടി താഴേക്കുപോയി.

"നാടുവിട്ടു നടന്നതുകൊണ്ടുണ്ടായിട്ടുള്ള മുതൽ ഇതേയുള്ളൂ." ഗോപാലൻകുട്ടി പറഞ്ഞു.

"ഓഹോ! മററുള്ളതൊന്നും മുതലല്ല."—സരള അയാളെ കളിയാക്കി,

"ഒ! ഞാൻ മറന്നുപോയി. മററു മുതൽ ദാ! ഇവിടെ അടുത്തുനില്ക്കുന്നുണ്ടല്ലോ." അവളുടെ കവിളിൽ വിരൽകൊണ്ടു് ഒരു കുത്തുകൊടുത്തു.

"കളിയെല്ലാം പിന്നാകാം! സാമാനമെല്ലാം കൊണ്ടുവന്നോ?" സരള തിരക്കി.

അപ്പോഴാണ് സംഭവിച്ച നഷ്ടത്തെക്കുറിച്ച് ഗോപാലൻകുട്ടി വീണ്ടും ഓർമ്മിച്ചതു്. മുഖം മങ്ങി. അതു കാണിക്കാതിരിക്കാൻ അയാൾ തിരിഞ്ഞുനടന്നു താഴേക്കു്.

"വെയിൽ കൊള്ളണ്ടാ! വൈകുന്നേരം ഇങ്ങോട്ടു വരാമല്ലോ."

"സാമാനങ്ങൾ മുകളിലത്തെ നിലയിലെ മുറികളിൽവെയ്ക്കാം." കൃഷ്ണൻനായർ വേലക്കാർക്കു നൽകുന്ന നിർദ്ദേശം കേട്ടുകൊണ്ടാണ് ഗോപാലൻകുട്ടി താഴേക്കു ചെന്നതു്." അതാ സൗകര്യം!"

സാധനങ്ങൾ രണ്ടാം നിലയിലേക്കു നീങ്ങിത്തുടങ്ങി.

Adv N. Santhosh kumar, BA LLB, PGDT.
Njarakkattu House,
Mangaram, Konni. P.O. - 689691
Pathanamthitta (Dist:) Kerala State.

അഞ്ച്

യാത്രാ ക്ഷീണത്താലും മററും ശ്യാമ നേരത്തെ ഉറങ്ങി.

നല്ല നിലാവുള്ള രാത്രി. ഗോപാലൻകുട്ടിയും സരളയും കാററുമേററു് മട്ടുപ്പാവിൽ ഇരിക്കുകയാണു്.

" ഞാൻ പറഞ്ഞതല്ലേ സൂട്ട്കേസ് പ്രത്യേകം സൂക്ഷിക്കണമെന്നു്,"

" പറഞ്ഞു."

" എന്നിട്ടും... ..."

" നീ പറഞ്ഞതു് ആൾക്കൂട്ടത്തിലാരെങ്കിലും പ്രത്യേകം ശ്രദ്ധിച്ചുകാണും. വിലപ്പെട്ട സാധനങ്ങൾ പെട്ടിയിലുണ്ടെന്നു കരുതി അവർ അതു് എടുത്തുകടത്തി!"

" ഓഹോ! അങ്ങനെയായോ വ്യാഖ്യാനം! സൂക്ഷിക്കാത്തതുകൊണ്ടു് പെട്ടിപോയതിൻെറ കുററം എൻെറതലയിൽ... ..."

" കുററം പറഞ്ഞതല്ല... ..."

" പിന്നെന്തായിതിൻെറ യത്ഥം?"

" ഇതിനെപ്പററി വായടിച്ചിട്ടു കാര്യമില്ല സരളേ! പോയതുപോയി. നഷ്ടം നമുക്കു്."

"നൂററിയിരുപത്തു പവൻ! രണ്ടു നല്ല വാച്ച്. നാലുപേന ! ചില്ലറ നഷ്ടമാണോ ?"

"അല്ല !"

"ആളുകൾ ചുററും കൂട്ടമ്പോൾ സകലം മറക്കും. അതുകൊണ്ടല്ലേ നഷ്ടം……ഇതിനുമുമ്പ് ഇങ്ങനെയെത്ര യറിഞ്ഞതാ. എന്നാലും……പഠിക്കുകയില്ല."

"ഇത്ര വിരുതുള്ള കള്ളന്മാർ……"

"വിരുതില്ലാത്ത കള്ളന്മാരില്ല."

"നാട്ടിലെത്തിയപ്പോഴുണ്ടായ അനുഭവം ഒരിക്കലും മറക്കുകയില്ല.

"പോലീസിൽ പരാതികൊടുക്കരുതായിരുന്നോ?"

"അതെങ്ങിനൊക്കും ?"

"അതെന്താ ?"

"പവനും മററും കൊണ്ടുവന്നതു് പാടില്ലാത്തതരത്തിൽ. ഇത്രയും സാധനങ്ങൾ നഷ്ടമായെന്ന് അവരോട്ട് എങ്ങിനെ അറിയിക്കും? കള്ളമായി കടത്തിക്കൊണ്ടു വന്നതിനു് നാം ഉത്തരം പറയേണ്ടിവരും ആദ്യം."

"എന്നാൽ പററിയപററു് പുറത്തുപറയേണ്ട !" ആക്ഷേപസ്വരത്തിലാണ് അവൾ സംസാരിച്ചതു്.

"ശരിയാ. ഇരുട്ടത്തുകിട്ടിയ അടിയെന്നു കരുതിയാൽ മതി."

"എങ്കിലും എന്തൊരു നഷ്ടമാണ്! മദ്രാസിൽ വന്നിറങ്ങിയപ്പോൾ, നാട്ടുകാരൻ അട്ടത്തുകൂടി ഒരു നല്ല ട്രാൻസിസ്റ്റർ റേഡിയോ കൊണ്ടുകടന്നു. നാട്ടിലെത്തി

യപ്പോൾ, പൊന്നൊക്കെ പോയി. ഇങ്ങനെയുമുണ്ടല്ലോ. ഒരു പച്ചപ്പരമാത്ഥി ?''

''എപ്പോഴും ആക്ഷേപിക്കാനുള്ള കരുക്കൾ നിന്റെ കൈവശം വരുന്നുണ്ട്.'' അയാൾ ചിരിച്ചു.

''പിന്നെ കുററമാണോ പറയുന്നതു്?''

''ആണെന്നു പറഞ്ഞില്ല. എന്തൊക്കെ അനുഭവങ്ങൾ വന്നാലും മനുഷ്യരെ മുഖവിലക്കു സ്വീകരിക്കാനേ എനിക്കു കഴിയൂ. ഈ മനോഭാവം മാററാൻ ഇത്രനാൾ ശ്രമിച്ചു. ഫലമില്ല. ഇനി ഇതു് ഭേദപ്പെടാനും വഴിയില്ല'' സ്വന്തം ബലഹീനത അയാൾ ഏററുപറഞ്ഞു. അയാൾ ആത്മപരിശോധന നടത്തുകയായിരുന്നു.

''ഇങ്ങനെയായാൽ.........എന്തായിരിക്കും അവസാനം ?'' അനുകമ്പയെക്കാൾ പ്രതിഷേധമാണ് സരളയുടെ സംസാരത്തിൽ മുഴങ്ങിനിന്നതു്.

''എനിക്ക് അറിവില്ല.'' അയാൾ എഴുനേററ് മട്ടുപ്പാവിൻെറ കൈവരിയിൽ പിടിച്ച് അകലെ ചക്രവാളത്തിലേക്കു നോക്കിനിന്നു.

''ഇനിയെങ്കിലും മനുഷ്യരെ കുറെയൊക്കെ അവിശ്വസിക്കാൻ പഠിക്കണം.'' അയാളുടെ അടുത്തേക്കു നീങ്ങിനിന്നുകൊണ്ടു് സാവധാനമായി സരള പറഞ്ഞു.'' നാളെ മുതൽ ഇവിടേക്ക് ഒരു ഘോഷയാത്രയാരംഭിക്കും. പരിചയക്കാരുടെയും ബന്ധുക്കളുടെയും. മനസ്സിനു് അലിവുള്ളവരാണെന്നറിഞ്ഞാൽ അവർ മുതലെടുക്കും.''

''മിണ്ടാതിരി !'' അവളുടെ വേദാന്ത പ്രസംഗം അയാൾക്കിഷ്ടമായില്ല.

" കോപിക്കാൻ പറഞ്ഞതല്ല. സിംഗപ്പൂരിൽനിന്നു വന്നിരിക്കയല്ലേ! ചാക്കിൻപടി പണംകൊണ്ടുവന്നിരിക്കും. കുത്തിവാരിയാലും കുഴപ്പംവരാത്ത കീശയാണ് കയ്യിലുള്ളതെന്നായിരിക്കും അവരുടെ വിചാരം !"

ഗോപാലൻകുട്ടി നിശ്ശബ്ദനായി നില്ക്കുകയാണ്.

"നിനക്കു നല്ല അഭിപ്രായം തോന്നിയിട്ടുള്ള മനുഷ്യരാരെങ്കിലുമുണ്ടോ ?"

"ഇല്ല. നല്ലവരെക്കാളേറെ നാറികളെയാണ് ഞാൻ കണ്ടിട്ടുള്ളത്." ദയയുടെ ലേശംപോലും അവളുടെ സ്വരത്തിൽ ഉണ്ടായിരുന്നില്ല.

" കയ്യിലിനിയുള്ള പൈസയെങ്കിലും നാളെ ബാങ്കിൽ ഇടണം. അതു തന്നാൽ......"

" തീന്നാൽ ?"

" ഞാനുമെൻെറ കുഞ്ഞും കഷ്ടപ്പെട്ടും. ബന്ധുക്കളാരും ഞങ്ങളെ തിരിഞ്ഞു നോക്കുകയില്ല."

ഗോപാലൻകുട്ടി അതിനു മറുപടിയൊന്നും പറഞ്ഞില്ല.

നീലാകാശത്തിൽ പ്രകാശിച്ചുനിന്നിരുന്ന ചന്ദ്രബിംബത്തെ ഭീമമായ ഒരു കാർമേഘം ക്രമേണ ഗ്രസിച്ചുതുടങ്ങി. നിലാവ് തീരെയില്ലാതെയായി.

ഗോപാലൻകുട്ടി തിരിഞ്ഞു സരളയുടെ തലയിൽ തലോടി. കൈപ്പടങ്ങളിൽ അവളുടെ മുഖമൊതുക്കി.

കൈപ്പടങ്ങൾ നനഞ്ഞു.

സരളയുടെ കവിളിലൂടെ കണ്ണുനീർ ഒഴുകുകയാണ്.

"സരളെ!" അയാൾ പതുക്കെ വിളിച്ചു. അയാളുടെ ചൂടുള്ളനിശ്വാസം, അവളുടെ നെററിയിൽ തട്ടി.

"എനിക്ക് ഈ ലോകത്തിൽ... നിങ്ങളല്ലാതെ ആരുമില്ല. എന്നാൽ നിങ്ങളെപ്പററി എനിക്കെപ്പോഴും ആകാംക്ഷയാണ്. എന്നെ പിരിഞ്ഞു പോകുമെന്നുള്ള ഭയം. നിങ്ങൾക്ക് എന്തോ ആപത്തുവന്നേക്കുമെന്നുള്ള ആശങ്ക. ഇതു് എന്നെ വിട്ടുപിരിയുന്നില്ല." അയാളുടെ നെഞ്ചിൽ വിരലോടിച്ചുകൊണ്ടു് അവൾ തുടന്നു: "നിങ്ങൾക്ക് ഒന്നും പററരുതു്. വേദനയൊന്നും ഉണ്ടായിക്കൂടാ. എന്നും എൻെറ കൂടെയുണ്ടാവണം" അവൾ ശിരസ്സ് അയാളുടെ നെഞ്ചിലേക്ക് ചാരി വിങ്ങിവിങ്ങി കരഞ്ഞു.

അവളെ ആശ്വസിപ്പിക്കുവാൻ അയാൾ വഴികണ്ടില്ല.

ശരിയാണ് അവൾ പറഞ്ഞതു്. അയാളെ സ്വീകരിച്ചതുകൊണ്ടു് അവൾക്ക് സ്വന്തമായിട്ടുണ്ടായിരുന്നതൊക്കെ നഷ്ടപ്പെട്ടിട്ടുണ്ടു്. അമ്മയും അച്ഛനും ഉൾപ്പെടെ, എല്ലാം.

ഗോപാലൻകുട്ടി അതിനെക്കുറിച്ചു ചിന്തിക്കുകയാണ്.

അച്ഛനും അമ്മയ്ക്കും ഒരേ ഒരു മകൾ. ഓമനിച്ചോമനിച്ചു വളത്തിയ മകൾ. എല്ലാവിധ സുഖസൗകര്യങ്ങളും അനുഭവിച്ചു വളന്നവൾ. സിംഗപ്പൂരിൽ ഇംഗ്ലീഷുകാരുടെ ഒരു കമ്പനിയിലെ സാമാന്യം ഉയന്ന ഉദ്യോഗസ്ഥനായിരുന്നു അവളുടെ പിതാവു്. ഇന്നു് പെൻ

ഷൻവാങ്ങി അവിടെതന്നെ ജീവിക്കുകയാണ്. മററു കുട്ടികളാരുമില്ലാത്തതിനാൽ, ഇന്ന് അവർ ഏകാന്തതയനുഭവിക്കുകയാണ്. സരളയുടെ വിവാഹം അവർക്ക് തീരെ ഇഷ്ടമായില്ല. അതിൽ അവർ സംബന്ധിച്ചതുപോലുമില്ല. മാതാപിതാക്കന്മാരുടെ ഹിതം നോക്കാതെ അവൾ അയാളെ സ്വീകരിച്ചപ്പോൾ അവളുമായുള്ള സകലസമ്പർക്കങ്ങളും അവർ വൈരാഗ്യപൂർവ്വം ഛേദിച്ചതാണ്.

തികച്ചും യാദൃച്ഛികമായിട്ടായിരുന്നു സരളയെകണ്ടുമുട്ടിയതും അവളുമായി സ്നേഹബന്ധം സ്ഥാപിച്ചതും. സകലതും പരിത്യജിച്ച് അവൾ അയാളുടെകൂടെ ഇറങ്ങിത്തിരിച്ചതു് സാഹസകൃത്യമായി അന്നേതോന്നിയതാണ്. ആത്മാർത്ഥത എത്രമാത്രം അവൾക്കുണ്ടെന്നുള്ളതിനു് മററു തെളിവെന്തുവേണം? മാതാപിതാക്കന്മാർ അവൾക്കു നല്കിയിരുന്ന സമ്പന്നമായ ജീവിതസൗകര്യങ്ങളുമായി താരതമ്യപ്പെടുത്തിയാൽ, അയാൾ അവൾക്കുനല്കുന്ന സൗകര്യങ്ങൾ തുലോം തുച്ഛമല്ലേ? എങ്കിലും അവൾക്കു് അതിനെക്കുറിച്ച് എന്തെങ്കിലും പരാതിയില്ല. പാവം!

അയാൾ അവളുടെ നെററിയിൽ ചുംബിച്ചു.

"സരളെ!" അയാൾ പതുക്കെ വിളിച്ചു.

അയാളുടെ നെഞ്ചിൽ ചാരിക്കിടന്നു് അവൾ മയങ്ങിയിരിക്കുന്നു.

"സരളെ!" അവളെ ഉണർത്തി: "ഉറക്കം നല്ലതുപോലെയുണ്ടു്. വരൂ! പോയുറങ്ങാം!"

അവർ കിടപ്പുമുറിയിലേക്കു പോയി. സരളകിടന്നു.

ലൈററ് അണച്ചശേഷം ഗോപാലൻകുട്ടിയും അവളുടെ അടുത്തു ശയിച്ചു.

പിറേറന്നു കാലത്ത് കൃഷ്ണൻനായരുടെ മകൻ രവി കതകിൽ മുട്ടി വിളിച്ചപ്പോഴാണ് അവർ ഉണൎന്നത്.

" അമ്മാവനെകാണാൻ താഴെ അപ്പൂപ്പൻ വന്നിരിക്കുന്നു."

ഗോപാലൻകുട്ടി എഴുനേററ് കുളിമുറിയിൽപോയി മുഖം കഴുകിയശേഷം താഴെ ഇറങ്ങിച്ചെന്നു.

" മോനുറക്കമായിരുന്നെങ്കിൽ... ഞാൻ പിന്നെ വരുമാരുന്നല്ലോ."

" സാരമില്ല കൊച്ചചരാ !"

" എന്നാലും യാത്രകൊണ്ടു ക്ഷീണിച്ചുവന്നതല്ലേ?"

" ക്ഷീണമൊന്നുമില്ല. ഇവിടെ എത്തിയപ്പോൾ എല്ലാം തീൎന്നു."

"നല്ലവനായതുകൊണ്ട് അങ്ങനൊക്കെപ്പറേം." അതു് കേട്ടപ്പോൾ ഗോപാലൻകുട്ടിക്കു വിശ്വാസം തോന്നിയില്ല. ആത്മാൎത്ഥതയോടെയാണോ അതു പറയുന്നത്? അയാൾ നാടുവിടുന്നതിനു മുമ്പ് ഏററവും അധികം ചീത്തക്കാര്യങ്ങൾ പറഞ്ഞു പരത്തിയിരുന്നത് അദ്ദേഹമായിരുന്നെന്ന് അയാൾ ഓൎമ്മിച്ചു, ഒരുപക്ഷേ കാലം അദ്ദേഹത്തിൻെറ മനോഭാവത്തിലും മാററം വരുത്തിയിരിക്കാം.

അച്ചുനോട്ട് കുടുംബസ്വത്തിൻെറ പേരിൽ ഇത്രയും പോരുചെയ്തിട്ടുള്ള മറെറാരാളില്ല. ജ്യേഷ്ഠനും അനുജനും മുഖത്തോടുമുഖം നോക്കാൻപോലും അന്നു മുതിൎന്നിട്ടില്ല.

വൈരാഗ്യമായിരുന്നു സഹോദരന്മാർ തമ്മിൽ! അച്ഛ
നെ ചെളിവാരിയെറിയാൻ കൈക്കൊണ്ട ഒരായുധമാക്കി
യാണ് ഗോപാലൻകുട്ടിയെക്കുറിച്ച് അപവാദങ്ങൾ പ്ര
ചരിപ്പിച്ചിരുന്നതു്. വഴിയിൽവച്ചു കണ്ടാൽപോലും
അയാളോട്ട് അന്ന് ഇദ്ദേഹം ഒരു വാക്കു പറയുമായിരു
ന്നില്ല. കൊച്ചച്ഛൻ ഇപ്പോൾ എന്തെങ്കിലും പറഞ്ഞാൽ
—പ്രത്യേകിച്ചു നല്ലതു വല്ലതും പറഞ്ഞാൽ—വിശ്വസി
ക്കുവാൻ വിഷമംതോന്നി.

"കഷ്ടപ്പാടിൽ കിടന്നു നട്ടംതിരിയുവാ കുഞ്ഞേ
ഞാൻ."

"കൊച്ചച്ഛൻ എന്താ അങ്ങിനെ പറയുന്നതു്?"

"നിന്നോടായിട്ടു പറയുവാ. കാലനെന്നൊരുത്തനു
ണ്ടെങ്കിൽ, അയാൾക്കു് എന്നെ അങ്ങുകൊണ്ടുപോയി
ക്കൂടെ?

ഗോപാലൻകുട്ടി മിണ്ടിയില്ല.

"നല്ലവരെയൊക്കെ നേരത്തെ തിരിച്ചുവിളിക്കും.
ആക്കാണെങ്കിലും നല്ലവരോടല്ലേയുള്ളു താല്പര്യം!"

"മരിക്കുന്നതും ജീവിക്കുന്നതും ആരുടെയും അഭി
പ്രായം നോക്കിയിട്ടല്ലല്ലോ."

"അല്ല. എന്റെ മോൻ ശങ്കരനെ നീ ഓക്കു
ന്നില്ലേ?"

"ഉണ്ട്. ശങ്കരച്ചേട്ടനെ എനിക്കു മറക്കാനൊ
ക്കുമോ?"

"അവനാരുന്നു എന്റെ സകലതും." വൃദ്ധൻ
മൂക്കുപിഴിഞ്ഞു. "അതോർമ്മിക്കുമ്പോൾ... ..." അയാളു
ടെ കണ്ണ് നിറഞ്ഞൊഴുകി.

"ശങ്കരച്ചേട്ടൻ നാലുകൊല്ലം മുമ്പുമരിച്ചു" - അടുത്തുനിന്നിരുന്ന കൃഷ്ണൻ നായർ പതുക്കെ പറഞ്ഞു.

"മരിച്ചു?"

"അതെ മോനെ! ഞങ്ങളെ നരകിക്കാൻ വിട്ടിട്ട് അവൻ പോയി."

"തിരുവനന്തപുരത്ത് അശുപത്രീലായിരുന്നു." കൃഷ്ണൻ നായർ പറഞ്ഞു.

"അതെന്തിന്?"

"മുമ്പേ അവനൊരു വയററുനോവുണ്ടായിരുന്നില്ലേ. നിനക്ക് ഓർമ്മകാണത്തില്ല. എന്തൊക്കെ ചികിത്സ ചെയ്തിട്ടും അതിന്നു കുറവുണ്ടായില്ല. പിന്നെ തിരുവനന്തപുരത്ത് ആശുപത്രീൽ കൊണ്ടുപോയി." വൃദ്ധൻ വേദനിച്ചു പറഞ്ഞു.

"അവിടെ കിടന്നാ മരിച്ചെ!" കൃഷ്ണൻ നായർ പൂർത്തിയാക്കി.

"എത്രപണമാ ചിലവായതു്. അവനെ രക്ഷിക്കാൻ എന്റെ സകലതും ഞാൻ പണയപ്പെടുത്തി. ആകപ്പാടെ അഞ്ചു പുരയിടങ്ങളുണ്ടായിരുന്നതിൽ രണ്ടെണ്ണം വിററു. മൂന്നെണ്ണം അതിലെ കുടികിടപ്പുകാർക്കു ഒററിയെഴുതി. ബാക്കി കിടക്കാനുള്ള കൂരയും അതുനില്ക്കുന്ന പുരയിടവുമേയുള്ളു. അവന്റെ മൂത്ത പെങ്ങളാണെങ്കി, ചികിത്സിക്കാൻ മൊതലൊക്കെ മുടിക്കുവണ്ണെന്നു പറഞ്ഞു് എന്നും വഴക്കായിരുന്നു. അവൾക്കു കൂടി കിട്ടേണ്ട മൊതൽ ശങ്കരന്റെ ആവശ്യത്തിന്നുമാത്രമായി നശി

പ്പിക്കുന്നെന്നു! എന്തായിരുന്നു അതിന്നുള്ള മല്ല്! എത്രയാ യാലും ഞാനൊരു തന്തയല്ലേ? മൊതലിനേക്കാൾ വലുത ല്ലെമോൻ! ഒരച്ഛനു് എങ്ങിനെതോന്നും മണ്ണാണു് മകനെ ക്കാൾ വലുതെന്നു്; മണ്ണിനു് എത്ര വിലയൊണ്ടെങ്കിലും! അതുകൊണ്ടു് പെമ്പിള്ളേരുടെ വരുതി ചോദിക്കാതെ പൊരേടമൊക്കെ അന്യാധീനപ്പെടുത്തി അവൻെറ ചി കിത്സ നടത്തി. അങ്ങിനെ പോകേണ്ടതൊക്കെപ്പോയി. കിട്ടാൻ കൊതിച്ചതു കിട്ടിയതുമില്ല. എന്നെ അന്ധകാ രത്തിലാക്കിയിട്ടു് അവൻ പോയി... ...'' വൃദ്ധൻ ദയനീ യമായി നിലവിളിച്ചു. ഗോപാലൻ കുട്ടിയും കൃഷ്ണൻനാ യരും നിശ്ശബ്ദരായി അതു നോക്കിനിന്നു. അല്ലാതെന്തു ചെയ്യാൻ?.

''അവൻെറ പിള്ളേരും ഭാര്യയും ഇപ്പോൾ വീട്ടി ലൊണ്ടു്. മററാരു ഗതിയുമില്ല അവത്തുങ്ങൾക്കു്. ഈ വയസ്സുകാലത്തു് അതുങ്ങളെ പോററാനെനിക്കുകരുത്തി ല്ല. അതുമാത്രമായിരുന്നെങ്കിൽ പൊത്തുവരുത്തമൊണ്ടാ യിരുന്നു. എന്നാൽ മൂന്നുപെണ്ണുങ്ങളും അവരുടെ പത്തു മക്കളും രണ്ടുകൊല്ലമായിട്ടിവിടത്തന്നെ. കിട്ടേണ്ട ഓഹ രി വാങ്ങിച്ചോണ്ടേ ചെല്ലാവു എന്നു് ഭർത്താക്കന്മാർ ഏ പ്പാടു ചെയ്തിരിക്കുവാ. ഞാനെന്തുചെയ്യും? അതുങ്ങക്കെ ല്ലാം കൂടി ചുരുണ്ടു കെടക്കാൻ പോലും വീട്ടിലെടമില്ല. അതൊക്കെ പോകട്ടെ. തമ്മിൽ തമ്മിൽ വഴക്കും ലഹ ളയുമാ എല്ലാസമയവും. ഓരോ നിമിഷവും അവിടെ കുരുക്ഷേത്രയുദ്ധമാ നടക്കുന്നതു്! എന്താണൊരു പോംവ ഴി? എൻെറ മോനെ നീ തന്നെ പറ ഞാനെന്തുചെയ്യ

ണമെന്നു്! നീയൊരു പോം വഴിയുണ്ടാക്കിത്തരണം. നിനക്കു പുണ്യം കിട്ടും! ഒരു ദെവസം അവിടെ കഴിച്ചു കൂട്ടുന്നകാര്യം...... അയ്യോ! എന്നെ കാലനുപോലും വേണ്ടല്ലോ.'' ഇടതടവില്ലാതെ ഹൃദയത്തിൽ നിന്നു പ്രവഹിച്ച വികാരതീക്ഷ്ണമായവാക്കുകൾ ഗോപാലൻകുട്ടിയെ വല്ലാതെ വിവശനാക്കി. വൃദ്ധൻെറ കുഴിഞ്ഞുതാണ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞു പ്രവഹിച്ചു. അയാൾ അടിമുടി വിറക്കുന്നുണ്ടു്. ജീവിതത്തിൻെറ വേദന കൊളുത്തിയ അഗ്നികുണ്ഡത്തിൽ കിടന്നു പൊരിയുന്ന മനുഷ്യാത്മാവിൻെറ ദുസ്സഹമായ രോദനമാണു് അവിടെ മുഴങ്ങിക്കേട്ടതു്.

''എനിക്കെന്തുചെയ്യാനൊക്കും കൊച്ചച്ഛാ!'' നിസ്സഹായനായി ഗോപാലൻകുട്ടി ചോദിച്ചു.

ഒട്ടിയ കവിളിൽകൂടി ഒഴുകിയൊലിക്കുന്ന കണ്ണുനീർ തോളിൽ കിടന്നിരുന്ന മുഷിഞ്ഞ തോർത്തിൻെറ അററം കൊണ്ടു് തുടച്ചു. ശുഷ്കിച്ച മൂക്കു് വിറക്കുന്ന കയ്യുയർത്തി പിഴിഞ്ഞ വൃദ്ധൻ ആശയോടെ ഗോപാലൻകുട്ടിയെ നോക്കി. അയാളുടെ തല സാധാരണയിൽ കൂടുതൽ വിറക്കുകയാണു്.

''നിനക്കേ ഒക്കുമോനെ ഇന്നു് എന്നെ രക്ഷിക്കാൻ നിനക്കുമാത്രമേഒക്കൂ!'' ഇടക്കു് എന്തെങ്കിലും പറയാൻ അനുവദിക്കാതെ വൃദ്ധൻ തുടന്നു'' ആ പെമ്പിള്ളേരേം കൊച്ചുങ്ങളേം വീട്ടിൽ നിന്നൊന്നിറക്കി വിടണം. അതുങ്ങൾ വെറുംകയ്യോടെ പോകുന്നില്ല. വീതം ഇല്ലാതെ

അവിടം വിട്ടകയില്ല. അവരുടെ നായന്മാരാണെങ്കി, പിടിച്ച പിടിയിൽ നില്ക്കുകയാ. ഒററിക്കുകൊട്ടത്ത പുരയിടങ്ങൾ ഒഴിപ്പിക്കണം. കുടികിടപ്പുകാരുതന്നെയാ ഒററിക്കാരും. അവരെ ഒഴിപ്പിക്കണമെങ്കിൽ ഒററിയത്ഥം കൊട്ടത്താൽതന്നെ പോരാ. വേറെയും കൊട്ടത്തേ പററൂ. എല്ലാംകൂടി എന്തു വേണ്ടിവരുമെന്നു് കുഞ്ഞ് കണക്കുകൂട്ടി നോക്കു്!''

ഗോപാലൻ കുട്ടിയും കൃഷ്ണൻനായരും അറിയാതെ പരസ്പരം നോക്കി. എളിയിൽ ചെരുകിവെച്ചിരുന്ന കടലാസ്സെടുത്തു് വൃദ്ധൻ തുറക്കാൻ തുടങ്ങി.

''കൊച്ചച്ചൻ ഇരിക്കണം. ഞാൻ ഇപ്പോൾ വരാം.'' ഗോപാലൻകുട്ടി മുകളിലേക്കു് പോയി.

''എന്തിനാ എനിക്കു കടലാസ്! കണ്ണിൻെറ കാഴ്ചയൊക്കെ പോയിട്ടു നാലഞ്ചു വഷമായി. ദൂരേന്നു് ആളുവന്നാൽ പോലും നേരെ തരിച്ചറിയാൻവയ്യാ!'' ആത്മഗതംപോലെയാണു് അയാൾ പറഞ്ഞതു്. ''പുരയിടം രണ്ടെണ്ണം വിററതു് മൂവ്വായിരത്തി അഞ്ഞൂറിനാ. ഒററിയത്ഥം രണ്ടായിരത്തോളം വരും. പിന്നെ അതിൽ കിടക്കുന്നവന്മാരെ ഒഴിപ്പിക്കണമെങ്കിൽ കുറഞ്ഞതു് ആയിരമെങ്കിലും വേണം. അത്രേമൊണ്ടെങ്കിലേ ഇപ്പോൾ നിന്നുപൊറുക്കാനൊക്കൂ! ''നീയിതു കേൾക്കുന്നുണ്ടോ ഗോപാലൻകുട്ടീ!'' അകലെ നിന്നിരുന്ന കൃഷ്ണൻനായരെ നോക്കിയാണു വൃദ്ധൻ കണക്കു പറഞ്ഞതു് ഗോപലൻകുട്ടിയാ ണെന്നുകരുതി. ഗോപാലൻകുട്ടി പോയതൊന്നും അയാൾ ശ്രദ്ധിച്ചുമില്ല. അറിഞ്ഞതുമില്ല.

"ഇതൊക്കെ തീൎത്തു കൊട്ടക്കണമെന്നാ മൂപ്പീന്നിന്റെ ഉന്നം." എന്നു കൃഷ്ണൻനായർ മനസ്സിൽ വിചാരിച്ചെങ്കിലും പുറത്തു പറഞ്ഞില്ല. ഈ സമയം കൊണ്ടു് ഗോപാലൻകുട്ടി മുകളിൽ പോയിട്ടു തിരിച്ചുവന്നു് വൃദ്ധന്റെ അട്ടത്തിരുന്നു.

"ഒരു പോം വഴിയൊണ്ടാക്കിത്തരണമെന്നു പറയാനാ ഞാൻ വന്നെ!"

"എന്തുപോം വഴിയാണു കൊച്ചച്ഛാ? ദാ! ഇതു കയ്യിലിരിക്കട്ടെ!" ഗോപാലൻകുട്ടി നൂറു രൂപയുടെ ഒരു നോട്ടു് വൃദ്ധന്റെ നേൎക്കു നീട്ടി.

"ഇതേ ഇപ്പോൾ എന്നെക്കൊണ്ടുപറവൂ!"

"ഇതെന്തോന്നാ കുഞ്ഞേ?" ഒന്നും മനസ്സിലാകാത്ത മട്ടിൽ വൃദ്ധൻ ചോദിച്ചു.

"നൂറു രൂപാ!"

"നൂറു രൂപയോ?"

" ഇതേ ഇപ്പോൾ എനിക്കു തരാൻ പറവൂ!"

"ങെ! എന്തോന്നാ നീ പറേന്നെ?"

"അത്യാവശ്യത്തിന്നു വല്ലതിന്നും എടുത്തോണ്ടാട്ടെ!" നീട്ടിയനോട്ടു് വൃദ്ധൻ വാങ്ങിയില്ല.

"ഇതെനിക്കെന്തോന്നിനാ? 'വൃദ്ധൻ അടിമുടി വിറക്കുകയാണു് കോപംകൊണ്ടു്.

"ഞാൻ പിച്ച ചോദിക്കാനല്ല വന്നെ! നിനക്കു് എന്നെ രക്ഷിക്കാനൊക്കുമോ?

എന്താണു മറുപടി പറയേണ്ടതെന്നറിയാതെ ഗോപാലൻകുട്ടി പകച്ചുനിന്നു.

"ആപത്തിൽ കിടന്നു കറങ്ങുമ്പോഴെങ്കിലും ഉപകരിച്ചില്ലെങ്കിൽ, നിനക്കു കൊററെ ശ്രുപനുണ്ടായാൽ, എന്തോന്നു പ്രയോജനം?" കോപം അടക്കാനാകാത്ത മട്ടിലാണ് അയാൾ അതുപറഞ്ഞതു്.

" എല്ലാവക്കുമില്ലേ കൊച്ചചരാ പ്രയാസങ്ങൾ?

" പ്രയാസങ്ങളുണ്ടെങ്കിൽ... ശ്ശം!." അയാൾ കാക്കിച്ചുതുപ്പി. " എൻെറ പട്ടിക്കുവേണമെടാ നിൻെറ നൃറുശ്രുപാ!—" അയാൾ വടികുത്തി എഴുന്നേററു. "ഒരു ധനികൻ വന്നിരിക്കുന്നു. സിംഗപ്പൂരിൽ നിന്നു്." മറുപടിക്കു കാത്തുനില്ക്കാതെ വൃദ്ധൻ വേച്ചുവേച്ചു നടന്നു. "നാറികൾ! മററുള്ളോരുടെയെല്ലാം പിടിച്ചുപറിച്ചെട്ടത്തവൻെറ മോനല്യോ. നീയൊക്കെയനുഭവിക്കും." പിച്ചുംപേയും പറയുന്ന മട്ടിലാണ് അയാൾ അതു പറഞ്ഞതു്.

വൃദ്ധൻ മുററത്ത് ഇറങ്ങിക്കഴിഞ്ഞു.

എന്താണു സംഭവിച്ചതെന്ന് വ്യക്തമാവാത്തയാളിനെപ്പോലെ ഗോപാലൻകുട്ടി നോക്കിനിന്നു.

ഇതൊക്കെ പ്രതീക്ഷിച്ച കാര്യങ്ങളാണെന്ന ഭാവത്തിൽ കൃഷ്ണൻനായർ കയ്യും പുറകിൽ കെട്ടി അവിടെ അങ്ങോട്ടുമിങ്ങോട്ടും നടന്നു.

ഒച്ചകേട്ടപ്പോൾ അട്ടക്കളവശത്തുനിന്നു് ഗൗരിക്കുട്ടി അവിടെക്കുവന്നു.

" അച്ഛൻ മരിച്ചപ്പോൾ പോലും ഒന്നുകേറിവരാൻ വകതിരിവു കാണിക്കാത്തയാളാ! ഇപ്പോൾ സഹായം ചോദിക്കാനെത്തിയിരിക്കുന്നു! വന്നതും പോരാ ചുമ്മാതിരിക്കുന്നവരെവായിൽ തോന്നിയ ചീത്തപറഞ്ഞെച്ച് ഇറങ്ങിപ്പോയിരിക്കുന്നു!" നീരസത്തോടെ പറഞ്ഞിട്ട് ഗൗരിക്കുട്ടി അട്ടക്കളയിലേക്കുതന്നെ പോയി.

' ഗൌരികുട്ടി പറഞ്ഞതു നേരാ! അച്ഛൻ മരിച്ചപ്പോൾ പോലും കേറിവന്നിട്ടില്ല. ഈ വീടിന്റെ പടിക്കൽക്കൂടിപോകുമ്പോൾ അങ്ങോര് തലകുനിച്ചേ നടക്കു! ഇതു കാണാതിരിക്കാൻ! ഇങ്ങനെയുണ്ടോ ഒരു മനുഷ്യൻ! ചേട്ടൻ അകത്തേക്കുപോയപ്പോൾ മൂപ്പീന്ന് കണക്കുകൂട്ടുകയായിരുന്നു. അങ്ങേര് അന്യാധീനപ്പെടുത്തിയ പുരയിടങ്ങൾക്ക് ഏഴായിരത്തോളം രൂപ വേണ്ടിവരുമെന്ന് !''

ഗോപാലൻകുട്ടി ഒന്നും പറഞ്ഞില്ല.

'' അതു കൊടുത്തിരുന്നെങ്കിൽ, ചേട്ടനെ നല്ലവനായി വാഴ്ത്തിയേനേ!'' കൃഷ്ണൻനായർ വാതിൽക്കലേക്കു നീങ്ങി വയസ്സൻ നടന്നുപോകുന്നതു നോക്കിക്കൊണ്ടു പറഞ്ഞു. ,,മൂപ്പീന്നു പറഞ്ഞതെല്ലാം പരമാർത്ഥമാ. മൂന്നു പെൺമക്കളും അവരുടെ പിള്ളേരും അവിടെയൊണ്ട്. ഭാഗംവാങ്ങിച്ചോണ്ടേതിരിച്ചു ചെല്ലാവുവെന്ന് ശട്ടം കെട്ടി ഭർത്താക്കന്മാർ വിട്ടിരിക്കുകയാണ്.''

'' കഷ്ടം എന്നല്ലാതെന്തുപറയാനാ!''

'' അങ്ങേരുടെ സ്വഭാവത്തിന് ഇതൊക്കെയനുഭവിച്ചേ മതിയാവൂ. പാവം പിടിച്ച ഒരു പെമ്പന്നോരെ നരകിപ്പിച്ചിട്ടുള്ളതിന്റെ ശിക്ഷയായിതു്. അവര്, അങ്ങോരുടെ ഭാര്യ, ആധിപിടിച്ചാ മരിച്ചെ! അവരെ ഉപദ്രവിച്ചിട്ടുള്ളതിന് അതിരില്ല. വീതം ചോദിക്കാൻ അവരെ ഇങ്ങേര് എത്രതവണയാ അവരുടെ കുടുംബത്തിൽ കൊണ്ടുവിട്ടിരുന്നെ! ഇപ്പോൾ മക്കൾ ചരിത്രം ആവർത്തിക്കുന്നതേയുള്ളു. ഈ തന്തേടെ മക്കളല്ലേ? കഷ്ടമാണെങ്കിലും ഇതൊക്കെ പറഞ്ഞു പോകുകയാണ്.''

ഗോപാലൻകുട്ടി മിണ്ടാതെ മുകളിലത്തെ നിലയിലേക്കു കയറിപ്പോയി.

ആറ്

വൈകുന്നേരം ഗോപാലൻകുട്ടി എന്തോ ആവശ്യത്തിനായി പുറത്ത്പോയി. കൃഷ്ണൻനായർ വീട്ടുകാര്യം പ്രമാണിച്ച് പോയിരിക്കുകയാണ്. ശ്യാമ കുട്ടുകാരോടൊന്നിച്ച് മുററത്തു കളിക്കുന്നു. മുററത്തിൻെറ അതിർത്തിയിൽ വളൎന്നു നിന്നിരുന്ന അശോകത്തിലും പേരയിലും കയറിത്തൂങ്ങാനും ബഹളംകൂട്ടി ഓടിനടക്കാനും കുട്ടികൾ ഒന്നിച്ചു ചേരുമ്പോൾ എത്ര താല്പര്യമാണ്! വന്നിട്ട് അധികമായില്ലെങ്കിലും ശ്യാമ അവിടത്തെ കുട്ടികളോടെല്ലാം ഇണങ്ങി കഴിഞ്ഞു. ജനിച്ച നാൾതൊട്ട് ഒന്നിച്ചു കഴിഞ്ഞു വരുന്നവരാണ് അവരെന്നുതോന്നും അവരുടെ മട്ടുകണ്ടാൽ!

കൊണ്ടുവന്ന സാമാനങ്ങൾ യഥാസ്ഥാനങ്ങളിൽ ഒതുക്കിവെക്കാനും മററും ധാരാളം സമയം വേണം. വന്നതിൽ പിന്നെ സരള സമയമധികവും അതിനാണു കഴിച്ചതു്. എന്നിട്ടും എല്ലാംഒതുങ്ങിയെന്നു് അവൾക്കു വിശ്വാസമായില്ല.

ജനാലകളിലും വാതിലുകളിലും തൂക്കാനുള്ള തിരശ്ശീലകൾ ശരിപ്പെടുത്തി. യഥാസ്ഥാനങ്ങളിൽ അവ ഇടാനുള്ള വേലയിൽ ഏർപ്പെട്ടിരിക്കുകയാണ് അവൾ. പതിഞ്ഞ സ്വരത്തിൽ പാട്ടുമൂളിക്കൊണ്ടു്, ആയാസരഹിത

മായി അലസമായി അതുചെയ്തുകൊണ്ടിരുന്നു.

പകലത്തെ ചൂടിൻെറ ജ്വാലകെട്ടടങ്ങിയിട്ടുണ്ടെങ്കിലും ഉഷ്ണം ശമിച്ചിരുന്നില്ല. തെങ്ങോലകളിൽ തത്തികളിച്ച് കൊച്ചുകാററ് ഇടക്കിടെ മുറിയിൽക്കൂടി കടന്നു പൊയ്ക്കൊണ്ടിരുന്നു.

എവിടെയും ശാന്തി കളിയാടി.

വാതിലിൽ തിരശ്ശീലയിട്ടുകൊണ്ടിരിക്കുമ്പോൾ കാല്പെരുമാററം കേട്ടു സരള തിരിഞ്ഞു നോക്കി.

ഗൌരിക്കുട്ടി പുഞ്ചിരിച്ചുകൊണ്ട് അടുത്തു നില്ക്കുന്നു! സരളയും ചിരിച്ചു. പരസ്പരം കണ്ടെന്നേ ആ ചിരിക്കർത്ഥമുള്ളൂ.

"കർട്ടൻ തൂക്കിയാൽ വീട്ടിന് അഴകുകൂട്ടും." ഗൌരിക്കുട്ടി കുശലം പറഞ്ഞു.

"അതെ! ഞങ്ങളിങ്ങോട്ടു വരുമ്പോൾ കുറെ നല്ല തുണിവാങ്ങി."

"ഈ നാട്ടിലെങ്ങും ഇത്തരം തുണി കിട്ടത്തില്ല." തുണിയിൽ പിടിച്ചു ഭംഗിനോക്കിക്കൊണ്ട് ഗൌരിക്കുട്ടി തൃപ്തിയോടെ പറഞ്ഞു. "ഉണ്ടെങ്കിത്തന്നെ ആരും ഇതൊന്നും വാങ്ങത്തുമില്ല. ഉടുതുണിപോലും വാങ്ങാൻ വിഷമിക്കുന്നോരാ കൂടുതൽ!"

" വിഷമംതീർന്നിട്ടുവേണ്ടേ വിതാനിക്കാൻ!"

" വിഷമങ്ങളെന്നു പറഞ്ഞാൽ മതിയോ? മുമ്പിലത്തെപ്പോലാന്നോ ഇന്ന്! ഈ നാട്ടിൻപുറത്തു ജീവിക്കാനെന്തു വിഷമമാണെന്നോ?"

“ നാട്ടിൻപുറത്തിങ്ങനെയായാൽ പട്ടണങ്ങളിലെ കാര്യം ഊഹിക്കാം.”

“ ടൗണിലൊക്കെ പണംകൊടുത്താൽ എന്തു സാധനവും കിട്ടുമല്ലോ. ഇവിടതാണോ സ്ഥിതി! എന്തൊരു കഷ്ടപ്പാടാണെന്നോ ?”

“കാലത്തിൻെറ പോക്കങ്ങനാ. കഷ്ടപ്പാടുകൂടുന്നതേയുള്ളു.”

“ അതെയതെ! ഞാനും അതുതന്നെയാ പറഞ്ഞെ മുമ്പൊക്കെ നല്ല ഒന്നാന്തരം മൽമൽ പുടവയേ ഞാനുടുത്തിട്ടുള്ളു. ഇപ്പോൾ അതൊന്നും കാണാൻപോലുമില്ല. ദാ. ഇതു് കേമ്പിരിയാ.” ഉടുത്തിരുന്ന തുണിയുടെ കോണു പോക്കിക്കാണിച്ചുകൊണ്ടു് ഗൗരിക്കുട്ടി പറഞ്ഞു. “സിംഗപ്പൂരിലൊക്കെ നല്ല സാരികിട്ടുമെന്നായിരുന്നു ഇവിടത്തെ കേൾവി.”

“ കിട്ടും! നല്ല തുണികിട്ടും.” മുറിയുടെ മൂലയിൽ ഇരുന്ന ട്രങ്കു തുറന്നു് അതിൽനിന്നു പുതിയ മൂന്നുനാലു സാരികൾ പുറത്തെടുത്തു് സരള കട്ടിലിൽ കൊണ്ടുവച്ചു.

“ ദാ! ഇതുനോക്കു! നല്ലതല്ലേ ?”

കയ്യിലെടുത്തു് തിരിച്ചും മറിച്ചും മേനിനോക്കിക്കൊണ്ടു് ഗൗരിക്കുട്ടി പതുക്കെപറഞ്ഞു. “ നല്ല സാരി. എളുപ്പം കീറത്തുമില്ലെന്നു തോന്നുന്നു.”

“വലിയ വിലയൊന്നുമില്ലെങ്കിലും ഉപയോഗിക്കാൻ ഒന്നാന്തരമാ,”

“ വിലകുറവാണോ ?”

'അത്ര കുട്ടതലല്ല.''

''രവീടെ അച്ഛൻ പറഞ്ഞതാ ചേച്ചിവരുമ്പൊ കൊറെ കൊണ്ടുവരണമെന്നെഴുതാമെന്ന്. എഴുതിക്കാണില്ല.

''ഇതു് ഗൗരിക്കുട്ടിയെടുത്തോളൂ !''

''അല്ല. ഇതു വേണ്ടീട്ടുപറഞ്ഞതല്ല.''

സരള ചിരിച്ചു.

''ഇതു് ഇവിടെ തരാനായിട്ടു കൊണ്ടുവന്നതുതന്നെയാ. എല്ലാ മൊന്നൊതുക്കിയിട്ടു പുറത്തെടുക്കാമെന്നു കരുതി.''

''ഓ ! എനിക്കെന്തിനാസാരീമൊക്കെ ? ഇവിടന്നു പുറത്തിറങ്ങുന്നതു് അമ്പലത്തിൽ പോകാൻമാത്രമാ.''

''കുട്ടികൾക്കു് കുപ്പായംതുന്നാൻ പററിയ ചില തുണികളും ഉണ്ടു്.'' സരള ട്രങ്കിൽനിന്നു് മററു ചില ജവുളിത്തരങ്ങൾ പുറത്തെടുത്തുകൊണ്ടു പറഞ്ഞു. ''തുന്നൽക്കാരെ വിളിച്ചു സൗകര്യംപോലെ കൊടുത്തോളൂ !''

ഗൗരിക്കുട്ടി കൗതുകപൂർവ്വം തുണികൾ പരിശോധിച്ചു.

''ഈ നാട്ടിൽ അഴകിനെക്കാൾ ആളുകൾ നോക്കുന്നതു വെലയാ. വില കുറഞ്ഞതാണെന്നറിഞ്ഞാൽ അവക്കു പുച്ഛമാ !'' ഗൗരിക്കുട്ടി ചിരിച്ചു. ''ആ ! ഇരിക്കട്ടെ. കുംഭം പത്തൊമ്പതാംതീയതിയാ ഭഗവതിക്കോവിലിലെ കൊടിയേററം. അന്നു് ഇട്ടോണ്ടുപോകാം. തുന്നികൊണ്ടുവരാൻ പറയാം. തുന്നിയ കുപ്പായങ്ങളായിരുന്നെങ്കിൽ ഇവിടെ പാടൊന്നുമില്ല്യായിരുന്നു !''

കുനിഞ്ഞു് തുണികൾ മടക്കിക്കൊണ്ടിരുന്ന ഗൗരി ക്കുട്ടിയെ സരള ഒന്നു നോക്കിയതല്ലാതെ മറുപടിയൊന്നും പറഞ്ഞില്ല. എങ്കിലും അടക്കാനാവാത്ത തരത്തിൽ എന്തോ മനസ്സിൽ പൊന്തിവന്നു. അമർത്തിയിട്ടും അതു് അടങ്ങിയില്ല.

"ശ്രുന്നിച്ചോളൂ! കൂലി ഞാൻ കൊട്ടത്തേക്കാം."

"അയ്യോ! അതിനു പ റഞ്ഞതല്ല."

"ങ്ഉം!"

"കൊട്ടക്കുന്ന തുണിയിൽ പകുതിപോലും കാണ ത്തില്ല. തുന്നിക്കിട്ടുമ്പോ."

സരള എഴുന്നേററുപോയി ട്രങ്ക് അടച്ചു. അവൾ ഗൗരിക്കുട്ടിയിരുന്നിടത്തേക്കു വന്നില്ല. വാതിലിൽ തൂ ക്കിയ കർട്ടൻ ശരിപ്പെടുത്തുന്ന പണിയിൽ ഏർപ്പെട്ടു.

അവരുടെയിടയിൽ അസുഖത്തിൻെറ നിഴൽ വീ ശിയതു് രണ്ടുപേരും അറിഞ്ഞു. കുറെ നിമിഷങ്ങൾ നീണ്ടുനിന്ന നിശ്ശബ്ദത അതു് തെളിയിച്ചു.

"പുതിയവീട്ടിൽ താമസം തൊടങ്ങുമ്പോൾ സര സ്വതിഹോമം നടത്തുന്നതു നല്ലതാണെന്നാ കണിയാരു പറഞ്ഞെ! എന്നാലതു ചെയ്യാനിതുവരെ സാധിച്ചില്ല, നിങ്ങളെല്ലാം വന്നിട്ടാകാമെന്നു കരുതിയാ നീട്ടിവെ ച്ചെ!" സംഭാഷണവിഷയം മാററാൻ മനഃപൂർവ്വം ഗൗരി ക്കുട്ടി ശ്രമിക്കുകയായിരുന്നു. "വന്നിട്ടു മൂന്നുദെവസമാ യല്ലോ. ഇനി അതങ്ങു നടത്തണം."

സരള മറുപടി പറഞ്ഞില്ല.

"വീടിന് ഐശ്വരം വരുത്താൻ ഇതു് വേണം. ചേച്ചീടെ നാട്ടിലൊക്കെ ഈ സമ്പ്രദായമില്ലേ ?"

സരളയ്ക്കു് സംസാരിക്കാതിരിക്കാൻ സാധിക്കാതെ വന്നു. "സിംഗപ്പൂരിൽ ഇതൊന്നുമില്ല."

"അതല്ല. ചേച്ചീടെ നാട്ടിലെകാര്യമാ. നമ്മള് തമ്മിൽ ഇവിടെ വരുന്നതിനുമുമ്പെങ്ങും കാണുവേം കേൾക്കുവേം ചെയ്തിട്ടില്ലല്ലോ. അതുകൊണ്ടു ചോദിക്കു ന്നതാ, ചേച്ചീടെ നാടെവിടെയാ ?

സരളയ്ക്കു് നേരമ്പോക്കുതോന്നി." സിംഗപ്പൂരു തന്നെ !"

"അതല്ല. അച്ഛൻെറം അമ്മേടേം നാട്ട് ?"

"അതോ !" സരള ചിരിച്ചു. "എന്നെ കല്യാ ണം കഴിച്ചപ്പോൾ ഇതൊന്നും ചേട്ടൻ എഴുതിയറിയി ച്ചില്ലേ ?" ഗൗരിക്കുട്ടിയെ കളിയാക്കുന്ന മട്ടിൽ സരള പറഞ്ഞിട്ടു വീണ്ടും ചിരിച്ചു.

"ഇല്ല. കല്യാണംകഴിച്ചിട്ട് ഏഴെട്ടുമാസം കഴി ഞ്ഞാ ആ വിവരംതന്നെ ഇവിടെ അറിയിച്ചെ ! ആരെ യാണെന്നോ എവിടുന്നാണന്നോ ഒന്നുമൊട്ടില്ലാരുന്നു താനും !"

"കല്യാണം കഴിച്ചതു് എന്നെയാ !" കുസൃതിയോ ടെ സരള പറഞ്ഞു.

"ഈ നാട്ടിലാണെങ്കിൽ ആരേലും പുതിയതായിട്ടു വന്നാൽ, ആളുകളൊക്കെ അവരെപ്പററി അറിയാൻ എ ന്തൊരു തിടുക്കമൊകാണിക്കുന്നതെന്നോ ? നൂറുകൂട്ടം കാ ര്യങ്ങൾ നാട്ടനീളെ പറഞ്ഞുപരത്തും. ചേച്ചീമൊക്കെ

വരുന്നെന്നറിഞ്ഞപ്പോൾതന്നെ അയലത്തെ പെണ്ണുങ്ങൾ അന്വേഷണം തുടങ്ങി.''

"എന്തന്വേഷണം ?''

"ചേച്ചിയുടെ കാര്യംതന്നെ! എന്നാൽ എനിക്കേതാണ്ടറിയാമോ ?''

"എന്നിട്ട് ?''

"എന്നിട്ടെന്താ, ഞാനൊന്നും പറഞ്ഞിട്ടില്ല.''

"അവർക്കെന്താ ഇത്ര താല്പര്യംവരാൻ കാരണം?''

"കാരണം വല്ലതുമുണ്ടായിട്ടാണോ? മനുഷ്യരങ്ങനാ ഇവിടെ!''

"കൊള്ളാം!''

"സിംഗപ്പൂർകാരത്തിയെന്നാ ചേച്ചിയെപ്പററി അവർ പറയുന്നെ! വല്ലോരും ചോദിച്ചാ, സ്വന്തക്കാരുടെ കാര്യമെങ്കിലും പറയാൻ അറിയേണ്ടേ? എനിക്കൊന്നുമറിഞ്ഞുകൂടാ.

"ഞങ്ങൾ സിംഗപ്പൂരിലായിട്ട് പത്തുമുപ്പതു വർഷമായി. ഞാൻ ജനിച്ചതു് അവിടെയാ.''

"കുടുംബമൊക്കെ ഈ നാട്ടിലെവിടെങ്കിലുമായിരിക്കുമല്ലോ. അമ്മേടെം അച്ഛന്റെം.''

"അതൊന്നും പറയാൻ എനിക്കുതന്നെ വലിയതായിട്ടറിവില്ല.''

"ഛെ! അതുകൊള്ളാം! സ്വന്തം കുടുംബത്തെക്കുറിച്ചറിയാൻ പാടില്ലാന്ന അവസ്ഥ! ഇവിടൊക്കെ ഒന്നുമില്ലാത്തവനുപോലും പറയാൻ ഒരു കുടുംബോം തറവാട്ടും കാണും.''

"എനിക്കതൊന്നുമില്ല."

"കളിപറയുന്നതെന്തിനാ ?"

"കളിയല്ല. അച്ഛൻെറ വീട്ട് എലത്തുരാണെന്നാ പറഞ്ഞു കേട്ടിട്ടുള്ളത്. അമ്മ കണ്ണൂരിലും."

"എലത്തൂരോ? അതെവിടെയാ ?"

"മലബാറിൽ!"

"അപ്പോൾ വടക്കത്തിയാണ്."

"എനിക്ക വടക്കും തെക്കുമൊന്നുമില്ല ഞാനവിടെങ്ങും പോയിട്ടുപോലുമില്ല. സിംഗപ്പൂരിൽനിന്നു പുറത്തുവരുന്നതു് ഇപ്പോഴാദ്യമായിട്ടാണ്."

"അച്ഛൻ നേരത്തെ സിംഗപ്പൂരിൽ പോയിരിക്കും."

"ങ്ങ! വളരെ ചെറുപ്പത്തിലേ നാട്ടുവിട്ടു. ഒടുവിൽ സിംഗപ്പൂരിലായി സ്ഥിരവാസം. അവിടെവെച്ചാണ് അമ്മയെ കണ്ടുമുട്ടിയതും കല്യാണം കഴിച്ചതും."

"അപ്പോ ഏതാണ്ട് എൻെറ ചേട്ടൻെറ കാര്യം പോലെതന്നെയാ."

"അതെ!' സരളയ്ക്കും ചിരിവന്നു.

"ഇവിടെ കല്യാണം നിശ്ചയിക്കുന്നതും നടത്തുന്നതും വീട്ടുകാരാ. അല്ലാത്തതു്, നാണക്കേടുള്ളതാണെന്നാ പറച്ചിൽ!"

"എന്തു നാണക്കേട്? സരളയ്ക്ക് ചിരി അടക്കാൻ സാധിച്ചില്ല.

"എന്താന്നു ചോദിച്ചാൽ എനിക്കറിഞ്ഞുകൂടാ! അങ്ങിനെയാ. നാലഞ്ചുമാസം മുമ്പ് ഇങ്ങനെ ഒരു ക

ല്യാണം ഇവിടെ നടന്നു. വയലിൽകരോടത്തെ ഭാഗ്ഗ വീടെ മോള്, ശാരദ. അവള് തിരുവനന്തപുരത്തെ ങ്ങടാണ്ടാ. ഏതാണ്ടു ജോലിയൊണ്ട്. അന്യജാതിക്കാരനൊരുത്തനെയാ കല്യാണം കഴിച്ചേ. അതിൽപിന്നെ നാട്ടിലും വീട്ടിലും ശാരദ വന്നിട്ടില്ല. വരാനൊക്കത്തില്ല. വന്നാൽ അവിടെ കാലു തല്ലിയൊടിക്കാൻ വടിയുംവച്ചു കൊണ്ടിരിക്കുവാ ഭാഗ്ഗവി ! അല്ലേ പെമ്പിള്ളേരു് ഇങ്ങനെ സ്വാതന്ത്ര്യം കാണിച്ചാലെങ്ങിനെയാ ? ജാതിയില്ലെന്നാരെല്ലാം പറഞ്ഞാലും അവനവൻെറ കാര്യംവരുമ്പോ അതു നോക്കാത്തവരാരാ ? മുമ്പു് കൂട്ടതലും പൊറത്തുകാണിക്കുമാരുന്നു. ഇന്നു് അധികവും മനസ്സിലൊതുക്കിയിരിക്കുവാണെന്നൊരു വ്യത്യാസമേയുള്ളു. ങ്ങാ ! അതൊക്കെപോട്ടെ, ഇക്കാര്യം കേട്ടപ്പോ ഇത്രയും പറഞ്ഞുപോയെന്നേയുള്ളു.'' ഇടതടവില്ലാതെ ഗൗരിക്കുട്ടി നടത്തിയ ആഖ്യാനവും അഭിപ്രായപ്രകടനങ്ങളുമെല്ലാം അത്ഭുതവും അതിലേറെ വിനോദവും കലന്ന മനോഭാവത്തോടെ സരള കേട്ടുകൊണ്ടിരുന്നു. മുമ്പൊരിക്കലും കേട്ടിട്ടില്ലാത്ത കാര്യങ്ങളായിരുന്നു ഇതെല്ലാം.

"അപ്പോ ചേച്ചീടെ കുടുംബപ്പേരു്?''

"എനിക്കു നിശ്ചയമില്ല. ഇതുവരെ അതു ഞാനന്വേഷിക്കേണ്ടിവന്നിട്ടില്ല.'' നീരസത്തോടെയാണു് സരള സംസാരിച്ചതു്. ''എന്നോടാരും ചോദിച്ചിട്ടുമില്ല.''

"ഇവിടെ എല്ലാരും അതു ചോദിക്കും.'' സരളയുടെ നീരസത്തിൻെറ ഊക്കു് കുറയ്ക്കാനെന്നമട്ടിലാണു് ഗൗരിക്കുട്ടി സംസാരിച്ചതു്.

"ചേച്ചീടെ അച്ഛൻെറ പേരുപോലും എന്താണെന്നു ചോദിച്ചാൽ പറയാനെനിക്കറിഞ്ഞുകൂടാ."

സരളയ്ക്കു് ചിരിവന്നു.

"അതു സാരമില്ല. ചിരുകണ്ടനെന്നാണ് അച്ഛൻെറ പേർ. അനിയത്തിക്കു വിഷമംവരാതിരിക്കാൻ ഓർമ്മിച്ചോളൂ!"

"എനിക്കറിയാനാശയുണ്ടായിട്ടല്ല ഞാനിതെല്ലാം ചോദിക്കുന്നെ. നാട്ടുകാരു നാത്തൂനെപ്പററി ചോദിച്ചാൽ ഒന്നുമറിഞ്ഞുകൂടെന്നു് മറുപടിപറയുന്നതെങ്ങിനെയാ?" കടന്നുകയറി അന്വേഷിക്കാനുള്ള സ്വന്തം സ്വഭാവത്തെ മനഃപൂർവ്വം മറച്ചുനിർത്താനുള്ള നിഷ്ഫലമായ ശ്രമമായിട്ടേ സരളയ്ക്കു് ഇതു തോന്നിയുള്ളൂ. എങ്കിലും പ്രതിഷേധസ്വരമുയർത്തിയില്ല.

"ചിരുകണ്ടൻനായരെന്നു പറയുമ്പോൾ.. ?"

"നായരല്ല." സരള ഇടയ്ക്കുകയറി പറഞ്ഞു. ഗൗരിക്കുട്ടി അത്ഭുതപ്പെട്ടു. മുഖം കുനിച്ചു് അവൾ പതുക്കെ ചോദിച്ചു.

"കുറുപ്പായിരിക്കും ?"

ഗൗരിക്കുട്ടിയുടെ പരുങ്ങൽ കണ്ടു് സരള വിനോദിച്ചു.

"കുറുപ്പുമല്ല."

"ഓ! പണിക്കരായിരിക്കും ?"

"പണിക്കരെന്നു വേണമെങ്കിൽ പറയാം. പക്ഷേ തീയ്യനാണ്!" സരളയ്ക്കു് ചിരിപൊട്ടിപ്പോയി.

എന്നാൽ ഇടിവെട്ടേററതുപോലെ ഗൗരികുട്ടി സ്തബ്ധ യായി ഇരിക്കുകയാണ്.

" തീയൻെറ മകളാണു് ഞാൻ ! തീയത്തി !" അട്ട ത്തകാലത്തെങ്ങും ഇപ്രകാരം വിനോദം സരളയ്ക്കു തോന്നി യിട്ടില്ല. ഗൗരിക്കുട്ടിയെ നോക്കി അവൾ വീണ്ടും വീണ്ടും ചിരിച്ചു.

സമയം സന്ധ്യമയങ്ങിത്തുടങ്ങി.

ഗൗരിക്കുട്ടിയുടെ മുഖവും ഇരുണ്ടിരിക്കുന്നു. എന്തെ ന്നില്ലാത്ത ഒരസ്വാസ്ഥ്യത അവളിൽ കടന്നുകൂടിയിട്ടുണ്ടെ ന്നു് വ്യക്തമാണ്.

" വിളക്കുവയ്ക്കാൻ നേരമായി." കട്ടിലിൽനിന്നു സാരിയും തുണിയും കയ്യിലെടുത്തു് മിണ്ടാതെ ഗൗരിക്കുട്ടി താഴേക്കിറങ്ങി.

കുട്ടികളുടെ നാമജപം തീൎന്നപ്പോഴാണ് സരള താ ഴത്തേക്കു ചെന്നതു്.

ശ്യാമയും മററു കുട്ടികളും നിലവിളക്കിൻെറ അ ട്ടുത്തു് വരിയായിട്ടിരിക്കുകയാണ്. അവർ ഊററംപറ ഞ്ഞു രസിക്കുന്നു. മലയാളം നല്ലതുപോലെ പറയാനറി യാൻ വയ്യാത്തതുകൊണ്ടു് ശ്യാമയ്ക്കു് മററുള്ള കുട്ടികളെ പ്പോലെ വാചാലയാകുവാൻ സാധിച്ചില്ല. എങ്കിലും അവരുടെ സൗഹൃദം സരളയുടെ ഹൃദയത്തെ തണുപ്പിച്ചു. ഇണങ്ങിച്ചേരാനും സ്നേഹിക്കാനും മുതിൎന്നവൎക്കു ഇങ്ങ നെ സാധിച്ചിരുന്നെങ്കിൽ !.......

അത്താഴക്കാര്യങ്ങളിൽ ഗൗരിക്കുട്ടിയെ സഹായി ക്കാമെന്നു കരുതിയാണ് സരള അടുക്കളയിലേക്കു ചെ ന്നതു്. എന്നാൽ അപ്പോഴേക്കു് ജോലിയൊക്കെ പൂൎത്തി

യാക്കി കതക് അടയ്ക്കുകയായിരുന്നു. സരള അവിടെ ചെന്നതു് കണ്ടഭാവം നടിച്ചുമില്ല ഗൗരിക്കുട്ടി. അവിടെ മററാരും ഇല്ലെന്നമട്ടിൽ അവൾ അടുക്കളയിലെ വിളക്കണച്ചു.

"ജോലിയെല്ലാം കഴിഞ്ഞോ ?" എന്തെങ്കിലും പറയണമെല്ലോ എന്നുകരുതി അത്രയും പറഞ്ഞതായിരുന്നു സരള. "കുട്ടനെല്ലാം ശരിപ്പെടുത്തിയിടാൻ സമയം കുറെയധികമെടുത്തു." അമാന്തത്തിന്റെ കാരണം വിശദീകരിക്കാമെന്നു കരുതിയാണതു പറഞ്ഞതു്. എന്നാൽ ഗൗരിക്കുട്ടി അതിൽ താല്പര്യം ഒട്ടും പ്രദർശിപ്പിച്ചില്ല. അവൾ ഒന്നും മിണ്ടാതെ സ്വന്തം മുറിയിലേക്കു നടന്നു.

മടങ്ങി മുറിയിലേക്കു പോകുകയല്ലാതെ മറെറാന്നും സരളയ്ക്കു ചെയ്യാനുണ്ടായില്ല.

ആദ്യം വെളിയിൽനിന്നു് മടങ്ങിയെത്തിയതു് കൃഷ്ണൻനായരായിരുന്നു. അപ്പോൾ കുട്ടികൾമാത്രം സ്വീകരണമുറിയിലിരുന്നു് അതുമിതും സംസാരിക്കുന്നുണ്ടു്.

വിയപ്പുകൊണ്ടു നനഞ്ഞിരുന്ന കുപ്പായം അഴിച്ചിടാനായി കൃഷ്ണൻനായർ നേരേ മുറിയിലേക്കുപോയി. അവിടെ വെളിച്ചമുണ്ടായിരുന്നില്ല. സ്വീകരണമുറിയിൽ കത്തിക്കൊണ്ടിരുന്ന വിളക്കിന്റെ പ്രകാശം വെള്ളഭിത്തിയിൽ തട്ടി വെന്റിലേററിൽക്കൂടി അവിടേക്കും അല്പം പ്രസരിച്ചിരുന്നു. എങ്കിലും ആ വെളിച്ചത്തിൽ ഒന്നും വ്യക്തമായിരുന്നില്ല.

കുപ്പായം ഊരി സ്റ്റാൻഡിൽ തൂക്കിയിട്ടു് അടുത്ത ഭിത്തിയിലുണ്ടായിരുന്ന സ്വിച്ചിട്ടു.

ഗൗരിക്കുട്ടി കട്ടിലിൽ, തലയിണയിൽ മുഖംകുത്തി കമഴ്ന്നു കിടക്കുന്നു!

അല്പം പരിഭ്രമിച്ച് അയാൾ അവളുടെ അടുത്തു ചെന്നിരുന്ന് കുലുക്കി വിളിച്ചു:

" ഗൗരിക്കുട്ടി!"

അവൾ എഴുനേററിരുന്നു.

" എന്താ ?"

" ഒന്നുമില്ല."

" അതല്ല. എന്താ ?"

" ഒന്നുമില്ലെന്നേ !"

" പിന്നെ സന്ധ്യാസമയത്ത് ഈ കിടപ്പ് ?"

" വെറുതെ കിടന്നെന്നേയുള്ളു."

" സുഖക്കേടു വല്ലതുമുണ്ടോ ?"

" എങ്കിൽ ചികിത്സിച്ചു ഭേദമാക്കാമായിരുന്നു." പറയാനുള്ള കാര്യം മനഃപൂർവ്വം ഒളിക്കുകയാണെന്നു വരുത്തുന്ന മട്ടിൽ അവൾ പറഞ്ഞു.

" ഓഹോ ! അത്ര ഗൗരവമേറിയ കാര്യമെന്താ?"

" ചേട്ടൻ ഇരുന്നിരുന്ന് ഒടുവിൽ..."

" ചേട്ടനെന്തോന്നു പററി ?"

" പറേറാ ?......ചോത്തിയാ ഭാര്യ !"

കൃഷ്ണൻനായർ പകച്ചുനിന്നു.

" അവരുതന്നെ പറഞ്ഞതാ. ഞാൻ അസൂയപറയുന്നതല്ല."

" അതിനു നീയെന്തിനാ വിഷമിക്കുന്നെ ?" കൃഷ്ണൻനായക്ക് ദേഷ്യംതോന്നി.

" വിഷമിക്കേണ്ടേ? നാലുപേരറിയുമ്പോ.......നാണംകേട്ട് !"

" ഇന്നത്തെക്കാലത്ത്......നിനക്കു നാണമില്ലേ ഇതൊക്കെ തിരക്കാൻ?"

" ഓ! കുററം എൻെറ തലയിലാക്കുവാണോ?"

" അല്ല. ചേട്ടനു് നാണക്കേടു തോന്നുന്നില്ലെങ്കിൽ......നിനക്കാണോ...?" അയാൾക്കു ദേഷ്യം അടക്കാൻ കഴിഞ്ഞില്ല. " ഇങ്ങനെയുമുണ്ടോ മനുഷ്യർ?"

" ഉണ്ട്. നാട്ടുകാരറിയുമ്പോ എന്നോടാ നാണക്കേടു പറേന്നെ !"

" ഈ വീട്ടിൽ നീ കശുപിശയുണ്ടാക്കരുത്. ഈ വീടുതന്നെ അവരുടെതാ. നീ കാര്യമായി കരുതിപെരുമാറണം." ശാസനാത്രപത്തിലാണു് കൃഷ്ണൻനായർ പറഞ്ഞത്.

അയാൾ അവിടെനിന്നു് മുററത്തേക്കു പോയി. അല്പനേരം ഉലാത്തിയിട്ട് തിരിച്ചുവന്നു. പ്രതിമപോലെ അവിടെത്തന്നെയിരുപ്പുണ്ട് ഗൗരിക്കുട്ടി.

" ഗൗരിക്കുട്ടി !" അയാൾ വിളിച്ചു.

അവൾ തലയുയർത്തിനോക്കി.

" ഈ വീട്ട് അവരുടെതാ. അവരുടെ പണംകൊണ്ടു പണിയിച്ചത്. അവർ സ്ഥിരമായിട്ടിവിടെ താമസിച്ചാൽ നമുക്കൊരു കാര്യവുമില്ലാതാവും. സ്നേഹംകൊണ്ടും നയംകൊണ്ടും അവരെ മടക്കിയയക്കാൻനോക്കണം. അപ്പോൾ സ്വത്ത് അവരുടെതായാലും അനുഭവത്തിനു് നമുക്കാണവസരമുണ്ടാകുക. അവരെ പിണ

ക്കിയാൽ ഒന്നുമില്ലാതെ ഇറങ്ങിപ്പോകേണ്ടിവരും.'' വളരെ അടക്കിയൊതുക്കിയാണ് അയാൾ സംസാരിച്ചതു്.

'' അതിനു ഞാനിപ്പോഴെന്തുചെയ്യണം ?''

'' പെൺപോരിനു് വഴിവയ്ക്കരുതു് !''

'' ചോത്തിയുടെകൂടെ...''

'' മിണ്ടാതിരി ! ഇന്നത്തെക്കാലത്തു് ഇതു പറയാൻ നാണമില്ലേ ?''

'' ഇല്ല ! വെളിയിലുള്ള നാലുപേരോടു ചോദിക്കണം !''

'' എടീ ! നീയിതു പുറത്തുപറഞ്ഞില്ലെങ്കിൽ ആരാണ്ടറിയാൻ പോന്നോ ?''

'' അറീം ! ഇന്നല്ലെങ്കിൽ നാളെ അറീം !''

'' അറീമ്പോഴറിഞ്ഞോട്ടെ ! നിനക്കിതൊന്നും ഭാവിക്കാതിരിക്കരുതോ ?''

'' എന്തൊന്നായിവിടെ ? കഥപറച്ചിലാണോ ?'' പുറത്തു് സ്വീകരണമുറിയിൽ ഗോപാലൻകുട്ടിയുടെ ഒച്ച കേട്ടു ''സിംഗപ്പൂരീന്നു കപ്പലിൽ വരുമ്പോഴുള്ള വിശേഷങ്ങളാണോ ശ്യാമ പറഞ്ഞുകേൾപ്പിക്കുന്നെ ?''

കുട്ടികൾ ചിരിച്ചുകൊണ്ടു് ബഹളംകൂട്ടി.

ഈ സമയം കൃഷ്ണൻനായർ അവിടേക്കു് ഇറങ്ങിവന്നു. അയാളെനോക്കി ഗോപാലൻകുട്ടി പറഞ്ഞു— ''സിംഗപ്പൂർ യാത്രയെപ്പററി പറയുകയാണു് ശ്യാമ. എന്നാൽ ഏററവും രസമുള്ള കഥ എൻെറ ട്രാൻസിസ്റ്റർ റേഡിയോ ചന്ദ്രൻ തട്ടിക്കൊണ്ടുപോയതാ.''

രണ്ടുപേരും കസേരകളിൽ ഇരുന്നു.

"ഓ! അങ്ങനെയുമുണ്ടായോ?" കൃഷ്ണൻനായർ ഇരിക്കുമ്പോൾ ചോദിച്ചു.

'ങ്ഉം! അതു പറഞ്ഞാൽ വലിയ രസമാ. കൊച്ചുവീട്ടിലെ ചന്ദ്രശേഖരൻ ഇവിടെങ്ങുമില്ലേ?"

കൃഷ്ണൻനായർ ചിരിച്ചു.

"എന്താ ചിരിക്കുന്നെ?"

"വെറുതെ! അവനെ മദ്രാസിൽവച്ചു കണ്ടോ?"

"ങ്ആ!"

"ഒരുമാസം മുമ്പാണെന്നു തോന്നുന്നു അവനിവിടൊക്കെയുണ്ടായിരുന്നു. ഇവിടെ വരുകയുംചെയ്തു. ചേട്ടന്റെ കാര്യവുംചോദിച്ചു. അപ്പോൾ ചേട്ടൻ വരുന്ന കാര്യം ഞാൻ പറയുകയുംചെയ്തു."

"ഓഹോ! അങ്ങിനെവരട്ടെ. ഞാൻ കപ്പലിൽ വന്നിറങ്ങിയപ്പോൾ ജെട്ടിയിൽ വന്നിരുന്നു."

"ഇപ്പോൾ മദ്രാസിലെങ്ങാണ്ടാ. ഇവിടെനിക്കപ്പൊറുതിയില്ല."

"എന്റെ കയ്യിലിരുന്ന ട്രാൻസിസ്റ്റർ സഹായിക്കാമെന്നു പറഞ്ഞു കയ്യിൽ വാങ്ങി. കസ്റ്റംസ് പരിശോധനകഴിഞ്ഞപ്പോൾ ടാക്സിപിടിച്ചോണ്ടു വരാമെന്നുപറഞ്ഞുപോയി. പിന്നെ കണ്ടതേയില്ല. ടാക്സിയില്ല. ട്രാൻസിസ്റ്ററുമില്ല. ആളുമില്ല!" ഗോപാലൻകുട്ടി കുലുങ്ങിച്ചിരിച്ചു. "എഴുനൂററിയമ്പതോളം രൂപാ വിലയുണ്ട്. സിംഗപ്പൂരിൽ! ഇവിടെയെങ്ങിനെയായാലും ആയിരത്തിയിരുനൂറോളം വിലവരുമെന്നാണ് പിന്നെ തിരക്കിയപ്പോൾ അറിഞ്ഞതു്. അവൻ അത്രയും കൊണ്ടുപോയി!"

"ഈ തട്ടിപ്പുതന്നെയാ അവൻെറ തൊഴിൽ ഇവിടെ കൺട്രാക്കെന്നും ബിസിനസെന്നും പറഞ്ഞു് എത്ര പേരെയാ വെള്ളത്തിലിറക്കിയിട്ടുള്ളതു്. കരുവിക്കന്നേൽ വർഗ്ഗീസ്, തോട്ടിൻകര അച്ചുതൻനായർ, ഇലഞ്ഞിമുട്ടിൽ ശേഖർ......ഇവരെല്ലാം അവൻ നശിപ്പിച്ചവരുടെ ലിസ്റ്റിലുണ്ടു്. തോട്ടിൻകര അച്ചുതൻനായരെ കണ്ടാൽ കഷ്ടംതോന്നും. ഒള്ളതെല്ലാംപോയി. ഇപ്പോൾ വാടകവീട്ടിലാ താമസം. അയാളും ഭാര്യയും നാലു പിള്ളേരുംപെടുന്ന പാടുകണ്ടാൽ കണ്ണിൽ ചോരയുള്ളവരാരും സഹിക്കത്തില്ല." കൃഷ്ണൻനായർ കുറച്ചു നേരം മിണ്ടാതിരുന്നു. "ഇപ്പോൾ, സിനിമയിൽ അഭിനയിക്കാനെടുപ്പിക്കാമെന്നു ഓരോരുത്തരെ പറഞ്ഞു വിശ്വസിപ്പിച്ചു് പണം പിടുങ്ങുന്ന പണിയാണെന്നാ കേൾക്കുന്നേ! അവൻ ഇവിടെ വന്നതെന്തിനായിരുന്നെന്നോ?" സിംഗപ്പൂരിൽ ചേട്ടനു് ധാരാളം പണമൊണ്ടല്ലോ. നല്ലയൊരു സിനിമയെടുക്കാം, അതു കുറച്ചു മുടക്കിയാൽ. നല്ല ലാഭംകിട്ടും. സിനിമപോലെ ആദായമുണ്ടാക്കാവുന്ന മറെറാരുകാര്യമില്ല. ചേട്ടനു് വിവരമെഴുതി ഇതു ശരിപ്പെടുത്തണം." എന്നു് എന്നോടു നിർബ്ബന്ധിക്കാൻ വന്നതായിരുന്നു! നമ്മളെക്കൂടി ഒന്നു നന്നാക്കിക്കളയാമെന്നു കരുതിയ മഹാമനസ്കൻ!" കൃഷ്ണൻനായർ ചിരിച്ചു.

"എനിക്കുപററിയ നഷ്ടം സാരമില്ല. രക്ഷപെട്ടല്ലോ, അവൻെറ പിടിയിൽനിന്നു്." ഗോപാലൻകുട്ടിയും ചിരിച്ചു.

' ഇവനൊക്കെ നാടിനും നാട്ടുകാൎക്കും നാശംവരുത്താത്ത വല്ല വഴിയും കണ്ടുപിടിക്കരുതോ?" കൃഷ്ണൻനായർ പറഞ്ഞു.

"അങ്ങനൊന്നും പറയാനില്ല. ഓരോരുത്തൎക്ക് ഓരോ തൊഴിൽ! എങ്ങനെയെങ്കിലും പണമൊണ്ടാക്കണം. എങ്ങിനെയായാലും വേണ്ടില്ല. ആരൊക്കെ നശിച്ചാലും നമ്മുടെ കീശ വീൎക്കണം. അത്രേയുള്ളു." അയാൾ അല്പം ഉറക്കെ ചിന്തിക്കുകയായിരുന്നു.

"അത്താഴത്തിനു നേരമായെന്നു് അമ്മ പറഞ്ഞു." രവി അവിടെ വന്നു അറിയിച്ചു.

"നിങ്ങൾ ആദ്യം കഴിക്കിൻ. ഞങ്ങൾ പിന്നെ വന്നേക്കാം." കുട്ടികളെ പറഞ്ഞയച്ചിട്ടു് ഗോപാലൻകുട്ടി എഴുന്നേററു. ഞാൻ കുറച്ചധികം നടന്നു. വല്ലാതെ വിയൎത്തു. മേലുകഴുകിയിട്ടു് ഇപ്പോൾ വരാം."

ഗോപാലൻകുട്ടി മുകളിലേക്കു പടികയറുന്ന ശബ്ദം ശ്രദ്ധിച്ചുകൊണ്ടു് കൃഷ്ണൻനായർ അവിടെ ഇരുന്നു.

Adv N. Santhosh kumar, BA LLB, PGDT.
Nirakkatta House,
Mangaram, Konni. P.O. - 689691
Pathanamthitta (Dist.) Kerala State.

Adv N. Santhoshkumar, BA LLB, PGDT.
Njerakkattu House,
Mangaram, Konni. P.O. - 689691
Pathanamthitta (Dist:) Kerala State.

ഏഴ്

കുറച്ചു പുണ്യംകിട്ടുമെന്നു വിശ്വസിച്ചിട്ടല്ലെങ്കിലും ഗോപാലൻകുട്ടി അന്നു് അതിരാവിലെ ക്ഷേത്രദർശനത്തിനു പോയി. അമ്പലത്തിൽ പോകുന്നതിനു് താല്പര്യം മുമ്പും ഉണ്ടായിരുന്നില്ല. എന്നാൽ താന്തോന്നിയായി നടന്നിരുന്നകാലത്തു് ഇളവുവേളകളധികവും അമ്പലത്തറയിലോ ആൽത്തറയിലോ ആണു് ചിലവഴിച്ചിരുന്നതു്. ഈ സ്ഥലങ്ങളിൽ ചെന്നാൽ പഴയ പരിചയക്കാരിൽ ചിലരെയെങ്കിലും കാണാൻ സാധിച്ചേക്കുമെന്നുകരുതി. സരളയ്ക്കു് അമ്പലത്തിൽ പോകുവാൻ ആവേശമൊന്നുമില്ല. ശ്യാമ നല്ല ഉറക്കമാണു്. അതുകൊണ്ടു് തനിച്ചാണു് പോയതു്.

ശ്രീവർദ്ധനത്തിന്റെ വടക്കു് നാലുഫർലോംഗോളം ദൂരെയാണു് അമ്പലം. ആ നാട്ടിൻപുറത്തെ മുഖ്യമായ നിരത്തു് അതിന്റെ മുമ്പിൽകൂടി വടക്കോട്ടുപോകുന്നു ക്ഷേത്രത്തിന്റെ കിഴക്കു് വഴിയുടെ വലത്തുവശത്തു് ഭീമാകാരനായ അരയാലുണ്ടു്. ആളുകൾക്കു് ഇരുന്നു വിശ്രമിക്കാൻ ഉതകുന്നതരത്തിൽ തറകെട്ടിയിരിക്കുന്നു. നാട്ടിൻപുറത്തെ പ്രധാനദിവ്യന്മാർ സായാഹ്നസമത്തു് അവിടെ സമ്മേളിക്കുക പതിവാണു്. വെടിപറഞ്ഞു സ

മയംകളയാൻ പററിയ സങ്കേതം. ചലചലായെന്നു നിരന്തരം ശബ്ദം പുറപ്പെട്ടവിക്കുന്ന ഇലകൾ ഇടതൂർന്നുവളരുന്ന ഊക്കൻ ശാഖകൾ പടൎന്നു പന്തലിച്ച് മനോഹരമായി വിരാജിക്കുകയാണ്. ഏവിടെ നിന്നാലും ആൽമരം കാണുകയുംചെയ്യാം.

അമ്പലത്തിലേക്കു പോകാൻ അതിരാവിലെ പെരുവഴിയിലിറങ്ങിയപ്പോൾ അവിടം വിജനമായിരുന്നു. ലോലമായ പുകപോലെമഞ്ഞ് അന്തരീക്ഷത്തിൽ തങ്ങിനില്ക്കുന്നുണ്ട്. പൊടിനിറഞ്ഞ നിരത്ത്. ഏകാകിയായി അവിടെ നടന്നപ്പോൾ അയാളുടെ ചിന്ത സ്വാഭാവികമായി കഴിഞ്ഞകാലങ്ങളിലേക്കു തിരിഞ്ഞു. എത്ര സംവത്സരങ്ങൾക്കു മുമ്പാണ് അവസാനമായി ഇവിടെ പൊടി പാദത്തിൽ പററിയത്!

ആൽത്തറയിലെത്തിയപ്പോൾ അമ്പലത്തിൽ ചുററിപ്പററിക്കഴിയുന്ന ചില ആളുകളെ മാത്രമേകണ്ടുള്ളു. മററാരെങ്കിലും വെളുപ്പാൻകാലത്ത് അവിടെ വരുമെന്നു വിചാരിക്കുവാൻ മേലാ. നെട്ടകെനെററിയിൽ ഭസ്മമണിഞ്ഞിട്ടുള്ളവർ, അമ്പലത്തിൽ വഴിപാടുകൊടുക്കാനെത്തിയവർ, ദേവദൎശനപ്രിയരായ മററു ചിലർ, എന്നിങ്ങനെ പലരും ഉണ്ടായിരുന്നു. പഴയ പരിചയക്കാരാരെങ്കിലും ഉണ്ടോയെന്നറിയാൻ കൗതുകത്തോടെനോക്കി. ഇല്ല. ആരുമില്ല. പണ്ടാണെങ്കിൽ അപരിചിതരെ കാണാനായിരുന്നു വിഷമം. കാലംവരുത്തിയ മാററം! ലോകത്തിൽ ഒഴിച്ചുകൂടാത്തവരായി ആരെങ്കിലുമുണ്ടോ? സ്വാധീനത്തിൻെറ ശക്തിപ്രസരം നിരന്തരം പ്രസരിപ്പിച്ചു

കൊണ്ടിരുന്നില്ലെങ്കിൽ എത്ര ദിവ്യനായ വ്യക്തിയേയും അഗണ്യതയൊരുക്കുന്ന അന്ധകാരത്തിലേക്ക് കാലം തള്ളിമാററുന്നു !

മുമ്പ് സ്വന്തം സ്വാധീനം ഇവിടെ സ്ഥാപിച്ചിരുന്നതാണ്. ഇന്ന് അയാളെ തിരിച്ചറിയാൻപോലും ഒരാളില്ല. പുതിയ തലമുറ രംഗത്തു വന്നുകഴിഞ്ഞു. പഴയവരെല്ലാം പിന്മാറിയിരിക്കുന്നു.

ഗോപാലൻകുട്ടിയുടെ മനസ്സിൽ അല്പം വിഷമം ഉണ്ടാകാതിരുന്നില്ല.

അവിടെവന്നതു് ദേവദശനത്തിനുള്ള ഒട്ടങ്ങാത്ത ആശകൊണ്ടാണെന്നമട്ടിൽ അമ്പലമുററത്തേക്കു കയറി. ഒന്നുരണ്ടുപേർ അവിടെ നിന്നിരുന്നു. ആരും അയാളെ തിരിച്ചറിഞ്ഞതായി ഭാവിച്ചതേയില്ല.

ശ്രീകോവിലിനു ചുററും തൊഴുകയ്യോടെ നടന്നു. നാലഞ്ചു പ്രദക്ഷിണംകഴിഞ്ഞു് കോവിലിൻെറ പടിവാതുക്കൽ ചെന്നുനിന്നു; ധ്യാനനിമഗ്നനെപ്പോലെ.

പൂജാരി അകത്തുനിന്നു് ഇറങ്ങി കുറെ ചന്ദനവും മററും നടകല്ലിൽ എറിഞ്ഞുകൊടുത്തു. ചന്ദനമെടുത്തു് നെററിയിൽതൊട്ടു. തിരിച്ചുനടക്കാൻ തുടങ്ങിയപ്പോൾ പൂജാരിയുടെ ശബ്ദംകേട്ടു് നോക്കി. "ഇതാ ! ഈ പ്രസാദംകൂടി." ഗോപാലൻകുട്ടി കൈനീട്ടി അതുവാങ്ങി.

"കാഞ്ഞരമുട്ടിലേയല്ലേ ?" പോററി ചോദിച്ചു.

"അതെ !"

"ഗോപാലൻകുട്ടി വന്നിട്ടുണ്ടെന്നു് ശാന്തമ്മ പറഞ്ഞു.

"ഓഹോ!"

"സിംഗപ്പൂരിലോ മറേറാ..."

"ആയിരുന്നു."

"സംശയംതീക്കാൻ ചോദിച്ചെന്നേയുള്ളു." പോററിഅകത്തേക്കു കയറിപ്പോയി.

പണ്ട് അമ്പലത്തിൽവന്നാൽ അവരൊക്കെ എത്ര കാര്യമായിട്ടാണ് പെരുമാറിയിരുന്നതു്! പൂജാരി ഒട്ടും കാര്യമാക്കിയിട്ടില്ലെന്നമട്ടിൽ അകത്തേക്കുപോയതു ഗോപാലൻകുട്ടിക്ക് രസിച്ചില്ല. മനസ്സിൽതോന്നിയ അമർഷം അമത്തിക്കൊണ്ടു് പുറത്തേക്കു പോന്നു.

വലിയ ബലിക്കല്ലിൻെറ അടുത്തെത്തിയപ്പോൾ അടിച്ചുതളിക്കാരി അവിടം വൃത്തിയാക്കിക്കൊണ്ടിരിക്കുകയായിരുന്നു. അതിനാൽ നടന്നുപോകാൻ ഇടം കിട്ടുന്നതുവരെ അവിടെനിന്നു.

കാൽപ്പെരുമാററം കേട്ടു് തൂപ്പുകാരി വേലനിത്തി മുഖമുയത്തിനോക്കി. അവളുടെ കണ്ണുകൾ അയാളിൽ തറച്ചുനിന്നു. തുറപ്പയും കയ്യിൽ പിടിച്ചുകൊണ്ടു് പകച്ചുനോക്കുകയാണു്.

"ഗോപാലൻ ചേട്ടൻ!"

ആരാണു് ഇവൾ? തൻെറ പേർ എങ്ങിനെയറിഞ്ഞു? തിരിച്ചറിയാൻ ശ്രമിക്കുന്നമട്ടിൽ ഗോപാലൻകുട്ടി നോക്കുകയാണ്.

നാലഞ്ചാഴ്ചയ്ക്കുമുമ്പ് മുണ്ഡനം ചെയ്കതിൽപിന്നെ കുരുത്ത കുററിമുടി. മാംസളമെങ്കിലും ഒട്ടും ആരോഗ്യം പ്രകാശിപ്പിക്കാത്ത മുഖം. മുഷിഞ്ഞ ജമ്പർ ഇട്ടിട്ടുണ്ടു്. കഴുത്തും കയ്യിൻെറ ചില ഭാഗങ്ങളും കീറിയജമ്പർ.

സ്ഥൂലിച്ച് തൂങ്ങിക്കിടക്കുന്ന സ്തനങ്ങൾ കെട്ടിനിൎത്തുവാൻ ജമ്പറിൻെറയടിയിലൊന്നുമില്ല. കരയൻ ഒററവേഷ്ടി ബലമായി അരക്കു ചുററിയുടുത്തിട്ടുണ്ട്. അലക്കിയിട്ടു വളരെനാളായിട്ടുള്ള വേഷ്ടി! അനാകർഷകമായ വിധത്തിലാണു് എല്ലാം അണിഞ്ഞിരിക്കുന്നതു്. സ്ഥൂലിച്ച് രൂപഭംഗി നഷ്ടപ്പെട്ടിട്ടുള്ള വയറു് ഉടുതുണിയുടെ പുറത്തു് കവിഞ്ഞുതള്ളിക്കിടക്കുന്നു.

"ഗോപാലൻ ചേട്ടൻ എന്നെ അറിയത്തില്ലേ ?" പകച്ചുനില്ക്കുന്ന ഗോപാലൻകുട്ടിയെ പിടിച്ചുണൎത്തുന്ന മട്ടിൽ അവൾ ചോദിച്ചു.

"അറിയും......" ബോധമില്ലാത്തവനെപ്പോലെ പതുക്കെപറഞ്ഞു—"ശാന്തമ്മ!......"

"ശാന്തമ്മതന്നെ." അമൎത്തിയ ഒരു നിലവിളി അവളിൽനിന്നുയൎന്നു."

"നിനക്കെന്തുപററി?..." വേദനനിറഞ്ഞ സ്വരത്തിൽ ചോദിച്ചു.

"എനിക്കുപററിയതിൻെറ ബാക്കിയാ......ഈ രൂപം!" കണ്ണുകളിൽനിന്നു വെള്ളം പൊട്ടിയൊഴുകി. "നാലഞ്ചു കൊച്ചുങ്ങളുള്ളതുകൊണ്ടു് അവയെ പോററാൻ, കണ്ണിൽ ചോരയില്ലാത്ത ഇവിടത്തെ ദൈവത്തിൻെറ അടിച്ചുതളിക്കാരിയായി വേലചെയ്യുന്നു." ഹൃദയം തകരുന്നമട്ടിൽ ആണു് വാക്കുകൾ പുറത്തുവന്നതു്. "ഞാനെങ്ങിനാ അതൊക്കെ ഗോപാലൻചേട്ടനോടു പറേന്നെ?... ചേട്ടൻ പോകണം. ഈരൂപം കണ്ടുകൊണ്ടിരുന്നാൽ കണ്ണിൽ മുള്ളേട്ടുകേറും." കണ്ണുനീർ വാൎത്തുകൊണ്ടു് അവൾ അവിടം അടിക്കാൻ തുടങ്ങി.

തലകുനിച്ചു ഗോപാലൻകുട്ടി പുറത്തേക്കു നടന്നു.

ഗോപാലൻകുട്ടിയുടെ അമ്മയുടെ അമ്മാവൻെറ രണ്ടാമത്തെ മകളാണ് ശാന്തമ്മ. സാമാന്യം നല്ല പ്രൗഢിയിൽ കഴിഞ്ഞിരുന്ന കുടുംബം. നേരത്തെ ക്ഷീണം ബാധിച്ചു. ഗോപാലൻകുട്ടിയുടെ ബാല്യകാലത്ത് വിഷമത്തിൻെറ ലക്ഷണങ്ങൾ പുറത്തു പ്രകടമാകാൻ ആരംഭിച്ചിരുന്നു. ഭൂസ്വത്തു ധാരാളമുണ്ടായിരുന്നെങ്കിലും അച്ചുൻെറ ശേഷിയില്ലായ്മകാരണം മുതലൊന്നും പ്രയോജനപ്പെടുവാൻ സാധിച്ചില്ല. ഉത്തരവാദിത്വക്കുറവുകാരണം, വഹിക്കാനാവാത്ത ബാധ്യതകൾ അവളുടെ പിതാവു് വലിച്ചുവെച്ചു. പഴയ പ്രതാപംപുലത്താനുള്ള താല്പര്യം കുറഞ്ഞതുമില്ല. മാറിയ ചുററുപാടുകൾ കണക്കിലെടുത്ത് ജീവിതം നവീനമായി സംവിധാനംചെയ്തില്ല. പ്രതാപം പ്രദർശിപ്പിക്കാനുള്ള ആവേശത്താൽ ഏറെറടുത്ത ബാധ്യതകളാണ് ആ കുടുംബത്തിൻെറ അസ്ഥിവാരം തകത്തതെന്ന് ഗോപാലൻകുട്ടി സ്മരിച്ചു. എങ്കിലും ഗോപാലൻകുട്ടി നാടുവിടുന്നതുവരെ ആ തറവാട്ട് തകന്നുവീഴാതെ നിന്നിരുന്നു.

ശാന്തമ്മയുടെ വിവാഹം നടന്നതു് ഗോപാലൻകുട്ടിക്കു് നല്ല ഓമ്മയുണ്ടു്. ക്ഷീണം നല്ലതുപോലെ ബാധിച്ചിരുന്ന കാലമായിരുന്നെങ്കിലും മോടിയോടെ അതു നടന്നു. അത്രയും ആഭാടത്തോടെ, ആയിടക്കെങ്ങും ഒരു കല്യാണം ആ നാട്ടിൻ പുറത്ത് നടന്നിട്ടില്ല.

വെണ്ണിക്കുളത്തുകാരൻ എസ്. കെ. നായരായിരുന്നു ശാന്തമ്മയുടെ വരൻ. പേഷ്യയിൽപോയി ധാരാളം

പണം സമ്പാദിച്ചു മടങ്ങിയെത്തിയ ആൾ എന്നായിരുന്നു കേൾവി. എന്നാൽ മദ്യപാനിയാണ് എസ്. കെ. നായരെന്ന് ഗോപാലൻകുട്ടിയുടെ പിതാവിനോട് പരിചയക്കാരാരോ അറിയിക്കുകയുണ്ടായി. പണവും പ്രതാപവുമുണ്ടെങ്കിലും മദ്യപാനിയെന്ന ദുഷ്പേരുള്ള ഒരുത്തന്റെ കൂടെ പാവംപിടിച്ച പെണ്ണിനെ പറഞ്ഞയക്കുന്നതു് ഭംഗിയാണോയെന്ന് ആലോചിക്കണമെന്ന് ഗോപാലൻകുട്ടിയുടെ അച്ഛൻ അന്ന് അഭിപ്രായം പറഞ്ഞു. അതിന്റെ പേരിൽ ഉത്ഭവിച്ച കോളിളക്കങ്ങളും മററും ഗോപാലൻകുട്ടിക്ക് ഇന്നും ഓർമ്മയുണ്ട്. എന്തെല്ലാം ആരോപണങ്ങളാണ് ശാന്തമ്മയുടെ അച്ഛൻ പറഞ്ഞുപരത്തിയതു്! കൊള്ളാവുന്ന ഒരുത്തൻ വീട്ടിൽ വന്നു ചേരുന്നതു് സഹിക്കാനാവാത്തതുകൊണ്ടാണ് എസ്. കെ. നായരെക്കുറിച്ച് അപവാദം പറഞ്ഞതെന്നുവരെ വല്യമ്മാവൻ കുററംപറഞ്ഞു. രണ്ടു കുടുംബങ്ങൾ തമ്മിലുണ്ടായിരുന്ന സ്നേഹബന്ധം തകൎന്നു. വൈരാഗ്യം അതിന്റെ സ്ഥാനമെടുത്തു. ഗോപാലൻകുട്ടിയുടെ പിതാവ് വിവാഹത്തിൽ സംബന്ധിച്ചതുമില്ല. ഈ വിവാഹം നടന്നതു് ഗോപാലൻകുട്ടി നാടുവിടുന്നതിനു നാലഞ്ചുമാസം മുമ്പാണെന്ന കാര്യവും മറന്നിട്ടില്ല.

ശാന്തമ്മയെ എങ്ങിനെമറക്കാനൊക്കും ? അവളുടെ ഇന്നത്തെ രൂപംകണ്ടപ്പോഴുണ്ടായ വേദന, ഹൃദയത്തിൽ ഊറിനില്ക്കുന്നു. എങ്കിലും പഴയകാലത്തെ സ്മരണകൾ ഉണരാതിരിക്കുന്നില്ല. പെൺകുട്ടികളെ, മുമ്പില്ലാത്ത താല്പര്യത്തോടെ കാണാനുള്ള മനോഭാവം, ഗോപാലൻ

കുട്ടിയുടെ ഹൃദയത്തിൽ നൂതനാനുഭൂതികളുടെനിലാവെളിച്ചം പ്രസരിപ്പിച്ചകാലത്തു്, ഏററവുമാദ്യം, അഴകോടെ അണിഞ്ഞൊരുങ്ങി ഹൃദയത്തിൽ മന്ദമന്ദം നടന്നുകയറിയതു് ശാന്തമ്മയായിരുന്നു ! എന്തുകൊണ്ടെന്നറിവില്ലായിരുന്നെങ്കിലും അന്നു് അവളെ കാണുമ്പോൾ സുഖകരമായ സംഭ്രമം അനുഭവപ്പെട്ടു.

ചുരുണ്ടു് മുട്ടുവരെ നീണ്ടുകിടക്കുന്ന മുടി നടുക്കു് വെള്ളത്തുണികൊണ്ടു കെട്ടി അവിടെ റോസാപ്പൂവു കുത്തി, അതിലോലമായ ഒരു തരംഗംപോലെ നടന്നുനീങ്ങുന്ന അവളുടെ രൂപം ഇന്നും മറന്നിട്ടില്ല. തുടുത്ത കവിൾത്തടം പുഞ്ചിരി സ്ഥിരമായി പ്രകാശംചൊരിയുന്ന രക്താധരങ്ങൾ. മററവിടെയും കണ്ടെത്തിയിട്ടില്ലാത്ത തെളിച്ചം നിറഞ്ഞുനില്ക്കുന്ന വലിപ്പവും വടിവുമൊത്ത നയനങ്ങൾ. അത്യാനന്ദം അനുഭവിച്ചുകൊണ്ടു് അളകങ്ങൾ നിരന്തരം തടവുന്ന വെളുത്ത കൊച്ചുനെററി. അതിൻെറ നടുവിൽ ഒരിക്കലും മങ്ങാത്ത ചുവന്ന ചാന്തുപൊട്ടു്. ചന്ദനത്തടിയിൽ വിദഗ്ദ്ധനായശില്പി കടഞ്ഞെടുത്തതെന്നു തോന്നിക്കുന്ന കഴുത്തു്. കുഴവെച്ച പവൻ കറുത്തചരടിൽ കോർത്തു് തൂക്കിയിട്ടുണ്ടു്. നേർത്ത തുണികൊണ്ട് നിർമ്മിച്ച ഭംഗിയുള്ള ബ്ലൗസിൻെറ അടിയിൽ താമരമൊട്ടുപോലെ മുകളിലേക്കു വരാൻ മുട്ടിവിളിക്കുന്ന മുലകൾ. തലചായിച്ചു് ഉറങ്ങുന്ന നിത്യകാമുകനെപ്പോലെ അവയുടെയിടയിൽ തൂങ്ങുന്ന പവൻ......ശാന്തമ്മയുടെ അന്നത്തെ ചിത്രം സ്മരണയിൽ തെളിഞ്ഞപ്പോൾ ഗോപാലൻകുട്ടിക്കു് രോമാഞ്ചമുണ്ടായി. ആണുംപെണ്ണും തമ്മിലുള്ള ശാശ്വതബന്ധത്തെപ്പററി നവംനവങ്ങളായ

ആശയങ്ങൾ അയാളിൽ കുരുത്തുവളരുവാൻ അവളാണ് ആദ്യത്തെ കാരണക്കാരി. ഓരോ പ്രാവശ്യം അവളെ കാണുമ്പോഴും, അയാളിൽ നൂതനമായ ഒരു അനുഭൂതി മണ്ഡലം കതിരണിഞ്ഞുവന്നു. ശാന്തമ്മയെ ഒരു നോക്കുകാണുവാനായിമാത്രം, അന്ന് അവളുടെ ആഗമനംകാത്ത് ഏതെല്ലാം സ്ഥലങ്ങളിൽ നിന്നിട്ടുണ്ട്!

എങ്കിലും ആരാധനയിൽ കവിഞ്ഞ് അവളോടുള്ള അടുപ്പം വളർന്നില്ല. ഇല്ല. ഒരിക്കലും കാമുകനായിമാറിയില്ല. എണ്ണമററ ആരാധകരിൽ നിസ്സാരനായ ഒരാൾ മാത്രമായിട്ടേ ഗോപാലൻകുട്ടി നിന്നുള്ളു. ജീവിതവികാസത്തിലെ, മുഖ്യമായ അതിർവരമ്പിൻെറ അനുസ്മരണമെന്നനിലയിൽ ശാന്തമ്മ എന്നും ഗോപാലൻകുട്ടിക്ക് പ്രിയപ്പെട്ടവളാണ്......

ശാന്തമ്മ തുറന്നിട്ട നൂതനലോകത്തിലെ മുടി ചൂടിയ റാണി മറെറാരാളായിരുന്നു.

ഗോപാലൻകുട്ടിയുടെ ചിന്ത ന്യായമായി അവളെപ്പററിയായി......

മേരി!......

അവളെക്കുറിച്ചു വിചാരിച്ചപ്പോൾ കുളിരുകോരിയിടുന്ന അനുഭവം ശരീരത്തിനുണ്ടായി......

അമ്പലത്തറവിട്ട് തെക്കോട്ടു കുറെദൂരം നടന്നിരിക്കുന്നു. പറമ്പുകളിലും വഴിവക്കിലും വളർന്നു വിരാജിക്കുന്ന മരങ്ങളുടെ ഇലച്ചാർത്തുകളുടെ ഇടയിൽക്കൂടി പ്രഭാതവെയിൽ നിരത്തിൽ അവിടവിടെ പതിക്കുന്നുണ്ട്.

മഞ്ഞിൻെറ ലോലമായ തിരശീല നീങ്ങി. എവിടെയും നല്ലവെളിച്ചം! ചൈതന്യത്തിൻെറ സ്പന്ദനങ്ങൾ!

ആളുകൾ ഓരോ ആവശ്യങ്ങൾക്കായി അങ്ങോട്ടുമിങ്ങോട്ടും കടന്നുപോയി. എന്നാൽ ഒന്നും ഗോപാലൻകുട്ടി ശ്രദ്ധിച്ചില്ല. അറിഞ്ഞതുമില്ല. സ്വന്തം ചിന്തയിൽ മുങ്ങിനിന്നിരുന്ന അയാൾക്ക് പുറത്തെ ചിത്രങ്ങൾ കാണാൻ സാധിച്ചില്ല......

അനേകനാളായി അടച്ചിട്ടിരുന്ന വലിയ വീടിൻെറ വിശാലമായ ജനാല വലിച്ചുതുറക്കുമ്പോൾ, വെളിയിലത്തെ വെയിൽ, അകത്തേക്ക് അക്ഷണം വ്യാപിക്കുന്നതുപോലെ മേരിയുടെ സ്മരണ ഗോപാലൻകുട്ടിയുടെ ഹൃദയത്തെ പ്രകാശമാനമാക്കി. അജ്ഞാതമായി കിടന്നിരുന്നതു പലതും വെയിലിൻെറ സുഖപ്രദമായ ചൂടേററു് സജീവമായി' ഇത്രയുംനാൾ ആ ജനാല മനഃപൂർവ്വം അടച്ചിട്ടിരിക്കുകയായിരുന്നു. അതു് ഒരു കാലത്തും തുറക്കരുതെന്നു് ദൃഢപ്രതിജ്ഞയെടുത്തതാണു്. വേദനയും വിമ്മിഷ്ടവും വിപ്രതിപത്തിയുംമാത്രം സംഭരിച്ചിട്ടുള്ള ഭൂതകാല സൗധത്തിൻെറ കവാടങ്ങൾ എന്തിനു തുറക്കണം? ഭീമവും മനോഹരവുമായ ഒരു സൗധം, പ്രേതബാധകൊണ്ടു് അടച്ചുപൂട്ടി, ആൾത്താമസത്തിനനുവദിക്കാതെ ഇട്ടിരിക്കുന്നതുപോലെ, കഴിഞ്ഞകാലമാകുന്ന രമ്യഹർമ്മ്യം സ്മരണയിലൊരിടത്തു് ഒഴിച്ചിട്ടിരിക്കുകയാണു്......

ഗോപാലൻകുട്ടി തിരിഞ്ഞുനടന്നു.

ആൽത്തറകഴിഞ്ഞു് കുറെക്കൂടി വടക്കോട്ടു നടക്കുമ്പോൾ അവിടെ പടിഞ്ഞാറേക്കുപോകുന്ന ഒരു ഇടവഴി

യുണ്ട്. അവിടെക്കൂടി അയാൾ നടന്നുതുടങ്ങി. മേരി താമസിച്ചിരുന്ന വീടിൻെറ മുമ്പിലാണ് ആ ഇടവഴി ചെന്നവസാനിക്കുക. അവിടെനിന്ന് തെക്കോട്ട നാലു പുരയിടംകഴിഞ്ഞാൽ ശ്രീവർദ്ധനത്ത് എത്തുകയുംചെയ്യും.

നല്ല വഴിയല്ല. രണ്ടുവശത്തും കയ്യാല ഉയത്തി ക്കെട്ടിയിരിക്കുന്നു. കയ്യാലയുടെ മുകളിൽ കടലാവണ ക്കും വേലിപ്പരുത്തിയും നാട്ടിക്കെട്ടിയ വേലി. വേലിക്കു റപ്പിച്ച പത്തലുകൾ മുക്കാലും വേരുപിടിച്ച് ഇലപ്പട പ്പോടെ വളന്നും പൂത്തും കാപിടിച്ചും കിടക്കുകയാണ്, പുരയിടങ്ങളുടെ ഉള്ളിലെ കാര്യങ്ങൾ, വേലിപ്പടപ്പിലെ വിടവിൽക്കൂടി കുറേശ്ശെകാണാം. കായിച്ചുനില്ക്കുന്ന തെ ങ്ങും അടയ്ക്കയും, അപൂവ്വം ചില ഭാഗങ്ങളിൽ, വാഴകളു മുണ്ട്.

പടിഞ്ഞാറേക്കു കുറെ നടന്നപ്പോൾ പറമ്പിലെ വിടെയോ, തീററി തേടിക്കൊണ്ടിരുന്ന ഉപ്പൻ അലച്ചു ശബ്ദമുണ്ടാക്കി പറന്നുപോയി. പുളിച്ചിമാവിൻെറ കൊമ്പിലിരുന്ന് അണ്ണാരക്കണ്ണൻ കുച് ! കുച് ! എന്നു ചിലക്കുകയാണ്. എവിടെയും പ്രശാന്തത.

ചെറുപ്പകാലത്ത് ഇതുവഴി പോകാത്തദിവസങ്ങ ളുണ്ടായിട്ടില്ല. അക്കാലത്തെ ഓമ്മകളാണ് മനസ്സിൽ കൂടുതൽ. ചിന്തയെ വ്യതിചലിപ്പിക്കാൻ ആളുകളെ അവിടെങ്ങും കണ്ടില്ല.

ഗോപാലൻകുട്ടി മേരി താമസിച്ചിരുന്ന വീടിനെ സമീപിക്കുകയാണ്. ഹൃദയം ടിക് ടിക് എന്നു തുടി ക്കുന്ന ശബ്ദം കേൾക്കാമെന്നു തോന്നി. തലയുയത്തി

അവളുടെ പറമ്പിലേക്കു ആശാപൂർവ്വം നോക്കിയാണ് നടന്നതു്. ഒന്നുരണ്ടു തവണ വഴിയിൽ എഴുന്നുനിന്നിരുന്ന കല്ലുകളിൽ കാൽ ഒതുങ്ങുകയുംചെയ്തു. അവിടെ മേരി ഇന്നുമുണ്ടോ ?

അച്ഛന്റെ ആത്മമിത്രമായിരുന്നു തൊമ്മിക്കുഞ്ഞു്. പറക്കോട്ടുനിന്നു് ഇവിടെയെത്തി താമസം തുടങ്ങിയതാണു്. കുടികിടപ്പിനുള്ള സൗകര്യം അച്ഛൻ ആഞ്ഞിലിമൂട്ടിൽ കൊടുത്തു. അവിടെ നേരത്തെതന്നെ സാമാന്യം നല്ല ഒരു വീട്ട് ആൾത്താമസമില്ലാതെ കിടന്നിരുന്നു. പുരയിടത്തിൽ പുതിയതായി തെങ്ങും കവുങ്ങും നട്ടു വന്നിരുന്നതിനാൽ, ആളുകളാരെങ്കിലും അവിടെ താമസിക്കുന്നതു് നന്നായിരിക്കുമെന്നു തോന്നി. മുമ്പേ പരിചയമുണ്ടായിരുന്ന തൊമ്മിക്കുഞ്ഞു്, ഈ നാട്ടിലെവിടെയെങ്കിലും താമസം തുടങ്ങിയാൽ കൊള്ളാമെന്നുകരുതി വന്നപ്പോൾ, ഒട്ടും മടികൂടാതെ ആഞ്ഞിലിമൂട്ടിൽ താമസിക്കാൻ ഏർപ്പാടുണ്ടാക്കി. അച്ഛനു് മറെറാരു ആഗ്രഹവുമുണ്ടായിരുന്നു. പഠിത്തക്കാര്യത്തിൽ പിന്നാക്കം നിന്നിരുന്ന ഗോപാൻകുട്ടിക്കു് പാഠങ്ങൾ പറഞ്ഞുകൊടുക്കാനും തൊമ്മിക്കുഞ്ഞു് ഉപകരിക്കും.

തെങ്ങു് ഇടതൂർന്നു് വളർന്നുനില്ക്കുന്ന ഒന്നാന്തരം തോപ്പായിത്തീർന്നിരിക്കുന്നു ഇന്നു് ആ പുരയിടം. കുലകളിൽ വലിപ്പമുള്ള നാളികേരം നില്ക്കുന്നതുകാണാൻ എന്തുഭംഗി! പുരയിടത്തിന്റെ ഒത്തനടുക്കാണു് വീട്ട്. അതു് പുതുക്കിപ്പണിഞ്ഞിട്ടുണ്ടു്. പഴയമട്ടെല്ലാം മാറിയിരിക്കുന്നു. നല്ല വീട്ട്. അന്നു് ഓലമേഞ്ഞതായിരുന്നു. ഇന്നു്

അതുമാററി ഓടിട്ടിട്ടുണ്ട്. മുററം വിട്ട് മുൻവശത്ത് ഉണ്ടായിരുന്ന കിണററിന് മതിൽകെട്ടി കപ്പിയിട്ടിരിക്കുന്നു. മുററത്തിൻെറ വക്കിൽ മുല്ലയും പിച്ചിയും മന്ദാരവും മററും ഭംഗിയായി കെട്ടിനിർത്തി വളർത്തുന്നതു് കാണാൻ അഴകുണ്ട്,

നിരത്തിൽനിന്നു് പത്തുനൂറു ഗജം നടന്നാലേ മുററത്തെത്തൂ. അതിന് മണൽവിരിച്ച നല്ല വഴിയുണ്ടുതാനും.

ഗോപാലൻകുട്ടി വീടിൻെറ മുൻഭാഗത്തുള്ള നിരത്തിൽ എത്തിയിരിക്കുന്നു. ഹൃദയമിടിപ്പ് കൂടുതൽ കഠിനമായി. പറമ്പിലോ വീട്ടുമുററത്തോ ആരെങ്കിലുമുണ്ടോയെന്നു് ആർത്തിയോടെ നോക്കി. ആരുമില്ല. ശ്രദ്ധാപൂർവ്വം അയാൾ നോക്കുകയാണ്.

വീട്ടിനകത്തുനിന്നു് മേരിയല്ലേ മുററത്തേക്കിറങ്ങിയതു്? നീണ്ടുകിടക്കുന്ന മുടി ചീകിയൊതുക്കിക്കൊണ്ടു്? കണ്ണുകൾ അരനിമിഷം അവളിൽ നട്ടുനിന്നു. നിരത്തിലേക്കു് നോക്കുന്നുണ്ടോയെന്നു് സംശയം തോന്നിയപ്പോൾ ഗോപാലൻകുട്ടി തലകുനിച്ചു് തെക്കോട്ടു നടന്നു. അവൾ തന്നെ കാണേണ്ടാ !

നടന്നു് പുരയിടത്തിൻെറ അതിർത്തികടന്നപ്പോൾ മനസ്സിൽ സംശയത്തിൻെറ ഛായ വ്യാപിച്ചു.

മേരി!...

ഇരുപത്തിരണ്ടുകൊല്ലം മുമ്പ് അവസാനമായി അവളെ കണ്ടതാണു്. ഇന്നും അതേപടിയിരിക്കുന്നു! കാലത്തിന് ഭാവവ്യത്യാസമൊന്നും വരുത്താൻ കഴിഞ്ഞി

ട്ടില്ല!... പ്രകൃതിയും ആകാരവും അപ്പടി തുടരുന്നു!... അങ്ങിനെ സംഭവിക്കുമോ ? മുററത്തുകണ്ടതു് മേരിയെതന്നെയല്ലേ ?

മെലിഞ്ഞതെങ്കിലും സൗഷ്ഠവമൊത്ത ആകാരം. ശരീരത്തിനൊത്ത പൊക്കം, വെളുത്തനിറം... ...എല്ലാം ഒത്തിട്ടുണ്ടു്. മേരിയല്ലാതെ മററാരാണു്? അടുത്തുകാണാൻ സാധിക്കാത്തതുകൊണ്ടു് പ്രായത്തിൻെറ മുദ്ര ശരിക്കു മനസ്സിലാവാത്തതായിരിക്കും. ഇന്നും ഏകാകിനിയായി കഴിയുകയാണോ ? ജീവിതത്തിൻെറ പരിവത്തനങ്ങൾ ഒന്നും ഉണ്ടായിട്ടില്ലേ ? എന്തെല്ലാമാണു് അറിയാൻ ആവേശമുള്ളതു് ! ...

മേരിയോടു് അവസാനമായി യാത്രപറഞ്ഞു പിരിഞ്ഞശേഷം, ഗോപാലൻകുട്ടിക്കു് അവളുമായി യാതൊരു സമ്പക്കവും ഉണ്ടായിരുന്നില്ല. ഒരെഴുത്തുപോലും അവൾക്കു് അയച്ചില്ല, താൻ എവിടെയാണെന്നു് അറിയിച്ചുപോലുമില്ല. നേരത്തെയുണ്ടായിരുന്ന ബന്ധത്തെക്കുറിച്ചു ചിന്തിച്ചാൽ ഇതു് അന്യായമായ നിലപാടാണു്. എന്നാൽ മേരിയെ മനഃപൂവ്വം മറക്കാൻ കാരണങ്ങളില്ലാതില്ല. അയാൾ അന്യനാട്ടിൽ കഴിച്ചുകൂട്ടിയ ആദ്യത്തെ ഘട്ടം, ആക്കും അഭിമാനിക്കത്തക്ക നിലയിലുള്ളതായിരുന്നില്ല. സ്വന്തം ദുരിതങ്ങളുടെ വിവരങ്ങൾ അറിയിച്ചു് മേരിയെ വേദനിപ്പിക്കുന്നതു് നല്ലതാണോ ? ആത്മാഭിമാനിയായ ഗോപാലൻകുട്ടിക്കു് അക്കാര്യങ്ങൾ അന്യരെ അറിയിക്കുവാൻ—മേരിയെപ്പോലും അറിയിക്കാൻ സമ്മതമായിരുന്നില്ല. സ്വപ്രയത്നത്താൽ ചുററുപാടുമാറിയ

തോടെ, സമ്പന്നമായ ജീവിതം നയിക്കുവാനുള്ളകഴിവ് ആജ്ജിച്ചതോടെ, പുതിയൊരു സ്നേഹബന്ധത്തിന്റെ വിത്ത് ഹൃദയത്തിൽ മുളച്ചുകഴിഞ്ഞു. നാട്ടിലേക്കു തിരിച്ചുപോകുകയെന്നൊരു വിചാരം ഒരു കാലത്തുമില്ലെന്നുള്ള ഉറച്ചനിലപാടും ഇതിന് മറ്റൊരുകാരണമായി... അങ്ങിനെ മേരി പഴയകാലത്തെ ഉദാത്തമായഒരു സ്മരണമാത്രമായി അവശേഷിച്ചു......

നാട്ടിൽ മടങ്ങിയെത്തിയിട്ടും മേരിയെപ്പററി തിരക്കുവാൻ ശ്രമിച്ചില്ല. സാമാന്യം ദൃഢവും സംതൃപ്തവുമായ തന്റെ കുടുംബജീവിതത്തെ ഉലച്ചേക്കാവുന്ന കാര്യങ്ങളൊന്നും ഉണ്ടായിക്കൂടെന്നുള്ള ആഗ്രഹമാണ് അതിന് പിൻബലം നൽകിയതു്. എന്നാൽ ഇന്നിതാ അയാളറിയാതെ മേരിയുടെ ലോകത്തിലേക്ക് എത്തിനോക്കിയിരിക്കുന്നു. ഉണർത്തപ്പെട്ട സ്മരണകൾ, മനഃപൂർവ്വം മൂടിവച്ചിരുന്ന വസ്തുതകളെ, ചികഞ്ഞു വെളിയിലിട്ടിരിക്കുന്നു......

സ്വന്തം വീടിന്റെ പടിക്കലെത്തി ഗേററു തുറന്ന് മുററത്തേക്ക് ഗോപാലൻകുട്ടി കയറി. വെയിൽ ഉറച്ചു തുടങ്ങി. നല്ല ചൂട്. ശരീരമാസകലം വിയർത്തു നനഞ്ഞിരിക്കുന്നു. അങ്കണവക്കത്തു നട്ടിട്ടുള്ള റോസാച്ചെടികൾക്ക് കൃഷ്ണൻനായരും കുട്ടികളും ഉത്സാഹത്തോടെ വെള്ളമൊഴിക്കുന്നു. അതു നോക്കി കുറേനേരംനിന്നു...

നെററിയിൽ ഉണങ്ങിത്തെളിഞ്ഞിരുന്ന ചന്ദനക്കുറി നോക്കിക്കൊണ്ട് കൃഷ്ണൻനായർ ചോദിച്ചു—"അമ്പലത്തിൽ പോയോ ?"

"ഉം! അവിടമൊക്കെ കണ്ടിട്ട കുറെനാളായല്ലോ?"

"അമ്പലം പുതുക്കിപ്പണിചെയ്തശേഷം കണ്ട കാണുകയില്ല."

"ഇല്ല."

"മതിലെല്ലാം മാററിപണിതു. മൂന്നുനേരം പൂജയുണ്ട്. ആണ്ടുതോറും പത്തുദിവസത്തെ ഉത്സവവും."

"ദേവാലയം നന്നായെങ്കിലും അവിടെ ചെല്ലുന്നവർ അധഃപതിച്ചിരിക്കുന്നെന്നു തോന്നി." ഗോപാലൻകുട്ടി ചിരിച്ചുകൊണ്ടാണു പറഞ്ഞതെങ്കിലും ഹൃദയത്തിൽ ശോകമാണ് ഊറിനിന്നിരുന്നതു്.

മുററത്തുനിന്നു് അവർ സ്വീകരണമുറിയിലേക്കു നടന്നു. അവർ അവിടെയിരുന്നു.

"അതെന്താ അങ്ങിനെ തോന്നിയതു്?" കൃഷ്ണൻനായർ സ്വല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം ചോദിച്ചു.

ഗോപാലൻകുട്ടി ദീർഘനിശ്വാസം വിട്ടു. എന്തൊക്കെയോ ചിന്തിച്ചുകൊണ്ടു പറഞ്ഞു: "ശാന്തമ്മയെ അവിടെവച്ചു കണ്ടു."

"കഷ്ടം! അതിൻെറ സ്ഥിതി..."

"അതു തന്നെയായിരുന്നു എൻെറയും ചിന്ത!" ഗോപാലൻകുട്ടി പതുക്കെപറഞ്ഞു. "ഇങ്ങനെ വന്നുകൂടാൻ എന്തുണ്ടായി?"

"ആ വീടു മുടിഞ്ഞു. ശാന്തമ്മയുടെ ചേട്ടൻ ഇവിടില്യ; ഭാര്യവീട്ടിലാ. അങ്ങ് പുതുപ്പള്ളിയിൽ...... ഇളയപിള്ളേർ പട്ടാളത്തിലും. അവർ വരാറേയില്ലത്രേ! ഭർത്താവ് എസ്. കെ. നായരെ കണ്ടില്ലല്ലോ?"

"ഇല്ല. വന്നതിനുശേഷം കണ്ടിട്ടില്ല."

"ആളിനെ ഓർമ്മയില്ലേ ?"

"ഉണ്ട്."

"കയ്യിൽ കുറെ കാശുണ്ടായിരുന്നു. പേഷ്യയിൽ നിന്നു കൊണ്ടുവന്നതു്. അതും അമ്മാവൻെറ കയ്യിൽ നിന്നു തട്ടിച്ചെടുത്തതുംകൊണ്ട് രണ്ടു ടാക്സിവണ്ടികൾ ഇട്ടു. അതു് അവതാളത്തിലായി. ഡ്രൈവറന്മാർ ശരിക്കുപററിച്ചു. പോരായെങ്കിൽ കുടിയും. എന്തിനു്, നശിച്ചു്......നശിച്ചു്......ഇപ്പോൾ പെരുവഴിയിലാ കിടപ്പ്. കുടിച്ചു ലക്കില്ലാതെ വഴിയിൽകിടക്കുന്നതു് അപൂർവ്വമായ കാഴ്ചയല്ല. നാലഞ്ചു പിള്ളേരുണ്ട്. ശാന്തമ്മയെ ചെയ്യുന്ന ദേഹോപദ്രവത്തിനു് കണക്കില്ല. എല്ലാം അനാഥമായി, എന്നല്ലാതെ എന്തു പറയാൻ!"

"കഷ്ടം !"

"ശാന്തമ്മ അമ്പലത്തിൽ അടിച്ചുവാരുന്ന തൊഴിലിലാണു്. അതിൽകിട്ടുന്ന ഒരു പടച്ചോറു കൊണ്ടുവേണം ഏഴുവയറുനിറയാൻ! മൂത്ത ആൺപിള്ളേരെ ബസ്സ് സ്റ്റാൻഡിലൊക്കെ കണ്ടിട്ടുണ്ട്. ചുമടു ചുമ്മാനും പിച്ചതെണ്ടാനും സൗകര്യംകിട്ടിയാൽ മോഷ്ടിക്കാനും അവിടെ അലഞ്ഞുതിരിയുന്നു. ഇതൊക്കെ കാണുന്നതിനു മുമ്പു്, ഭാഗ്യംകൊണ്ടു്, അമ്മാവൻ കണ്ണടച്ചു."

വേലക്കാരൻ അവിടെകൊണ്ടുവെച്ച കാപ്പി, അവർ എടുത്തു കുടിച്ചു.

"ഈ നില ശാന്തമ്മയ്ക്കുണ്ടാകുമെന്നു് ആരും കരുതിയിരിക്കയില്ല."

"ഒന്നും പറയേണ്ടാ. മനുഷ്യരുടെ കാര്യമെല്ലാമങ്ങിനെയാ."

വെളിയിലേക്കു നോക്കിക്കൊണ്ട് ഗോപാലൻകുട്ടി കുറെനേരം വെറുതെയിരുന്നു.

"ആഞ്ഞിലിമൂട്ടിൽ ഇപ്പോഴാരൊക്കെയുണ്ട്?" ഗോപാലൻകുട്ടിയുടെ ആ ചോദ്യം കേട്ട് കൃഷ്ണൻനായർ അല്പമൊന്നു ഞെട്ടി.

ശാന്തമ്മയെപ്പററിയുള്ള ദുരന്തചിന്തയിൽനിന്നു രക്ഷനേടുവാനാണ് ഗോപാലൻകുട്ടി ഇതിലേക്ക് എടുത്തുചാടിയതു്. ചോദിച്ചു കഴിഞ്ഞപ്പോൾ തോന്നി അതു് അബദ്ധമായിപ്പോയെന്ന്...

ഒന്നുരണ്ടു തവണ അവർ പരസ്പരം നോക്കിയെങ്കിലും കാര്യമായി ഒന്നും പറഞ്ഞില്ല.

നാലഞ്ചുനിമിഷങ്ങൾ കടന്നുപോയി.

"അവിടത്തെ കാര്യം മറന്നിട്ടില്ലേ?" ഒടുവിൽ കൃഷ്ണൻനായരാണ്, തളം കെട്ടിനിന്നിരുന്ന നിശ്ചലതയിൽ ഒരു കൊച്ചോളം ഇളക്കിവിട്ടതു്.

"ഇവിടംവിട്ടതിൽപിന്നെ ഒന്നും അറിഞ്ഞിട്ടില്ല." അപരാധബോധം ഗോപാലൻകുട്ടിയുടെ വാക്കുകളിൽ നിറഞ്ഞുനിന്നിരുന്നു.

"അതിനുശേഷമാണ്, അവിടെ സകലതും സംഭവിച്ചതു്."

"എന്തു സംഭവിച്ചു?"

"എന്തെല്ലാം..."

ഗോപാലൻകുട്ടിക്ക് കൃഷ്ണൻനായർ സൂചിപ്പിച്ചതെന്തെന്നു വ്യക്തമായില്ല.

"അതിൻെറ ബാക്കി ചിലതൊക്കെ ആഞ്ഞിലിമൂട്ടിലെ വീട്ടിൽ കാണാം..." കൃഷ്ണൻനായർ എഴുന്നേറ്റ് വാതില്ക്കൽ ചെന്നു വെളിയിലേക്ക് നോക്കി നിശ്ശബ്ദനായിനിന്നു.

"ങ്ങേ! ആഞ്ഞിലിമൂട്ടിലെ കാര്യം പറഞ്ഞതുകൊണ്ട് ഓർമ്മിച്ചതാ!" കൃഷ്ണൻനായർ തിരിഞ്ഞു് ഗോപാലൻകുട്ടിയെ നോക്കിക്കൊണ്ടു പറഞ്ഞു.

"എന്തോന്നാണ്?...,'

"തൊമ്മിക്കുഞ്ഞാണ് ഇപ്പോഴും താമസം. ആ പുരയിടം കുടുംബസ്വത്താണ്. ഗൗരിക്കുട്ടിക്കും ചേട്ടനും സന്താനങ്ങൾക്കും അവകാശപ്പെട്ടതു്. അതു് ഒഴപ്പിച്ചെടുക്കണം. ഇല്ലെങ്കിൽ എല്ലാവക്കും നഷ്ടമാണ്. ഒഴിഞ്ഞുപോകുന്നതിന് താല്പര്യമില്ലാത്തമട്ടാണ് തൊമ്മിക്കുഞ്ഞു കാണിക്കുന്നതു്. സൗകര്യംപോലെ ഇന്നോ നാളയോ അയാളെകണ്ടു് സംസാരിച്ചാൽ കൊള്ളാം." അനായാസമായിട്ടാണു കൃഷ്ണൻനായർ സംസാരിച്ചതു്. പണവും സ്വത്തും വരുന്ന കാര്യങ്ങളിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറുള്ള ആളല്ല കൃഷ്ണൻനായർ.

ഗോപാലൻകുട്ടി ഒന്നും പറഞ്ഞില്ല.

"തൊമ്മിക്കുഞ്ഞും മകളുടെ മകളുമേ അവിടെയുള്ളൂ." കൃഷ്ണൻനായർ തുടരാൻ തുടങ്ങിയെങ്കിലും ഗോപാലൻകുട്ടിയുടെ മട്ടുകണ്ടപ്പോൾ നിർത്തി.

ഗോപാലൻകുട്ടിയുടെ ചിന്ത മേരിയെപ്പററിയായി രുന്നു. അമ്പലത്തിൽനിന്നു മടങ്ങുമ്പോൾ കണ്ടതു് മേരി യുടെ മകളാണു്....അമ്മയുടെ രൂപസാദൃശ്യം ഇങ്ങനെ യുണ്ടാകുമോ ഒരു മകൾക്കു് !...

എന്നാൽ മേരി എവിടെ ?

അവളുടെ ഭർത്താവു് ആരു്?

അതൊക്കെ എങ്ങിനെ കൃഷ്ണൻനായരോടു ചോ ദിക്കും ?

ഗോപാലൻകുട്ടി ചിന്താധീനനായി അവിടെയി രുന്നു.

കുറെകഴിഞ്ഞു് ഭക്ഷണംകഴിക്കാൻ ഭാര്യവന്നു വി ളിച്ചപ്പോൾ, എഴുന്നേററു് അടുക്കളവശത്തേക്കു നടന്നു.

എട്ട്

രാവിലത്തെ അനുഭവത്തിനുശേഷം വെളിയിലെങ്ങും ഇറങ്ങാൻ താല്പര്യംതോന്നിയില്ല. പുറത്ത് വെയിൽ ശക്തിപ്പെട്ടുകഴിഞ്ഞു. കടുത്ത ഉഷ്ണം തോന്നുന്നുണ്ട്. കൂടക്കൂടെ കടന്നുവരുന്ന കൊച്ചുകാററു കുളുമ്മ്പരത്താൻ ശ്രമിക്കുന്നതു മറന്നുകൂടാ.

രാവിലെ കണ്ടതും കേട്ടതുമായ അനുഭവങ്ങൾ മനഃപൂർവ്വം മനസ്സിൽനിന്ന് നീക്കാൻ ശ്രമിച്ചുനോക്കി. ഇല്ല. ശ്രമിക്കുന്തോറും അവയെ സംബന്ധിച്ച് പുതിയപുതിയ ചിന്താധാര ഉത്ഭവിക്കുകയല്ലാതെ, ശമിക്കുന്നില്ല. ആകപ്പാടെ വല്ലായ്മതന്നെ.

സരളയും ശ്യാമയും ഗൗരിക്കുട്ടിയും കുട്ടികളും ഒന്നിച്ച് ആററിൽ നീരാട്ടത്തിനുപോയിരിക്കുകയാണ്. വേനൽ വദ്ധിച്ചുതുടങ്ങിയതിനാൽ ആററിൽ വെള്ളം കുറഞ്ഞിട്ടുണ്ട്. എങ്കിലും നീന്തിക്കളിക്കാനും മുങ്ങിക്കളിക്കാനുമുള്ള വെള്ളമുണ്ട്. സരളയും ശ്യാമയും ആററിൽ കുളിച്ചിട്ടേയില്ല. അതുകൊണ്ട് എല്ലാരുമൊന്നിച്ച് ജലകേളിക്കു പോയതാണ്.

എങ്ങും ഒച്ചപ്പാടില്ല. ബഹളമില്ല. തിരക്കില്ല. പട്ടണവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവിടം എത്ര

പ്രശാന്തമാണ്......എന്നാൽ ഈ ചുററുപാടിൽ ചിന്ത കൂടുതൽ പ്രവൎത്തിക്കുന്നു. ഗോപാലൻകുട്ടിക്ക് അതു് കഴിയുന്നത്ര കുറയ്ക്കണമെന്നു തോന്നി. എന്നാൽ വന്ന ദിവസംതൊട്ട് മനസ്സിലെ അസ്വാസ്ഥ്യം വൎദ്ധിപ്പിക്കുന്ന തിനു വളംവെയ്ക്കുന്ന കാര്യങ്ങളാണുണ്ടായിക്കൊണ്ടിരിക്കു ന്നതു്. ഏകാന്തത ഒഴിവാക്കുവാനായിരുന്നു ഗോപാ ലൻകുട്ടിക്കു താല്പര്യം. കുട്ടികളും മററുമില്ലാതിരുന്നതി നാൽ, എവിടെയും നിശ്ശബ്ദത നിറഞ്ഞു നില്ക്കുന്നു. തെ ങ്ങോലകളിൽ തത്തിക്കളിക്കുന്ന കൊച്ചുകാററുണ്ടാക്കുന്ന മൎമ്മരശബ്ദംപോലും വ്യക്തമായി കേൾക്കാനുണ്ട്.

മനസ്സിനും ശരീരത്തിനും അയവുണ്ടാകട്ടെയെന്നു കരുതി, മുറിയിലെ കട്ടിലിൽ ഗോപാലൻകുട്ടി നീണ്ടുനി വൎന്നു് മലൎന്നുകിടക്കുകയാണു്. ശരീരത്തിനു് വിശ്രമം കിട്ടിയെങ്കിലും മനസ്സ് അതുമിതും ചിന്തിച്ചു കാടുകയറുക യാണു്.

കാൽപ്പെരുമാററം കേട്ട് ഗോപാലൻകുട്ടി ചരി ഞ്ഞുനോക്കി.

കൃഷ്ണൻ നായരായിരുന്നു. മുറിയിൽ കിടന്നിരുന്ന കസേരയിൽ അയാൾ വന്നിരുന്നു.

ഗോപാലൻ കുട്ടി എഴുന്നേററിരുന്നു. ആഗതനു സ്വാഗതം പറയുന്നമട്ടിൽ അയാൾ മന്ദമായി ചിരിച്ചു. കൃഷ്ണൻനായരുടെ മട്ടും ഭാവവും കണ്ടപ്പോൾ തോന്നി, എന്തോ കാര്യങ്ങൾ സാസാരിക്കാൻ മനഃപൂൎവ്വം വന്നിരി ക്കുകയാണെന്നു്.

"രാവിലെ പറഞ്ഞ കാര്യങ്ങളുടെ തുടച്ചയായി ചിലതുകൂടി സംസാരിക്കാനുണ്ട്." കൃഷ്ണൻനായർ പറഞ്ഞു- "ഇപ്പോഴാണെങ്കിൽ ഇവിടെ മററാരുമില്ല."

സൗകര്യമായി തുറന്നു സംസാരിക്കാമല്ലോ എന്നു കരുതി."

"ങ്ങാ!" ഗോപാലൻകുട്ടി ചിരിച്ചു.

"ചേട്ടൻ ഇനിമടങ്ങുന്നില്ലെന്നാണല്ലേ....."

"അതെ! അങ്ങിനെയാ വിചാരം."

"ആനിലക്കു പറയുന്നതാ. കണക്കു പറയുന്നതായിട്ടും വിചാരിക്കരുത്."

"ഒന്നുമില്ല. എത്ര അടുത്തിരിക്കുന്നവരായാലും ചില കാര്യങ്ങൾക്ക് തീപ്പുവരുത്തേണ്ടിവരുമല്ലോ. ഈ വീട്ടുപണിയുടെ കാര്യമാണോ?"

"അതെ! ചേട്ടനയച്ച തുകയെല്ലാം ചിലവായെന്നു പറയേണ്ടല്ലോ. പിന്നേയും കുറേപണം വേണ്ടിവന്നു. അതു പലയിടത്തുനിന്നും എടുത്താണ് പണി പൂത്തിയാക്കിയതു്.

വിശ്വാസമാകുന്നില്ലെന്ന മട്ടിൽ ഗോപാലൻകുട്ടി കൃഷ്ണൻനായരെ നോക്കി.

"പണിയേതാണ്ടു പൂത്തിയാകാറായപ്പോൾ, ചേട്ടനും കുടുംബവും ഇങ്ങോട്ടുവന്നേക്കുമെന്നുള്ള ആദ്യത്തെ കത്തുകിട്ടി. അതുകൊണ്ട് ഇതിനെപ്പററി അങ്ങോട്ടു വിശേഷിച്ചെഴുതിയില്ല."

പ്രതീക്ഷിക്കാത്ത വിവരമായിരുന്നു ഇതു്.

"എഴുതിയയക്കാമായിരുന്നല്ലോ... എൻെറ ധാരണ അയച്ചുതന്ന പണം മതിയായിട്ടുണ്ടെന്നാണ്."

"അതെങ്ങിനെ കരുതാനൊക്കും?"

"എന്താ മറുപടി പറയേണ്ടെ?" സംഭാഷണം സുഖമില്ലാത്ത അന്തരീക്ഷത്തിലേക്കു പ്രവേശിക്കുകയാണോ എന്നു രണ്ടുപേരും ഭയന്നു. എങ്കിലും ആരും അയയുന്ന മട്ടു പ്രദശിപ്പില്ല.

"ജോലിക്കാരുടെ കൂലിയും സാധനങ്ങളുടെ വിലയും പണ്ടത്തേപ്പോലൊന്നുമല്ല."

"എന്നാലും......?"

"വേണ്ടവിധത്തിൽ വേല ചെയ്യിപ്പിക്കാനുള്ളവിഷമം വേറെ!"

"അതെ!"

"അതുകൊണ്ടൊക്കെ ചിലവ് വിചാരിക്കുന്നിടത്ത് കൊണ്ടുചെന്നു നിത്തുന്നതിന്നു് സാധിക്കുകയില്ല്'.'

"എന്നാലും..."

"ഞാൻ പറയുന്നതു് വിശ്വാസമാകുന്നില്ലെന്നാണോ...?

"അങ്ങിനെ കരുതേണ്ടാ! ചിലവെല്ലാം തീന്നിരിക്കുമെന്നാണ് എൻെറ വിചാരം."

"ചിലവെല്ലാം തീന്നു. എന്നാൽ അതുചെയ്യുതു് വേറെ കുറെ പണംകൂടി എടുത്തിട്ടാ."

ഗോപാലൻകുട്ടി കട്ടിലിൽനിന്നു് എഴുന്നേററു് മുറിയിൽ ഉലാത്തി.

“ഇനിയൊന്നും തീക്കാനില്ലെന്ന വിശ്വാസത്തിലാണ് എൻെറ ഏപ്പാടുകളെല്ലാം പൂത്തിയാക്കിയതു്.”

“ചേട്ടനു കണക്കില്ലേ? ചിലവായ തുകയുടെ വിവരങ്ങൾ ഇന്നു തിരിച്ച് ഞാമ്പറഞ്ഞുതരാം.”

“ഞാൻ കണക്കു വെച്ചിട്ടില്ല. കൃത്യമായിട്ട്.”

“ഇല്ലേ? അതുകൊള്ളാം....”

“ഞാനെന്തിനു കണക്കുവെക്കണം? വേറെ ആക്കെങ്കിലുമാണോ ഞാൻ പണം അയച്ചുകൊണ്ടിരുന്നതു്.”

“എന്നാലും കണക്കുവെക്കാമായിരുന്നല്ലോ.”

“അതെന്തിനാ എൻെറ അമ്മ പെററിട്ടുള്ള ഒരനുജനെനിക്കില്ല. പകരം എൻെറ അനുജത്തിയുടെ ഭത്താവാണ് എൻെറ അനുജൻ. അയാളുമായുള്ള ഇടപാടിനു് എനിക്കു കണക്കെന്തിനു്?

“അങ്ങിനെയാണോ ലോകരെല്ലാം ചെയ്യുന്നതു്?” കണക്കു സൂക്ഷിച്ചിട്ടില്ലെന്നറിഞ്ഞപ്പോൾ കൃഷ്ണൻനായർക്കു് കുറെക്കൂടി ബലം തോന്നി. അക്കാര്യം കുറെക്കൂടി സ്ഥിരീകരിക്കാൻ വേണ്ടിയാണ് ആവത്തിച്ചാവത്തിച്ചു പറഞ്ഞതു്.

“കണക്കിൻെറ ആവശ്യമുണ്ടാകുമെന്നും ഏതെങ്കിലും അവസരത്തിൽ അതുവേണ്ടിവരുമെന്നും, ഞാൻ കരുതിയില്ല,” അല്പം വിഷണ്ണനായി ഗോപാലൻകുട്ടി പതുക്കെ പറഞ്ഞു.

“അതുതെററിപ്പോയെന്നാണോധ്വനി?” കൃഷ്ണൻനായർ നീരസത്തോടെ ചോദിച്ചു.

"എഴന്നാപ്പുറം നിങ്ങളെന്തിനാ വായിക്കുന്നെ?" ഗോപാലൻ കുട്ടിക്ക് കോപത്തേക്കാളേറെ വേദനതോന്നി.

"ദുഃസൂചന കേൾക്കുമ്പോൾ.........പറയാതൊക്കുമോ?"

"എന്റെ സമ്പാദ്യത്തിൽ സിംഹഭാഗവും ഇങ്ങോട്ടയച്ചു."

"അതുപയോഗിച്ചുതന്നെയാ വീടുണ്ടാക്കിയതും. ബാക്കിയുള്ളതു് എന്റെ ഉത്തരവാദിത്വത്തിൽ ചിലവാക്കി."

ഗോപാലൻ കുട്ടി അസ്വാസ്ഥതയോടെ നടന്നു.

"ഇനി എത്ര പണം കൂടി വേണം എല്ലാം തീരുവാൻ?"

അയാളുടെ ഭാവവും വികാരപ്രകടനവുമൊന്നും കൃഷ്ണൻ നായർക്കു് തീരെ രസിച്ചില്ല. നീരസം പ്രകടമാകുന്നമട്ടിൽ മിണ്ടാതിരുന്നു.

"എത്രത്തോളം വരും?" കോപം കലർന്നിരുന്നു ഗോപാലൻകുട്ടിയുടെ സംസാരത്തിൽ.

"കോപത്തിലാണെങ്കിൽ, കണക്കു തീർക്കുന്നതു് ഇവിടെ വെച്ചുവേണ്ട. കോടതിയിൽ വെച്ചാകാം." ഒട്ടും പതറാത്ത സ്വരത്തിൽ കൃഷ്ണൻനായർ പറഞ്ഞുകൊണ്ടു് എഴുന്നേറ്റു." ഇടവാടെല്ലാം തീർന്നിട്ടേ ഞങ്ങൾ ഇവിടുന്നൊഴിയുന്നുള്ളു!"

തലയുടെ മർമ്മസ്ഥാനത്ത്, അപ്രതീക്ഷിതമായി ഇരുമ്പുലക്കകൊണ്ട്, ആഞ്ഞ് അടിയേററതുപോലെ പെരുത്ത്, സ്തംഭിച്ച്, ഗോപാലൻകുട്ടി നിന്നുപോയി. ആഘാതത്തിൽ നിന്നു മോചിതനാകാൻ അല്പം സാധിച്ചപ്പോൾ, കൃഷ്ണൻനായർ പോകാൻനടക്കുന്നതാണ് കണ്ടത്.

ഗോപാലൻകുട്ടി ഓടിച്ചെന്ന് കയ്ക്കുകടന്നുപിടിച്ചു. മുഖത്തേക്ക് തുറിച്ചുനോക്കി. അടിമുടി വിറച്ചുകൊണ്ടു ചോദിച്ചു:-എന്താണ് നിങ്ങൾ പറഞ്ഞത്? എന്താണെന്ന്?''

അധികനേരം ഓടിയ ഒരുത്തനെപോലെ അയാൾ അണക്കുകയാണ്. ഒന്നും സംഭവിച്ചിട്ടില്ലെന്നുതോന്നത്തക്കവിധം ദൃഢചിത്തനായി കൃഷ്ണൻ നായർ നിന്നു.

''ഇടപാടെല്ലാം തീർന്നാലും നിങ്ങൾ രണ്ടാൾക്കും കുഞ്ഞുങ്ങൾക്കും, ഞാനിവിടെയുള്ളകാലത്തോളം ഇവിടെ താമസിക്കാം'' ഗൽഗദത്തോടെയാണ് ഗോപാലൻകുട്ടി പറഞ്ഞൊപ്പിച്ചത്.

"വേണ്ടാ. ഇടപാടു തീർന്നാൽ അരനിമിഷം ഞങ്ങൾ ഇവിടെ കാണുകയില്ല.'' കൃഷ്ണൻ നായർ നിർദ്ദയമായിപറഞ്ഞു.

''എന്താണു ഞാനീ കേൾക്കുന്നത്? വരു! ഇവിടെ എന്റെ അടുത്ത് ഇരിക്കു! നമുക്ക് സഹോദരങ്ങളെപ്പോലെ സംസാരിക്കാം.'' കൃഷ്ണൻനായരുടെ കയ്യിൽ പിടിച്ചു വലിച്ചുകൊണ്ടു്, വിവശനായി, ഗോപാലൻകുട്ടി വന്നപേക്ഷിച്ചു.

"പിന്നെ പറയാൻ തുടങ്ങിയാൽ......ചിലവാക്കിയപണത്തിൻെറ കാര്യംമാത്രം പറഞ്ഞാൽ പോരല്ലോ." ഒട്ടും മയമില്ലാതെ കൃഷ്ണൻനായർ തുടൻു.

"എന്തൊക്കെയാ നിങ്ങൾ പറഞ്ഞുകൊണ്ടു വരുന്നതു്? എൻെറ തലചുററുന്നു..."ഗോപാലൻകുട്ടി കട്ടിലിൽ വന്നിരുന്നു.

കൃഷ്ണൻനായർ എന്തൊക്കെയോ ചിന്തിച്ചുകൊണ്ടു് വെളിയിലേക്കു നോക്കിനിന്നു.

"പിന്നെ പലതുമുണ്ടു്. ഈ കെട്ടിടം നില്ക്കുന്ന സ്ഥലം കുടുംബ സ്വത്താ. അതിന്നു തുല്യാവകാശം ഗൗരിക്കുട്ടിക്കും കുട്ടികൾക്കുമുണ്ടു്."

കയ്യിൽ തലയും താങ്ങി കുനിഞ്ഞിരുന്നതല്ലാതെ ഗോപാലൻകുട്ടി മറുപടിയൊന്നുമുരിയാടിയില്ല.

"കണക്കു തീക്കുമ്പോൾ അതിന്നും വ്യവസ്ഥയുണ്ടാവണം. അതു കഴിഞ്ഞാലല്ലേ കെട്ടിടം സ്വന്തമായിത്തീരൂ!"

പ്രതീക്ഷിക്കാത്ത എന്തെല്ലാം വസ്തുതകളാണ് ഗോപാലൻകുട്ടി കേട്ടതു്! അതു അയാളുടെ ഭാവം പ്രകടമാക്കുകയും ചെയ്തു. എന്താണു പറയേണ്ടതെന്നു ഒരു രൂപവുമില്ല.

കെട്ടിടത്തിൻെറ സ്ഥാനം നിശ്ചയിച്ചതും, അവിടെ പണി ചെയ്തതുമെല്ലാം നിങ്ങളല്ലേ? നിങ്ങൾ പറഞ്ഞ അഭിപ്രായത്തെ ഞാൻ അനുകൂലിക്കയല്ലേ ചെയ്തുള്ളു? മറുത്തു എന്തെങ്കിലും ഞാൻ പറഞ്ഞിട്ടുണ്ടോ കൃഷ്ണൻനായരെ ഇതുവരെ?"

"ഇല്ല."

"പിന്നെ?"

"എന്നാലും ഇടപാടു തീക്കുന്നതിന്നുമുമ്പ് ഇതെല്ലാം മനസ്സിലിരിക്കണമെന്നേ പറയുന്നുള്ളു. പകലും രാവും കിടന്നു പാടുപെട്ടിട്ടുള്ളതു്, കുടുംബ സ്നേഹത്തിൻെറ പേരിൽ..."

"വേണ്ടാ! വേണ്ടാ! കാരുണ്യമൊട്ടും കാണിക്കേണ്ടാ. ഒന്നും ഇളവു ചെയ്യേണ്ടതുമില്ല."

കൃഷ്ണൻനായർ ഒന്നും മിണ്ടിയില്ല.

"പണത്തിൻെറ പാറക്കെട്ടിൽ തട്ടി സഹോദര സ്നേഹം തകരേണ്ടാ."

"അതിനാണു ഞാൻ തുനിയുന്നതെന്നല്ലേ അതിൻെറ ധ്വനി?" കൃഷ്ണൻനായർ വീണ്ടും എഴുന്നേററു.

"അവിടിരിക്കു!" സഹിക്കെട്ടുള്ള ഒരു ആജ്ഞയായിരുന്നു അതു്.

"ഇവിടെയിരിക്കാതിരിക്കുകയാണ് ഭേദമെന്നു തോന്നുന്നു." കൃഷ്ണൻനായർ ചഞ്ചലപ്പെട്ടാതെ ദൃഢമായി പറഞ്ഞു.

"അങ്ങിനെ തോന്നരുതു്! പറയാനുള്ളതെല്ലാം പറയു! കണക്കു പറഞ്ഞൊതുക്കാം."

"പറയാം!" കൃഷ്ണൻനായർ കാരുണ്യം ഒട്ടും കാണിക്കാതെ പറഞ്ഞു. "ചിലവിൽ ബാക്കിയുള്ള തുക ഏഴായിരത്തി മുന്നൂററിയിരുപത്തിനാലു രൂപാ മുപ്പത്തെട്ടു പൈസ." കുടുംബസ്വത്തിൻെറ വീതമെന്ന നിലിൽ നടപ്പു വിലയനുസരിച്ച് നാലുപേക്ക് ഗൌരിക്കുട്ടിക്കും മൂന്നു സന്താനങ്ങൾക്കും- നാലായിരത്തി അഞ്ഞൂറുരൂപയും വരും. അത്രയുമാകുമ്പോൾ ഇടപാട്ട് ഒതുങ്ങും." പ

ല്ലു കടിച്ചു കൊണ്ടു് വൈരാഗ്യം തീക്കുന്ന ഭാവത്തിലാണ് അയാൾ സംസാരിച്ചു തീന്നതു്.

"പന്തീരായിരം ഉറുപ്പയെന്നു പറയൂ" ചിന്താകുലനായി ഗോപാലൻകുട്ടി പതുക്കെ പറഞ്ഞു.

"അല്ല. 11824.38 മാത്രം!"

"അത്രയല്ലേയുള്ളു." ഗോപാലൻകുട്ടി എഴുന്നേററു. ക്ഷീണിച്ചു വിവശനായിരുന്നു. നടന്നു് മുറിയിലെ അലമാരി തുറന്നു് ചെക്കു ബുക്കും പേനയുമെടുത്തു് തിരിച്ചു വന്നു. മുഖത്തു തളച്ച് ബാധിച്ചിട്ടുണ്ടു്. സ്വപ്നത്തിൽ എഴുന്നേററു ജോലി ചെയ്യുന്നവനെപ്പോലെയായിരുന്നു പെരുമാററം. മുറിയുടെ മൂലയിൽ കിടന്നിരുന്ന, മേശയുടെ പുറത്തുവച്ച് അയാൾ ചെക്കെഴുതി ഒപ്പിട്ടു കീറിയെടുത്തു്, അതുമായി കൃഷ്ണൻനായരുടെ അടുത്തെത്തി.

"നിങ്ങൾ പറഞ്ഞതൊക്കെ എനിക്കു വിശ്വാസമാണ്. ആ തുകയ്ക്കു് ഇതാ ചെക്കു്!"

ഇതികത്തവ്യതാ മൂഢനായി, വെളിയിലേക്കു്നോക്കി കൃഷ്ണൻ നായർ നില്ക്കുകയാണ്. അയാൾ ദീർഘമായിനിശ്വസിച്ചു.

"ഇതാ അനിയാ നീ പറഞ്ഞ തുക." ഗോപാലൻകുട്ടി ചെക്കുനീട്ടി. ആ കടലാസ് വിറക്കുകയാണ്.

"ഇതാ നിങ്ങളുടെ പണം!"

കൃഷ്ണൻനായർ വിവശനായി അടുത്ത കസേരയിൽ ഇരുന്നു.

"ഇതാ എൻെറ കടം വീടട്ടെ!"......ഗോപാലൻകുട്ടിയുടെ കണ്ഠം ഇടറി.

കൃഷ്ണൻനായർ അറിയാതെ എഴുന്നേററു. ഗോപാലൻകുട്ടി നീട്ടിപ്പിടിച്ചിരുന്ന ചെക്ക് ജീവശ്ശക്തിയില്ലാത്തവനെപ്പോലെവാങ്ങി.

ഗോപാലൻകുട്ടിയുടെ മുഖത്ത് അരനിമിഷം അയാൾ നോക്കി. കണ്ണുനിറഞ്ഞിരുന്നു....

അടുത്ത നിമിഷം ആവേശപൂർവ്വം ഗോപാലൻകുട്ടിയെ അയാൾ കെട്ടിപ്പിടിച്ചു-"ചേട്ടാ!"

കെട്ടിപ്പിടിച്ചുനിന്നിരുന്ന കൃഷ്ണൻനായരുടെ പുറത്തു തട്ടിക്കൊണ്ട് ഗൽഗദപൂർവ്വം ഗോപാലൻകുട്ടി പറഞ്ഞു. മനുഷ്യൻ മനുഷ്യനെ കാണുമ്പോൾ തിരിച്ചറിയാനും മനസ്സിലാക്കാനും ശ്രമിക്കാത്തതാണ് അവൻ സൃഷ്ടിക്കുന്ന വേദനകൾക്കെല്ലാം അടിസ്ഥാനം..."

പിന്നീട് അവർ ഒന്നും സംസാരിച്ചില്ല.

ഒൻപതു്

അന്നു കാലത്തു ഒൻപതുമണിയോടുകൂടി, അപ്രതീക്ഷിതമായി ഒരു ജീപ്പ് വീട്ടിൻെറ പടിക്കൽ വന്നു നിന്നു. മുകളിലത്തെ നിലയിൽ നിന്നിരുന്ന സരള ജനാലയുടെ കർട്ടൻ പൊക്കി അവിടേക്കു നോക്കി. ജീപ്പിൽ നിന്നു മദ്ധ്യവയസ്കയായ ഒരു സ്ത്രീ ആദ്യം പുറത്തിറങ്ങി. അതുകഴിഞ്ഞു് കട്ടയാനായ ഒരു കറുത്ത മനുഷ്യനും.

"ശരി! നീ ഇവിടെയിരിക്കു. ഉച്ചക്കു ഞാൻ വന്നോളാം വിളിച്ചുകൊണ്ടുപോകാൻ." കറുത്തമനുഷ്യൻ അത്ര പറഞ്ഞു ജീപ്പിൽ കയറിയിരുന്നു.

അവരുടെ കൂടെയുണ്ടായിരുന്ന കൃഷ്ണൻ നായർ സ്ത്രീയെ അകത്തേക്കു ആനയിച്ചു.

ഗൗരിക്കുട്ടിയെ വിളിച്ചു പരിചയപ്പെടുത്തിയശേഷം മുററത്തിറങ്ങിയപ്പോൾ മട്ടുപ്പാവിൽ, നില്ക്കുന്ന ഗോപാലൻകുട്ടിയെ കണ്ടു.

"ചേട്ടാ! വിരുന്നുകാർ താഴെയുണ്ടു്. ഉച്ചക്കു ഞങ്ങളെത്തും. താഴേക്കു ചെന്നാട്ടെ!"

കൃഷ്ണൻനായർ ജീപ്പിൽ കയറി. അതു് നീങ്ങിക്കഴിഞ്ഞു.

ഡെപ്യൂട്ടി കളക്ടർ പരിശോധനാർത്ഥം ആ നാട്ടിൻ പുറം ഉൾപ്പെടുന്ന സാമൂഹ്യ വികസന ബ്ലോക്കിൽ എത്തിയപ്പോഴാണു് ബ്ലോക്ക് ഡെവലപ്പ്മെൻറു് ഓഫീസറും മററും അറിഞ്ഞതു്. ഓഫീസറുടെ കൂടെ അദ്ദേഹത്തിൻെറ ഭാര്യയും ഉണ്ടെന്നു്. അദ്ദേഹം വരുമെന്നു് നേരത്തെ അറിയിച്ചിരുന്നു. എന്നാൽ ഭാര്യയെ ആരും പ്രതീക്ഷിക്കുകയുണ്ടായില്ല. പിന്നീടാണു് എല്ലാവരും അറിയുന്നതു് അദ്ദേഹം സഞ്ചരിച്ചുപോകുന്നിടത്തെല്ലാം ഭാര്യയേയും കൊണ്ടുപോകുന്ന സ്വഭാവക്കാരനാണെന്നു്.

ഡെപ്യൂട്ടി കളക്ടർക്കാണെങ്കിൽ വളരെ തിരക്കുള്ള പരിപാടിയുണ്ടു്. ഈ സമയമത്രയും അദ്ദേഹത്തിൻെറ ഭാര്യയെ സൌകര്യമുള്ള ഒരു സ്ഥലത്തു് വിശ്രമിക്കുവാൻ ഏർപ്പാടുചെയ്യേപററു. ഡെവലപ്പുമെൻറു് ആഫീസർ പരുങ്ങലിലായി. അദ്ദേഹത്തെ രക്ഷിക്കാൻ തയ്യാറായി മുമ്പോട്ടു വന്നതു്, ബ്ലോക്കു് ഉപദേശകസമിതിയിലെ മുഖ്യാംഗമായ കൃഷ്ണർനായരാണു്. ശ്രീവദ്ധനത്തു് അവക്കുവേണ്ട ഏർപ്പാടുണ്ടാക്കാമെന്നു സമ്മതിച്ചു.

അങ്ങിനെയാണു് ഡെപ്യൂട്ടി കളക്ടർ ബി. കെ. മേനോൻെറ ഭാര്യ അവിടെ വരാനിടയായതു്.

ഗോപാലൻകുട്ടി താഴെവന്നപ്പോൾ സ്വീകരണമുറിയിൽനവാഗത ഉപവിഷ്ടയായിരിക്കുന്നു. ഗൌരിക്കുട്ടിയും അവരും തമ്മിൽ കുശലം പറയുകയാണു്. ഗോപാലൻകുട്ടി കടന്നുവന്നപ്പോൾ രണ്ടുപേരും എഴുന്നേററു.

"എൻെറ ചേട്ടനാണു്..."– ഗൌരിക്കുട്ടിപറഞ്ഞു.

"നമസ്തേ!" ഡെപ്യൂട്ടി കളക്ടറുടെ ഭാര്യ ഉപചാരമരുളി!

"നമസ്തേ!"

"ഇതാണ് ഡെപ്യൂട്ടി കളക്ടറുടെ ഭാര്യ!" ഗൗരി ചേട്ടനെ പരിചയപ്പെടുത്തി.

രണ്ടുപേരും പരസ്പരം സാധാരണയിൽ കൂടുതൽ താല്പര്യത്തോടെ നോക്കുന്നതായി ഗൗരിക്കുട്ടിക്കു തോന്നി.

"ഞാൻ ഓർക്കുകയായിരുന്നു.......എന്നെ ഓർമ്മയുണ്ടോ?" ഒടുവിൽ, അല്പം അറച്ച്, ഗോപാലൻകുട്ടി ചോദിച്ചു.

"ഉണ്ട്." അവരുടെ സ്വരത്തിൽ സ്വല്പം സംഭ്രമം കലന്നിരുന്നതു പോലെ തോന്നി.
മൂക്കിൽ വെച്ചിരുന്ന പരിഷ്ക്കാരത്തിലുള്ള കറുത്തകണ്ണട കയ്യിലെടുത്തു കൊണ്ട് അവൾ തുടന്നു–" നല്ല ഓർമ്മയുണ്ട്."

"ഇവിടം എൻെറ നാടും ഇതു് എൻെറ വീടും ആണ്.–" എന്തെങ്കിലും പറയാതിരിക്കുന്നതു് ഭംഗിയല്ലെന്നു കരുതിയാണ് ഗോപാലൻകുട്ടി അത്രയും പറഞ്ഞതു്. അല്ലായിരുന്നെങ്കിൽ സ്വാഗതാഹ്മല്ലാത്ത നിശ്ശബ്ദത രൂപം കൊള്ളുമായിരുന്നു.– "ജാനകി!..."

"ജാനകിമേനോൻ എന്നാണ് ഇന്നത്തെ പൂർണ്ണമായ പേരു്."

അപ്രതീക്ഷിതമായ ഈ രംഗം കണ്ടു് പകച്ചു നിന്നിരുന്ന ഗൗരിക്കുട്ടിയെ നോക്കി ഗോപാലൻകുട്ടി പറഞ്ഞു–" വളരെക്കാലം മുമ്പ് മദ്രാസിൽ വച്ചു പരിചയമായവരാണ് ഞങ്ങൾ. നീ കുറെ കാപ്പി തയ്യാറാക്കി ക്കൊണ്ടുവരു!"

"എത്രവർഷം മുമ്പാണ്... കാലം പോകുന്നതു് എത്രവേഗത്തിലാണ്... ജാനകിമേനോൻ പറഞ്ഞു.

ഗൗരിക്കുട്ടി അവിടെനിന്നു് അടുക്കളയിലേക്കു പോയി.

എന്റെ ഭാര്യയും കുഞ്ഞും ഉണ്ടിവിടെ. വിളിക്കട്ടെ!" ഗോപാലൻകുട്ടി മുകളിലത്തെ നിലയിലേക്കുള്ള പടിയുടെ അടുത്തേക്കു നീങ്ങി, മുകളിലേക്കുനോക്കി വിളിച്ചു. "സരളേ!"

അവിടെ നിന്നുകൊണ്ടു് ജാനകിമേനോനെ സസൂക്ഷ്മം വീക്ഷിച്ചു. അവളുടെ മനസ്സിൽ ചഞ്ചലത കടന്നുകൂടിയിട്ടുണ്ടെന്നു് തോന്നി. മുററത്തേക്കു നോക്കിക്കൊണ്ടു് കസേരയുടെ കയ്യിൽ അർത്ഥമില്ലാതെ താളം പിടിക്കുന്നു. അപ്രതീക്ഷിതമായുണ്ടായ കൂട്ടിമുട്ടലായിരിക്കണം അവളുടെ സംഭ്രമത്തിനു കാരണമെന്നു് ഗോപാലൻകുട്ടി ഊഹിച്ചു.

സമ്പന്നമായ ഒരു ജീവിതം ഇന്നു് അവൾക്കുണ്ടെന്നു തീർച്ചയാണ്. പണ്ടത്തെ ജാനകിയുടെ ശോകഭാവമൊന്നുമില്ല. പ്രായംകൊണ്ടു ശരീരം സ്ഥൂലിച്ചിരിക്കുന്നു. പരിഷ്കാരവും തൻേറടവും പ്രൗഢിയും അവളെ ഒരു പുതിയ വനിതയാക്കിയിട്ടുണ്ട്. നല്ല ആത്മവിശ്വാസത്തിന്റെ ലക്ഷണവും പ്രകടമായികാണാം.

"ദാ! ഇവളാണ് എന്റെ ഭാര്യ". താഴേക്കിറങ്ങി, അവരുടെ അടുത്തേക്കു വന്നുകൊണ്ടിരുന്ന, സരളയെ പരിചയപ്പെടുത്തുവാൻ ഗോപാലൻകുട്ടി പറഞ്ഞു. "ഞങ്ങൾ സിംഗപ്പൂരിൽ നിന്നു വന്നിട്ടു് നാലു ദിവസമേയായിട്ടുള്ളു "

''ജാനകി മേനോൻ പ്രൗഢി പ്രദർശിപ്പിക്കുന്നമട്ടിൽ തലകുലുക്കി.

''ഞങ്ങൾ, പണ്ട് മദ്രാസിൽ വെച്ചു പരിചയപ്പെട്ടിട്ടുള്ളവരാ... ജാനകി മേനോൻ... ഡെപ്യൂട്ടി കലക്ടറുടെ ഭാര്യ'' സരളയോടു തിരിഞ്ഞു് ഗോപാലൻകുട്ടി വിശദീകരിച്ചു. ''ഇരുപത്തിരണ്ടു കൊല്ലം മുമ്പ്...!മദ്രാസിൽ നിന്ന് ഞാൻ സിംഗപ്പൂരിലേക്കാണ് പോയതു്... ദീർഘമായ തീർത്ഥയാത്ര കഴിഞ്ഞു് മടങ്ങി യെത്തിയിരിക്കുകയാണ് നാട്ടിൽ!'' പഴയ കാലത്തെപ്പററി സ്മരിച്ചുകൊണ്ടാണ് അയാൾ സ്മരിച്ചതു്.

ജാനകി മേനോൻ ചിന്താധീനയായതുപോലെ അവിടെയിരിക്കുകയാണ്. സംഭാഷണം നടത്താൻ വലിയ താല്പര്യം കാണിച്ചില്ല. സരളയെ ശ്രദ്ധിച്ചതുമില്ല. മദ്രാസിലെ ജീവിതകാലത്തെ ഓർമ്മകൾ ഹൃദയത്തിൽ ഉണർത്തപ്പെട്ടതു കൊണ്ടായിരുന്നു ജാനകിമേനോൻ അറിയാതെ മൂകയായിപ്പോയതു്. ആഹ്ലാദമരുളുന്ന ഓർമ്മകളായിരുന്നില്ലതാനും അവൾക്കുണ്ടായിരുന്നതു്.

അവിടെ അസുഖകരമായ നിശബ്ദത തങ്ങിനിന്നു...

''ഇവരാരും മുമ്പ് ഇവിടം കണ്ടിട്ടില്ല'' എന്തെങ്കിലും പറയാതിരിക്കുന്നതു് ഉചിതമല്ലെന്നു ബോധ്യമായപ്പോൾ ഗോപാലൻകുട്ടി പറഞ്ഞു.

''നല്ല നാട്ടിൻപുറം. കാണ്മാനും താമസിക്കാനും കൊള്ളാവുന്ന സ്ഥലം'' ജാനകി മേനോൻ പതുക്കെ മറുപടിയെന്നോണം പറഞ്ഞു.

പിന്നെയും അവർ നിശബ്ദരായി...

ഗൗരിക്കുട്ടി, ട്രേയിൽ കാപ്പികൊണ്ടുവന്നു, അടുത്തു കിടന്നിരുന്ന വട്ടമേശയിൽ വെച്ചു.

സരള കാപ്പി കപ്പുകളിലേക്കു പകന്നു.

"ഗോവിന്ദൻ കുട്ടി മേനോനെ പരിചയമില്ലേ?" ജാനകി ജിജ്ഞാസാപൂർവ്വം ചോദിച്ചു. പഴയ കാലത്തെപ്പററി മാത്രമാണ് ഇത്രയും നേരം അവൾ ചിന്തിച്ചിരുന്നതെന്ന് അതു തെളിയിച്ചു.

"അറിയും നല്ലതുപോലെ അറിയും. ബ്രിട്ടാനിയാ ട്രേഡ്സ്സിൽ..."

"അതു് ആദ്യമായിരുന്നു, പിന്നെ മദ്രാസ് ഗവമ്മെൻറിൻെറ കീഴിൽ ഉദ്യോഗമായി. ക്ലാക്കായിട്ട്. അദ്ദേഹത്തിൻെറ സാമത്ഥ്യവും കഴിവും കൊണ്ടു് പടി പടിയായി കയററം കിട്ടി. ഒടുവിൽ താസീൽദാർ ആയിരിക്കുമ്പോഴാണു് ഞങ്ങൾ കേരളത്തിലേക്കു വന്നതു്... കേരളവും തമിഴ് നാട്ടും മററും പുതിയതായി സംവിധാനം ചെയ്തപ്പോൾ, അദ്ദേഹം ഇവിടേക്കു ഓപ്ററു ചെയ്തു. ഇവിടെ വന്നു് മൂന്നുകൊല്ലമായപ്പോൾ ഡെപ്യൂട്ടികളക്ടറായി... ഇപ്പോഴും ആ ജോലിയിൽതന്നെ." അവളുടെ കാര്യങ്ങൾ അറിയട്ടെ എന്നു കരുതിയാണു് ജാനകി മേനോൻ അങ്ങിനെയൊരു വിശദീകരണത്തിന്നു തയ്യാറായതു്.

"ഡെപ്യൂട്ടി കളക്ടറദ്ദേഹം പരിശോധനക്കായി ഇവിടത്തെ ബ്ലോക്കിൽ ഇന്നു വന്നതാണു്." ഗൗരിക്കുട്ടി കാപ്പി എടുത്തുകൊടുത്തുകൊണ്ടു പറഞ്ഞു.

"എന്റെ മൂത്തമകൻ സുരേഷ് കാളേജിലാണു്; തിരുവനന്തപുരത്തു് അവന്റെ ഇളയതു് പെൺകുട്ടി. ശോഭ. ഏഴാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു." സംതൃപ്തി പ്രകാശിക്കുന്ന ഭാവത്തോടെ ജാനകിമേനോൻ പറഞ്ഞിട്ടു് കാപ്പി കുടിച്ചുതുടങ്ങി.

കുടിച്ചു കഴിഞ്ഞപ്പോൾ കപ്പുകൾ ട്രേയിൽ ഗൗരി കുട്ടി കൊണ്ടുപോയി. അവളുടെകൂടെ സരളയും അടുക്കളയിലേക്കു നടന്നു.

ജാനകിമേനോനും ഗോപാലൻകുട്ടിയും മാത്രമായി അവിടെ.

"ഇന്നു ഞാൻ സാതൃപ്തയാണു്. ജീവിതത്തോടു് ആവലാതി പറയാൻ എനിക്കൊരു കാരണവുമില്ല. അദ്ദേഹമാണ് എന്റെ ദൈവം." ഗോപാലൻകുട്ടിക്കു എന്തെങ്കിലും ആശങ്കകളുണ്ടെങ്കിൽ നീങ്ങട്ടെ എന്നു കരുതി മനഃപൂർവ്വമാണു്, അതു് ജാനകിമേനോൻ പറഞ്ഞതു്. അവളുടെ വാക്കുകളിൽ ആത്മാർത്ഥത നിറഞ്ഞു നിന്നിരുന്നു.

"കേരളം ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പുതിയ ലോകമാണു്. തിരുവനന്തപുരത്തു് മുമ്പൊരിക്കലുംവന്നിട്ടില്ല. ഇവിടത്തെ ആളുകൾ ഞങ്ങൾക്കു പുതിയവർ തന്നെ. ഞങ്ങളെ മുഖവിലക്കുസ്വീകരിക്കാൻ ഇവിടത്തുകാക്കു കഴിഞ്ഞു. ഭൂതകാലം അവളെ അലട്ടുന്നില്ലെന്നു പരോക്ഷമായി പറയുകയായിരുന്നു ജാനകി മേനോനെന്നു കാണാൻ ഗോപാലൻകുട്ടിക്കു വൈഷമ്യമുണ്ടായിരുന്നില്ല. അയാൾ മറുപടിയായി ഒന്നും പറഞ്ഞില്ല. പുതിയതായി ഒന്നും ചോദിച്ചുമില്ല.

"ഒരു കാലത്ത് നിർജ്ജീവമായ മണലാരണ്യ മായിരുന്നു എൻെറ ജീവിതം. മേഘങ്ങൾ തടിച്ചുകൂടി, ആകാശം അസ്ഥിരതയുടെ പ്രതീകം പോലെ, നിലകൊള്ളുകയായിരുന്നു. ഇടിയും മിന്നലും കൊണ്ടു് അസ്വാസ്ഥതയനുഭവിച്ചിരുന്ന അന്തരീക്ഷം.... ദുഃഖം എത്രയാണു ഞാൻ അനുഭവിച്ചതു്. ഭാരം എത്രയാണു ഞാൻ വഹിച്ചതു്... നിരന്തരം വേദനമാത്രമേ എനിക്കു വിധിച്ചിട്ടുള്ളു എന്നു് വിശ്വസിച്ച് കണ്ണുനീർ എത്രകാലം ഞാനൊഴുക്കി....കാരുണ്യത്തിനും സ്നേഹത്തിനും വേണ്ടി എന്തൊരു ദാഹമായിരുന്നു എൻെറ ആത്മാവിൽ... ഒടുവിൽ മഴ പെയ്തു. അന്തരീക്ഷം തെളിഞ്ഞു.... മണൽക്കാട്ട് ക്രമേണ പച്ചയണിഞ്ഞു. ഇന്നു് അവിടെ ഒരു പൂങ്കാവാണുള്ളതു്." ആത്മകഥാകഥനം നടത്തുന്ന ജാനകീമേനോനെ തടസ്സപ്പെടുത്താതെ ഗോപാലൻകുട്ടി ഇരിക്കുകയാണു്. അദ്ദേഹമാണു് ആ മഴമുകിൽ. ആദ്യം ഞാൻ കരുതിയതു്, എൻെറ ജീവിതത്തിൽ വെളിച്ചമെന്തെങ്കിലും അവശേഷിച്ചിട്ടുണ്ടെങ്കിൽ, അതുകൂടി അവസാനിപ്പിക്കാനെത്തിയ കാർമുകിലാണതെന്നായിരുന്നു. കോളിളക്കങ്ങളും ഇടിമിന്നലുകളും എത്രയാണതിൽ നിന്നുളവായതു്!... എന്നാൽ ക്രമേണ അതു്, താഴെ ദാഹിച്ചു പൊരിഞ്ഞു കിടക്കുന്ന മണൽക്കാടിനു്, അമൃതു പകരാൻ ശക്തമായ മാരിയായിട്ടാണു് മാറിയതു്... അതുമൂലം അവിടെ ഒരു മലർവാടി രൂപം കൊണ്ടു." ജാനകി മേനോൻ വികാര വിവശയായിതീന്നതു് ഗോപാലൻകുട്ടി കണ്ടു. ആനന്ദത്തിൻെറ ഒരു നിറകുടം, കവിഞ്ഞൊഴുകുകയാണു് അയാളുടെ മുമ്പിൽ. "ഞങ്ങൾ ഒന്നിച്ച

ഒരിക്കലും പിരിയാത്ത രണ്ടാത്മാക്കൾ. കുടുംബസുഖമെന്തെന്നു് ഞങ്ങൾക്കറിവുണ്ടു്. സൌഭാഗ്യം ഞങ്ങളെ അനുഗ്രഹിച്ചിട്ടുണ്ടു്!... ഞാനെന്തിനിതൊക്കെ വിവരിക്കണം! അദ്ദേഹത്തെക്കുറിച്ചു വിചാരിക്കുമ്പോൾ പാടവമില്ലാത്ത എൻെറ നാവുപോലും വാചാലമായിത്തീരുന്നു. എൻെറ അനുഭൂതിമണ്ഡലം സ്വയം വികസിച്ചുപോകും. കവിത ചൊരിയുവാൻ ആത്മാവു വെമ്പിപ്പോകും.'' ജാനകി മേനോൻ നിർത്തിയിട്ടു് വീണ്ടും നിശബ്ദയായിരുന്നു.

അത്ഭുതസ്തബ്ധനായി ഗോപാലൻകുട്ടി അവിടെ ഇരിക്കുകയാണു്. ജാനകി മേനോനിൽനിന്നു് കണ്ണെടുക്കാതെ അവൾ പറഞ്ഞതെല്ലാം ആക്ഷരം പ്രതി ശരിയാണെന്നു് അയാൾക്കു ബോദ്ധ്യമായി.

പണ്ടത്തെ ജാനകി എത്ര മാറിയിരിക്കുന്നു! വളന്നിരിക്കുന്നു! ഭത്താവിൻെറ നിലക്കും വിലക്കുമൊപ്പം യോഗ്യത അവൾ നേടിയിട്ടുണ്ടെന്നു് അവളുടെ വാചാലതതന്നെ വ്യക്തമാക്കി. ജീവിതം വളന്നപ്പോൾ, കഴിവുകളും അതിനൊപ്പം വളത്തിയിട്ടുണ്ടു്. വേദന കൊണ്ടും പ്രയാസങ്ങൾകൊണ്ടും തളന്നു വീഴുന്നവരെമാത്രം ചുററിലും കാണുന്ന അയാൾക്കു്, വളച്ച്യും വികാസവും ഉണ്ടായിട്ടുള്ള ഒരാളെ കണ്ടെത്താൻ സാധിച്ചിരിക്കുന്നു! ജീവിതത്തിൽ സുഖം കണ്ടെത്താനുണ്ടെന്നു് തൻേറടത്തോടെ പറയാൻ കഴിവുള്ള ഒരാളെ, മുമ്പിൽ കണ്ടപ്പോൾ ഗോപാലൻകുട്ടിയുടെ ഹൃദയം ആനന്ദം കൊണ്ടു നിറഞ്ഞു. എന്തെന്നില്ലാത്ത സന്തോഷം! നാട്ടിലെത്തി

യശേഷം ഇത്രയും ഉല്ലാസം അയാളുടെഹൃദയത്തിലുണ്ടായിട്ടില്ല.

"ശ്രീധരന്റെ കാര്യം അറിഞ്ഞിരിക്കുമല്ലോ." ദീർഘമായ നിശ്ശബ്ദത അവസാനിപ്പിച്ചുകൊണ്ട് ജാനകി മേനോൻ പറഞ്ഞു.

"ഇല്ല. എനിക്കൊരറിവുമില്ല."

'പാ'വം! മനുഷ്യൻ! അയാളെ വിഷം കൊടുത്തു കൊന്നു." വേദനയോടെയാണ് അവൾ പറഞ്ഞത്.

"കൊന്നു?" വിശ്വസിക്കുന്നില്ലെന്നു വിളിച്ചറിയിക്കുന്ന വിധത്തിൽ ഗോപാലൻകുട്ടി പറഞ്ഞുകൊണ്ട്, അറിയാതെ എഴുന്നേററു.

"കൊന്നു! കേസിൽ അങ്ങിനെയാണ് തെളിഞ്ഞത്."

"കേസിലോ?"

"അതെ മദിരാശിയിൽ നടന്ന ഏററവും പ്രമാദമായ കേസായിരുന്നു. പത്രങ്ങളിലെല്ലാം പൂർണ്ണമായി കേസുവിസ്താരം റിപ്പോർട്ട് ചെയ്തിരുന്നല്ലോ."

"ഞാനതു് അറിഞ്ഞതേയില്ലല്ലോ."

"പത്രങ്ങളിൽ വന്നിരുന്ന വിവരങ്ങൾ, വിടാതെ, ഞാൻ വായിച്ചു."

അല്പനേരം അങ്ങോട്ടുമിങ്ങോട്ടും നടന്നശേഷം ഗോപാലൻകുട്ടി കസേരയിൽ വീണ്ടും ഇരുന്നു. ചോദ്യരൂപത്തിൽ ജാനകിമേനോനെ നോക്കി.

"മററു പലരുടെയും സഹായത്തോടെ പാറുക്കുട്ടിയാണ് കൊലചെയ്തതെന്നാണ് കോടതി വിധിച്ചത്. പാറുക്കുട്ടിയെ ഓർമ്മയില്ലേ?"

"ഉണ്ട്." ചിന്താമഗ്നനായിരുന്ന ഗോപാലൻകുട്ടി പതുക്കെ പറഞ്ഞു.

"ശ്രീധരന്റെ കൈവശമുണ്ടായിരുന്ന പണം സ്വന്തമാക്കാനാണ് കൊലപാതകം നടത്തിയതെന്നാണ് വിചാരണയിൽ വ്യക്തമായത്."

"കഷ്ടം!"

"അവൾക്കു കൂട്ടുനിന്നിരുന്നവരിൽ ഒരാൾ വഴിയാണ് സത്യം പുറത്തു വന്നത്."

ജാനകിമേനോൻ ദീർഘമായി നിശ്വസിച്ചു.

"ശ്രീധരന്റെ മരണത്തിനു ശേഷം ഒന്നുരണ്ടു മാസം കഴിഞ്ഞാണുതാനും ആ സംഭവത്തിന്റെ യഥാർത്ഥ സ്വഭാവത്തെക്കുറിച്ച് അറിവുണ്ടായത്.

"ഓഹോ!"

'ശ്രീധരൻ വിഷം കഴിച്ചു ആത്മഹത്യ ചെയ്തതാണെന്നായിരുന്നു ആദ്യം എല്ലാവരും ധരിച്ചത്. പോസ്റ്റ്മോർട്ടത്തിൽ വ്യക്തമായതു് വിഷമാണ് മരണ കാരണമെന്നായിരുന്നു. ജീവിതത്തിലുണ്ടായ നിരാശ കാരണം വിഷം കഴിച്ചതാണെന്നു കരുതി പിന്നീടൊന്നും ഉണ്ടായില്ല.

"പിന്നെ എങ്ങിനെയാണ് മററു കാര്യങ്ങൾ പുറത്തു വന്നതു്?"

"അതൊരു നീണ്ട കഥയാണ്. ശ്രീധരന്റെ കൈവശം ധാരാളം പണമുണ്ടെന്നാണ് എല്ലാവരും കരുതിയിരുന്നതു്. എല്ലാം പെട്ടിയിൽ വെച്ചു പൂട്ടിയിട്ടുണ്ടെന്നു്. എന്നാൽ ഉണ്ടായതു് അതല്ല. പണം ബാങ്കിൽ നിക്ഷേപിച്ചിരുന്നു. നിക്ഷേപത്തോടൊപ്പം മര

ണ ശേഷം അയാളുടെ സ്വത്തു് എന്തു ചെയ്യണമെന്നു് നിർദ്ദേശിക്കുന്ന പത്രികയും, റജിസ്റ്റർ ചെയ്തു് ബാങ്കിൽ സൂക്ഷിച്ചിരുന്നു. എന്നാൽ പാറുക്കുട്ടിയും കൂട്ടുകാരും ഇതൊന്നും അറിഞ്ഞിരുന്നില്ല. ശ്രീധരൻ പെട്ടിയിൽ പണം വെച്ചിരിക്കുകയാണു്. മരിക്കുമ്പോൾ അതു സ്വായത്തമാക്കാൻ വിഷമമില്ല. എന്നാണു് അവർ പ്രതീക്ഷിച്ചതു്. എന്നാൽ അയാളുടെ മരണശേഷം പെട്ടിപൊളിച്ചു നോക്കിയ പാറുക്കുട്ടിക്കും കൂട്ടുകാർക്കും നിരാശയാണനുഭവപ്പെട്ടതു്. അതിൽ നാല്പത്തിരണ്ടുറുപ്പികയും കുറച്ചു ചില്ലറ നാണയങ്ങളുമേ അവർ കണ്ടുള്ളു! കാര്യം അവിടെ അവസാനിച്ചില്ല. പാറുക്കുട്ടിയെ സ്വാധീനത്തിൽ വെക്കുവാനുള്ള മത്സരം ഗൂഢാലോചനയിലെ പുരുഷന്മാർ തമ്മിലുണ്ടായി. അതു് വഴക്കായി രൂപാന്തരപ്പെട്ടു. ഒടുവിൽ, പരാജയപ്പെട്ടവർ, വൈരാഗ്യം തീക്കാൻ ശ്രീധരൻെറ കൊലയെക്കുറിച്ചുള്ള വിവരം പോലീസിൽ അറിവുകൊടുത്തു. അയാൾ പിന്നെ മാപ്പുസാക്ഷിയായി. കേസുചാർജ്ജു ചെയ്തു് ഊർജ്ജിതമായ അന്വേഷണം തുടങ്ങി. വിസ്താരം അതിൻെറ ചിട്ടയനുസരിച്ചു നടന്നു. പാറുക്കുട്ടിയും മൂന്നു പുരുഷന്മാരുമായിരുന്നു ഗൂഢാലോചനാ സംഘത്തിലെ കക്ഷികൾ. അവരെയെല്ലാം അറസ്റ്റും ചെയ്തു. പരപ്രേരണയുണ്ടായിരുന്നെങ്കിലും ശ്രീധരൻെറ വീട്ടിൽ താമസിച്ചിരുന്ന പാറുക്കുട്ടിയാണു് ശ്രീധരനു് വിഷം കൊടുത്തു കൊന്നതെന്നു് തെളിഞ്ഞു. ഇന്നു് അവൾ ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുകയാണു്. അവളുടെ കൂട്ടുകാരും ജയിലിൽ തന്നെ...... അങ്ങിനെ

ഒരു നിരുപദ്രവിയായ സാധുമനുഷ്യൻെറ ജീവിതം സമാപിച്ചു.'' ശോകപൂർവ്വം ജാനകീമേനോൻ പറഞ്ഞു.

"സഹതാപമർഹിക്കുന്ന ജീവിതമായിരുന്നു അയാളുടെതു്.'' ആത്മഗതംപോലെ ഗോപാലൻകുട്ടി പറഞ്ഞു: "സാധുമനുഷ്യൻ''

"അതെ! അയാൾ ഒരു സാധുമനുഷ്യനായിരുന്നു. നല്ലവനായിരുന്നെന്നുകൂടി ഞാൻ കൂട്ടിച്ചേർക്കുന്നു.'' ജാനകീമേനോൻ പറഞ്ഞു.

"മനുഷ്യൻ എന്തൊക്കെ ചെയ്യുകയില്ല! മൃഗങ്ങളാണെങ്കിൽ ചെയ്യുന്ന ക്രൂരകൃത്യത്തിനു് ഒരതിരുണ്ടു്. മനുഷ്യൻ എന്തുചെയ്യുമെന്നോ എങ്ങിനെചെയ്യുമെന്നോ ആക്കും പ്രവചിക്കാനൊക്കുകയില്ല.'' ഗോപാലൻകുട്ടി ഉറക്കെ ചിന്തിക്കുകയായിരുന്നു.

"ശ്രീധരൻ, സമ്പാദ്യമെല്ലാം യുക്തിവാദി സംഘടനയ്ക്കു് ഇഷ്ടദാനം ചെയ്യുവാനാണു് വ്യവസ്ഥചെയ്തിരുന്നതു്. നിരീശ്വരവാദത്തെ പ്രചരിപ്പിക്കുന്നതിനു പ്രത്യേകമായി ആ പണം വിനിയോഗിക്കണമെന്ന വ്യവസ്ഥയോടുകൂടി.'' ജാനകീമേനോൻ പറഞ്ഞു. ദൈവത്തിനുവേണ്ടി നടത്തുന്ന പ്രചരണംപോലെ മറെറാന്നും മനുഷ്യൻ ചെയ്യുന്നില്ലെന്നു ശ്രീധരൻ എന്നോടുതന്നെ എത്ര തവണയാണു പറഞ്ഞിട്ടുള്ളതെന്നോ? ഈ ശബ്ദകോലാഹലത്തിൽ കഴിഞ്ഞുകൂടുമ്പോൾപോലും, നാസ്തികന്മാരുള്ളതാണു് മനുഷ്യനു് ശക്തിയുണ്ടെന്നുള്ളതിനു് തെളിവെന്നായിരുന്നു ശ്രീധരൻെറ വിശ്വാസം. ഇല്ലാത്ത ഒന്നുണ്ടെന്നു വരുത്തുവാനുള്ള മനുഷ്യൻെറ കഴിവിനു് ഒരുദാഹരണമാണു് ഈശ്വരവിശ്വാസമെന്നു് അ

യാൾ കൂടക്കൂടെ പറഞ്ഞുവന്നു.'' അത്ഭുതംകലൎന്ന സ്വര ത്തിലാണു് ജാനകി അത്രയും പറഞ്ഞതു്.

സരളയും ഗൗരിക്കുട്ടിയും ഈ സമയം മുറിയിലേക്കു തിരിച്ചുവന്നു. അവരുടെ പിറകെ കുട്ടികളും. ഗോ പാലൻകുട്ടി ശ്യാമയെ ചൂണ്ടിക്കാണിച്ചുകൊണ്ടു് പറ ഞ്ഞു: ''ഇവളാണു് എന്റെ ഒരേ ഒരു കുട്ടി.''

ശ്യാമ ലജ്ജിച്ചു സരളയുടെ കയ്യിൽപിടിച്ചു, പിറ കിൽ മറഞ്ഞുനിന്നു.

''വല്യനാണം കുണുങ്ങിയാണു് മോളു് !'' ജാനകീ മേനോൻ അവളെ കളിയാക്കി.

''ആ നില്ക്കുന്ന മൂന്നു ചട്ടമ്പികളുടെ അമ്മാവനാണു ഞാൻ.'' ഗോപാലൻകുട്ടിയുടെ വാക്കുകൾ കേട്ടു് ഗൗരി ക്കുട്ടി അഭിമാനത്തോടെ ചിരിച്ചു.

''ഇനി നിങ്ങളുടെ വനിതാസമാജം കൂട്ടുക! പെ ണ്ണുങ്ങൾക്കു് വൎത്തമാനത്തിനു് വിഷയങ്ങൾക്കു് വിഷമ മെന്തു് ? ചിരിച്ചുകൊണ്ടു് അയാൾ എഴുന്നേററു.

''സർ! പോസ്റ്റ്'' പോസ്ററുമാൻ എഴുത്തു നീട്ടി ക്കൊണ്ടു് വാതിൽക്കൽ നില്ക്കുന്നു.

ഗോപാലൻകുട്ടി എഴുത്തു വാങ്ങിനോക്കി ''സരള ക്കുള്ളതാണു്. സിംഗപ്പൂരിൽനിന്നു്.''

എഴുത്തു് സരളയെ ഏല്പിച്ചു.

''അച്ഛന്റെ കയ്യക്ഷരമാണു്. ഞാനിപ്പോൾ വ ന്നേക്കാം.'' അവൾ മുകളിലത്തെ നിലയിലേക്കു് എഴുത്തും കൊണ്ടു് ഓടി.

അല്പം കഴിഞ്ഞിട്ടാണ് ഗോപാലൻകുട്ടി അങ്ങോട്ടു പോയതു്. അച്ഛന്റെ എഴുത്താണെന്നു കേട്ടപ്പോൾ അതിലെ ഉള്ളടക്കം അറിയാൻ അതിയായ ആഗ്രഹം ഉണ്ടായി. എത്രനാളായി അദ്ദേഹവുമായി സമ്പർക്കമില്ലാതായിട്ടു്. സിംഗപ്പൂരിൽനിന്ന് ഇവിടേക്കു പോരുവാൻ തീരുമാനിച്ചശേഷം അച്ഛനോടു യാത്രപറയുവാൻ അവരൊന്നിച്ചു പോയിരുന്നു. എന്നാൽ മാതാപിതാക്കന്മാർ അവരെ സ്വീകരിച്ചില്ല. യാത്രചോദിക്കുവാൻ വന്നതാണെന്നു സരള പറഞ്ഞപ്പോൾ അവളുടെ അച്ഛൻ കരുണയില്ലാതെ പറഞ്ഞ വാക്കുകൾ ഗോപാലൻകുട്ടിയുടെ കണ്ണുങ്ങളിൽ ഇന്നും പ്രതിധ്വനിക്കുന്നുണ്ടു്: "എനിക്കു് ഒരു മകളുണ്ടായിരുന്നു. എന്നാൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇന്ന് അവളില്ല. അതുകൊണ്ടു് യാത്രപറയുന്ന പ്രശ്നമില്ല."

ഇതാണ് അച്ഛന്റെ മനോഭാവം. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ കത്തെന്തെന്നറിയാൻ കടുത്തതാല്പര്യം ഗോപാലൻകുട്ടിക്കുണ്ടായതു്.

"ഗൗരിക്കുട്ടീ! ജാനകീമേനോന്റെ സുഖസൗകര്യങ്ങൾ നോക്കിക്കൊള്ളൂ: വിശ്രമിക്കാൻ ഒരു മുറിതന്നെ ശരിപ്പെടുത്തിയേക്കു. ഞാൻ കുറച്ചുകഴിഞ്ഞു വരാം." അനുമതിക്കു കാത്തുനില്ക്കാതെ അയാൾ മുകളിലേക്കു പോയി.

മുറിയിൽ എത്തിയപ്പോൾ സരള എഴുത്തുവായിച്ചു കഴിഞ്ഞിരുന്നു. അവളുടെ കണ്ണുകൾ കലങ്ങിയിരിക്കുന്നതായി ഗോപാലൻകുട്ടി കണ്ടു.

കത്തു് ഗോപാലൻകുട്ടിക്കു് കൊടുത്തു.

സരള കിടക്കയിൽ ചെന്നു് കമഴ്ന്നു കിടന്നു.

"പ്രിയമുള്ള മകളെ"! ഗോപാലൻകുട്ടി വായിച്ചു തുടങ്ങി" ഇനി ഒട്ടും സഹിക്കുവാൻ വയ്യാത്തതുകൊണ്ടു് ഞാനും നിൻെറ അമ്മയും ചേന്നു് ഈ കത്തെഴുതുകയാണു്. ആഗ്രഹിക്കാത്തതു പലതും സംഭവിച്ചു. ഞങ്ങൾ എല്ലാം മറക്കുന്നു. ഞങ്ങളുടെ അഭിപ്രായങ്ങളും ആശകളും, നിന്നെയുമായി താരതമ്യപ്പെടുത്തുമ്പോൾ, ഞങ്ങൾക്കു് ഒട്ടും പ്രധാനപ്പെട്ടവയല്ല. ഞങ്ങളുടെ പൊന്നുമോളാണു നീ! ഞങ്ങൾക്കു് ഈ ലോകത്തിൽ നീയാണു് സവ്വപ്രധാനം. നിങ്ങൾ സിംഗപ്പൂരിൽ ഉണ്ടായിരുന്നപ്പോൾ, ഞങ്ങളുടെ കൂടെയല്ലെങ്കിലും, നീയുമായി ഒരു സിരാബന്ധം അവശേഷിക്കുന്നുണ്ടെന്ന തോന്നലുണ്ടായിരുന്നു. എന്നാൽ നിങ്ങൾ നാടുവിട്ടപ്പോൾ, ഹൃദയത്തിൻെറ വിലപ്പെട്ട ഒരംശം വലിഞ്ഞുപൊട്ടിയതായി, തോന്നുന്നു മോളെ! ഈ വേദന ഇനി സഹിക്കാൻ മേലാ. ഞാൻ നേടിയിട്ടുള്ളതിനൊന്നും അത്ഥമില്ലാതായി തോന്നുന്നു, നീ ഇല്ലാത്തപ്പോൾ. ഈ ദുഃഖം സഹിക്കാൻ സാധിക്കാതെയിരിക്കുന്നു പൊന്നുമോളെ. ഈ ലോകത്തിൽ ഇനി അധികനാൾ ഞങ്ങൾ ഉണ്ടാകുന്നതല്ല. അതുകൊണ്ടും നിങ്ങൾക്കു് ഞങ്ങളോടൊത്തു കഴിയുമ്പോൾ ഉണ്ടായേക്കാവുന്ന അസൗകര്യങ്ങൾ വളരെനാൾ സഹിക്കേണ്ടിവരുകയില്ലല്ലോ. നിങ്ങൾ മടങ്ങിവരണം. ഞങ്ങളുടെകൂടെ താമസിക്കണം. അവസാനകാലത്തു് ഞങ്ങൾ യാചിക്കുന്ന സമാധാനം തരുവാൻ നീ സന്നദ്ധയാകുകയി

ല്ലേ ? പൊന്നുമോളെ ! കാണാൻ കൊതിച്ചുകൊണ്ടിരിക്കു ന്ന അമ്മയുടെയും അച്ഛന്റെയും അടുത്തേക്കു വരൂ." അ ടിയിൽ രണ്ടുപേരും കയ്യൊപ്പിട്ടിരിക്കുന്നു.

മെത്തയിൽ കമഴ്ന്നുകിടന്നു വിങ്ങിക്കരയുന്ന സര ളയെ സമീപത്ത് ചെന്നിരുന്ന് ഗോപാലൻകുട്ടി വാത്സ ല്യപൂർവ്വം തലോടി... ...

" സരളെ !" ഇടറുന്നതൊണ്ട തെളിച്ചുകൊണ്ട് ഗോപാലൻകുട്ടി പതുക്കെ വിളിച്ചു.

സരളയുടെ വിങ്ങിക്കരച്ചിൽ ശക്തിപ്പെട്ടു.

" നീയും കുഞ്ഞും സിംഗപ്പൂരിലേക്കു മടങ്ങിപോകൂ! അച്ഛനുമമ്മയുമായി യാതൊരു മത്സരവും നമുക്കില്ല. അ വരെ വേദനിപ്പിച്ചുകൂടാ."

സരള കരച്ചിൽനിർത്തി അല്പനേരം ശാന്തയായി കിടന്നു.

" ഞാൻ ഭംഗിവാക്കു പറയുകയല്ല. സ്നേഹത്തിന്റെ സുഗന്ധം ഏല്ക്കുമ്പോൾ ഞാൻ ബലഹീനനായിത്തീരുന്നു. വാത്സല്യത്തിന്റെ മുമ്പിൽ ഞാൻ അടിയററ പറയുന്നു ആത്തിരമ്പിനില്ക്കുന്ന അഗാധമായ ഒരു സ്നേഹസാഗര ത്തിന്റെ അലകൾ ഈ കടലാസിൽ വന്നടിക്കുന്നത് എനിക്ക് അറിയാനുള്ള കെല്പുണ്ട്... ...അവസാനകാല ത്ത് എന്റെ അച്ഛനെ ഞാൻ അങ്ങേയററം വേദനി പ്പിച്ചു. അതിന്റെ ചുമട്ട് ഇന്നും എന്നും ഇറക്കിവെ ക്കുവാൻ എനിക്ക് ഇടമില്ല. അങ്ങിനെയൊരു ചുമട്ട് എന്റെ സരളയുടെ ചുമലിലും വരാൻ ഇടവന്നുകൂടാ.... നീയും കുഞ്ഞും പോകൂ!..."

" ഞാനും കുഞ്ഞുമോ?"

" അതെ."

" അതു് ഈ ജന്മമില്ല."

" പറയുന്നതു കേൾക്കു."

" പറയണ്ടാ."

" യുക്തിപൂർവ്വം പെരുമാറേണ്ട..."

" നിങ്ങളുടെ കാര്യംവരുമ്പോൾ, യുക്തിയും ബുദ്ധിയും ഒന്നും എനിക്കില്ല. ഹൃദയമേയുള്ളു."

ഗോപാലൻകുട്ടിക്കു് മറുപടി യൊന്നുമില്ലാതായി.

" അച്ഛനും അമ്മയും എനിക്കുവേണം. അതിനേക്കാളേറെ, എൻെറ സകലതുമായ, നിങ്ങളും എനിക്കുവേണം." വികാരവിവശയായിട്ടാണു് സരള സംസാരിച്ചതു്.

" ഇവിടത്തെ കാര്യങ്ങൾ ശരിപ്പെടുത്തിയിട്ടു ഞാൻ അവിടെ എത്തിക്കൊള്ളാം."

" ഇവിടെ ശരിപ്പെടുത്താനെന്തിരിക്കുന്നു ?"

" പലതുമുണ്ടു്."

" എന്നാൽ എല്ലാംതീൎന്നിട്ടു്, നമുക്കൊന്നിച്ചു മടങ്ങാം."

" എത്രനാൾ അതിനു വേണ്ടിവരുമെന്നു് എനിക്കു നിശ്ചയമില്ല. എന്നെ വിശ്വസിക്കു സരളെ !"

" വിശ്വസിക്കുന്നു......"

" എന്നാൽ ഞാൻ പറയുന്നതു ചെയ്യു!" സരളയുടെ തലയിൽ അയാൾ തടവിക്കൊണ്ടു പറഞ്ഞു." നി

ങ്ങൾക്കു മടങ്ങാൻ ഏപ്പാടുചെയ്യാം. എത്രയും നേരത്തെ മടങ്ങാൻ......"

" കടലിന്നപ്പുറത്തു് കാത്തു കാത്തു്......"

" അധികനാൾ കാത്തിരിക്കേണ്ടിവരുകയില്ല." അവളുടെ കൈപിടിച്ചു് ഗോപാലൻകുട്ടി മുദ്ദവായിചുംബിച്ചു.

" ഞാനും കുഞ്ഞും പോകാം......"

" എല്ലാം സ്നേഹത്തിനുവേണ്ടിമാത്രം." സരള മെത്തയിൽ എഴുനേററിരുന്നു. അവളുടെ നെററിയിൽ തലോടിക്കൊണ്ടു്, നിറഞ്ഞുനിന്നിരുന്ന അവളുടെ കണ്ണുകളിലേക്കു്, ഗോപാലൻകുട്ടി നോക്കി. ആഴമറിയാനാവാത്ത അഗാധത അതിൽ നിഴലിച്ചുനില്ക്കുന്നു. അതിരില്ലാത്ത പാലാഴിപോലെ, അവിടെ സ്നേഹത്തിൻെറ ലോകം പരന്നുകിടക്കുകയാണു്......

പത്ത്

ഉച്ചതിരിഞ്ഞു ഏതാണ്ട മൂന്നുമണിയോടുകൂടി ആഞ്ഞിലിമൂട്ടിലേക്കു പോകുവാൻ ഗോപാലൻകുട്ടി ഇറങ്ങി. കൃഷ്ണൻനായർ അയാളെ യാത്രയയക്കുവാൻ പടിക്കൽ വരെ ചെന്നു. കാഴ്ചയിൽനിന്നു് ഗോപാലൻകുട്ടിയുടെ രൂപം മറഞ്ഞപ്പോൾ, കൃഷ്ണൻനായർ അടുക്കളയിൽ എന്തോ ചെയ്തുകൊണ്ടിരുന്ന, ഗൗരിക്കുട്ടിയുടെ അടുത്തു ചെന്നു.

"ചേട്ടൻ ആഞ്ഞിലിമൂട്ടിലേക്കാണു് പോയതു്. വസ്തു ഒഴിഞ്ഞുതരുന്നതിനെക്കുറിച്ചുകൂടി തൊമ്മിക്കുഞ്ഞിനോടു് സംസാരിച്ചാൽ കൊള്ളാമെന്നു ഞാൻ സൂചിപ്പിച്ചിട്ടുണ്ടു്." കൃഷ്ണൻനായർ സന്തോഷത്തോടെ പറഞ്ഞു.

അതുകേട്ടു് ഗൗരിക്കുട്ടി ഞെട്ടിത്തിരിഞ്ഞു. "വസ്തു ഒഴിഞ്ഞുതരുന്നതിനെപ്പററിയോ?"

"അതെ. ഇത്ര ആശ്ചര്യപ്പെടാനെന്തിരിക്കുന്നു?"

"ചേട്ടൻ അക്കാര്യം തൊമ്മിക്കുഞ്ഞിനോടു പറയുമോ?" ഗൗരിക്കുട്ടി എടുത്തുചോദിച്ചു.

"ചോദിച്ചേക്കും. ഞാൻ ഓർമ്മപ്പെടുത്തിയിട്ടുണ്ടു്."

"അതു ചെയ്യരുതായിരുന്നു." അസ്വസ്ഥയായി ഗൗരിക്കുട്ടി പറഞ്ഞു.

"ങും? അതെന്താ?''

"വേണ്ടായിരുന്നു." അവൾ ആവത്തിച്ചു: കുറെ ക്കൂടി ദൃഢസ്വരത്തിൽ.

"നിനക്കെന്താ അതിൽ ഇത്ര വിഷമിക്കാൻ?''

"പലതുമുണ്ട്. ചേട്ടൻ അതു ചോദിക്കാൻ പാടില്ല.''

"വസ്തു ഒഴിച്ചെട്ടത്താൽ, നമുക്കുകൂടി ഓഹരി കിട്ടും.''

"ഓഹരി! ഓഹരിയെക്കുറിച്ചേ നിങ്ങൾക്കു വിചാരമുള്ളു.'' വെറുപ്പോടെയാണ് അവൾ അതു പറഞ്ഞത്.

"ഓഹരി അത്ര നിസ്സാരമാണോ?''

"അതെ. ഓഹരിയെക്കാൾ പ്രധാനപ്പെട്ടതൊന്നുമില്ലെ കുടുംബജീവിതത്തിൽ?''

"ഇപ്പോൾ തത്വജ്ഞാനം പറയാൻതോന്നിയതിൻെറ കാരണം?'' കളിയാക്കുന്ന മട്ടിലാണ് കൃഷ്ണൻ നായർ സംസാരിച്ചതു്.

"പറയേണ്ടിവരുമ്പോൾ പറയും.'' അവജ്ഞയോടെ ഗൗരിക്കുട്ടി മറുപടിനൽകി.

"എനിക്കൊന്നും മനസ്സിലാകുന്നില്ല.''

"മനസ്സിലാകുകയില്ല. മനസ്സിലാകാത്തതു പലതുമുണ്ടു് മനുഷ്യബന്ധത്തിൽ.''

കൃഷ്ണൻനായർ കുറെനേരം മിണ്ടാതെനിന്നു.

"ഞാൻ ആഞ്ഞിലിമൂട്ടിൽ പുരയിടത്തിൻെറ പങ്കു പറ്റുകയില്ല. അതു് ഒഴിപ്പിച്ചെടുക്കാൻ ചേട്ടനെ സ

ന്മതിക്കുകയുമില്ല.'' ഉറപ്പോടും കരുത്തോടുമാണ് ഗൗരി കുട്ടി പറഞ്ഞത്. കൃഷ്ണൻനായർ കോപിച്ച് അവളെ നോക്കി.

"ഇല്ല. അതു നിശ്ചയമാണ്.'' ഗൗരിക്കുട്ടി ഒട്ടും അയഞ്ഞില്ല.

'' കാരണം ?''

" ഉണ്ട്.''

" പറയാൻ പാടില്ലാത്തതു വല്ലതുമാണോ ?'' കൃഷ്ണൻനായർ നീരസത്തോടെ ചോദിച്ചു.

" അല്ല.''

" പിന്നെ ?''

" അച്ഛൻ മരിക്കുന്നതിനുമുമ്പ്, ഒരു ദിവസം എന്നെ അടുത്തുവിളിച്ച് സത്യം ചെയ്യിപ്പിച്ചിട്ടുണ്ട്, ആ പുരയിടം ഒഴിപ്പിച്ചെടുക്കുകയില്ലെന്ന്. തൊമ്മിക്കുഞ്ഞിനെ സാക്ഷിനിർത്തിയാണ് ഞാൻ സത്യംചെയ്തത്. അച്ഛൻ പറഞ്ഞ വാക്കുകൾ എനിക്കു ജീവനുള്ള കാലത്തോളം ഞാൻ മറക്കുകയില്ല''. മകളെ ! തൊമ്മിക്കുഞ്ഞിന് ആഞ്ഞിലിമൂട്ടിൽ പുരയിടം ഞാൻ കൊടുക്കുകയാണ്. അത് കുടുംബസ്വത്താണെന്ന് എനിക്കറിയാം. എങ്കിലും നിൻെറ അച്ഛൻെറ, മരിക്കുന്നതിനുമുമ്പുള്ള ഈ ആഗ്രഹം ഒരിക്കലും തള്ളിക്കളയരുത്. ഗോപാലൻ കുട്ടി എന്നെങ്കിലും ഇവിടെ മടങ്ങിവരാൻ ഇടയായാൽ, അവനോടും അച്ഛൻെറ ആഗ്രഹം പറയണം. ആഞ്ഞിലിമൂട്ട പുരയിടം ഇന്നു മുതൽ തൊമ്മിക്കുഞ്ഞിൻെറതാണ്.'' അച്ഛൻെറ കയ്യിൽ പിടിച്ച് സത്യം ചെയ്യാൻ

എന്നോടുപറഞ്ഞു. തൊമ്മിക്കുഞ്ഞു് സാക്ഷിയാണു്. "ഗൗരിക്കുട്ടിയുടെ തൊണ്ട ഇടറി." ഇന്നും എന്നും അ ച്ഛനു ഞാൻ കൊടുത്തവാക്കു് തെററിക്കുകയില്ല. ചേട്ട നോടു് അതു പറയാൻ ഇതുവരെ സന്ദർഭംകിട്ടിയില്ല. അതു തെററായിപ്പോയി. ദൈവമേ! ചേട്ടൻ തൊമ്മി കുഞ്ഞിനോടു് അതു പറയുമോ?" ഗൗരിക്കുട്ടി ആകപ്പാ ടെ അസ്വസ്ഥയായി. എന്താണു ചെയ്യേണ്ടതെന്നറിയാ ത്തമട്ടിൽ തീൻ മേശക്കടുത്തുകിടന്നിരുന്ന കസേരയിൽ ചെന്നിരുന്നു.

"ഇതെന്തുകൊണ്ടു് നീ ഇതുവരെ എന്നെ അറിയി ച്ചില്ല."

"അതിൻെറ ആവശ്യം ഉണ്ടാകാതിരുന്നതുകൊണ്ടു്. ചേട്ടൻ അവിടെ എത്തിക്കാണുകയില്ല. ഒന്നു വേഗം പോയി മടക്കിവിളിക്കു! വേഗം ആട്ടെ!"

"എനിക്കുവയ്യാ." കാരുണ്യമില്ലാതെ കൃഷ്ണൻനാ യർ പറഞ്ഞു.

"അയ്യോ! കേൾക്കു! വേഗമാകട്ടെ!" ഗൗരിക്കുട്ടി യാചിച്ചു.

"സാധിക്കയില്ല." കൃഷ്ണൻനായർ ശബ്ദമുയർത്തി പരുഷമായി പറഞ്ഞിട്ടു് അവിടെനിന്നു നടന്നു.

എന്തു ചെയ്യണമെന്നറിയാതെ, ഗൗരിക്കുട്ടി അവി ടെയിരുന്നു.

ശ്രീവദ്ധനത്തുനിന്നിറങ്ങിയ ഗോപാലൻകുട്ടി നേ രെ ആഞ്ഞിലിമൂട്ടിലേക്കാണു പോയതു്. പടികയറി മുററത്തേക്കു ചെല്ലുമ്പോൾ അവിടെങ്ങും ആവിയും അന

ക്കവും ഉണ്ടായിരുന്നില്ല. ഭയാശങ്കകളോടെ, വളരെ സാവധാനത്തിൽ, മുററത്തുവരെ ചെന്നു. അവിടെ നിന്നുകൊണ്ടു് ചുററിനുംനോക്കി.

ആരുമില്ല.

പരുപരുക്കൻ ആററുമണൽ വിരിച്ചമുററത്തു. ആരെങ്കിലും കടന്നുവന്നാൽ കാൽപ്പെരുമാററം നല്ലതുപോലെ കേൾക്കാറാകും.

ഗോപാലൻകുട്ടി അവിടെ ചെന്നപ്പോൾ അതുണ്ടായി. ആരും വീട്ടിൽനിന്നു പുറത്തുവന്നില്ല.

അല്പം ശങ്കിച്ചുനിന്നു.

മുളകീറി മിനഞ്ഞുകെട്ടിയുണ്ടാക്കിയ രണ്ടു വലിയ തട്ടികൾ, വീടിന്റെ മുൻവശത്തുള്ള ഇറയത്തു കെട്ടിത്തൂക്കിയിട്ടുണ്ടു്. നടുക്കുള്ളതു് ചുരുട്ടി ഉയരത്തിൽവച്ചിരിക്കുന്നു. ഇറയത്തേക്കു കയറാനുള്ള കവാടമായിട്ടാണു് അവിടംതീർന്നിരിക്കുന്നതു്.

ഗോപാലൻകുട്ടി ഇറയത്തേക്കുകയറി.

തെക്കെ കോണിൽ കിടന്നിരുന്ന ഒരു ഊക്കൻ ചാരുകസാലയിൽ തൊമ്മിക്കുഞ്ഞു് ഇരിക്കുന്നു......ഒന്നും മിണ്ടാതെ, അയാളെ തുറിച്ചുനോക്കിക്കൊണ്ടു്......

ഗോപാലൻകുട്ടിയുടെ ഹൃദയം ആഞ്ഞിടിക്കുകയാണു്,

അസുഖകരമായ നിശ്ശബ്ദത അവിടെ നിറഞ്ഞുനില്ക്കുന്നു.

പെരുമ്പറയടിക്കുന്നതുപോലെ നെഞ്ചിലെ തുടിപ്പു് പ്രതിധ്വനിക്കുന്നതുപോലെ ഗോപാലൻകുട്ടിക്കുതോന്നി.

അനങ്ങാതെ, മിണ്ടാതെ, ചലനശേഷി നഷ്ടപ്പെട്ട ഒരു വാതരോഗിയെപ്പോലെ തൊമ്മിക്കുഞ്ഞ് കസേരയിൽ ഇരിക്കുകയാണ്. വെള്ളികെട്ടിയ കണ്ണട മൂക്കിലുണ്ട്. തടിച്ചചില്ലുള്ള കണ്ണട. പുരികം മുഴുവൻ നരച്ചു വെളുത്തതാണ്. നെററിയിൽ നെട്ടനീളത്തിൽ, തൊലി ചുരുങ്ങിയുണ്ടായ വരകൾ. കവിളൊട്ടി, താടിയെല്ലുകൾ എഴുന്നുനില്ക്കുന്ന മുഖം. രോമരഹിതമായ മാറിൽ മാംസത്തെക്കാളേറെ എല്ലുകളാണ് സ്പഷ്ടമായിക്കാണാനുള്ളത്. മെലിഞ്ഞ്, നീണ്ട്, ശോഷിച്ചകൈകൾ. തൊലിപ്പുറത്ത് നീലചരായകാണാവുന്ന ഞരമ്പുകൾ പിടഞ്ഞുനില്ക്കുന്നു.

ഗോപാലൻകുട്ടിയും തൊമ്മിക്കുഞ്ഞും പരസ്പരംനേക്കി. അരനിമിഷംകഴിഞ്ഞു അവർ രണ്ടുപേരും അസുഖകരമായ അനുഭവമൊഴിവാക്കാനെന്ന ഭാവത്തിൽ വശത്തേക്ക് തലതിരിച്ചു. എന്നാൽ, പിന്നെയും അവരുടെ നോട്ടം തമ്മിലിടഞ്ഞു.

തൊമ്മിക്കുഞ്ഞു അടിമുടി വിറച്ചു, വെറുപ്പും അറപ്പും അമർഷവും സഹിക്കാനാവാത്ത മട്ടിൽ.

ഗോപാലൻകുട്ടി മരവിച്ചു നില്ക്കുകയാണ്......

"വന്നിട്ടുണ്ടെന്നറിഞ്ഞു." വിറച്ചുകൊണ്ടു് തൊമ്മിക്കുഞ്ഞു് ഒരുവിധം പതുക്കെ പറഞ്ഞു. "വരാതിരിക്കുകയായിരുന്നു നല്ലതു്."

ഗോപാലൻകുട്ടിക്കു് അനങ്ങാൻ തോന്നിയില്ല.

"ഉം !" ദീർഘമായി തൊമ്മിക്കുഞ്ഞു മൂളി. 'ഒരു തരത്തിൽ, വന്നതുനന്നായി. ചാകുന്നതിന്നുമുമ്പ് പറ

യാനുള്ളതെല്ലാം എനിക്കു പറയാൻ സൗകര്യം കിട്ടിയ ല്ലോ. ചുവടിറക്കിയിട്ട് മരിക്കുകയെങ്കിലും ചെയ്യാം. തൊമ്മിക്കുഞ്ഞ് എഴുന്നേററു. ശുഷ്കിച്ച അയാളുടെ മുഖം കോപംകൊണ്ടു ജ്വലിച്ചു. "ഇവിടിരിക്ക്." അടുത്തു കിടന്നിരുന്ന സ്ററൂൾ ചൂണ്ടിക്കാണിച്ച് ഉഗ്രമായി ആ ജ്ഞാപിച്ചു. ഭയന്നു വിവശനായ കുട്ടി, കോപാകുല നായ പിതാവിൻെറ ആജ്ഞയ്ക്കടിപെട്ട്, നിശ്ശബ്ദനായി അനുസരിച്ചു പോകുന്നതുപോലെ, ഗോപാലൻകുട്ടി സ് ററൂളിൽ ചെന്നിരുന്നു. അയാൾ തൊമ്മിക്കുഞ്ഞിനെ പ കച്ചുനോക്കി.

"പരമുപിള്ളയദ്ദേഹത്തിൻെറ മോനല്ലായിരുന്നെ ങ്കിൽ......നിന്നെ ഞാൻ ഇപ്പോൾ കൊല്ലുമായിരുന്നു."

"തൊമ്മിക്കുഞ്ഞേ!" സഹിക്കാനാവാതെ ഗോപാ ലൻകുട്ടി പൊട്ടിപ്പോയി.

"പറയുന്നതു പിടിക്കുന്നില്ല; അല്ലേ?" അവജ്ഞ യും വെറുപ്പും തൊമ്മിക്കുഞ്ഞിൻെറ വാക്കിൽ നിറഞ്ഞി രുന്നു.

"തൊമ്മിക്കുഞ്ഞേ?" യാചനയായിരുന്നു അത്.

"നിന്നോടു മർദ്ദവമൊന്നുമില്ല. നിന്നോടു മര്യാദ കാണിച്ചുകൂടാ."

ഗോപാലൻകുട്ടി വിമ്മിഷ്ടപ്പെട്ടു.

"രണ്ടുപേരെ കൊന്നു." ഹൃദയം പൊട്ടുന്നതുപോ ലെ വേദനിച്ചാണ് തൊമ്മിക്കുഞ്ഞ് സംസാരിച്ചത്.

"രണ്ടുപേരെ...?" അതു പൂർത്തിയാക്കുവാൻ ഗോ പാലൻകുട്ടിക്കു അവസരമുണ്ടാകുന്നതിനു മുമ്പ് തൊമ്മി ക്കുഞ്ഞ് അലറി:

"നീ കൊന്നു. രണ്ടുപേരെ...!" തൊമ്മിക്കുഞ്ഞ് വിവശനായി. അയാളുടെ ശരീരത്തിന്, ഹൃദയത്തിലുയൻവന്ന വികാരത്തെ, താങ്ങാൻ സാധിച്ചില്ല. നെററിയിൽ വിയപ്പുകണങ്ങൾ എത്ര പെട്ടന്നാണ് പൊടിച്ചത് !

കുനിഞ്ഞ് ചാരുകസേരയുടെ കയ്യിൽ താങ്ങിനിന്ന് ഗോപാലൻകുട്ടിയുടെ മുഖത്ത് തുറിച്ചുനോക്കിക്കൊണ്ട്, തൊമ്മിക്കുഞ്ഞ് വേദനസഹിക്കാനാവാത്ത തരത്തിൽ പറഞ്ഞു: "മറെറാരാളിനെ ചതച്ച ചതച്ച്, കൊല്ലാതെ കൊന്നുവിട്ടു."

ഒരു കൊച്ചുകുഞ്ഞിനെപ്പോലെ അയാൾ കരയുകയാണ്......

കരച്ചിൽ ഒട്ടുംകുറഞ്ഞില്ല. വിയത്തൊലിച്ച് ക്ഷീണിച്ച്, തൊമ്മിക്കുഞ്ഞുകസേരയിലേക്കിരുന്നു. കൈപ്പടങ്ങളിൽ തലയുംതാങ്ങി കുനിഞ്ഞിരിക്കുന്ന അയാളുടെ ബാഷ്പകണങ്ങൾ മടിയിൽ ഇററിററു വീഴുന്നത് ഗോപലൻകുട്ടി കണ്ടു. ആശ്വസിപ്പിക്കുന്നതിനുവേണ്ടി, തൊമ്മിക്കുഞ്ഞിൻെറ പുറം തലോടാൻ ഗോപാലൻകുട്ടി അങ്ങോട്ടു ചാഞ്ഞു.

"തൊടരുത്. എന്നെ തൊട്ടുപോകരുത്." കൈതട്ടിയെറിഞ്ഞുംകൊണ്ട് തൊമ്മിക്കുഞ്ഞ് അലറി......

"എനിക്കൊന്നും മനസ്സിലാകുന്നില്ല." ഗത്യന്തരമില്ലാതെ ഗോപാലൻകുട്ടി പറഞ്ഞു.

"മനസ്സിലാവുകയില്ല. മനുഷ്യൻെറ വേദനയെ നെഞ്ഞറിയാൻ കണ്ണില്ലാത്തവക്ക് ഒന്നും മനസ്സിലാവുകയില്ല."

"വേദനയെന്തെന്നറിയാൻ......എനിക്കു കഴിവി ല്ലെന്നോ ?"

"കഴിഞ്ഞിരുന്നെങ്കിൽ കട്ടംകയ്യൊന്നും കാണിക്കുകയില്ലായിരുന്നു."

"ഞാനെന്തുകാണിച്ചെന്നാണു പറയുന്നതു്? "

"ഹൊ ! ഒരു പച്ചപരമാത്മിവന്നിരിക്കുന്നു ! പല്ലു· റുമ്മി, തുറിച്ചുനോക്കി തൊമ്മിക്കുഞ്ഞു പറഞ്ഞു "എൻെറ മകളെ...എൻെറ മേരിയെ കൊന്നതു് വേറെ യാരാ?"

"തൊമ്മിക്കുഞ്ഞേ?" സഹിക്കാൻ വയ്യാതെ ഗോ പാലൻകുട്ടി വിളിച്ചുപോയി.

"അതെ. അവളെക്കൊന്നു. നാണംകെടുത്തി ന ശിപ്പിച്ചു. എനിക്കും എൻെറ വീടിന്നുംതീരാത്ത കളങ്കം വരുത്തി. പട്ടിക ഞാൻ പൂത്തിയാക്കണോടാ? ഹൃദയം എന്നൊന്നുണ്ടെങ്കിൽ, മനസ്സാക്ഷിയെന്നൊന്നുണ്ടെങ്കിൽ, ഒരു നിമിഷം ഒന്നു പരിശോധിച്ചുനോക്കു്. ഇവിടെ കുന്നു കൂടിക്കിടക്കുന്ന ദുഃഖത്തിൻെറ കുമ്പാരമെല്ലാം സൃ ഷ്ടിച്ചതു് നീ മാത്രമാണു്."

നെഞ്ചിൽ കൈവച്ചുകൊണ്ടു് ഗോപാലൻകുട്ടി ജീ വച്ഛവംപോലെയിരുന്നു.

"ഒന്നും അറിയാത്തയാളല്ലേ ? കണക്കു് എണ്ണിയെ ണ്ണി ഞാൻ ബോധ്യപ്പെടുത്താം." വികാരത്തെ നിയന്ത്രി ച്ചുകൊണ്ടു്, വിധിയുടെ വികടത വ്യക്തമാക്കുന്നതുപോ ലെ, തൊമ്മിക്കുഞ്ഞു പറഞ്ഞു. എൻെറ മകൾ മേരിയെ ഓമ്മകാണുമല്ലോ...പാവം ! എൻെറ......മേരി സഹി

ക്കാൻ സാധിക്കാത്തമട്ടിൽ വിങ്ങിക്കരഞ്ഞുകൊണ്ട് അല്പനിമിഷം തൊമ്മിക്കുഞ്ഞിരുന്നു.

"മേരി!......" ഗോപാലൻകുട്ടിയുടെ ഹൃദയം മന്ത്രിച്ചു.

"അതെ മേരി മരിച്ചു."

"മരിച്ചു!" വിസ്മയവും വിഷാദവും കലർന്ന സ്വരത്തിൽ, പ്രതിധ്വനിപോലെ ഗോപാലൻകുട്ടി ആവർത്തിച്ചു.

"അവൾ മരിച്ചു!......നീ നാടുവിട്ടതിന്റെ പത്താംമാസം മരിച്ചു."

"അയ്യോ! ഞാനിതൊന്നുമറിഞ്ഞിട്ടില്ല."

"അറിഞ്ഞിട്ടില്ല! ആരും അറിയിച്ചില്ല." നിറകണ്ണോടെ ബോധമില്ലാത്തവനെപ്പോലെ, തൊമ്മിക്കുഞ്ഞു ചിരിച്ചു. പൊട്ടിച്ചിരിച്ചു!

"ഇല്ല തൊമ്മിക്കുഞ്ഞേ! ഇല്ല. ഇതൊന്നും ഞാനറിഞ്ഞിട്ടില്ല. സത്യം. സത്യമാണ്."

"ഹ! ഹ! അറിഞ്ഞില്ലെങ്കിൽ... അറിഞ്ഞോളൂ. അവൾ നീ കാരണം ഗർഭവതിയായ വിവരവും നീ അറിഞ്ഞിട്ടില്ല?" തൊമ്മിക്കുഞ്ഞ് രൂക്ഷമായി നോക്കി...

ഗോപാലൻകുട്ടി ചൂളിപ്പോയി. അഗ്നികുണ്ഡത്തിൽ അപ്രതീക്ഷിതമായി നിപതിച്ചവനെപ്പോലെ അയാൾ പുളയുകയാണ്......

"നിങ്ങൾ ഒന്നിച്ചു കളിച്ചു നടക്കുമ്പോൾ, ഞാൻ ഇതൊന്നും വിചാരിച്ചില്ല. ഒരു വീട്ടിലെ രണ്ടുകുട്ടികൾ ഒന്നിച്ചു നടന്നുല്ലസിക്കുന്നതുകണ്ടു സന്തോഷിക്കുകയായി

രുന്നു. അവൾക്കു് മററു കൂടപ്പിറപ്പുകളാരുമില്ല. സഹോദരസൗഭാഗ്യത്തിൻെറ സ്വാദ് അനുഭവിക്കട്ടെയെന്നുകരുതി. കൊട്ടുംവഞ്ചനയുടെ സാധ്യതയെക്കുറിച്ചു എനിക്കു് എന്തുകൊണ്ടോ ചിന്തിക്കാൻ തോന്നിയില്ല. അങ്ങനെയൊരാശങ്ക എനിക്കുണ്ടായിരുന്നെങ്കിൽ നീ ഇവിടെ കയറാതെ സൂക്ഷിക്കുമായിരുന്നു. പാവം!...പരമുപിള്ള യങ്ങുന്നു്! എത്രതവണ അദ്ദേഹം ഉപദേശിച്ചതാണു് പിള്ളേരെ കുറച്ചൊന്നു വിലക്കിനിത്തണമെന്നു്. അന്നൊക്കെ ഞാനതു ചിരിച്ചുതള്ളി...എന്തിനു്! സംഭവിക്കാവുന്നതു സംഭവിച്ചു. നീ......നീ......നാട്ടുംവിട്ടു." വികാരംകൊണ്ടു് വീപ്പുമുട്ടി വാക്കുകൾ പുറഞ്ഞുവരാതായി.

"അറിഞ്ഞതുകൊണ്ടല്ല, അറിഞ്ഞുകൊണ്ടല്ല, ഞാൻ നാട്ടവിട്ടതു്." യാചനാസ്വരത്തിൽ ഗോപാലൻ കൂട്ടി പറഞ്ഞു. "അറിഞ്ഞിരുന്നെങ്കിൽ എന്തൊക്കെയുണ്ടായാലും ഞാൻ ഇവിടംവിട്ടുമായിരുന്നില്ല."

"അവൾക്കുണ്ടായ വഞ്ചനയുടെ ഉത്തരവാദിയാരാണെന്നറിയാൻ എന്തു പാട്ടപെട്ടു. എനിക്കു് ഒരേ ഒരു മകളേയുള്ളു. അധ:പതിച്ചുപോയെങ്കിലും, ജീവനോടെ അവളെ കണ്ടുകൊണ്ടിരിക്കുവാൻ എനിക്കുള്ള ആവേശമാണു് എന്നെ പ്രേരിപ്പിച്ചതു്. ദാ! നോക്കൂ! മുൻവശത്തുള്ള ആ കിണർ. അതിൽ ചാടി ആത്മഹത്യചെയ്യാൻ അവൾ എത്ര തവണ ഒരുമ്പെട്ടതാണെന്നോ! ......ഞാൻ അതൊന്നും വിവരിക്കുന്നില്ല. എനിക്കതിനു ശക്തിയില്ല. ഒടുവിൽ കിണററിൻെറ വായ് ഞാൻ അടപ്പിച്ചു.

"എന്നെ വഞ്ചിച്ചവൻെറ മണ്ണല്ലേ? അതിൽ എൻെറ ജീവിതം അഴുകിച്ചേരട്ടെ. ഒരു പ്രേതമായി എൻെറ ആത്മാവ് പ്രതികാരംചെയ്യാൻ രൂപംകൊള്ളട്ടെ!" എത്ര വട്ടമാണ് അവൾ ഭ്രാന്തിയെപ്പോലെ അതു് ഉരുവിട്ടിട്ടുള്ളതു്......മേരിയെ സൂക്ഷിക്കുവാൻ ഉറക്കമുപേക്ഷിച്ചു കാവലിരിക്കുകയായിരുന്നു എൻെറ ജോലി. തൊമ്മിക്കുഞ്ഞു് കണ്ണുതുടച്ചു. ശൂന്യതയിൽ ദൃഷ്ടിയുറപ്പിച്ചു. ഒന്നും അറിവില്ലാത്ത, വികാരമുണ്ടാകാത്ത, വേദനയെപ്പററി ബോധമില്ലാത്ത, ശിലാവിഗ്രഹംപോലെ ഗോപാലൻകുട്ടി അവിടെ ഇരിക്കുകയാണ്.

"മേരിക്കു പിണഞ്ഞ തെററിൻെറ ഭീകരതയെപ്പററി പരമുപിള്ള യജമാനനെ ഞാൻ അറിയിച്ചു. ആ രംഗം......ഹൊ! എന്തൊരനുഭവമായിരുന്നു അതു്...... ദാ! ഈ പറമ്പിൻെറ തെക്കുകിഴക്കേ മൂലയ്ക്കുനില്ക്കുന്ന ചെന്തെങ്ങില്ലേ? അതു് ആ രംഗത്തിനു് സാക്ഷിയാണ്. അതിൽ ആദ്യത്തെ കുമ്പു പൊട്ടിയിരുന്നതേയുള്ളു. നീ നാടുവിട്ടിട്ട് ഏതാണ്ടൊന്നരമാസത്തോളമായി. അദ്ദേഹത്തിനു് അതുകൊണ്ടുണ്ടായ മനോദുഃഖം എന്തായിരുന്നെന്നു് എനിക്കറിയാം. എനിക്കുമാത്രം. അദ്ദേഹം ഹൃദയം തുറന്നുകാണിച്ചിട്ടുള്ളതു് എനിക്കു മാത്രമാണ്."

'പുത്രൻ കാട്ടുകയറി നശിക്കുന്നതുകാണുമ്പോഴുണ്ടാകുന്ന ദുഃഖത്തിൻെറ പാരമ്യംകാണാൻ, എൻെറ ശത്രുക്കൾക്കു പോലും ഇടയാകാതിരിക്കട്ടെ." അദ്ദേഹം കൂടക്കൂടെ പറഞ്ഞിരുന്നു. "തൊമ്മിക്കുഞ്ഞെ! മരങ്ങൾ നട്ടുപിടിപ്പിക്കുന്നതാണ് മക്കളുണ്ടാകുന്നതിൽ ഭേദം. പരിചരണത്തിനൊപ്പം. അവ വളരും, നിങ്ങളെ വിട്ടുപോക

യില്ല. അതു തരാനുള്ള ഫലങ്ങൾ തരുകയും ചെയ്യും.'' ഹൃദയത്തിൽ നീയുണ്ടാക്കിയ ഭീകരമായ വ്രണം മറയ്ക്കുവാൻ അദ്ദേഹം ചെയ്തിരുന്നതു് ഒന്നു മാത്രമാണു്. എന്നും കാലത്തു് ഇവിടെവരും, ഈ പറമ്പിൽ. ഓരോ തെങ്ങിൻതൈയുടെ ചുവട്ടിലും ചെന്നു് എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കും. തടിയിൽ തട്ടിത്തടവും. ആ കാഴ്ച നിറകണ്ണോടെ ഞാൻ നോക്കിനിന്നിട്ടുള്ളതാണു്.'' തൊമ്മിക്കുഞ്ഞു നിർത്തി. ദീർഘമായി നിശ്വസിച്ചു. അയാളിലെ അഗ്നിപർവ്വതം അല്പം ശാന്തമായിരിക്കുന്നു.

''അന്നു കാലത്തു് അദ്ദേഹം ആ ചെന്തെങ്ങിൻെറ ചുവട്ടിൽ, അതിൻെറ ആദ്യത്തെ കുമ്പുനോക്കി, സകലതുംമറന്നു നില്ക്കുകയായിരുന്നു. എന്നെ കണ്ടപ്പോൾ ഹൃദയം തുറന്നു ചിരിച്ചുകൊണ്ടു് പറഞ്ഞു! അദ്ദേഹത്തിൻെറ മുഖത്തു് ആയിടെ പ്രകാശം കണ്ടതു് അന്നു മാത്രമായിരുന്നു.

'' ചെന്തെങ്ങിൽ കുമ്പുവന്നതു കണ്ടോ തൊമ്മിക്കുഞ്ഞേ !'

'' അദ്ദേഹം വിരൽ ചൂണ്ടിയിടത്തേക്കു് ഞാൻ നോക്കിയില്ല. ഞാൻ വളർത്തിയ കല്പവൃക്ഷത്തിൽ കാഞ്ഞിരക്കായാണു് കായിച്ചിരിക്കുന്നതു്. ഞാൻ ഞാനായിട്ടല്ല അവിടെ ചെന്നിരുന്നതു്. എൻെറ പ്രേതമായിരുന്നു അദ്ദേഹത്തിൻെറ മുമ്പിൽ... അതുകണ്ടു് പരമുപിള്ളയദ്ദേഹം അടുത്തുവന്നു് എൻെറ തോളിൽ പിടിച്ചു. '' എന്താ ? എന്താതൊമ്മിക്കുഞ്ഞെ?''

'' ഞാൻ തളർന്നു് താഴെയിരുന്നു. ''എങ്ങിനെ എ

ൻെറ മേരിയുടെകാര്യം, മേരിപറഞ്ഞ പരമാത്ഥം, അദ്ദേഹത്തെ അറിയിക്കും? ഞാൻ വിങ്ങിവിങ്ങിക്കരഞ്ഞു.

" ഒടുവിൽ ഞാൻ അതു പറഞ്ഞു. നീ എൻെറ മേരിയോടുകാണിച്ച അപരാധം. അദ്ദേഹം ഒററയക്ഷരം മിണ്ടാതെ എൻെറ ഹൃദയരോദനംകേട്ടു... ഞാൻ അദ്ദേഹത്തിൻെറ മുമ്പിൽനിന്നു് എൻെറ പുരയിൽ പോയി. എൻെറകൂടെ, എന്നെ താങ്ങി, മുററത്തുവരെ കൊണ്ടുവിട്ടതദ്ദേഹമാണു്. അവിടെനിന്നു ഇറങ്ങിപ്പോകുന്ന പരമുപിള്ള യദ്ദേഹത്തെ, ഇറയത്തു കട്ടിലിൽ കിടന്നിരുന്ന ഞാൻ കണ്ടു. വേച്ചുവേച്ചു്, തളൻ്നു് സാവധാനത്തിൽ നടന്നു പോകുന്ന മനുഷ്യരൂപം. വീട്ടിൽ എങ്ങിനെയോ എത്തി. അന്നു കട്ടിലിൽ തളൻ്നുവീണതാണു്. പിന്നെ എഴുന്നേററിട്ടില്ല. ആരോടും ഉരിയാടിയിരുന്നില്ല. അടുത്തുള്ളവർ ആരെങ്കിലും കാണാൻ ചെല്ലുമ്പോൾ പറഞ്ഞിരുന്നതിതുമാത്രമാണു്. ".ഗോപാലൻ എവിടെയാണു്? വല്ലവിവരവുമുണ്ടോ? അവൻ തിരിച്ചുവന്നെങ്കിൽ!...... എനിക്കുവേണ്ടിയല്ല. എനിക്കു് അവനെവേണ്ടാ. എന്നാൽ അവൻ എത്തിയാൽ ഒരു മഹാപാപത്തിനു് പരിഹാരം ചെയ്യാമായിരുന്നു."

ഗോപാലൻകുട്ടിയുടെ കണ്ണിൽനിന്നു് വെള്ളം ധാരധാരയായി ഒഴുകി. ചുണ്ടുകടിച്ചു പിടിച്ചുകൊണ്ടു് മിണ്ടാതിരുന്നു് അയാൾ കരഞ്ഞു.

"മേരിയെ തനിച്ചു വിട്ടിട്ടു് പുറത്തിറങ്ങുവാൻ എനിക്കു ഭയമായിരുന്നു. അതുകൊണ്ടു് അപൂവ്വമായിട്ടേ ഞാൻ അദ്ദേഹത്തെ കാണാൻ പോയിരുന്നുള്ളു. മേരിയു

ടം മനോവ്രപിഷമം എന്തായിരുന്നു! അവൾ എന്തു കട്ടംകെയ്യും കാണിക്കും. അതെല്ലാം എന്തിനു വിവരിക്കണം? നീ പോയിക്കഴിഞ്ഞു് പത്താംമാസത്തിൽ അവൾ പ്രസവിച്ചു.

ഗോപാലൻകുട്ടി ഞെട്ടിതിരിഞ്ഞു് മുഖമുയത്തി തൊമ്മിക്കുഞ്ഞിനെ നോക്കി.

ദയവൊട്ടമില്ലാത്തതരത്തിൽ തൊമ്മിക്കുഞ്ഞു തുടന്നു: " കുഞ്ഞു പിറന്നദിവസം പരമുപിള്ളയങ്ങുന്നു മരിച്ചു. പിറവിയും മരണവും ഒന്നിച്ചു്. രണ്ടും എനിക്കു് ഒരുപോലെ ഹൃദയഭേദകമായി. രണ്ടിനും നീയാണുത്തരവാദി. ഇന്നു നിന്നെ കണ്ടപ്പോൾ, ഇതെല്ലാം ഓമ്മിച്ചപ്പോൾ പ്രതികാരത്തിനുള്ള ആവേശമാണുവരുന്നതു്." മുഷ്ടി ചുരുട്ടിക്കൊണ്ടു് തൊമ്മിക്കുഞ്ഞു പറഞ്ഞൊപ്പിച്ചു. മെലിഞ്ഞ കയ്യിലെ ഞരമ്പുകൾ തെളിഞ്ഞു നില്ക്കുന്നു.

" തളന്നു താഴെ വീഴുമെന്നമട്ടിൽ ഗോപാലൻകുട്ടി വിവശനായി ഇരുന്നു.

" പ്രസവത്തിനുശേഷം ജ്വരം പിടിച്ചു് പിച്ചും പേയും പറഞ്ഞു്, രണ്ടാഴ്ചയായപ്പോൾ അവൾ മരിച്ചു. എൻെറ മേരിക്കുട്ടി മരിച്ചു! അവൾ ജന്മം കൊടുത്ത പിഞ്ചു പൈതലിനെ സ്വബോധത്തോടെ ഒരു നോക്കുപോലും കണ്ടിട്ടില്ല...... ഇല്ല! എനിക്കിനി വിവരിക്കാനാവില്ല, ആരോടുമൊരുദോഷവും പറഞ്ഞിട്ടില്ലാത്ത, ഒരുറുമ്പിനുപോലും വേനദയുണ്ടാക്കിയിട്ടില്ലാത്ത, എനിക്കു് ദൈവമെന്നു പറയുന്ന ദുഷ്ടൻ വാരിക്കോരിത്തന്ന അനുഭവങ്ങളാണിതൊക്കെ. അല്ലെങ്കിലെന്തിനു്, ഇല്ലാത്ത

ഒന്നിൽ പഴിചാരണം? അന്നു നിത്തിയതാണ് ഞാനെൻെറ പള്ളിയിൽ പോക്കു്'' വൈരാഗ്യം നിറഞ്ഞ സ്വരത്തിലാണു് തൊമ്മിക്കുഞ്ഞു പറഞ്ഞതു്.

പിന്നെ കുറെനേരം അവർ ഒന്നും സംസാരിച്ചില്ല. കൈപ്പടങ്ങളിൽ തലയും താങ്ങി ഗോപാലൻകുട്ടി കുനിഞ്ഞിരുന്നു.

ദീർഘമായ നിശ്ശബ്ദതക്കു ശേഷം തൊമ്മിക്കുഞ്ഞു തുടന്നു—'' ഒന്നും അറിഞ്ഞിട്ടില്ലെന്നു പറഞ്ഞതുകൊണ്ടാണു് ഇത്രയും സംസാരിച്ചതു്. ഈ സത്യങ്ങൾ, ഈ നാട്ടിൽ, എനിക്കല്ലാതെ മററാക്കും അറിഞ്ഞുകൂടാ. അതുകൊണ്ടു് ഞാൻ തന്നെ ഇതെല്ലാം പറഞ്ഞേക്കും. അറിയപ്പെട്ടിട്ടില്ലാത്ത ആരോആണു്, ദാ! ആ വരുന്ന റോസിക്കുട്ടിയുടെ അച്ഛനെന്നാണു് ഇന്നും ഈ നാട്ടുകാരുടെ ധാരണ. അച്ഛനാരെന്നറിവില്ലാത്ത ഒരു കുട്ടിയായിട്ടേ അവൾ ഇന്നറിയപ്പെടുന്നുള്ളൂ. അതുകൊണ്ടു് നിനക്കു ഭയം വേണ്ടാ! എങ്കിലും ദാ! അങ്ങോട്ടു നോക്കൂ! നിൻെറ മകളെ ആദ്യമായി കണ്ടുകൊള്ളൂ!'' റോഡിൽനിന്നു പടികയറി മുററത്തേക്കു നടന്നുവരുന്ന റോസിയെ കണ്ണീരൊരുക്കിയ തിരശ്ശീലയിൽ കൂടി ഗോപാലൻകുട്ടി കണ്ടു. കയ്യിൽ പുസ്തകവും പിടിച്ച് സന്തോഷത്തിൻെറ പ്രതീകം പോലെ, അവൾ നടന്നടുക്കുകയാണ്. രണ്ടുദിവസം മുമ്പ് ഈ വീട്ടുമുററത്തു് തലമുടി കോതിക്കൊണ്ടു നിന്നിരുന്ന തരുണി!.........

"അവളെ വളത്തി, ആപത്തൊന്നും വരാതെ, ഒരു നിലയിലെത്തിക്കുക മാത്രമാണു് ഇന്നു് എൻെറ ഒരേഒരു ലക്ഷ്യം.'' തൊമ്മിക്കുഞ്ഞു റോസിയെ നോക്കി

കൊണ്ട പറഞ്ഞു.'' അതുകഴിഞ്ഞാൽ വേദനയുടെ ചുമട്ട് ചുടുകാട്ടിലെ ആറടിമണ്ണിൽ ഇട്ടുകൊണ്ട് എനിക്ക് മണ്ണായിത്തീരാം. മണ്ണുമണ്ണിലേക്കു മടങ്ങുമ്പോൾ മനുഷ്യനുണ്ടാക്കിയ പ്രശ്നങ്ങളൊക്കെ ഒടുങ്ങിക്കൊള്ളും.''

റോസിക്കുട്ടി ഈ സമയം കൊണ്ട് ഇറയത്തു കയറിക്കഴിഞ്ഞു. വന്നവഴി അവൾ ഉത്സാഹത്തോടെ പറഞ്ഞു. "പരീക്ഷ ഭംഗിയായിട്ടെഴുതിയപ്പച്ചാ!'' പറഞ്ഞു കഴിഞ്ഞാണ് ഇറയത്തിന്റെ തെക്കുഭാഗത്തു, തൊമ്മിക്കുഞ്ഞിരിക്കാറുള്ളിടത്തേക്ക് നോക്കിയത്. അപരിചിതനായ ഗോപാലൻകുട്ടിയെ കണ്ടപ്പോൾ ലജ്ജിച്ചു ചിരിച്ചുകൊണ്ട റോസിക്കുട്ടി വീട്ടിനകത്തേക്കു ഓടി.........

അവൾ ബി. എ. ക്ലാസിൽ പഠിക്കുകയാണ്.'' തൊമ്മികുഞ്ഞ് അല്പമൊരു തൃപ്തിയോടെ പറഞ്ഞു. "പഠിക്കാൻ മിടുക്കി.''

നിറകണ്ണോടെ മൂകനായി അവിടെയിരിക്കുന്ന ഗോപാലൻകുട്ടിയെ, ചിന്തയിൽനിന്നു വ്യതിചലിപ്പിക്കുവാൻ തൊമ്മിക്കുഞ്ഞു ഒട്ടും ശ്രമിച്ചില്ല.

പതിനൊന്ന്

ഗോപാലൻകുട്ടി ശ്രീവദ്ധനത്ത് മടങ്ങിയെത്തുമ്പോൾ സന്ധ്യമയങ്ങിയിരുന്നു. ആളുകളെ തിരിച്ചറിയാനാവാത്തത്ര ഇരുട്ടുവ്യാപിച്ചിട്ടുണ്ട്. പടിതുറന്ന് അയാൾ അകത്തേക്കുവന്നപ്പോൾ മററാരോ ആയിരിക്കുമെന്നാണ് മുൻവരാന്തയിൽ നിന്നിരുന്ന ഗൗരിക്കുട്ടിക്ക് തോന്നിയത്. പ്രകാശക്കുറവുകൊണ്ടു മാത്രമല്ല അങ്ങിനെ തോന്നിയത്. ക്ഷീണിച്ച വിവശനായി തളർന്നാണ് ഗോപാലൻകുട്ടി എത്തിയത്. " ചേട്ടൻ എത്രമാറിയിരിക്കുന്നു. എത്രക്ഷീണിച്ചിരിക്കുന്നു." വെളിച്ചത്തേക്കു വന്നപ്പോൾ ഗോപാലൻകുട്ടിയെക്കുറിച്ച് ഗൗരിക്കുട്ടി വിചാരിച്ചു." വസ്തു ഒഴിഞ്ഞു തരുന്നതിനെക്കുറിച്ച്' ചേട്ടൻ പറഞ്ഞിരിക്കും. അഹിതമായത്, തൊമ്മിക്കുഞ്ഞു പറഞ്ഞുകാണും. പക്ഷെ തൊമ്മിക്കുഞ്ഞു ശണ്ഠയുണ്ടാക്കുന്ന പ്രകൃതക്കാരനല്ലല്ലോ. പിന്നെ എന്താണ് ചേട്ടനിങ്ങിനെ ഉലഞ്ഞിരിക്കുന്നത്? ഗൗരിക്കുട്ടിയുടെ വിചാരധാര അങ്ങിനെയാണു പ്രവഹിച്ചത്.

വരാന്തയിലേക്കു കടന്നപ്പോൾ ഗോപാലൻകുട്ടിയുടെ അടുത്തേക്കു ഗൗരിക്കുട്ടി വേഗം ചെന്നു. ഒന്നും ആലോചിക്കാതെ എടുത്തവാക്കിന് അവൾ ചോദിച്ചു. ചേട്ടൻ, വസ്തുഒഴിയുന്നതിനെപ്പററി സംസാരിച്ചോ?

കട്ടത്ത വെറുപ്പോടെ ഗോപാലൻകുട്ടി അവളെ രൂക്ഷമായി നോക്കി. നോട്ടമേററു് ഗൗരിക്കുട്ടി ചൂളിപ്പോയി........

"ഇല്ല." ഒരലച്ചപോലെയാണു് അയാൾ പറഞ്ഞതു്.

"ദൈവാധീനം-" ഗൗരിക്കുട്ടി ആശ്വാസപൂർവ്വം നിശ്വസിച്ചു. "അതു് തൊമ്മിക്കുഞ്ഞിനോടു് ഒരിക്കലും പറയരുതേ ചേട്ടാ!" യാചനാസ്വരത്തിലാണു് പറഞ്ഞതു്.

"രാമ. രാമ. രാമരാമ രാമരാമ പാഹിമാം"—നിലവിളക്കിൻെറ അടുത്തിരുന്നു് കുട്ടികൾ നാമം ജപിക്കുവാൻ ആരംഭിച്ചു.

"നിർത്തിൻ!" കഠിനമായ കോപത്തോടെ ഗോപാലൻകുട്ടി ആജ്ഞാപിച്ചു. കുട്ടികൾ ഭയന്നുവിറച്ചു. മുമ്പൊരിക്കലും ഇങ്ങനെ കോപിച്ചു് ഗോപാലൻകുട്ടിയെ അവർ കണ്ടിട്ടില്ല.

ഗൗരിക്കുട്ടി അന്ധാളിച്ചുനിന്നു.

"തെററിൻെറ മുള്ളുകൾ മാത്രം വളരുവാൻ അനുവദിക്കുന്ന ദൈവം!" ഗോപാലൻകുട്ടി പിറുപിറുത്തു.

"ചേട്ടാ!" എന്താണു സംഭവിക്കുന്നതെന്നു് ഒരു ബോധവുമുണ്ടാകാത്തതിനാൽ ആശങ്കാപൂർവ്വം ഗൗരിക്കുട്ടി വിളിച്ചു.

"ഇല്ല. തൊമ്മിക്കുഞ്ഞിനെ അവിടെ നിന്നൊഴിപ്പിക്കുകയില്ല."

"അതു പറയാൻ എനിക്കിതുവരെ സാധിച്ചില്ല. അച്ഛൻെറ അവസാനത്തെ നിർദ്ദേശമായിരുന്നു."

അച്ഛനെന്ന വാക്കുകേട്ടപ്പോൾ ഗോപാലൻകുട്ടിയു ടെ കോപം അപ്പാടെ തണുത്തു. അയാൾ ക്ഷീണിച്ച് കസേരയിൽ ഇരുന്നു,

'അച്ഛൻ? ...''

''മരിക്കുന്നതിന്നുമുമ്പ് എന്നെ വിളിച്ചുപറഞ്ഞതാ ണ്. തൊമ്മിക്കുഞ്ഞിനെ സാക്ഷി നിർത്തി... മററാക്കും അതറിവില്ല. എന്നെങ്കിലും ചേട്ടൻ വരാൻ ഇടവന്നാൽ അച്ഛൻെറ ആഗ്രഹം അറിയിക്കണമെന്ന് എന്നോടാവ ശ്യപ്പെട്ടിരുന്നു. ''

''ഇല്ല. ഞാൻ ഒരിക്കലും ആ ഞ്ഞിലിമൂട്ടപുരയിടം ഒഴിയുന്നതിന്നു തൊമ്മിക്കുഞ്ഞിനോട്ട പറയുകയില്ല....... കണക്കു തീക്കുമ്പോൾ അങ്ങോട്ട കൊടുക്കാനല്ലാതെ ഇ ങ്ങോട്ട വാങ്ങാൻ എനിക്കവകാശമില്ല. ... അച്ഛൻ മററെ ന്തെങ്കിലും പറഞ്ഞിരുന്നോ അനിയത്തി?''

''ഇല്ല. കാരണമൊന്നും പറഞ്ഞിട്ടില്ല. തൊമ്മി ക്കുഞ്ഞിനോട്ട നമുക്കുകടമല്ലാതെ മററൊന്നുമില്ലെന്ന് കര ഞ്ഞുകൊണ്ട് അച്ഛൻ പറഞ്ഞതരംഗം....'' ഗൗരിക്കുട്ടി വി ങ്ങിപ്പൊട്ടി. മുഖവും പൊത്തികരഞ്ഞുകൊണ്ട് അവൾ അടുക്കളവശത്തേക്കുപോയി.

കത്തിക്കൊണ്ടിരിക്കുന്ന നിലവിളക്കിൻെറ തിരിക്കു ചുററും പലതരത്തിലുള്ള പൂച്ചികൾ വട്ടംവെച്ചു പറക്കു ന്നു. ചിലതു് അതിൽ പതിച്ച്എരിഞ്ഞടങ്ങി. മററു ചിലതു് പക്ഷം കരിഞ്ഞു് നിലത്തുവീണ് എരിപൊരി കൊള്ളുന്നു. തീജ്ജ്വാലയേററു്, കൂടക്കൂടെ തിരിച്ചു പറ ക്കുമെങ്കിലും, എപ്പോഴും ആവേശത്തോടെ തിരിഞ്ഞു അ ടുക്കുന്നുണ്ട് മററുചില ശലഭങ്ങൾ... ഈ കാഴ്ചകൗതുക

പൂർവ്വം ഗോപാലൻകുട്ടി നോക്കിക്കൊണ്ടിരുന്നു. "ജീവിതം ഒരു തീനാളമാണ്. മനുഷ്യർ കുറെ ശലഭങ്ങളും. ചുററും പറന്നു് ചിറകുകരിഞ്ഞു ഒടുങ്ങാനുള്ളതാണ് ജന്മമെങ്കിൽ അതെന്തിനു്?" ഗോപാലൻകുട്ടിയുടെ ഹൃദയത്തിൽ ആരോ ചോദിക്കുകയാണ്. എന്നാൽ എങ്ങുനിന്നും അതിന്നൊരു മറുപടിയുണ്ടായില്ല...

പുറത്തുപോയിരുന്ന കൃഷ്ണൻനായർ മടങ്ങിയെത്തി. ഗോപാലൻകുട്ടി മിണ്ടാതെ ഏകനായി സ്വീകരണമുറിയിൽ ഇരിക്കുന്നതുകണ്ടപ്പോൾ അങ്ങോട്ടു ചെന്നു.

"ചേട്ടനറിഞ്ഞോ? കൊച്ചച്ഛൻെറ കാര്യം?"

ഗോപാലൻകുട്ടി മുഖമുയർത്തി ചോദ്യരൂപത്തിൽ കൃഷ്ണൻനായരെ നോക്കിയതല്ലാതെ ഒന്നും പറഞ്ഞില്ല.

"കിണററിൽ ചാടി."

"ങേ?" വിശ്വസിക്കാൻ വിഷമമെന്നമട്ടിൽ ഗോപാലൻകുട്ടി എഴുന്നേററു.

"ഓടിയെത്തിയവർ ചേർന്നു കരക്കു കയററിയപ്പോഴേക്കു മരിച്ചു..."

"മരിച്ചു?"

"അതെ-" ശോകച്ഛായയോടെ കൃഷ്ണൻനായർ പറഞ്ഞു.

ഗോപാലൻകുട്ടി കയ്യും പുറകിൽ കെട്ടി അങ്ങോട്ടുമിങ്ങോട്ടും നടന്നു.

"ഞാൻ അവിടെ പോയിട്ടു വരികയാണ്. കഷ്ടമെന്നല്ലാതെ എന്തുപറയാനാണ്." മടുപ്പും ശോകവും കലർന്നരീതിയിൽ കൃഷ്ണൻനായർ പറഞ്ഞു.

"ഒരു കുരുക്ഷേത്ര യുദ്ധം കൂടികഴിഞ്ഞു.'' ദീർഘ നിശ്വാസം വിട്ടുകൊണ്ടു് ഗോപാലൻകുട്ടി പതുക്കെ പറഞ്ഞു.

"കാഞ്ഞിരമുട്ടിൽ വാടകക്കു താമസിച്ചിരുന്ന പരമേശ്വരൻപിള്ള ഇന്നലെ അവിടെനിന്നു് മറെറാരു വീട്ടിലേക്കുമാറി. ഞാൻ അവിടെ പോയിരുന്നതാണു്. അവിടെ നില്ക്കുമ്പോൾ, റോഡിൽക്കൂടി ഇക്കാര്യം പറഞ്ഞുകൊണ്ടു് കുറെ ആളുകൾ പോകുന്നു. അവരിൽനിന്നുമാണു് കാര്യം അറിഞ്ഞതു്. അപ്പോൾതന്നെ ഞാൻ കൊച്ചുണ്ണൻെറ വീട്ടിലേക്കുപോയി. കിണററിൽ നിന്നെടുത്ത ജഡം ഇറയത്തു കിടത്തിയിട്ടുണ്ടു്. ദൈവമേ! അതു കാണാതിരിക്കുകയാണു് ഭേദം. പോലീസിൽ വിവരം കൊടുക്കുവാൻ ആളുപോയി. പോസ്റ്റുമോർട്ടം കഴിഞ്ഞേ ഇനി മററുകാര്യങ്ങൾ നടത്താനൊക്കൂ. ഇവിടെ കാര്യം പറഞ്ഞിട്ടു് മടങ്ങാമെന്നു കരുതിയാണു് ഞാൻ വന്നതു്.'' കൃഷ്ണൻനായർ പറഞ്ഞുനിത്തി.

"ഞാൻകൂടി വരാം. ഒന്നിച്ചു പോകാം. മുകളിലേക്കു പോയി മുണ്ടു് മാറിയിട്ടുവരട്ടെ.''–
ഗോപാലൻകുട്ടി വേഗം മുകളിലേക്കുള്ള പടി കയറിത്തുടങ്ങി.

കൃഷ്ണൻ നായരുടെ അടുത്തുവന്ന ഗൗരിക്കുട്ടി വേദനാപൂർവ്വം പറഞ്ഞു. "ഈ തറവാട്ടിലെ ആണുങ്ങൾക്കു സമാധാനമായ മരണം വിധിച്ചിട്ടില്ല.''

കൃഷ്ണൻനായർ മറുപടിയൊന്നും പറഞ്ഞില്ല. അയാൾ മുററത്തു് ഇറങ്ങി അങ്ങോട്ടുമിങ്ങോട്ടും നടന്നു. കൂടെ ഗൗരിക്കുട്ടിയും ഉണ്ടു്.

"ഗോവിന്ദൻ കണിയാർ പ്രശ്നംവെച്ചു പറഞ്ഞതാണ് മാറാത്ത ഗ്രഹപ്പിഴകാലമാണെന്നു്. അയാൾ പറഞ്ഞു പൂജയും ഹോമവും നടത്താൻ... ഇനിയും അമാന്തിക്കരുതു് ചിലവെത്രയായാലും അതു ചെയ്യണം."

"ഉം!" കൃഷ്ണൻനായർ ഒന്നു നീട്ടിമൂളിയതേയുള്ളു.

ഗോപാലൻകുട്ടി വന്നു.

"നമുക്കിറങ്ങാം.-" കൃഷ്ണൻനായർ പറഞ്ഞു.

"ഞങ്ങൾ എപ്പോൾ തിരിച്ചുവരുമെന്നു പറയാനാവില്ല. അത്താഴം കഴിഞ്ഞു് നിങ്ങളും കുട്ടികളും സമയത്തിന്നു കിടന്നു കൊള്ളണം." അടുത്തുണ്ടായിരുന്ന സരളയെ നോക്കി ഗോപാലൻകുട്ടി നിർദ്ദേശിച്ചു.

ഗോപാലൻകുട്ടിയും കൃഷ്ണൻനായരും ഗേററുതുറന്നു പുറത്തിറങ്ങി.

നേരം നല്ലതുപോലെ ഇരുട്ടിക്കഴിഞ്ഞു.

സരളയും ഗൗരിക്കുട്ടിയും മുററത്തു് ഉലാത്തിക്കൊണ്ടിരുന്നു.

"ചേച്ചി ഓർമ്മിക്കുന്നുണ്ടോ കൊച്ചച്ഛനെ?"

"ഉണ്ടു് ഞങ്ങൾ വന്ന ദിവസം തീവണ്ടിയാപ്പീസിൽ എത്തിയിരുന്നല്ലോ. ഒന്നിച്ചാണ് ഇങ്ങോട്ടുപോന്നതു്. എന്നാൽ ഇടക്കുവെച്ചു് അദ്ദേഹം ഇറങ്ങി പിറേറന്നു വരാമെന്നും പറഞ്ഞു്."

"വന്നിരുന്നല്ലോ. ഈ വീട്ടിൽ ആദ്യമായി കാല്യകുത്തിയതു് അന്നായിരുന്നു. വന്നിട്ടു് പിണങ്ങി ഇറങ്ങിപ്പോയി."

"അന്നു ഞാൻ കാണുകയുണ്ടായില്ല."

"ദുർവ്വിധി ഒരിക്കലും വിട്ടുമാറിയിട്ടില്ലാത്ത ജീവിതമായിരുന്നു. ഓരോ ദുഃഖം വരുമ്പോൾ, ഒന്നിനൊന്നിന് ദുഷ്ടതയ്ക്കുള്ള താല്പര്യം വദ്ധിച്ചതല്ലാതെ കുറഞ്ഞിട്ടില്ലാ, കൊച്ചച്ഛനിൽ. ഒടുവിൽ ദുർമ്മരണവുമായി." ഗൗരിക്കുട്ടി അനുതാപപൂർവ്വം പരേതനെക്കുറിച്ച് അനുസ്മരിക്കുകയായിരുന്നു. "ഞങ്ങളുടെ അച്ഛനോട് ഒരിക്കലും വൈരാഗ്യം അവസാനിപ്പിച്ചില്ല. പോരിനല്ലാതെ പരസ്പരം അവർ കണ്ടിട്ടുമില്ല. മനുഷ്യരുടെ തലേലെഴുത്ത്..."

"ഒന്നും പറയാനില്ല. ഓരോരുത്തനുമുണ്ട് ഓരോ ചുമട്. ചിലക്കു താങ്ങാനുള്ള കരുത്തു കാണും. മററു ചിലർ ചുമടിനോട് ആവലാതി പറഞ്ഞുകൊണ്ടു ജീവിതമത്രയും വിമ്മിഷ്ടപ്പെട്ടുകഴിയും. വേറെ ചിലർ ഭാരത്തിലമന്നു തകരും. ഇതുമാത്രമാണ് മനുഷ്യക്കു തമ്മിലുള്ള വ്യത്യാസം."

"പോട്ടെ!" അതിനെപ്പററി ഒന്നും വിചാരിക്കാതിരിക്കുകയാണ് ഭേദം. നമുക്കു നല്ലകാര്യം വല്ലതും സംസാരിക്കാം." ഗൗരിക്കുട്ടി വരാന്തയിലേക്കു കയറിക്കൊണ്ടു പറഞ്ഞു.

സരളമിണ്ടാതെ ഗൗരിക്കുട്ടിയുടെ പുറകെ പോയതേയുള്ളു.

"ചേച്ചീ! നാളെ ഞങ്ങൾ കാഞ്ഞിരമുട്ടിലേക്കു താമസം മാറും. അവിടെ താമസിച്ചിരുന്ന വാടകക്കാർ ഇന്നൊഴിഞ്ഞു. ഇനി ചേച്ചിയുടെ വീട് ചേച്ചിക്ക്!-". ഗൗരിക്കുട്ടി സന്തോഷത്തോടെ പറഞ്ഞു.

"ഇത്രപെട്ടെന്നു മാറുന്നോ? ശ്യാമേടച്ഛൻ എന്നോട് ഒന്നും പറഞ്ഞില്ലല്ലോ."

"ചേട്ടനോട്ട് പറഞ്ഞിരിക്കുകയില്ല. ഇപ്പോൾ പോകുന്നവഴിക്ക് അറിയിച്ചുകൊള്ളും."

സരള പുഞ്ചിരിച്ചു.

വലിയ സ്വത്തൊന്നുമുള്ളവരല്ല ഞങ്ങൾ. വസ്തുക്കളായിട്ട് ഈ തറവാട്ടു പുരയിടവും ആഞ്ഞിലി മൂട്ടു പുരയിടവും മാത്രമേയുള്ളൂ. തറവാട്ടു പുരയിടത്തിൻെറ കിഴക്കേ കോണിലാണ് ഈ വീട്ട്. ആകെ പത്തുസെൻറ് സ്ഥലം ഇതിന്നുണ്ട്. ബാക്കിയുള്ളതു് എൻെറതും പിള്ളേരുടേതും! പിന്നെ രവീടച്ഛൻ സമ്പാദിച്ചിട്ടുള്ള നാലഞ്ചു പറനിലമുണ്ട്. അതുകൊണ്ടൊക്കെവേണം കഴിയാൻ!.."

സമ്പാദ്യക്കാര്യം പറയുന്നതിലും കേൾക്കുന്നതിലും തീരെ താല്പര്യമുള്ളവളല്ല സരള. അതിനാൽ അവൾ ഒന്നും പറഞ്ഞില്ല. പുഞ്ചിരിച്ചുകൊണ്ടു് ഗൗരിക്കുട്ടിയുടെ സംഭാഷണം കേട്ടതേയുള്ളൂ.........

പന്ത്രണ്ട്

കൃഷ്ണൻനായരും കുടുംബവും പഴയവീട്ടിലേക്ക്-കാഞ്ഞിരമൂട്ടിലേക്ക്-മാറിയിട്ട് ഏഴെട്ടു ദിവസമായി.

ഗോപാലൻകുട്ടിയും സരളയും ശ്യാമയും മാത്രമായി ശ്രീവദ്ധനത്ത്.

ഈ മാററം തീരെ ഇഷ്ടപ്പെടാത്തതു് ശ്യാമക്കായിരുന്നു. അവൾ പഴയവീട്ടിൽ ഏകാകിനിയായി. കളിക്കാൻ കൂട്ടുകാരില്ല... ഒററക്കു ഒരു വലിയ വീട്ടിൽ ഒരു കൊച്ചുകുട്ടി എന്തുചെയ്യാൻ?

മടങ്ങിപ്പോകുന്ന കാര്യത്തെക്കുറിച്ചു സരള ഭത്താവിനെ കൂടക്കൂടെ ഓമ്മപ്പെടുത്തിവന്നു.

ഒന്നിനെക്കുറിച്ചും സംസാരിക്കുവാൻ താല്പര്യം ഗോപാലൻകുട്ടി പ്രദശിപ്പിച്ചിരുന്നില്ല. ദിവസം കഴിയുംതോറും ഏകാന്തത കൂടുതൽ ഇഷ്ടപ്പെടുന്നതായി സരള കണ്ടു. പലവിധ കാര്യങ്ങളിൽ ഗോപാലൻ കുട്ടിയുടെ മനസ്സ് വ്യാപരിക്കുന്നുണ്ടെന്നു് സരള കരുതി. അതിനാൽ, എന്തിനായാലും നിബ്ബന്ധം ചെലുത്തി അലട്ടുന്നതിനു് അവൾ തീരെ തല്പരയായില്ല. അവർ തമ്മിൽ സംസാരിക്കുന്നതുതന്നെ അപൂവ്വമായി.

ബന്ധുക്കൾക്കു പലക്കും പററിയിട്ടുള്ള ദുഃഖമേറിയ അനുഭവങ്ങൾ എന്തൊക്കെയെന്നു സരളക്കു വളരെയധികം അറിയാൻ ഇതിനകം സാധിച്ചു. അവ കാരണമാണ് ഗോപാലൻകുട്ടിയുടെ മനസ്സിൽ അനാരോഗ്യകരമായ അന്തരീക്ഷം ആവിർഭവിച്ചതെന്ന് അവൾ അനുമാനിച്ചു.

യഥാർത്ഥത്തിൽ ഗോപാലൻകുട്ടിയെ അലട്ടിയിരുന്നതു് തൊമ്മിക്കുഞ്ഞു് അറിയിച്ച കാര്യങ്ങളാണ്. അപരാധത്തിൻെറ അന്ധകാരത്തിലേക്കു് അയാളെ ആനയിച്ചതു് തൊമ്മിക്കുഞ്ഞുതന്നെ.

താന്തോന്നിയായി നടന്നിരുന്ന കാലത്തു് ഉത്ഭവിച്ച കാർമേഘം, ഇവിടെ മടങ്ങി എത്തിയശേഷമാണ് അയാളുടെ ചിന്താമണ്ഡലത്തിൽ നിഴൽ വീശാനിടവന്നതു്. ഇത്രയും നാൾ അതൊക്കെ അറിയാതെ രക്ഷപ്പെട്ടു ജീവിച്ചു. ഇവിടെ എത്തിയിട്ടു് കുറച്ചു ദിവസങ്ങളെ ആയിട്ടുള്ളു. എന്നാൽ ഒരു ജീവിതകാലം മുഴുവൻ അനുഭവിക്കാവുന്ന വേദന, ഈ ദിവസങ്ങളിൽ തന്നെ അയാൾ സഹിച്ചിരിക്കുന്നു. ഇങ്ങോട്ടു പോന്നതു് തെററായിപ്പോയെന്നു് പലപ്പോഴും വിചാരിക്കാൻ തുടങ്ങി.

സഹിക്കാനാവാത്ത മനഃപ്രയാസങ്ങൾ ഉണ്ടാകുന്നെന്നു ബോധ്യമായപ്പോഴല്ലേ മുമ്പു് നാടുവിട്ടു് ഓടിപ്പോയതു്? അച്ഛനെ അനുസരിക്കാതെ അധികപ്രസംഗങ്ങൾ പലതും ചെയ്തു് ജീവിച്ചകാലം... അന്നു് ആയാൾ വിശ്വസിച്ചതെന്തായിരുന്നു? തന്നെ കഠിനമായി ശിക്ഷി

ക്കുകയെന്നതു മാത്രമാണ് അച്ഛൻെറ ജീവിതലക്ഷ്യ മെന്നായിരുന്നു. അച്ഛൻെറ ദണ്ഡനം വദ്ധിച്ചപ്പോൾ, ഗോപാലൻകുട്ടിയുടെ വൈരാഗ്യവും പെരുകാൻ തുടങ്ങി. പഠിക്കണമെന്നും മിടുക്കനാകണമെന്നും മററുള്ളവരുടെ മുൻപന്തിയിൽ വരണമെന്നും ആഗ്രഹമില്ലാതിരുന്ന ഒരു നിമിഷവും സ്മരിക്കാനില്ല. എന്നാൽ തോല്ക്കുന്നതും, തിരുമണ്ടനെന്ന് അന്യർ ആക്ഷേപിക്കുന്നതും പിതാവിനെ വേദനിപ്പിക്കുമെന്ന് വിശ്വാസം വന്നപ്പോൾ, ഗോപാലൻകുട്ടി ആവഴിയിലേക്കു കടന്നു. പിതാവിനോട്ട് പ്രതികാരം പ്രവത്തിക്കുവാനുള്ള വഴി അതാണെന്ന് കണ്ടു. സ്കൂൾഫൈനൽ പരീക്ഷക്കു മനഃപൂവ്വം ഒന്നുമെഴുതാതെ തോൽവി സ്വീകരിച്ചു. അന്യരുമായി മല്ലിടുന്നതുകൊണ്ട് അച്ഛന് അസുഖകരങ്ങളായ പരിതഃസ്ഥിതികൾ ഉണ്ടാക്കാനൊക്കും. പ്രശസ്തമായ തറവാട്ടിലെ തലവനായ പരമുപിള്ളയുടെ മകൻ നാടുവിട്ടെന്ന അപഖ്യാതിയുളവാക്കുവാൻ വേണ്ടിയാണ് ഗോപാലൻകുട്ടി നാടുവിട്ടതു്. അങ്ങിനെ ചെയ്യുന്നതുകൊണ്ട് പിതാവിൻെറ അധികാര പരിധിയിൽ നിന്ന് മോചിതനാകാനും സാധിക്കും. ഇങ്ങനെയൊക്കെയല്ലാതെ പിതാവിനോട്ട് എങ്ങിനെ വൈരാഗ്യം തീക്കാനൊക്കും? ഇതായിരുന്നു യുവാവായ ഗോപാലൻകുട്ടിയുടെ അന്നത്തെ മാനസിക പശ്ചാത്തലം.

ഇന്ന് വസ്തുനിഷ്ഠമായി സംഭവങ്ങളെ വിലയിരുത്തിയപ്പോൾ ഗോപാലൻകുട്ടിക്ക് അയാൾ ചെയ്ത അനീതിയുടെ ഭീകരത എത്രമാത്രമാണെന്നു അറിവായി. എത്രവലിയ തെററുകളാണ് അച്ഛനോടു പ്രവത്തിച്ചതു്!

അയാൾ അങ്ങേയററം ദുഃഖിച്ചു. പാശ്ചാത്തപിച്ചു; അച്ഛൻെറ അതിരില്ലാത്ത സ്നേഹത്തിൻെറ ആഴം അറിയാറായപ്പോൾ.

അക്കാലത്ത് അയാളുടെ ഹൃദയത്തിൽ സുഖത്തിൻെറ ശീതളമാരുതൻ വീശിവിട്ടത്. മേരിമാത്രമായിരുന്നു. വേനൽക്കാലത്ത് കഠിനമായ വെയിലിൽ നിന്നു സമാശ്വാസത്തിന്നു വേണ്ടി ശീതളച്ഛായ തേടിനടക്കുന്ന ഒരു കൊച്ചു കപോതംപോലെ മേരിയുടെ കപോതമാകുന്ന വടവൃക്ഷത്തിലേക്ക് ഗോപാലൻകുട്ടി ആകഷിതനായി. പ്രേമത്തിലുപരി പവിത്രമായ ഒരു നിലയിയേക്ക അവരുടെ ബന്ധാ വളന്നിരുന്നു. മേരിയെ ജീവിതസഖിയാക്കണെമെന്നുറച്ചിരുന്നതുമാണ്. എന്നാൽ നാട്ടുവിട്ട് അന്യദേശങ്ങളിൽ അലഞ്ഞു തിരിഞ്ഞ കാലത്ത്, മേരിയെപ്പററി ചിന്തിക്കുവാനുള്ള അവസരവും താല്പര്യവും വളരെ കുറഞ്ഞു. ക്രമേണ അവളെ, ഹൃദയത്തിലെ സ്മരണയുടെ പുരാവസ്തുക്കളൊതുക്കി വെക്കുന്ന മേഖലയിലേക്ക്, തള്ളിനീക്കി. അപൂവ്വം അവസരങ്ങളിൽ ഓമ്മയുടെ ഓളങ്ങൾ അവിടെ ചെന്നലച്ചിരുന്നതല്ലാതെ മറെറാന്നും സംഭവിച്ചില്ല.

താനുമായുണ്ടായബന്ധം മേരിക്ക ആപത്തു വരുത്തുമെന്ന് സ്വപ്നത്തിൽപോലും വിശ്വസിച്ചതല്ല. അവൾ ഗർഭവതിയാണെന്ന വിവരം അറിയാൻ ഗോപാലൻകുട്ടിക്ക് സംഗതി വന്നില്ല. അതിന്നുമുമ്പ് അയാൾ നാട്ടുവിട്ടു. എന്തെങ്കിലും സൂചന കിട്ടിയിരുന്നെങ്കിൽ നാട്ടുവിട്ടമായിരുന്നില്ല.

''ഇല്ല! ഇതു സത്യമാണ്. സത്യമാണുമേരി!''—ഹൃദയം കൂടക്കൂടെ അതാവർത്തിച്ചു.

നാട്ടമായുള്ളബന്ധം തീരെ ഛേദിച്ചതു തികച്ചും തെററായിപ്പോയെന്നു് ഇന്നു് അറിവായി. എത്ര പ്രാവശ്യം ഒരുങ്ങിയതാണ് മേരിക്കു് എഴുതാൻ. എന്നാൽ ഒരിക്കലും അതുചെയ്തില്ല. എഴുത്തുകൊണ്ടു താൻ എവിടെയാണെന്നവിവരം പിതാവു് അറിഞ്ഞുപോയേക്കുമെന്നു ഭയന്നാണ് ചെയ്യാതിരുന്നതും. അച്ഛൻെറ നേരെ യെറിഞ്ഞ ആ കല്ലു് ഇന്നു് സ്വന്തം നെഞ്ചത്തു് ആഞ്ഞു പതിച്ചിരിക്കുന്നു......

സിംഗപ്പൂരിൽ എത്തി പന്ത്രണ്ടു കൊല്ലം കഴിഞ്ഞപ്പോഴാണ് ആദ്യമായി ഒരു കത്തു് നാട്ടിലേക്കയച്ചതു്. കൃഷ്ണൻനായക്കു് അയച്ച ആ എഴുത്തിനു കിട്ടിയ മറുപടിയിൽ വീട്ടുകാര്യങ്ങളോ നാട്ടുവർത്തമാനങ്ങളോ ഒന്നും ഉണ്ടായിരുന്നില്ല. കൃഷ്ണൻനായരെ കുററം പറഞ്ഞിട്ടു കാര്യമില്ല. അത്തരം വിവരങ്ങളറിയാനുള്ള ആശ സ്വന്തം കത്തിലില്ലായിരുന്നല്ലോ. എന്തുകൊണ്ട് ഇങ്ങനെയുള്ള നിലപാട്ട് സ്വീകരിച്ചു? ഉണ്ടായ തെററുകൾ തിരുത്താനോ, പുതിയതെററുകൾ ഉണ്ടാകാതിരിക്കാനോ, അവസരം ഉണ്ടായില്ല. അതിനാൽ എത്രപേരാണ് വേദനയുടെ തിനാളത്തിൽ പതിച്ചു് നശിച്ചതു്! ഇനി അതിനെ ചൊല്ലി പരിതപിച്ചിട്ടെന്തുഫലം?

പിതാവു ആഞ്ഞിലിമൂട്ടിൽനിന്നു് മടങ്ങിവന്നു് കിടക്കയിൽ വീണതരംഗം ഗൗരിക്കുട്ടി ഒരിക്കൽ കണ്ണുനീർ വാർത്തുകൊണ്ടു് വിവരിച്ചു കേൾപ്പിച്ചതു് ഗോപാലൻകു

ട്ടി ഓർമ്മിച്ചു. അവസാനം അവൾ പറഞ്ഞ വാക്കുകൾ എങ്ങിനെ മറക്കാനൊക്കും?

"ആഞ്ഞിലിമൂട്ടിലെ കിഴക്കേമൂലയ്ക്ക്, മുമ്പ് ഒരു കാവുണ്ടായിരുന്നുവത്രെ! അതു് കാഞ്ഞിരമൂട്ടിലെ ഒരു കാരണവർ വെട്ടിയഴിച്ചു. അവിടെ ഒരു വലിയ പന നിന്നിരുന്നു. അതു വെട്ടിഅറത്തു് ആ ഉരുപ്പടികൊണ്ടു് നെല്ലുകുത്തുപുരവെച്ചു. ആ പനയിൽ ഒരു മറുതായുണ്ടായിരുന്നെന്നാണ് ഗോവിന്ദൻ കണിയാർ പ്രശ്നം വെച്ചു പറഞ്ഞതു്. സ്വന്തം ഇരിപ്പിടം നശിപ്പിച്ചവരെ ദ്രോഹിക്കാൻ ഗതിയില്ലാതെ മറുതാ നടക്കുകയാണത്രെ! എവിടെയെങ്കിലും അതിനെ വേണ്ടവിധത്തിൽ പ്രതിഷ്ഠിച്ചില്ലെങ്കിൽ കുടുംബത്തിന്നു എന്നും ആപത്തുണ്ടായിക്കൊണ്ടിരിക്കും. നെല്ലുകുത്തുപുര ഇടിവെട്ടി എറിഞ്ഞുപോയി. മറുതായുടെ പ്രതികാരം! ആഞ്ഞിലിമൂട്ടിൽ നില്ക്കുമ്പോൾ ആ മറുത അച്ഛനെ അടിച്ചുകാണുമത്രെ! അടിയേററാണ് അച്ഛൻ കിടപ്പിലായതെന്നാണ് കണിയാർ പ്രശ്നം വെച്ചുപറഞ്ഞതു്. അച്ഛനോടു് അതു ഞാൻ പറഞ്ഞു. പരിഹാരത്തിന്നു ചിലകർമ്മങ്ങൾ ചെയ്യുവാൻ പോവുകയാണെന്നും അറിയിച്ചു. അച്ഛൻ അതു തടഞ്ഞു. "വേണ്ടാ, മോളെ! എന്നെ അടിച്ച മറുത ഇവിടെയില്ല. അതു് അലഞ്ഞു നടക്കുകയാണ്. പരിഹാരമൊന്നും ചെയ്തിട്ടു ഫലമില്ല."— പിന്നെ ഞാനൊന്നും പറഞ്ഞില്ല. അച്ഛനിഷ്ടമില്ലാത്തകാര്യം ഞാൻ ഒരിക്കലും ചെയ്തിട്ടില്ല."

പിതാവിന്നു ആപത്തു സംഭവിച്ചതിൻെറ കാര

ണം, ഗൗരിക്കുട്ടി വിവരിച്ചിട്ടുള്ളത് ഓർമ്മിക്കുമ്പോൾ ഗോപാലൻകുട്ടിയുടെ ഹൃദയം മന്ത്രിക്കാറുണ്ട്.'' അച്ഛനെ അടിച്ചു വീഴ്ത്തിയമറുത നീയാണ്!''...

മകൻ ആരെയുമറിയിക്കാതെ എവിടേക്കോ ഓടിപ്പോയതുകൊണ്ടു മാത്രമായിരുന്നില്ല പിതാവിൻെറ ദുഃഖം. ആ ദുഃഖത്തിൻെറ എരിതീയിൽ എണ്ണയൊഴിക്കുന്ന ഒന്നായിത്തീൎന്ന മേരിയെസംബന്ധിക്കുന്ന കാര്യം. അബദ്ധംപററിയതു് നേരിടാനുള്ള ധൈര്യക്കുറവുകൊണ്ടായിരിക്കും താൻ ഒളിച്ചോടിയതെന്നു് അച്ഛൻ വിചാരിച്ചുകാണുമെന്നു് ഗോപാലൻകുട്ടി കരുതി. സ്വന്തം ഇളയസഹോദരനെപ്പോലെ സ്നേഹിച്ചിരുന്ന തൊമ്മിക്കുഞ്ഞിനോടു മകൻ കാണിച്ച കട്ടംകൈ എങ്ങിനെപൊറുക്കും? പരിഹാരം എന്തു ചെയ്യാനുണ്ടു്?

ഭാര്യയുടെ അകാലമരണത്താലുളവായ ദുഃഖം ഒഴിവാക്കാനായിട്ടാണു് തൊമ്മിക്കുഞ്ഞു് അദ്ധ്യാപകജോലിപോലും രാജിവച്ചു്, പുതിയജീവിതം തുടങ്ങാൻ മകളുമായി ഈ നാട്ടിൻപുറത്തു വന്നതു്. തൊമ്മിക്കുഞ്ഞിന്റെ പഴയ മിത്രമായിരുന്ന പിതാവു് അഭയമരുളി. തൊമ്മിക്കുഞ്ഞു് ആഞ്ഞിലിമൂട്ടിൽ താമസമായി.

പരസ്പരം താങ്ങും തണലുമായി തൊമ്മിക്കുഞ്ഞും അച്ഛനും ജീവിച്ചു. അവരുടെ സ്നേഹബന്ധം എത്ര ബലമേറിയതായിരുന്നെന്നു് ഗോപാലൻകുട്ടിക്കു് നല്ലതുപോലെ അറിവുണ്ടു്. ആത്മാൎത്ഥതയുടെ വളം ആ സൗഹൃദത്തെ വളൎത്തി.

തൊമ്മിക്കുഞ്ഞിൻെറ ആശാകേന്ദ്രമായിരുന്ന മേരിക്കുട്ടിയെയാണു് താൻ നശിപ്പിച്ചതു്! നാശത്തിൻെറ

നീർച്ചുഴിയിലേക്ക് എത്രമനുഷ്യരെയാണ് പിടിച്ചു തള്ളിയതു്!

"ഇല്ല. ഈ ജന്മത്തിൽ എനിക്കു ശാന്തിയില്ല." ഗോപാലൻകുട്ടി കൂടെക്കൂടെ പറഞ്ഞു. ഈ നിത്യവേദന, ആരെയും അറിയിക്കാതെ, ഏകാകിയായി സഹിച്ചേ പററൂ. തന്നെ, ദൈവത്തെക്കാൾ സ്നേഹിക്കുന്ന ഒരു ഭാര്യ, നിഴൽപോലെ അയാളെ പിൻതുടരുന്നുണ്ട്. ഇതൊന്നും അവൾ അറിയാൻ ഇടവന്നുകൂടാ. എല്ലാക്കാര്യങ്ങളിലും അവൾ പങ്കാളിയാണ്. മാതാപിതാക്കന്മാരെപ്പോലും ഉപേക്ഷിച്ച് തൻെറകൂടെ ഇറങ്ങിത്തിരിച്ചവളാണ്. സ്ത്രീ ഹൃദയം സൃഷ്ടിക്കുന്ന സ്നേഹസാഗരത്തിൻെറ ആഴവും പരപ്പും കാണാൻ അവളുടെ കണ്ണുകളിലേക്ക് നോക്കിയാൽ മതി! സ്നേഹബന്ധത്തിൻെറ നന്ദനോദ്യാനമാണ് ഒരു വശത്തു്. നീറിപ്പുകഞ്ഞുകൊണ്ടിരിക്കുന്ന നിരവധി ചുടലകളുള്ളസ്മരണയുടെ ചുട്ടുകാടാണ് മറുവശത്തു്. രണ്ടും അയാളുടെ ഹൃദയത്തിൽ!......എങ്ങിനെ പൊരുത്തമുണ്ടാക്കാൻ! മരിക്കാനെങ്ങിനെ സാധിക്കും? ജീവിക്കാനെങ്ങിനെ കഴിയും? ഇനിയുള്ള ജീവിതം ആനന്ദനോദ്യാനത്തെ ചുട്ടുകാടാക്കിമാററുമോ?...

ഗോപാലൻകുട്ടി ഭയന്നു വിറച്ചു.

സരളയുമായുള്ള ബന്ധം ഇന്നു് മഹാമേരുപോലെ സുദൃഢമാണ്. എന്നാൽ പഴയപരമാർത്ഥങ്ങൾ അവൾ അറിയാൻ ഇടയായാൽ, തൻെറ ഹൃദയത്തിലെ ചുട്ടുകാട്ടിൽ, നീറിപ്പുകയുന്ന ചുടലക്കളങ്ങളിൽ നിന്നുത്ഭവിക്കുന്ന ദുർഗ്ഗന്ധം അനുഭവിക്കാനിടവന്നാൽ, സരള എങ്ങിനെ

പെരുമാറും? അവൾ അഴിച്ചുവിടുന്ന ചുഴലികാററ് മഹാമേരുവിനെ പഞ്ഞിപോലെ പറത്തിക്കളയുകയില്ലേ?

എല്ലാം സരളയോട്ട് ഏററു പറഞ്ഞാലോ? അവളെങ്കിലും മാപ്പു നല്കുകയില്ലേ? ഇല്ല നിശ്ചയമില്ല... ... ...

അന്ധകാരം നിരന്തരം നിറഞ്ഞുനില്ക്കുന്ന, സമാധാനമാവശ്യപ്പെട്ടുകൊണ്ട് മുറവിളികൂട്ടുന്ന പിശാചുക്കൾ കുടിയുറപ്പിച്ചിട്ടുള്ള, ആ ലോകത്തിൻെറ കവാടം അവളുടെ മുമ്പിൽ തുറന്നിട്ടുകൂടാ. ഇവിടെ ഈ നാട്ടിൻ പുറത്ത് ജീവിച്ചാൽ, എന്തെങ്കിലും ബലമായിബന്ധിച്ചിട്ടുള്ള കവാടം തുറന്നു പോകാനിടവന്നേക്കും.

ഇവിടെ ജീവിക്കുന്നതു് ആപല്ക്കരമാണ്.

നിരപരാധിയായ സരളയുടെ ജീവിതം തകന്നു തരിപ്പണമായിത്തീരാൻ ഇടവരുത്തിക്കൂടാ... ... ... ഇവിടെനിന്നു പോകണം. ഓടിപോകണം... ... ഗോപാലൻകുട്ടി സുദൃഢമായ തീരുമാനമെടുത്തു.

അസഹനീയമായ ഇന്നത്തെ ചുററുപാടിൽ നിന്നു മോചനത്തിനുള്ള മാർഗ്ഗം തെളിഞ്ഞിട്ടുമുണ്ട്. സരളയുടെ പിതാവിൻെറ നിർബ്ബന്ധമാണ് അതു് ഒരുക്കിയിരിക്കുന്നതു്. മററു വിശദീകരണങ്ങളൊന്നും വേണ്ടാത്ത സാഹചര്യം സരളയുടെ പിതാവിൻെറ കത്തു സൃഷ്ടിച്ചിട്ടുണ്ട്. അച്ഛനമ്മമാരുമായുള്ള അസുഖം സരളക്കു് ദുഃഖമേ വരുത്തിയിട്ടുള്ളു. അതു് ഗോപാലൻകുട്ടിക്കു് നല്ലതുപോലെ അറിയാം. ഈ പരിതഃസ്ഥിതി തുടരുവാൻ സരളയും ഗോപാലൻകുട്ടിയും ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. എന്നാൽ വിട്ടുവീഴ്ചക്കു ഒരുങ്ങുവാൻ തയ്യാറാകാതിരുന്നതു് മാതാപിതാക്കന്മാരാണ്. ആ പ്രതിബന്ധം അപ്രത്യ

ക്ഷമായിരിക്കുന്നു. ഇതു് ഈ നാട്ടിൽ പുറംവിട്ടു് തിരിച്ചുപോകുവാൻ സൗകര്യം നല്കിയിരിക്കുന്നു. സ്വന്തം നാട്ടിൽ ഒരിക്കലും സ്വസ്ഥതയുണ്ടാകുകയില്ലെന്നു ഗോപാലൻകുട്ടിക്കു് ഉറപ്പായി.

ഇവിടെ ഒരുകാലത്തും അയാൾക്കു് സന്തോഷം സിദ്ധിച്ചിട്ടില്ല. അമ്മയെക്കുറിച്ചു് വ്യക്തമായ ഓർമ്മയില്ല. മാതൃസ്നേഹത്തിൻെറ ശീതളച്ഛായയിൽ ജീവിക്കുവാനുള്ള ഭാഗ്യം അയാൾക്കുണ്ടായിരുന്നതായി അനുഭവമില്ല. ഗൗരിക്കുട്ടിക്കു് രണ്ടുവയസ്സുള്ളപ്പോൾ അമ്മമരിച്ചു. അന്നു ഗോപാലൻകുട്ടിക്കു് കഷ്ടിച്ചു മൂന്നുവയസ്സേ ഉണ്ടായിരുന്നുള്ളു. ഗൗരിക്കുട്ടിയെ വളത്താൻ, വീട്ടിൽ ഒരു വല്യമ്മയെ പിതാവു വിളിച്ചു താമസിപ്പിച്ചു, എപ്പോഴും മുഖം വീപ്പിച്ചുകഴിയുന്ന ആ വല്യമ്മയിൽ നിന്നു് വാത്സല്യം കുട്ടികൾക്കനുഭവമായില്ല. പിതാവിനു് പ്രാരാബ്ധങ്ങൾ പലതായിരുന്നു. അതുകൊണ്ടു് മക്കളോടു സ്നേഹം പ്രകടമാക്കാനുള്ള അവസരം ഉണ്ടായിട്ടില്ല. അയാളുടെ മുമ്പിൽ പിതാവു് പ്രത്യക്ഷപ്പെട്ടിട്ടുള്ളതു് ശാസിക്കാൻ മാത്രമാണു്, വടിചുഴററിക്കൊണ്ടു് ഉത്തരവുകൾ പുറപ്പെടുവിക്കുന്ന, ഭീകരനായ ഒരു വ്യക്തി എന്ന നിലയിലാണു് ഗോപാലൻകുട്ടി പിതാവിനെകണ്ടതു്.

അസുഖകരങ്ങളായ അനുഭവങ്ങളുടെ ഭാരിച്ച ഒരു ഭാണ്ഡമാണു് അയാൾക്കു് ബാല്യകാലം സമ്മാനിച്ചതു്. പില്ക്കാലത്തുണ്ടായ ദുരിതങ്ങൾ അതിൻെറ ഭാരം വദ്ധിപ്പിച്ചതല്ലാതെ ലഘൂകരിച്ചില്ല. തന്നോടു സൽഗുണങ്ങളെക്കുറിച്ചു് ദീർഘമായി പ്രസംഗിച്ചിരുന്ന പിതാവു്, എന്തിനാണു് സ്വന്തം സഹോദരനോടും ബന്ധുക്കളോടും

അവസാനമില്ലാത്ത മത്സരത്തിനും പോരിനും പോകുന്ന തെന്നു് അന്നു് ഗോപാലൻകുട്ടി അത്ഭുതപ്പെട്ടു.

അച്ഛൻെറ കാല്പെട്ടി തുറന്നു് മോഷ്ടിച്ചെടുത്ത മുതല്പം കൊണ്ടാണു്, ഗോപാലൻകുട്ടി നാടുവിട്ടൊളിച്ചോടിയതു്. മദിരാശിയിൽ എത്തിയതു മുതൽ അയാൾ സ്വതന്ത്രനായി. സ്വന്തം ആഗ്രഹങ്ങളനുസരിച്ചു് പ്രവൎത്തിച്ചു. സ്വന്തം വ്യക്തിത്വത്തിൽ വിശ്വാസമുണ്ടായതു് അന്നുമുതലത്രേ. എന്നാൽ സ്വന്തം സത്വവിശേഷത്തിൽ പററിക്കൂടിയിരുന്ന ആദ്യകാലാനുഭവങ്ങളെ പറിച്ചുമാററുവാൻ വിജയിച്ചില്ല. മാനസിക പ്രവണതകളിൽ അവയുടെ ഭാരം മാറാതെ നിലനിന്നു. അയാളുടെ കരങ്ങളിലും കാലുകളിലും പഴയ ചങ്ങലകളുടെ പാടുകൾ മാറാതെ കിടന്നു.

പഴയ സാഹചര്യങ്ങളിൽ നിന്നു സിദ്ധിച്ചിരുന്ന പ്രചോദനം വരുത്തിയ വൈകാരിക മുറുക്കങ്ങൾ അയഞ്ഞു തുടങ്ങിയപ്പോൾ, ആകപ്പാടെ ഒരു പുതിയ ജീവിതത്തിൻെറ മലർവാടി ഒരുക്കുവാൻ സാധിച്ചു. ജീവിതത്തെ മുഖത്തോടുമുഖം നേരിടുവാനുള്ള കരുത്തുണ്ടെന്ന ബോധം സംജാതമായി.

ഈ കാലഘട്ടത്തിലായിരുന്നു സരളയുമായുള്ള സമ്പൎക്കമുണ്ടായതു്. പുതിയ ജീവിതമലർവാടിയിലെ നവംനവങ്ങളായ മൊട്ടുകൾ ഉണ്ടായിത്തുടങ്ങി. പലതും വളൎന്നു പൂവണിഞ്ഞു. സുഗന്ധപരിപൂരിതമായ ഈ കാലത്താണു് സരളയുമായുള്ള പ്രേമബന്ധം ശക്തിപ്പെട്ടതും അവളെ വിവാഹം കഴിച്ചതും. ജീവിതം കൂടുതൽ സാൎത്ഥകമായി. ഇവിടെ ഉണ്ടായ ഒരേഒരു വിപരീതാ

നുഭവം സരളയുടെ മാതാപിതാക്കന്മാരുടെ പ്രാതികൂല്യ മായിരുന്നു. കാലം അതിൻെറ കാഠിന്യം കുറച്ചുകൊള്ളുമെന്നു് ഗോപാലൻകുട്ടി വിശ്വസിച്ചു. ഇന്നു് അതു് ശരിയായി വന്നിരിക്കുന്നു.

ജന്മനാട്ടിൽ തിരിച്ചു വന്നപ്പോൾ മുതൽ സന്തോഷത്തിന്നും സംതൃപ്തിക്കും പകരം ദുഃഖവും ഭദ്രതാരാഹിത്യവും മനോവിഷമങ്ങളുമാണു് അനുഭവമായതു്. ദുരിതപൂർണ്ണമായ പഴയകാലത്തിലേക്കു് മടങ്ങിവന്നതുപോലെ ഒരനുഭവം. കൂടുതൽ രൂക്ഷമായ പ്രശ്നങ്ങൾ പഴയ ചിതകളിൽനിന്നു് പൊന്തിവരുകയാണു്......ഇല്ല ഇവിടെനിന്നു് ഓടിപ്പോവുകമാത്രമാണു് മോചനത്തിന്നുള്ളമാർഗ്ഗം....ഭീരുത്വമാണതെന്നു് അറിവുണ്ടു്. എന്നാൽ ഭീരുത്വംകൊണ്ടു് അല്ലമെങ്കിലും ശാന്തിലഭിക്കുമെങ്കിൽ എന്തുകൊണ്ടു് അതു് സ്വീകരിച്ചുകൂടാ? അയാളുടെ ജീവിതവുമായി കലർന്നൊഴുകുന്ന കൈത്തോടുകളുടെ കാര്യത്തിലും അയാൾക്കു് ഉത്തരവാദിത്വമില്ലേ? സ്വന്തം രക്ഷയ്ക്കു മാത്രമല്ല, മററുള്ളവരുടെ ഭദ്രതയ്ക്കും ഇതു് ആവശ്യമല്ലേ?... ...

ഈ കാര്യങ്ങളൊന്നും അയാൾ സരളയെ അറിയിച്ചില്ല. അതൊന്നും അവളുമായി ചർച്ചചെയ്തുമില്ല.

സിംഗപ്പൂരിലേക്കു മടങ്ങുന്നതിനുള്ള ഏർപ്പാടുകൾ ഗോപാലൻകുട്ടി ചെയ്തു. അതിനുശേഷം സരളയെ വിവരം അറിയിച്ചു.

സരളയ്ക്കുണ്ടായ സന്തോഷത്തിനു അതിരില്ല. അവൾ പിതാവിനെ വിവരം കമ്പിമൂലം അറിയിച്ചു.

പതിമ്മൂന്ന്

ഗോപാലൻകുട്ടി ആഞ്ഞിലിമൂട്ടിൽ കയറി ചെന്നപ്പോൾ പുറത്തെങ്ങും ആരും ഉണ്ടായിരുന്നില്ല.

ഇറയത്തുകയറി അയാൾ കാത്തിരുന്നു.

എവിടെയും നിശ്ശബ്ദത.

കുറച്ചുകഴിഞ്ഞു് തൊമ്മിക്കുഞ്ഞു് വീട്ടിനകത്തുനിന്നു് ഇറയത്തേക്കു് ഇറങ്ങിവന്നു. ഗോപാലൻകുട്ടി എഴുന്നേററു. അയാളെ കണ്ടപ്പോൾ തൊമ്മിക്കുഞ്ഞിൻെറ മുഖം വാടി. കണ്ണുകൾ ചുവന്നു. ഗോപാലൻകുട്ടി നില്ക്കുന്നതു് കാണാത്തമട്ടിൽ തൊമ്മിക്കുഞ്ഞു് ചാരുകസേരയിൽ ചെന്നിരുന്നു.

ഒന്നും മിണ്ടാതെ, മുറുക്കാൻ ചെല്ലം തുറന്നു്, അടയ്ക്കാ എടുത്തു കഷണിച്ചുകൊണ്ടിരുന്നു.

ഗോപാലൻകുട്ടിയാണു് നീണ്ട നിശ്ശബ്ദത ഭേദിച്ചതു്.

"ഞങ്ങൾ സിംഗപ്പൂരിലേക്കു തിരിച്ചുപോകുകയാണു്! നാളെ......"

തൊമ്മിക്കുഞ്ഞു് കേട്ടഭാവം നടിച്ചില്ല.

പിന്നെയും നിശ്ശബ്ദത.

"യാത്രപറയുവാൻ വന്നതാണു്......"

"എന്നോടോ ?" കട്ടത്തവെറുപ്പോടെ പറഞ്ഞുകൊണ്ട് തട്ടിപ്പൊക്കി തൊമ്മിക്കുഞ്ഞ് മുററത്തേക്കു തുപ്പി.

"അതെ." ശാന്തനായി ഗോപാലൻകുട്ടി പറഞ്ഞു.

"എന്തിന് ?"

"എൻെറ തെററുകളെക്കുറിച്ച് തികഞ്ഞബോധം എനിക്കുണ്ട്."

"ദൈവാധീനം !" അവജ്ഞനിറഞ്ഞ രീതിയിൽ തൊമ്മിക്കുഞ്ഞു പറഞ്ഞിട്ട് വെറുപ്പോടെ ചിരിച്ചു.

അടിയേൾക്കുന്നതിനെക്കാൾ അസഹനീയമായിരുന്നു ഗോപാലൻ കുട്ടിക്ക് ആ ചിരി......"

"വേണ്ടപ്പെട്ടവർക്കെല്ലാം വേണ്ടുവോളം വേദനയേല്പിച്ചിട്ടുണ്ടെന്ന് അറിഞ്ഞല്ലോ. ഇനി സന്തോഷമായി മടങ്ങിപ്പോകാമല്ലോ !" തൊമ്മിക്കുഞ്ഞ് കരുണയില്ലാതെ പറഞ്ഞു.

ഗോപാലൻകുട്ടി ശിരസ്സുനമിച്ച് ഇരുന്നു.

ചുടലക്കളങ്ങൾ സൃഷ്ടിച്ചിട്ട് അവിടെ കുറെ പുഷ്പചക്രങ്ങൾ അർപ്പിച്ചതുകൊണ്ട് പാപമോചനം ഉണ്ടാകുകയില്ല." തൊമ്മിക്കുഞ്ഞ് മാർദ്ദവമൊട്ടുമില്ലാതെ പറഞ്ഞു.

"ഇല്ല. എനിക്കു പാപമോചനമില്ല. എവിടെ ചെന്നാലും എൻെറ ഹൃദയത്തിൽ തറച്ചിരിക്കുന്ന കുത്തുമുള്ളുകൾ എടുക്കാവുന്നതല്ല. 'ഗോപാലൻകുട്ടിയുടെ വാക്കുകളിൽ വേദന തുളുമ്പിനിന്നിരുന്നു."

'' മുള്ളുകൾ അന്യരാരും തറച്ചതല്ല. സ്വയം വളത്തിയതാണു്.''

'' അതെ !''

'' പിന്നെന്തിനു് ഇതൊക്കെ എന്നോടു പറയുന്നു?''

'' അറിഞ്ഞുകൊണ്ടു് മനഃപൂർവ്വം ഒന്നും ചെയ്തില്ലെന്നു് അറിയിക്കാൻമാത്രം. എന്തുകൊണ്ടു് ഇങ്ങനെയെല്ലാം സംഭവിച്ചെന്നു് എനിക്കറിഞ്ഞുകൂടാ. എല്ലാം ഞാൻ ഏല്ക്കുന്നു. എല്ലാം ഞാൻ സഹിക്കുന്നു. എന്നോടു ക്ഷമിക്കണമെന്നു യാചിക്കാൻപോലും എനിക്കവകാശമില്ല.''

'' നിന്റെ അച്ഛൻപോലും നിന്നോടു ക്ഷമിച്ചിട്ടില്ല. ക്ഷമിക്കയുമില്ല.''

ഗോപാലൻകുട്ടിയുടെ ചുവന്നുകലങ്ങിയിരുന്ന കണ്ണുകൾ നിറഞ്ഞൊഴുകി.

തൊമ്മിക്കുഞ്ഞു് മുററത്തേക്കു നോക്കിയിരുന്നു.

'' ഇതു് ഇവിടെ ഏല്പിക്കാൻ വന്നതാണു് ഞാൻ.'' ഒരു നീണ്ട കട്ടിയുള്ള കവർ തൊമ്മിക്കുഞ്ഞിന്റെ പാദത്തിന്നടുത്തു് ഗോപാലൻകുട്ടിവച്ചു.

'' ഇതു് ?... ...''

'' റോസിക്കുള്ളതാണു്.''

''ങെ ?'' സഹിക്കാനാവാതെ, രൂക്ഷമായി, തൊമ്മിക്കുഞ്ഞു മൂളി. കഠിനമായ കോപത്തോടെ ഗോപാലൻകുട്ടിയെ നോക്കി. കോപാഗ്നിയിൽ ദഹിച്ചുപോകുമെന്നു് അയാൾക്കു തോന്നി.

"എനിക്ക് മറെറാന്നും ഇനി ചെയ്യാൻ കഴിവില്ല, അവകാശവുമില്ല." യാചനാസ്വരത്തിൽ നിറകണ്ണോടെ ഗോപാലൻകുട്ടി പറഞ്ഞു.

വേണ്ടാ! ഒന്നും ചെയ്യാതിരുന്നാൽ മതി. ഇവിടത്തെ മനുഷ്യർ ജീവിച്ചുകൊള്ളട്ടെ!"

"എന്തു കുത്തുവാക്കുപറഞ്ഞാലും ഞാൻ കേൾക്കാൻ ബാദ്ധ്യസ്ഥനാണ്. എല്ലാ കുരിശുകളും ഞാൻ ഏറെറടുക്കുന്നു. ഒടുവിൽ എനിക്കു മിച്ചമുള്ളതു് അതു മാത്രമായിരിക്കും."

"ഇനിയെങ്കിലും ആ കുരിശുകളിൽ നിരപരാധികളെ തറയ്ക്കാൻ തുനിയരുതു്."

"ഇല്ല. തൊമ്മിക്കുഞ്ഞേ! ഇല്ല. അറിഞ്ഞുകൊണ്ടു് അതുണ്ടാകയില്ല. ഇവിടത്തെ അന്തരീക്ഷം ഞാൻ മൂലം മലിനമാകാതിരിക്കട്ടെ, എന്നന്നേക്കുമായി ഞാൻ പോകുന്നു." ഗോപാലൻകുട്ടി തൊഴുകയ്യോടെ തലകുനിച്ചുനിന്നു. അയാളുടെ കവിളിൽക്കൂടി കണ്ണുനീർ ഒഴുകുകയാണ്.

"ഇതുകൂടി കൊണ്ടുപൊയ്ക്കോളൂ." പാദത്തിനടുത്തിരുന്ന കവർ തൊമ്മിക്കുഞ്ഞു തൊഴിച്ചെറിഞ്ഞു.

"ഇല്ല. ഇതു് എൻെറ കാണിക്കമാത്രമാണ്. ഇതെങ്കിലും ഇവിടെ അർപ്പിച്ചില്ലെങ്കിൽ......പിടിച്ചുനില്ക്കുവാൻ എനിക്കൊരു ഓലത്തുരുമ്പെങ്കിലും കാണുകയില്ല, ശ്രീവർദ്ധനവും എൻെറ ഇവിടത്തെ എല്ലാ സ്വത്തുകളും എൻെറ ഇഷ്ടദാനമായി റോസിക്കു നല്കുന്നപ്രമാ

ണം ! ഞാൻ പോകുന്നു.'' അനുവാദത്തിനു കാത്തുനില്ക്കാതെ ഗോപാലൻകുട്ടി വേഗം ഇറങ്ങി നടന്നു.

"നിൽക്കൂ !'' തൊമ്മിക്കുഞ്ഞു വിളിച്ചു. ഇത്രവേഗം ഗോപാലൻകുട്ടി ഇറങ്ങിപ്പോകുമെന്നു കരുതിയില്ല. തിരിഞ്ഞുനോക്കാതെ നടക്കുകയാണു്. ഒരു നിമിഷത്തിനുള്ളിൽ ഗോപാലൻകുട്ടി കാഴ്ചയിൽനിന്നു് മറഞ്ഞു കഴിഞ്ഞു. ഇതികർത്തവ്യതാ മൂഢനായി തൊമ്മിക്കുഞ്ഞു അങ്ങോട്ടു നോക്കിനിന്നു.

എത്രനേരം അങ്ങിനെ നിന്നെന്നു നിശ്ചയമില്ല.

എല്ലാം ശാന്തമായി. എവിടെയും നിശ്ശബ്ദത.....

ചുററുപാടിനെക്കുറിച്ചു് തികഞ്ഞ ബോധമുണ്ടായപ്പോൾ, തൊമ്മിക്കുഞ്ഞു് വിവശനായി നിന്നിടത്തുതന്നെ ഇരുന്നുപോയി. കുനിഞ്ഞു്, കൈപ്പടങ്ങളിൽ ശിരസ്സുംതാങ്ങി. ഹൃദയം പൊട്ടുന്നതരത്തിൽ കരഞ്ഞു...

Adv. N. Santhosh kumar BA LLB, PGDT.
Njarakk... House,
Mangaram, Kan.. P.O. - 689691
Pathanamthitta (Dist.) Kerala ...

ദീപനാളത്തിനു ചുററും കുറെ ശലഭങ്ങൾ

കോന്നിയൂർ നരേന്ദ്രനാഥ്

ആർക്കും ഒരു ദ്രോഹവും ചെയ്യാതെ, ആരോടും ശത്രുത പുലത്താതെ, കഴിവുള്ള സഹായങ്ങൾ വേണ്ടപ്പെട്ടവക്ക് ചെയ്തുകൊടുത്തു് കഴിയുന്ന നല്ല മനുഷ്യരെ അപൂർവ്വമായിട്ടെങ്കിലും നാം കണ്ടുമുട്ടാറുണ്ട്. അവരുടെ ജീവിതം അർഹിക്കുന്ന തരത്തിൽ ശാന്തതയും സന്തുഷ്ടിയും സുഖവും ഉള്ളതാകുമെന്നാണ് പ്രതീക്ഷിക്കുക. എന്നാൽ ഇവരിൽ പലക്കും ഉററമിത്രങ്ങളിൽ നിന്നു്, അടുത്ത ബന്ധുക്കളിൽ നിന്നു്, മററുള്ളവരിൽ നിന്നു് എന്തെല്ലാം വിപരീതങ്ങളാണ് കിട്ടാറുള്ളതു ! അപരാധമൊന്നും ചെയ്യാതെ ശിക്ഷയനുഭവിക്കുന്ന ഇത്തരം ചില ആളുകളുടെ ജീവിതത്തിലേക്ക് കടന്നു ചെന്നു്, അവരുടെ അനുഭവങ്ങൾ വികാരസാന്ദ്രതയോടെ വിവരിക്കുകയാണ് ഈ നോവലിൽ. കഥാപാത്രങ്ങളെ പരിചയപ്പെട്ടു കഴിയുമ്പോൾ നിങ്ങൾക്ക് നേരിട്ടറിവുള്ള ചിലരുടെ മുഖഛായകൾ ഓർമ്മിച്ചെന്നു വരും. ദീപനാളം പ്രസരിപ്പിക്കുന്ന പ്രകാശധാരയാൽ ആകർഷിതമായി അതിലേക്ക് പറന്നടുക്കുന്ന ശലഭങ്ങളെപ്പോലെ, ജീവിതത്തിലേക്ക് ആവേശപൂർവ്വം അടുത്തുകൂടിയ കുറെ ആളുകൾ അനുഭവിക്കുന്ന ആനന്ദവും വേദനയും മോഹഭംഗവും നാശവുമൊക്കെ ഈ നോവലിൽ കാണാം. കഥാപാത്രങ്ങളുടെ അഭിപ്രായങ്ങൾ സ്വീകരിച്ചാലും ഇല്ലെങ്കിലും നിങ്ങൾ അവരുടെ വേദനയിൽ സഹതപിക്കുമെന്നു തീർച്ചയാണ്. രൂപത്തെക്കാൾ ഭാവത്തിനു് പ്രാധാന്യം നല്കി പുതിയ സാങ്കേതിക രൂപത്തിൽ രചിച്ചിട്ടുള്ള ഈ നോവലിലെ വികാര തീവ്രത വായനക്കാരെ ചിന്തിപ്പിക്കും.

പൂർണ്ണാ പബ്ലിക്കേഷൻസ്
കോഴിക്കോട്